
16
ഞായർ
ജനുവരി 2022
1197 മകരം 2
Vol 4 Issue No 63

# കേരള പ്രണാമം

സത്യം വദ: ധർമ്മം ചര:

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

` 7.50
പേജ് 21
www.keralapranamam.com
infokeralapranamam@gmail.com



## സംസ്ഥാനത്ത് 17,755 പേർക്ക് കൊവിഡ് സ്ഥിരീകരിച്ചു

# തിരുവനന്തപുരത്ത് രോഗവ്യാപനം രൂക്ഷം

സംസ്ഥാനത്ത് 17,755 പേർക്ക് കൊവിഡ് സ്ഥിരീകരിച്ചു. 3819 പേർ രോഗമുക്തി നേടി. കഴിഞ്ഞ 24 മണിക്കൂറിനിടെ 65,937 സാമ്പിളുകൾ പരിശോധിച്ചു. 26.92 ആണ് ടിപിആർ ( k-er-a-l-a r-epo-tsr 17755 cov-i-d c-a-se-s ) തിരുവനന്തപുരത്താണ് ഏറ്റവും കൂടുതൽ രോഗബാധ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. തിരുവനന്തപുരം 4694, എറണാകുളം 2637, തൃശൂർ 1731, കോഴിക്കോട് 1648, കോട്ടയം 1194, പത്തനംതിട്ട 863, കണ്ണൂർ 845, പാലക്കാട് 835, കൊല്ലം 831, ആലപ്പുഴ 765, മലപ്പുറം 728, ഇടുക്കി 417, കാസർഗോഡ് 317, വയനാട് 250 എന്നിങ്ങനേയാണ് ജില്ലകളിൽ രോഗ ബാധ സ്ഥിരീകരിച്ചത്.കഴിഞ്ഞ 24 മണിക്കൂറിനിടെ 65,937 സാമ്പിളുകളാണ് പരിശോധിച്ചത്. പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ (W-I-P-R) പത്തിന് മുകളിലുള്ള 5 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലായി 6 വാർഡുകളാണുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും.സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 1,95,338 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 1,91,286 പേർ വീട്/ഇൻസ്റ്റിറ്റിയൂഷണൽ ക്വാറന്റൈനിലും 4052 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 596 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. നിലവിൽ 90,649 കോവിഡ് കേസുകളിൽ, 4 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്.കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 17 മരണങ്ങളാണ് കൊവിഡ് മൂലമാണെന്ന് സ്ഥിരീകരിച്ചത്. ഇതുകൂടാതെ സുപ്രീംകോടതി വിധിപ്രകാരം കേന്ദ്രസർക്കാരിന്റെ പുതിയ മാർഗനിർദേശമനുസരിച്ച് അപ്പീൽ നൽകിയ 89 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 50,674 ആയി. രോഗം സ്ഥിരീകരിച്ചവരിൽ 150 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 16,488 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 964 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 153 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 3819 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 486, കൊല്ലം 141, പത്തനംതിട്ട 321, ആലപ്പുഴ 208, കോട്ടയം 303, ഇടുക്കി 126, എറണാകുളം 757, തൃശൂർ 201, പാലക്കാട് 186, മലപ്പുറം 123, കോഴിക്കോട് 467, വയനാട് 82, കണ്ണൂർ 302, കാസർഗോഡ് 116 എന്നിങ്ങനേയാണ് രോഗമുക്തിയായത്. ഇതോടെ 90,649 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 52,18,681 പേർ ഇതുവരെ കൊവിഡിൽ നിന്നും മുക്തി നേടി.



# സിൽവർ ലൈൻ പദ്ധതിയുടെ ഡിപിആർ പുറത്തുവിട്ട് സംസ്ഥാന സർക്കാർ

സിൽവർ ലൈൻ പദ്ധതിയുടെ സമ്പൂർണ പദ്ധതി രേഖ പുറത്തുവിട്ട് സംസ്ഥാന സർക്കാർ. ആറ് ഭാഗങ്ങളായി 3773 പേജുകൾ അടങ്ങിയ റിപ്പോർട്ടാണ് പുറത്തുവിട്ടിരിക്കുന്നത്. റിപ്പോർട്ടിന്റെ പകർപ്പ് ട്വന്റിഫോറിന്. ( സ ഏറെ വിവാദങ്ങൾക്കൊടുവിലാണ് കെ–റെയിലിന്റെ വിശദമായ രേഖ സംസ്ഥാന സർക്കാർ പുറത്തുവിട്ടിരിക്കുന്നത്. നേരത്തെ ഇതുമായി ബന്ധപ്പെട്ട് അൻവർ സാദത്ത് എംഎൽഎ വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ ആരാഞ്ഞിരുന്നു. അതിന് ലഭിച്ച മറുപടിയിൽ പക്ഷേ ഡിപിആർ വിവരങ്ങൾ ഇല്ലായിരുന്നു. ഇത് ചൂണ്ടിക്കാട്ടി അവകാശലംഘനത്തിന് നോട്ടിസ് നൽകിയതിന് പിന്നാലെയാണ് നിയമസഭാ വെബ്സൈറ്റിലുൾപ്പെടെ ഡിപിആർ പുറത്തുവിട്ടിരിക്കുന്നത്.ആറ് ഘട്ടങ്ങളിലായാണ് ഡിപിആർ പൂർത്തീകരിച്ചിരിക്കുന്നത്. ധ്രുതഗതിയിൽ നടത്തിയ പരിസ്ഥിതി ആഘാത വിവരങ്ങൾ കൂടി ഡിപിആറിനൊപ്പം വച്ചിട്ടുണ്ട്. 2025–26ൽ പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് ഡിപിആറിൽ നൽകിയിരിക്കുന്നത്. ആദ്യ ഘട്ടത്തിൽ നെടുമ്പാശേരി വിമാനത്താവളവുമായി പദ്ധതി ബന്ധിപ്പിക്കും. വിദേശ സഞ്ചാരികളെ ലക്ഷ്യംവച്ചുകൊണ്ട് ടൂറിസ്റ്റ് ട്രെയ്നും പദ്ധതിയുടെ ഭാഗമായി ഉണ്ടാകും.പദ്ധതിയുടെ ഭാഗമായി പൊളിച്ചുമാറ്റേണ്ടി വരുന്ന മുഴുവൻ കെട്ടിടങ്ങൾ, ആരാധനാലയങ്ങൾ ഏതൊക്കെയെന്ന വിവരങ്ങളാണ് ഡിപിആറിൽ ഉള്ളത്. ആറര ലക്ഷം യാത്രക്കാരെയാണ് കെ–റെയിലിൽ പ്രതീക്ഷിക്കുന്നത്.



# ഫ്രാങ്കോ മുളയ്ക്കൽ നന്ദിയുള്ള പിതാവെന്ന് ബോധ്യമായി, പി സി ജോർജ്


മത വിശ്വാസം തകർക്കുക കുടുംബ ബന്ധം തകർക്കുക എന്ന ലക്ഷ്യമാണ് ചിലർക്കുള്ളത്. ഇതിന് പിന്നൽ ആരെന്ന് കേരളത്തിലെ ജനങ്ങൾക്ക് അറിയാമെന്ന് പി സി ജോർജ്. ബിഷപ്പിനെതിരെ പരാതി ഉയർന്നപ്പോൾ മുതൽ അദ്ദേഹത്തെ പിന്തുണച്ചു. റിമാൻഡിൽ കഴിഞ്ഞിരുന്ന സമയത്ത് ജയിലിൽ സന്ദർശിച്ചിരുന്നു. കുറ്റാരോപിതനായ സാഹചര്യങ്ങളിൽ തനിക്കൊപ്പം നിന്നതിന് നന്ദി പറയാനാണ് ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കൽ വീട്ടിലെത്തിയത് അതിലുപരി മറ്റൊന്നുമില്ലെന്ന് പി സി ജോർജ്. അദ്ദേഹത്തിന്റെ സ്നേഹപ്രകടനത്തിന് നന്ദിയുണ്ട്. ഒരു നന്ദിയുള്ളവനാണ് പിതാവെന്ന് ഇതിലൂടെ എനിക്ക് ബോധ്യമായി. മത വിശ്വാസം തകർക്കുക കുടുംബ ബന്ധം തകർക്കുക എന്ന ലക്ഷ്യമാണ് ചിലർക്കുള്ളത്. ഇതിന് പിന്നൽ ആരെന്ന് കേരളത്തിലെ ജനങ്ങൾക്ക് അറിയാം. കുടുംബ ബന്ധം തകർത്ത് മത വിശ്വാസം തകർത്താലെ കമ്മ്യൂണിസം വിജയിക്കൂ എന്ന തെറ്റായ ധാരണയാണ് ഇതിനൊക്കെ കാരണം.ഫ്രാങ്കോ പിതാവ് മോശ സ്വഭാവമുള്ളയാളെന്ന് പറഞ്ഞാൽ സഭയുടെ വിശ്വാസം തന്നെ നഷ്ടപ്പെടില്ലേ. അദ്ദേഹം തെറ്റ് ചെയ്തെന്ന് പറഞ്ഞാൽ ക്രിസ്ത്യൻ സഭയ്ക്ക് തന്നെ പരാജയം ഉണ്ടാകും. അതാണ് അവർ ആഗ്രഹിച്ചതെന്നും പി സി ജോർജ് വ്യക്തമാക്കി. രാവിലെ വീട്ടിലെത്തിയ ബിഷപ്പിനെ സ്വീകരിക്കാൻ പി.സി ജോർജും ഭാര്യയും മകൻ ഷോൺ ജോർജും ഉണ്ടായിരുന്നു.കുറച്ചുസമയത്തേക്ക് മാത്രമായിരുന്നു കൂടിക്കാഴ്ച. തുടർന്ന് പുറത്തേക്കിറങ്ങിയ ബിഷപ്പ് മാധ്യമങ്ങളോട് പ്രതികരിച്ചില്ല. എല്ലാത്തിനും നന്ദിയെന്നു മാത്രമാണ് ബിഷപ്പ് പറഞ്ഞത്. ഏതാനും ചില വൈദികരും ബിഷപ്പിനൊപ്പമുണ്ടായിരുന്നു. നിരപരാധിയെ ജയിലിൽ അടച്ചിരിക്കുന്നതിൻറെ ശിക്ഷ ഇടിത്തീയായി വരും. താൻ ഫ്രാങ്കോ മുളയ്ക്കലിന്റെ കൈ മുത്തി വണങ്ങിയെന്നും ജയിൽ സന്ദർശനത്തിന് ശേഷം പി.സി പറഞ്ഞിരുന്നു.13 തവണ പീഡിപ്പിക്കപ്പെട്ടെന്ന കന്യാസ്ത്രീയുടെ പരാതിയെ കുറ്റപ്പെടുത്തിയ പി.സി. ജോർജ് ആദ്യത്തെ 12 തവണയും പരാതിപ്പെടാതിരുന്നത് എന്തുകൊണ്ടാണെന്ന് ചോദിച്ചിരുന്നു. കന്യാസ്ത്രീ കന്യകയല്ലെന്നും പീഡിപ്പിച്ചത് ആരുമാകാമെന്നും പി.സി.ജോർജ് പറഞ്ഞിരുന്നു. കന്യാസ്ത്രീയെ അധിക്ഷേപിച്ച പി.സി ജോർജ് പിന്നീട് ഈ പ്രസ്താവനയിൽ ഖേദം പ്രകടിപ്പിച്ചിരുന്നു.

02
16 ഞായർ ജനുവരി 2022
കേരള പ്രണാമം
editorialkeralapranamam@gmail.com
രാഹുകാലം : 04.30 to 06.00 pm
ഗുളികകാലം : 03.30 to04.30 Pm
യമകണ്ടകകാലം : 12.00 to01.30 pm

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച

ലോകത്തിന്റെ വെളിച്ചമാണ് പുസ്തകങ്ങൾ



മഹാത്മാ ഗാന്ധി

## പാലിക്കാനുള്ളതാണ് നിയന്ത്രണങ്ങൾ

കഴിഞ്ഞദിവസം സംസ്ഥാന മുഖ്യമന്ത്രിമാരുമായി പ്രധാനമന്ത്രി നടത്തിയ ചർച്ചയിലും ഇപ്പോഴത്തെ തരംഗത്തെ നേരിടാൻ കൂടുതൽ നിയന്ത്രണങ്ങൾ അനിവാര്യമെന്നു ചൂണ്ടിക്കാണിക്കപ്പെട്ടിരുന്നു. എന്നാൽ, അതു പ്രാദേശികതലത്തിൽ പ്രാവർത്തികമാക്കാനാണു പ്രധാനമന്ത്രി നിർദേശിച്ചിരിക്കുന്നതമൂന്നാം തരംഗത്തിൽ കൊവിഡ് കേസുകൾ തുടർച്ചയായി ഉയരുന്ന പശ്ചാത്തലത്തിൽ സംസ്ഥാനത്തു കൂടുതൽ നിയന്ത്രണങ്ങൾ പ്രഖ്യാപിച്ചിരിക്കുകയാണു സർക്കാർ. സ്കൂളുകളിൽ ഒമ്പതു വരെയുള്ള ക്ലാസുകൾ ഈ മാസം 21 മുതൽ അടച്ചിടാൻ തീരുമാനിച്ചിരിക്കുന്നു. ഇവർക്ക് ഓൺ ലൈൻ പഠനമാവും തത്കാലം. സർക്കാർ പരിപാടികളും ഓൺ ലൈനാക്കുന്നു. സർക്കാർ ഓഫിസുകളിലെ ഗർഭിണികൾക്ക് വീട്ടിലിരുന്നു ജോലി ചെയ്യാവുന്ന സംവിധാനവും വരുകയാണ്. ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 20 ശതമാനത്തിൽ കൂടുതലുള്ള ജില്ലകളിൽ പൊതുപരിപാടികളിൽ അമ്പതു പേർക്കാണു പങ്കെടുക്കാൻ അനുമതി. പോസിറ്റിവിറ്റി നിരക്ക് 30 ശതമാനത്തിനു മുകളിലാണെങ്കിൽ പൊതുപരിപാടികൾ അനുവദിക്കില്ല. മാളുകളിലും ജനത്തിരക്ക് ഒഴിവാക്കാനുള്ള നിർദേശമുണ്ട്. തുടർച്ചയായി മൂന്നാം ദിവസവും പതിനായിരത്തിനു മുകളിലാണ് കേരളത്തിലെ പുതിയ രോഗബാധിതരുടെ എണ്ണം. ബുധനാഴ്ച 12,742, വ്യാഴാഴ്ച 13,468 വീതം കേസുകൾ സ്ഥിരീകരിച്ച സംസ്ഥാനത്ത് ഇന്നലെ പതിനാറായിരത്തിനു മുകളിലായിട്ടുണ്ട് പുതിയ രോഗബാധിതർ. ഇതുവരെയുള്ള മരണസംഖ്യ അമ്പതിനായിരം കടന്ന കേരളം ഔദ്യോഗിക കണക്കുകൾ പ്രകാരം രാജ്യത്ത് ഏറ്റവും കൂടുതൽ പേർ കൊവിഡ് ബാധിച്ചു മരിച്ച രണ്ടാമത്തെ സംസ്ഥാനവുമാണ്. സംസ്ഥാനത്തെ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 23 ശതമാനത്തിലേക്ക് ഉയർന്നിട്ടുണ്ട്. അതായത് പരിശോധിക്കുന്ന സാംപിളുകളിൽ ഏതാണ്ട് നാലിലൊന്ന് പോസിറ്റിവാകുന്ന അവസ്ഥ. കേസുകളുടെയും ടിപിആറിന്റെയും തുടർച്ചയായുള്ള വർധന തീർച്ചയായും നിയന്ത്രണങ്ങൾ അനിവാര്യമാക്കുന്നുണ്ട്. രാജ്യവ്യാപകമായി ഈ അവസ്ഥയാണുള്ളതും. കഴിഞ്ഞദിവസം സംസ്ഥാന മുഖ്യമന്ത്രിമാരുമായി പ്രധാനമന്ത്രി നടത്തിയ ചർച്ചയിലും ഇപ്പോഴത്തെ തരംഗത്തെ നേരിടാൻ കൂടുതൽ നിയന്ത്രണങ്ങൾ അനിവാര്യമെന്നു ചൂണ്ടിക്കാണിക്കപ്പെട്ടിരുന്നു. എന്നാൽ, അതു പ്രാദേശികതലത്തിൽ പ്രാവർത്തികമാക്കാനാണു പ്രധാനമന്ത്രി നിർദേശിച്ചിരിക്കുന്നത്. സാമ്പത്തിക വ്യവസ്ഥയെയും ജനങ്ങളുടെ ജീവിതമാർഗത്തെയും കാര്യമായി ബാധിക്കാത്ത തരത്തിൽ പ്രാദേശിക നിയന്ത്രണങ്ങൾ എന്നതാണു പൊതുധാരണ. അതുകൊണ്ടു തന്നെ ദേശവ്യാപക ലോക്ഡൗൺ പോലുള്ള നടപടികൾ ഒഴിവാകും. വാരാന്ത്യ ലോക്ഡൗൺ, രാത്രികാല കർഫ്യു എന്നിവയൊന്നും ഉണ്ടാവില്ലെന്ന് ഇന്നലെ സംസ്ഥാന സർക്കാരും വ്യക്തമാക്കിയിട്ടുണ്ട്. രോഗപ്രതിരോധത്തിന് അവശ്യം വേണ്ടുന്ന ചില നിയന്ത്രണങ്ങൾ എന്നതിലേക്കു പൊതുധാരണകൾ എത്തിയിട്ടുണ്ട്. അവയെങ്കിലും എല്ലാവരും പാലിക്കണമെന്നതാണ് വീണ്ടും ഒരു തരംഗഭീഷണി മുന്നിലുള്ളപ്പോൾ ഓർമിപ്പിക്കാനുള്ളത്. സംസ്ഥാനം ഭരിക്കുന്ന മുഖ്യകക്ഷിയുടെ തന്നെ ജില്ലാ സമ്മേളനത്തോടനുബന്ധിച്ചു കഴിഞ്ഞ ദിവസം അരങ്ങേറിയ അഞ്ഞൂറിലേറെ പേരുടെ തിരുവാതിരകളി കൊവിഡ് പ്രോട്ടോകോളുകളും മാർഗനിർദേശങ്ങളും ലംഘിക്കുന്നതായിരുന്നു. ഇതേച്ചൊല്ലി ഉയരുന്ന വിവാദത്തിന്റെ പശ്ചാത്തലവുമുണ്ട് ഇന്നലെ പുതിയ നിയന്ത്രണങ്ങൾ പ്രഖ്യാപിക്കുമ്പോൾ. പാർട്ടിയുടെ ഏതാനും പ്രമുഖ നേതാക്കളെ വേദിയിലിരുത്തിയാണ് ഇങ്ങനെയൊരു പരിപാടി നടത്തിയത് എന്നു കൂടി ഓർക്കണം. ഭരണകക്ഷിക്ക് ഇതൊക്കെയാകാം, മറ്റാർക്കും പാടില്ല എന്നതാണ് അവരുടെ കാഴ്ചപ്പാടെന്ന വിമർശനം സാമൂഹിക മാധ്യമങ്ങളിലടക്കം ഉയർന്നിട്ടുണ്ട്. പാർട്ടിക്കു തെറ്റു പറ്റിയെന്ന് സംസ്ഥാന നേതാക്കൾ സമ്മതിച്ചതും പൊലീസ് കേസ് രജിസ്റ്റർ ചെയ്തതും മറക്കുന്നില്ല.

സംസ്ഥാന ശ്രദ്ധ ലഭിച്ച സംഭവമായതുകൊണ്ടും ഏറെ വിമർശനം ഉയർന്നതുകൊണ്ടും നടപടികളുണ്ടായി എന്നു പറയാം. എന്നാൽ, സർക്കാർ പ്രഖ്യാപിക്കുന്ന മാർഗനിർദേശങ്ങൾ കടലാസിൽ ഇരുന്നോട്ടെ എന്നു ധരിക്കുന്നവർ രാഷ്ട്രീയ, ജാതി, മത വ്യത്യാസമൊന്നുമില്ലാതെ നിരവധിയുണ്ട് ഇവിടെ. ഉത്തരവാദപ്പെട്ട പലരും അതിനു നേരേ കണ്ണടയ്ക്കുന്നുമുണ്ട്. നിയന്ത്രണങ്ങൾ നമുക്കല്ല, മറ്റുള്ളവർക്കാണു ബാധകമെന്ന് എല്ലാവരും കരുതിയാൽ ആരും ഒന്നും പാലിക്കില്ല. രോഗവ്യാപനം തടയാനുള്ള മിനിമം നടപടികളിൽ എത്രമാത്രം ജാഗ്രത കുറയുന്നോ അതിനനുസരിച്ച് സാഹചര്യവും മോശമാകും. വരും ദിവസങ്ങൾ ഏറെ പ്രധാനമാണ് എന്ന ബോധ്യത്തിൽ ആരോഗ്യ വിദഗ്ധരുടെ നിർദേശങ്ങൾ അനുസരിക്കാൻ എല്ലാവരും തയാറാവുകയാണു വേണ്ടത്. ജില്ലാ ഭരണകൂടങ്ങളും പ്രാദേശിക ഭരണ നേതൃത്വങ്ങളും ഇതിന്റെ മേൽനോട്ടത്തിൽ പ്രത്യേക ശ്രദ്ധ കാണിക്കുകയും വേണം.

## കുവൈത്തിൽ സർക്കാർ– സ്വകാര്യ മേഖലകളിൽ സ്വദേശിവൽക്കരണ ആവശ്യവുമായി എം പി മാർ



കുവൈത്ത് സിറ്റി കുവൈത്തിലെ സർക്കാർ സ്വകാര്യ മേഖലകളിൽ സ്വദേശിവൽക്കരണം നടപ്പിലാകണം എന്ന ആവശ്യവുമായി കുവൈത്ത് എം പി മാർ. രാജ്യത്തു തൊഴിൽ മേഖലകളിൽ സ്വദേശിവൽക്കരണം ശക്തി പെടുത്തുകയും കുവൈത്ത് പൗരന്മാർക്കായി കൂടുതൽ തൊഴിൽ അവസരങ്ങൾ തുറക്കുകയും ചെയ്യുന്നതുമായി ബന്ധപ്പെട്ട് പാർലമെന്റിൽ അവതരിപ്പിച്ച മൂന്ന് കരട് ബില്ലുകളിൽ നടന്ന ചർചകൾക്കിടയിലാണ് എം പി മാർ ഈ ആവശ്യം ഉന്നയിച്ചത്.തൊഴിൽ ഇല്ലായ്മ രൂക്ഷമായ സാഹചര്യത്തിൽ കുവൈത്ത് പൗരന്മാർക് ജോലി നൽകുന്നതുമായി ബന്ധപ്പെട്ടു രാജ്യത്തു നിലനിൽക്കുന്ന നിയമം കർശനമായി നടപ്പിലാകണമെന്നും സർക്കാർ ജോലികളിൽ പുതുതായി പ്രവാസികളെ നിയമിക്കുന്നത് നിർത്തലാക്കണമെന്നുമാണ് എം പി മാരുടെ ആവശ്യം. ശക്തമായ സ്വദേശി വത്കരണ നയങ്ങൾ ഉൾകൊള്ളുന്നതാണ് പുതിയ ബില്ലുകൾ എന്നാണ് റിപ്പോർട്ട്. കുവൈത്ത് പൗരന്മാർക്കിടയിൽ കഴിഞ്ഞ ആറുമാസത്തിനിടയിൽ തൊഴിൽ ഇല്ലായ്മ നിരക്കിൽ വലിയ വാർധനവുണ്ടായതായി എം പി അബ്ദുൽ അസീസ് അൽ സഖബി ചൂണ്ടി കാട്ടി. ആറു മാസം മുമ്ബ് 26 ശതമാനം ആയിരുന്ന തൊഴിൽ ഇല്ലായ്മാ നിരക്ക് 32 ശതമാനം ആയാണ് ഉയർന്നതെന്നു അദ്ദേഹം പറഞ്ഞു.

കൊവിഡ് പ്രതിസന്ധി ഇതിനു വലിയൊരു കാരണമായതായാണ് വിലയിരുത്തൽ. സ്വകാര്യ മേഖലയിലെ ജോലികൾ ഒഴിവാക്കി സ്വദേശികളിൽ പലരും സർക്കാർ മേഖലയിലേക്ക് തിരികെ വരുന്നതായി എം പി ഉസാമ അൽ ഷഹീൻ പറഞ്ഞു. സ്വകാര്യ മേഖലയിൽ സ്വദേശികളെ പിടിച്ചു നിർത്താൻ ഉതകുന്ന രീതിയിലുള്ള ആനുകൂല്യങ്ങൾ ഇല്ലാത്തതാണ് കാരണമെന്നും അദ്ദേഹം പറഞ്ഞു.അതേസമയം സ്വദേശിവൽക്കരണത്തിന്റെ ഭാഗമായി വിദേശികളെ ജോലിയിൽ നിന്ന് പിരിച്ചുവിട്ട് പകരം സ്വദേശികളെ നിയമിക്കണമെന്ന വ്യവസ്ഥ അടുത്ത നാലു വർഷത്തേക്ക് പ്രാവർത്തികമാക്കാൻ സാധിക്കില്ലെന്ന് കുവൈത്ത് യൂനിവേഴ്സിറ്റി. അക്കാദമിക താൽപര്യങ്ങൾ മുൻ നിർത്തിയാണ് ഈ തീരുമാനം എന്ന് യൂനിവേഴ്സിറ്റി അധികൃതർ സിവിൽ സർവീസ് കമ്മീഷനെ അറിയിച്ചതായി പ്രാദേശിക ദിനപത്രം റിപ്പോർട്ട് ചെയ്തു. 2017 ൽ ആണു സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് നിശ്ചിത തോതിൽ വിദേശി ജീവനക്കാരെ പിരിച്ചു വിട്ടു പകരം സ്വദേശികളെ നിയമിക്കുക എന്ന നയം ശക്തമാക്കുവാൻ സർക്കാർ തീരുമാനിച്ചത്. എന്നാൽ ഇതിനു വിരുദ്ധമായാണ് യൂനിവേഴ്സിറ്റി ഇപ്പോൾ നിലപാട് സ്വീകരിച്ചിരിക്കുന്നത്. നിലവിലെ സാഹചര്യത്തിൽ ഇത് പാലിക്കാനാവില്ലെന്നാണ് യൂനിവേഴ്സിറ്റി അറിയിച്ചിരിക്കുന്നത്.




# 2025:26ൽ കമ്മീഷൻ ചെയ്യും, പ്രതിദിന വരുമാനം ആറ് കോടി!

**തിരുവനന്തപുരം:** വൻ വിവാദങ്ങൾക്കൊടുവിൽ സിൽവർലൈൻ പദ്ധതിയുടെ (Silver Line) ഡിപിആർ (DPR) പുറത്തുവിട്ടിരിക്കുകയാണ് സംസ്ഥാന സർക്കാർ (State Government). 202526ൽ കമ്മീഷൻ ചെയ്യുന്ന പദ്ധതിയിൽ ആദ്യ ഘട്ടത്തിൽ പ്രതിദിനം ആറു കോടി രൂപയുടെ വരുമാനമാണ് പ്രതീക്ഷിക്കുന്നത്. 1383 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കേണ്ടത്. പദ്ധതി കേരളത്തെ രണ്ടായി മുറിക്കില്ലെന്ന് പറയുന്ന പദ്ധതി രേഖ, നിർമ്മാണഘട്ടത്തിൽ നീരൊഴുക്ക് തടസപ്പെട്ട് വെള്ളപ്പൊക്കത്തിന് സാധ്യതയുണ്ടാകുമെന്നും മുന്നറിയിപ്പ് നൽകുന്നു. നിയമസഭയുടെ വെബ് സൈറ്റിലാണ് 3776 പേജുള്ള ഡിപിആർ പ്രസിദ്ധീകരിച്ചത്.ഡിപിആർ എവിടെ എന്ന ചോദ്യത്തിന് അതീവരഹസ്യ രേഖയെന്ന് പറഞ്ഞ് ഒഴിഞ്ഞുമാറിയ സർക്കാർ തന്നെയാണ് ഒടുവിൽ രേഖ പരസ്യപ്പെടുത്തിയത്. പാരിസ്ഥിതിക പഠനം അടക്കം ചേർത്ത് ആറ് വാല്യങ്ങളിലാണ് വിശദമായ പദ്ധതി രേഖ. ആറു ലക്ഷം യാത്രക്കാരെയാണ് പ്രതീക്ഷിക്കുന്നത്. റെയിൽ–റോഡ് വ്യോമഗതാഗത പാതകളുമായി ബന്ധിപ്പിക്കും. ആദ്യഘട്ടത്തിൽ തന്നെ നെടുമ്പാശ്ശേരി വിമാനത്താവളവുമായി ബന്ധിപ്പിക്കും. ആകെ ഏറ്റെടുക്കേണ്ടത് 1383 ഹെക്ടർ ഭൂമിയാണ്. ഇതിൽ 1198 ഹെക്ടർ സ്വകാര്യ വ്യക്തികളുടെതാണ്. 185 ഹെക്ടർ റെയിൽവെ ഭൂമിയും വരും. സംസ്ഥാന സർക്കാരിൻറെയും റെയിൽവേയുടെയും സംയുക്ത സംരംഭമായാണ് പദ്ധതി വിഭാവനം ചെയ്തത്. പ്രതിദിനം 79,934 യാത്രക്കാരെയാണ് പ്രതീക്ഷിക്കുന്നത്. പ്രതിവർഷം 2276 കോടിയാണ് പ്രതീക്ഷിക്കുന്ന വരുമാനം .ഘട്ടംഘട്ടമായി ഇത് കൂടുമെന്നും വിശദ പദ്ധതി രേഖയിൽ പറയുന്നു. ആകെയുള്ള 529 കിലോമീറ്ററിൽ 293 കിലോമീറ്ററിലാണ് എംബാങ്ക്മെൻറ്. ഭൂമിയുടെ നിരപ്പിൽ നിന്നും ഉയർത്തിക്കെട്ടിയാണ് ഈ ദൂരത്ത് പാതാ നിർമ്മാണം. അങ്ങനെയാണെങ്കിലും കേരളത്തെ രണ്ടായി മുറിക്കില്ലെന്നാണ് അവകാശവാദം. ഉയർത്തിക്കെട്ടിയ പാതകളുടെ അടിയിലൂടെ ടണലുകളുണ്ടാകുമെന്നതാണ് വിശദീകരണം. അതേ സമയം നിർമ്മാണ ഘട്ടത്തിൽ സ്വാഭാവിക നീരൊഴുക്ക് തടസ്സപ്പെടാം. ഇത് വെള്ളപ്പൊക്കത്തിനും ഉരുൾപൊട്ടലിനും കാരണമാകാം. പക്ഷെ പ്രവർത്തനം തുടങ്ങിയാൽ പിന്നെ ആശങ്ക വേണ്ട. ദുരന്ത നിവാരണ അതോറിറ്റി മാപ്പ് പ്രപകാരം പാത കടന്നുപോകുന്നത് പ്രളയസാധ്യത മേഖലയിലൂടെയാണ്.കോഴിക്കോട് ഭൂഗർഭ സ്റ്റേഷനായിരിക്കും. കൊച്ചുവേളി, എറണാകുളം , തൃശൂർ എന്നിവടങ്ങളിൽ ഭൂനിരപ്പിൽ നിന്നു് ഉയരത്തിലാകും സ്റ്റേഷൻ കൊല്ലത്താണ് വർക്ക്ഷോപ്പ്. കാസർക്കോട് പരിശോധനാ കേന്ദ്രം ആദ്യം പരിഗണിച്ചത് എന്നാൽ തീര നിയന്ത്രണവും എല്ലാവർക്കും പ്രയോജനം കിട്ടില്ലെന്നുമുള്ള വിലയിരുത്തലാണ് മാറ്റാൻ കാരണം. ടൂറിസ്റ്റ് ട്രെയിനുകളും വരും. പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ടൂറിസ്റ്റുകൾക്കായി പ്രത്യേക ട്രെയിൻ ഉണ്ടാകും. പൊളിക്കേണ്ട കെട്ടിടങ്ങളുടേയും ആരാധാനലയാങ്ങളുടേയും ചിത്രങ്ങൾ അടക്കമുള്ള വിശദാംശങ്ങളും ഡിപിആറിലുണ്ട്. നിലവിലെ റോഡ്–റെയിൽ വികസനത്തെക്കാൾ അതിവേഗ പാത നിർമ്മാണം നേട്ടമായിരിക്കും. ഒരു കിലോമീറ്റർ നിർമ്മാണത്തിന് വേണ്ടത് 2.4 ഹെക്ടർ. പക്ഷെ റോഡ്–റെയിൽ വികസനത്തിന് ഒരു കിലോ മീറ്ററിന് വേണ്ടിവരിക 6.5 ഹെക്ടർ എന്നാണ് ഡിപിആർ.ഡിപിആർ പുറത്തുവന്നെങ്കിലും വിവാദം തീരുന്നില്ല. സാമൂഹ്യ ആഘാത പഠന റിപ്പോർട്ട് അടക്കം ഇനി വരാനുണ്ട്. റെയിൽവേ ബോർഡിന് നേരത്തെ കൈമാറിയ ഡിപിആർ കേന്ദ്രത്തിൻറെ അനുമതി കാത്തിരിക്കുന്നു.





# പി വി അൻവറിന്റെ കൈവശമുള്ള അധികഭൂമി തിരിച്ചുപിടിക്കൽ; നടപടികൾ 5 മാസത്തിനകം പൂർത്തിയാക്കണമെന്ന് കോടതി

**കൊച്ചി:** ഭൂപരിഷ്ക്കരണം നിയമം ലംഘിച്ച് പി വി അൻവർ എംഎൽഎ കൈവശം വച്ച അധികഭൂമി തിരിച്ചുപിടിക്കാനുള്ള നടപടികൾ അഞ്ച് മാസത്തിനകം പൂർത്തിയാക്കണമെന്ന് ഹൈക്കോടതി. ഹർജിക്കാരനെ കൂടി കേട്ട് വേണം തീരുമാനമെടുക്കാനെന്നും നടപടിക്രമങ്ങൾ നീണ്ട് പോകരുതെന്നും ജസ്റ്റിസ് രാജ വിജയ രാഘവൻ വ്യക്തമാക്കി. എംഎൽഎക്കെതിരെയുള്ള പരാതി ആറുമാസത്തിനകം തീർപ്പാക്കണമെന്ന ഹൈക്കോടതി നിർദ്ദേശം നടപ്പാക്കാത്തതിനെതിരെ സമർപ്പിച്ച ഹർജിയിലാണ് ഉത്തരവ്. മലപ്പുറം ജില്ലാ വിവരാവകാശ കൂട്ടായ്മ കോ ഓർഡിനേറ്റർ കെ വി ഷാജിയാണ് കോടതിയലക്ഷ്യ ഹർജി നൽകിയത്. ഹർജി സിംഗിൾ ബെഞ്ച് തീർപ്പാക്കി.പി വി അൻവർ എംഎൽഎയും കുടംബവും ഭൂപരിധി ചട്ടം ലംഘിച്ച് ഭൂമി കൈവശം വച്ചെന്ന പരാതിയുമായി ആദ്യം രംഗത്തെത്തിയത് മലപ്പുറം ജില്ല വിവരാവകാശ കൂട്ടായ്മയാണ്. മലപ്പുറം, കോഴിക്കോട് കളക്ടർമാർ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടുകളിൽ പി വി അൻവറും കുടുംബവും പരിധിയിൽ കവിഞ്ഞ ഭൂമി കൈവശം വയ്ക്കുന്നതായി അറിയിച്ചിരുന്നു. ഇതിൻറെ അടിസ്ഥാനത്തിൽ കേരള ഭൂപരിഷ്കരണ നിയമപ്രകാരം അൻവറിനെതിരെ സ്വമേധയാ കേസ് രജിസ്റ്റർ ചെയ്യാൻ ലാൻഡ് ബോർഡ്, താമരശേരി താലൂക്ക് ലാൻഡ് ബോർഡ് ചെയർമാന് ഉത്തരവും നൽകി. എന്നാൽ ഉത്തരവ് മൂന്ന് വർഷമായിട്ടും നടപ്പാക്കാത്തത് ചൂണ്ടിക്കാട്ടി വിവരാവകാശ കൂട്ടായ്മ കൺവീനർ കെ വി ഷാജി ഹൈക്കോടതിയെ സമീപിക്കുകയായിരുന്നു.നടപടി ക്രമങ്ങൾ വേഗത്തിലാക്കി, ആറു മാസത്തിനകം താമരശേരി ലാൻഡ് ബോർഡ് ചെയർമാൻ, താമരശേരി അഡീഷണൽ തഹസിൽദാർ എന്നിവർ മിച്ച ഭൂമി കണ്ടുകെട്ടൽ നടപടി പൂർത്തീകരിക്കണമെന്ന് കഴിഞ്ഞ മാർച്ച് 24 ന് കോടതി ഉത്തരവിട്ടു. എട്ടുമാസമായിട്ടും ഈ ഉത്തരവും നടപ്പാക്കാത്തതിനെ തുടർന്ന് കെ വി ഷാജി ഹൈക്കോടതിയിൽ കോടതിയലക്ഷ്യ ഹർജി നൽകി.

കേരള പ്രണാമം

ART&LITERATURE






## ഞങ്ങൾ മൗനത്തിലാണ്

മാധ്യമക്കണ്ണീർ നിലച്ചു...

ചാനൽ ചർച്ചകൾ ഒഴിഞ്ഞു... ക്യാമറക്കണ്ണുകൾ പുത്തൻ
വാർത്താക്കാഴ്ചകൾ തേടുന്നു ..

ആത്മഹത്യയാഘോഷ
ങ്ങളാർത്തിയിരമ്പിയ വേദികൾ ..
ചർച്ചകൾക്കും വിചാരണ കൾക്കുമിടയിലായി
ഫ്ലാഷായി മിന്നിമറയുന്ന കാഞ്ചനക്കടകളുടെ പരസ്യങ്ങൾ ..
കുറ്റസമ്മതങ്ങളും കുമ്പസാരങ്ങളും നിറംകെടുത്തുന്ന ന്യായാധിപക്കൂടുകൾ ..
മരണം വില്പനച്ചരക്കാക്കുന്ന നവ മാധ്യമക്കാഴ്ചകൾ ...

വിവാഹമാമാങ്കങ്ങൾ പെൺവാണിഭങ്ങളാക്കിയ ഇടങ്ങളിൽ.,
സ്വർണ്ണക്കവചങ്ങളാൽ പൊതിഞ്ഞു കെട്ടി താലിച്ചരടിനാൽ ബന്ധിതയാക്കിയ
വധുക്കളുടെ പെണ്ണുടലകളാണിന്നു ജീവനറ്റു തൂങ്ങിയാടുന്നത് ..
(ഉടൽ മുറിവുകളാൽ ആലംഭഹീനയായ് ഉള്ളുരുകി കേഴുമ്പോഴും
താലിചാർത്തിയൊരാ  കൈ സാന്ത്വനസ്പർശമായെത്തുമെന്ന് വെറുതെ നിനച്ചവൾ )

ചോദ്യങ്ങൾ നിലയ്ക്കാത്ത ശരങ്ങളായി വന്നു കൊണ്ടിരിക്കയാണ് ..
ആരാണ് ഈ കശാപ്പി നവസരം ഒരുക്കിയ നായാട്ടുകാർ?
നോവുകളുള്ളിലെരിയുമ്പോഴും വിതുമ്പരുതെന്ന്
ഓതി പഠിപ്പിച്ച അമ്മയോ?
ആണധികാരത്തിന്നെതിരെ സഹനമുറ ശീലിക്കാൻ പറഞ്ഞ അച്ഛനൊ?
ഉടൽ ചതവുകളും കരൾ
മുറിവുകളും എടുത്ത യച്ചിട്ടും നീ അവസ്ഥകളോടൊത്തുചേരാൻ കല്പിക്കുന്ന സോദരനോ?
ഇത്രയുമൊക്കെയായിട്ടും ദുരന്തകഥകളിലെ കണ്ണീർ കഥാപാത്രമാകാൻ മാത്രം പഠിപ്പിക്കുന്ന സമൂഹമൊ?
ആരാണ് ഉത്തരവാദികൾ ..?

ഈ ഊരുവധത്തിലെ പ്രതികൾ നമ്മളാണ്..
ഉയിരുനല്കിയൊരമ്മയും നട്ടുവളർത്തിയ അച്ഛനും
തണലേകണ്ടിയിരുന്ന സോദരനും ...
കൊലയ്ക്ക് കൊടുത്തത് അവരും കൂടിയാണ് ..

ഇന്നിപ്പോൾ മൗനത്തിലാണെല്ലാവരും.
പൊടി തട്ടിയെടുത്ത പഴയ നിയമ പുസ്തകയുയർത്തി
ഭരണാധികാരികൾ പറയുന്നു.
നിങ്ങൾ അബലകളല്ല
നിങ്ങൾക്ക് ഞങ്ങൾ കാവലുണ്ട്.
ന്യായഗ്രന്ഥത്തിലെ അക്ഷരങ്ങളിലേക്കിനിയും കറുത്തശ്ശീലയിൽ
നയനങ്ങൾ ബന്ധിച്ച
 നീതി ദേവതയുടെ ദൃഷ്ടി
പതിഞ്ഞിട്ടില്ല.



അശോകൻ.സി.ജി.

## മൗനം

വാക്കുകൾ മുറിഞ്ഞു മൗനത്തിന്റെ
ഇടനാഴിയിലേക്കൂർന്ന് വീഴുമ്പോൾ
അങ്ങകലെ നിന്നും കാതോട് കാതോരം
കൈമാറുന്ന രഹസ്യം...
മൂടിവെച്ച ഭിക്ഷാപാത്രം
ആരോ നീട്ടി നീട്ടിത്തരുന്നു..
എവിടെയാണ് നമ്മൾ?
സ്വയം തിരഞ്ഞിട്ടും ഒന്നും അറിയുന്നില്ല..
ഇരുൾ പരക്കുന്ന കലണ്ടറിലെ
കറുത്ത അക്ഷരങ്ങൾക്ക്
ആരാണ് ചങ്ങല പൂട്ടിടുന്നത്?
അവിടെയും മൗനം മാത്രം..
ആശംസകൾക്കും അനുശോചനങ്ങൾക്കുമിടയിൽ
നേരിയ ഇടവേള..
കാതോർത്ത് നോക്കൂ
അതാരുടെ ശബ്ദമാണ്?
ആ ശബ്ദം എന്താണ് ഓർമ്മിക്കുന്നത്?
അജിന സന്തോഷ്



അജിന സന്തോഷ്



## ഞാൻ

മിന്നലുകളുടെ കാടാണുള്ളിൽ !
ചോദ്യങ്ങളുമുത്തരങ്ങളും
തമ്മിൽ കലഹിക്കുന്നു !
പുരാതന ലിപികളിൽ
പ്രണയമുറങ്ങുന്നു !
ഇന്നലെകളിലേയ്ക്ക്
തിരിഞ്ഞു നോക്കിക്കൊണ്ടൊരു
പഴയ ഘടികാരം നടന്നു നീങ്ങുന്നു !
നോവൊരു
ചിരിയിലൊളിപ്പിച്ച്
ലോകത്തെ ഞാൻ
തോൽപ്പിക്കുന്നനുദിനം !

കണ്ണകി



## മൗനത്തിന്റെ യാത്ര

മോചനം തേടിയുള്ള യാത്രയാണ്
മൗനത്തിന്നടരുകൾ !
കൂടെ, തേങ്ങലിൻ
നരച്ച ഭാണ്ഡവും താങ്ങി
രക്തം വിയർക്കുന്നൊരു തൂലികയും !
താളം തെറ്റിയ വരികളിൽ നിന്നും
ഉടുക്കു കൊട്ടുന്ന നെഞ്ചിൽ നിന്നും
ചതിതീർത്ത കനൽക്കാടുകളിൽ നിന്നും
സാന്ത്വനം തേടുന്ന വിതുമ്പലുകളിൽ നിന്നും
എന്നിൽ നിന്നും
അജ്ഞതയുടെ ദിക്കുകളിലേയ്ക്ക് !

കരളു കാർന്നുതിന്നുന്ന
ദൈന്യം കടന്നു നീയും പോവുക
തീരത്ത് ഞാനിനിയും കൺപാർത്തു നിൽക്കാം
ഒരു അസ്തമയ കിരണത്തിനോടൊപ്പം
ഒരു തിരയ്ക്കൊപ്പം നീയും പോയ്മറയുമ്പോൾ !

തിരികെ നോക്കാതെ
മിഴികൾ നിറയ്ക്കാതെ
ആരവങ്ങളുടെ ആഴിയിലേയ്ക്ക്
ചൂളയുടെ പഴുപ്പിലേയ്ക്ക്
ഞാനും നടക്കാം

കനി






# ‘ദിലീപിനെ അറിയാം, ബിസിനസ് ബന്ധവുമുണ്ട്’; വിഐപി താനല്ലെന്ന് കോട്ടയത്തെ വ്യവസായി മെഹബൂബ്

കോട്ടയം: നടിയെ ആക്രമിച്ച കേസിൽ ദിലീപിനെ സഹായിച്ച വിഐപി താനല്ലെന്ന് കോട്ടയത്തെ പ്രവാസി വ്യവസായിയായ മെഹ്ബൂബ് വെളിപ്പെടുത്തി.ദിലീപിനെ അറിയാമെങ്കിലും അടുത്തകാലത്തൊന്നും നടന്റെ വീട്ടിൽ പോയിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു. ദിലീപുമായിട്ട് ബന്ധമുണ്ടെങ്കിലും ആകെ ആ വീട്ടിൽ പോയത് ഒരു തവണ മാത്രമാണ്. അതും മൂന്നു കൊല്ലം മുമ്ബ്. ദേ പുട്ടിന്റെ ഖത്തർ ശാഖ തുറക്കുന്നതുമായി ബന്ധപ്പെട്ടാണ് പോയത് അന്ന് ചെല്ലുമ്ബോൾ കാവ്യയും അമ്മയും അച്ഛനും ഒക്കെ ഉണ്ടായിരുന്നു. ഹോട്ടൽ ഉദ്ഘാടനത്തിന് ക്ഷണിക്കാനാണ് അന്ന് പോയത്. ദിലീപ് ജാമ്യത്തിലിറങ്ങിയ ശേഷമാണോ വീട്ടിൽ പോയതെന്ന് ഓർമയില്ല. അതിന് കേസുമായി ഒരു ബന്ധവുമില്ല. ദിലീപിന്റെ സഹോദരനെയോ അളിയനെയോ അറിയില്ല. ദിലീപ് 'ഇക്ക' എന്നാണ് വിളിക്കുന്നത്. ബാലചന്ദ്രകുമാറിനെ അറിയില്ല. അദ്ദേഹം പറയുന്ന കാര്യങ്ങൾ പൊലീസ് തെളിയിക്കട്ടെ. ദിലീപുമായി ബിസിനസ് ബന്ധം മാത്രമേയുള്ളൂ.നാർകോ അനലിസിസ് പരിശോധനയ്ക്കുൾപ്പെടെ എന്തിനും താൻ തയാറാണെന്നും അദ്ദേഹം പറഞ്ഞു. തന്നെ ചേർത്ത് കഥകൾ പ്രചരിക്കുന്നത് സുഹൃത്തുക്കൾ പറഞ്ഞാണ് അറിഞ്ഞത്. അന്വേഷണ ഉദ്യോഗസ്ഥർ ആരും ഇതും വരെയും വിളിച്ചിട്ടില്ല.നടിയെ അക്രമിച്ച ദൃശ്യങ്ങൾ ദിലീപിനെ ഏൽപ്പിച്ചതും കേസിലെ വിഐപി ആണെന്നാണ് ബാലചന്ദ്രകുമാർ നൽകിയിരിക്കുന്ന മൊഴി. ബാലചന്ദ്രകുമാർ സിനിമാചർച്ചയ്ക്കായി നടന്റെ വീട്ടിലുണ്ടായിരുന്ന ദിവസം ഈ പറയപ്പെടുന്ന വിഐപി അവിടെ എത്തിയിരുന്നു. കേസിന്റെ അന്വേഷണത്തിൽ നിന്നും ഡിജിപി ബി സന്ധ്യയെ ഒഴിവാക്കണമെന്ന് ദിലീപിന്റെ നിർദേശത്തെ തുടർന്ന് അദ്ദേഹം ഒരു മന്ത്രിയെ നേരിട്ട് വിളിച്ചു പറഞ്ഞുവെന്നതുമാണ് വിഐപിക്കെതിരായിട്ടുള്ള പ്രധാന ആരോപണങ്ങൾ.





# കൊവിഡ് അതിതീവ്ര വ്യാപന സാധ്യത : മന്ത്രി വീണാ ജോർജ്

തിരുവനന്തപുരം: മൂന്നാഴ്ചയ്ക്കുള്ളിൽ സംസ്ഥാനത്ത് കൊവിഡ് അതിതീവ്ര വ്യാപനത്തിന് സാധ്യതയെന്ന് മന്ത്രി വീണാ ജോർജ്. സിപിഐഎം അടക്കം രാഷ്ട്രീയപ്പാർട്ടികളുടെ സമ്മേളനങ്ങളിൽ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുമെന്നും മന്ത്രി വ്യക്തമാക്കി. സ്ഥാപനങ്ങളിലാണ് നിലവിൽ ക്ലസ്റ്ററുകൾ രൂപപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് തന്നെ സ്ഥാപനങ്ങൾ കൊവിഡ് പ്രോട്ടോകോൾ കർശനമായി പാലിക്കണമെന്ന് മന്ത്രി വീണാ ജോർജ് നിർദേശിച്ചു. സംസ്ഥാനത്ത് 78 ആക്ടീവ് കൊവിഡ് ക്ലസ്റ്ററുകളുണ്ടെന്നും മന്ത്രി അറിയിച്ചു. സംസ്ഥാനത്ത് മരുന്ന് ക്ഷാമമെന്ന വാർത്ത അടിസ്ഥാനരഹിതമാണെന്നും മോണോ ക്ലോണൽ ആന്റിബോഡി, റെംഡെസിവർ , റാബിസ് വാക്സിൻ ഇവയെല്ലാം ആവശ്യത്തിനുണ്ടെന്നും മന്ത്രി ചൂണ്ടിക്കാട്ടി. വാർത്തകൾക്ക് പിന്നിൽ മരുന്ന് കമ്പനികളുടെ സമ്മർദ്ദമെന്ന് സംശയിക്കുന്നതായും ആരോഗ്യ മന്ത്രി പറഞ്ഞു.അതേസമയം, കൊവിഡ് വ്യാപനം രൂക്ഷമായ പശ്ചാത്തലത്തിൽ തിരുവനന്തപുരത്ത് കൂടുതൽ നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു. ജില്ലയിൽ പൊതുയോഗങ്ങളും ഒത്തുചേരലുകളും നിരോധിച്ചു. വിവാഹ, മരണാന്തര ചടങ്ങുകൾക്ക് 50 പേർക്ക് മാത്രമേ അനുമതിയുള്ളൂ. നേരത്തെ നിശ്ചയിച്ച യോഗങ്ങളും മാറ്റിവയ്ക്കണമെന്ന് സംഘാടകർക്ക് നിർദേശം നൽകി. തിരുവനന്തപുരം ജില്ലയിൽ കർശന നിരീക്ഷണത്തിന് സിറ്റി, റൂറൽ ജില്ലാ പൊലീസ് മേധാവിമാർക്ക് ജില്ലാ കളക്ടർ നിർദേശം നൽകി.



# ലത മങ്കേഷ്കർ ഐസിയുവിൽ തന്നെ തുടരും

വിഖ്യാത ഗായിക ലതാ മങ്കേഷ്കർ ഐസിയുവിൽ തുടരുന്നു. കഴിഞ്ഞ ചൊവ്വാഴ്ചയാണ് ലതാ മങ്കേഷ്കറിന് കൊവിഡ് സ്ഥിരീകരിച്ചത്. കൊവിഡിന് പിന്നാലെ ലതാ മങ്കേഷ്കറിന് ന്യുമോണിയയും ബാധിച്ചിരുന്നു. ഐസിയുവിൽ തുടരുമെന്നും ലതാ മങ്കേഷ്കറിന് വേണ്ടി പ്രാർത്ഥിക്കണമെന്നും ഡോ. പ്രതീത് സംദാനി പറയുന്നു. ( latha mangeshkar ICU ) എന്നാൽ ലതാ മങ്കേഷ്കറിന്റെ ആരോഗ്യനിലയിൽ പുരോഗതിയുണ്ടെന്ന് ബന്ധു പ്രതികരിച്ചു. കുടുംബം ഇതിൽ സന്തുഷ്ടരാണെന്നും എല്ലാവരും പ്രാർത്ഥനകൾ ഫലം കാണുന്നുവെന്നും കുടുംബം വ്യക്തമാക്കി.നൈറ്റിംഗേൽ ഓഫ് ഇന്ത്യ എന്നഖിയപ്പെടുന്ന ലതാ മങ്കേഷ്കർ ഹിന്ദിക്ക് പുറമെ, മറാഠി, ബംഗാളി തുടങ്ങി നിരവധി പ്രാദേശിക ഭാഷകളിലും പാടിയിട്ടുണ്ട്. ഭാരതരത്ന, പത്മവിഭൂഷൻ, പത്മഭൂൻ, ദാദാസാഹെബ് ഫാൽകെ പുരസ്കാരം, നിരവധി ദേശിയ പുരസ്കാരങ്ങൾ എന്നിവ ലഭിച്ച ഈ അനുഗ്രഹീത ഗായികയുടെ ഏറ്റവുമൊടുവിൽ പുറത്തിറങ്ങിയ ആൽബം 2004 ലെ വീർ സാറ എന്ന ചിത്രത്തിലേതായിരുന്നു.

# പഞ്ചാബിൽ കോൺഗ്രസിന്റെ ആദ്യഘട്ട സ്ഥാനാർത്ഥി പട്ടിക പ്രഖ്യാപിച്ചു



മുഖ്യമന്ത്രി ചരൺജിത് സിംഗ് ചന്നി ചാംകൗർ സാഹിബിലും പഞ്ചാബ് കോൺഗ്രസ് അധ്യക്ഷൻ നവജ്യോത് സിംഗ് സിദ്ദു അമൃതസർ ഈസ്റ്റിലും മത്സരിക്കും. ഇരുവരുടെയും സിറ്റിംഗ് മണ്ഡലങ്ങൾ തന്നെയാണിത്.( പഞ്ചാബ് ഉപമുഖ്യമന്ത്രി രൺധാവ ധേരാ ബാബ നാനാക് മണ്ഡലത്തിൽ നിന്ന് ജനവിധി തേടും. അമൃതസർ സെൻട്രലിൽ നിന്നാണ് ഓം പ്രകാശ് സോണി മത്സരിക്കാനിറങ്ങുക. നടൻ സോനു സൂദിന്റെ സഹോദരി മാളവിക മോഗയിൽ നിന്ന് മത്സരിക്കും. ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ്, ഗോവ, മണിപ്പൂർ സംസ്ഥാനങ്ങൾക്കൊപ്പം ഫെബ്രുവരി 14 ന് പഞ്ചാബിൽ ഒറ്റഘട്ടമായാണ് വോട്ടെടുപ്പ് നടക്കുന്നത്. മാർച്ച് 10ന് വോട്ടെണ്ണും. ടൈംസ് നൗ-വീറ്റോ നടത്തിയ പ്രീപോൾ സർവേ ഫലം പ്രകാരം വ്യക്തമായ ഭൂരിപക്ഷമില്ലാതെ ആം ആദ്മി പാർട്ടിയുടെ സ്ഥാനക്കയറ്റത്തിനാണ് പഞ്ചാബിൽ സാധ്യത. ശിരോമണി അകാലിദൾ-ബിഎസ്പി സഖ്യം 14-17 സീറ്റുകൾ നേടുമെന്നാണ് സർവേ പ്രവചനം. ബിജെപി-പിഎൽസി സഖ്യം 1-3 സീറ്റുകളിലേക്ക് ചുരുങ്ങുമെന്നും ഭരണത്തിലിരിക്കുന്ന കോൺഗ്രസ് രണ്ടാം സ്ഥാനത്തേക്ക് പിന്തള്ളപ്പെടുമെന്നും സർവേ സൂചിപ്പിക്കുന്നു. ആകെയുള്ള 117ൽ 104 സീറ്റുകളിലേക്കാണ് ആംആദ്മി പാർട്ടി മത്സരിക്കുക. ജലന്ദർ, ഗുരുഹർ സഹയ്, അബോഹർ എന്നിവിടങ്ങളിൽ സ്ഥാനാർത്ഥികളുടെ പേരും എഎപി നിശ്ചയിച്ചുകഴിഞ്ഞു.എബിപി സി വോട്ടർ സർവേ പ്രകാരം എഎപി 38% (5056), കോൺഗ്രസ് 34% (3945), എസ്എപി+ബിഎസ്പി സഖ്യം 20% (1723), ബിജെപി സഖ്യം 5%(03) എന്നതാണ് നില.2017ലെ പഞ്ചാബ് നിയമസഭാ തെരഞ്ഞെടുപ്പിൽ 77 സീറ്റുകൾ നേടിയായിരുന്നു കോൺഗ്രസ് അധികാരത്തിലെത്തിയത്. 117 അംഗ പഞ്ചാബ് നിയമസഭയിൽ കോൺഗ്രസ്-77, ആംആദ്മി -20, ശിരോമണി അകാലിദൾ -15, ബിജെപി -3, എൽഐപി -2 എന്നിങ്ങനെയായിരുന്നു വിജയം.



# ഉത്തരാഖണ്ഡിൽ ബി.ജെ.പിയും കോൺഗ്രസും നേർക്കുനേർ

നിയമസഭാ തെരഞ്ഞെടുപ്പ് വരുമ്പോൾ ബി.ജെ.പിയും കോൺഗ്രസും നേർക്കുനേർ ഏറ്റുമുട്ടുന്ന സംസ്ഥാനമാണ് ഉത്തരാഖണ്ഡ്. ഉത്തർപ്രദേശിലെ രാഷ്ട്രീയ സാഹചര്യമാണ് ആ സംസ്ഥാനത്തോട് ചേർന്ന് നിൽക്കുന്ന ഉത്തരാഖണ്ഡിലുമുള്ളത്. ഇരുപാർട്ടികളും മാറിമാറി ഭരിക്കുന്ന സ്ഥിതിവിശേഷമാണ് സംസ്ഥാനം രൂപീകരിക്കപ്പെട്ടത് മുതൽ കണ്ടുവരുന്നത്.2000-ൽ സംസ്ഥാനം രൂപീകരിച്ചതിന് പിന്നാലെ അധികാരത്തിലെത്തിയ ഇടക്കാല സർക്കാരിൽ മുഖ്യമന്ത്രി പദം അലങ്കരിച്ച നിത്യാനന്ദ സ്വാമിയായിരുന്നു ഉത്തരാഖണ്ഡിന്റെ ആദ്യ മുഖ്യമന്ത്രി. ഉത്തരാഖണ്ഡ് നിയമസഭയുടെ 22 വർഷത്തെ ചരിത്രമെടുത്താൽ 11 മുഖ്യമന്ത്രിമാർ സംസ്ഥാനം ഭരിച്ചിട്ടുള്ളതായി കാണാൻ കഴിയും. മാത്രമല്ല വളരെ ചുരുങ്ങിയ കാലയളവിൽ തന്നെ ഇത്രയധികം മുഖ്യമന്ത്രിമാരെ കണ്ട മറ്റൊരു സംസ്ഥാനവും ഇല്ലെന്ന് പറയേണ്ടി വരും.2002-ലെ ആദ്യ ഉത്തരാഖണ്ഡ് അസംബ്ലി തെരഞ്ഞെടുപ്പിന് ശേഷം മുഖ്യമന്ത്രിയായ നാരായൺ ദത്ത് തിവാരിയൊഴികെ മറ്റൊരു മുഖ്യമന്ത്രിയും കാലാവധി പൂർത്തിയാക്കിയിട്ടില്ലെന്ന പ്രത്യേകതയും ഉത്തരാഖണ്ഡിനുണ്ട്. ഏറ്റവും ഒടുവിലായി 2017 ഉത്തരാഖണ്ഡ് നിയമസഭാ തെരഞ്ഞെടുപ്പിൽ ബിജെപി അധികാരത്തിലെത്തിയതിന് ശേഷം തന്നെ മൂന്നു മുഖ്യമന്ത്രിമാർ വന്നുപോയി. 2017 മുതൽ 2021 വരെ ത്രിവേന്ദ്ര സിംഗ് റാവത്ത് ആയിരുന്നു മുഖ്യമന്ത്രി. പിന്നീട് 2021 തിരാത് സിംഗ് റാവത്ത് മുഖ്യമന്ത്രിയായി. 2021ൽ തന്നെയാണ് നിലവിലെ മുഖ്യമന്ത്രിയായ പുഷ്കർ സിംഗ് ധാമി മന്ത്രിസഭയുടെ തലപ്പത്തെത്തുന്നത്.പുഷ്കർ സിംഗ് ധാമിയുടെ നേതൃത്വത്തിലാണ് ഉത്തരാഖണ്ഡിൽ ഭരണത്തുടർച്ച ലക്ഷ്യംവച്ചുള്ള ബി.ജെ.പിയുടെ രാഷ്ട്രീയനീക്കങ്ങൾ. ഇതുവരെ കോൺഗ്രസും ബി.ജെ.പിയും മാറിമാറിയാണ് സംസ്ഥാനം ഭരിച്ചത്. 2012 മുതൽ ഖട്ടിമ മണ്ഡലത്തിൽ നിന്നുള്ള എംഎൽഎയായ ധാമി മണ്ഡത്തിൽ തന്റെ സ്വാധീനം ഉറപ്പിക്കാനുള്ള കഠിന ശ്രമത്തിലാണ്. മുഖ്യമന്ത്രിയായ ശേഷം ഒന്നര മാസത്തിനിടെ 400 കോടി രൂപയുടെ വികസന പദ്ധതികളാണ് ധാമി പ്രഖ്യാപിച്ചത്.എന്നാൽ പാർട്ടിക്കുള്ളിലെ രാഷ്ട്രീയ പോരും ഗ്രൂപ്പ് കളിയും ബി.ജെ.പിക്ക് തലവേദന സൃഷ്ടിക്കുന്നുണ്ട്. കഴിഞ്ഞ ഒരുവർഷത്തിനിടെ മൂന്ന് തവണയാണ് ബി.ജെ.പി മുഖ്യമന്ത്രിമാരെ മാറ്റിയത്. കടുത്ത വിഭാഗീയതയെത്തുടർന്ന് ത്രിവേന്ദ്ര സിങ് റാവത്തിനാണ് ആദ്യം മുഖ്യമന്ത്രി സ്ഥാനം നഷ്ടപ്പെട്ടത്. പകരം വന്ന തീരഥ് സിങ് റാവത്തിനും അധികകാലം മുഖ്യമന്ത്രിയായി തുടരാൻ സാധിച്ചില്ല.കേന്ദ്രനേതൃത്വത്തിന്റെ നിർദേശപ്രകാരമാണ് ത്രിവേന്ദ്ര സിംഗ് റാവത്ത് മുഖ്യമന്ത്രി സ്ഥാനം രാജിവെച്ചത്. ശേഷമാണ് തീരഥ് സിംഗ് റാവത്ത് ചുമതലയേറ്റത്. എന്നാൽ എം.എൽ.എ.യല്ലായിരുന്നു അദ്ദേഹം. ഉപതെരഞ്ഞെടുപ്പിൽ മത്സരിച്ച് നിയമസഭാംഗമാകാൻ തീരഥ് സിങ്ങിന് കഴിഞ്ഞ വർഷം സെപ്റ്റംബർ പത്തുവരെ സമയമുണ്ടായിരുന്നു. പക്ഷെ കൊവിഡ് മൂലം തെരഞ്ഞെടുപ്പുകൾ ഉടനെ നടത്തേണ്ടതില്ലെന്ന തെരഞ്ഞെടുപ്പ് കമ്മിഷന്റെ തീരുമാനമാണ് റാവത്തിന്റെ മുഖ്യമന്ത്രി സ്ഥാനം അനിശ്ചിതത്വത്തിലായത്. തുടർന്നാണ് പുഷ്ക്കർ സിംഗ് ധാമി മുഖ്യമന്ത്രിയായി ചുമതലയേറ്റത്. അതേസമയം പാർട്ടിക്കുള്ളിലെ തമ്മിൽ തല്ലാണ് ബി.ജെ.പി നേതൃത്വത്തിൻറെ ഏറ്റവും വലിയ വെല്ലുവിളി. മാത്രമല്ല കർഷക സമരം ആഞ്ഞടിച്ച യുപിയോട് ചേർന്ന് കിടക്കുന്ന ഈ പ്രദേശം ബി.ജെ.പിക്ക് തലവേദനയാണ്.ആകെയുള്ള 70 സീറ്റിൽ 57 സീറ്റ് നേടിയാണ് കഴിഞ്ഞ തവണ ബി.ജെ.പി ഉത്തരാഖണ്ഡിൽ അധികാരത്തിൽ വന്നത്. പ്രതിപക്ഷപാർട്ടിയായ കോൺഗ്രസിനാകട്ടെ 11 സീറ്റുകൾ മാത്രമാണ് ലഭിച്ചത്. നിലവിൽ, ആറ് നിയമസഭാ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന സംസ്ഥാനത്ത് ഇപ്പോഴുള്ള 53 ബി.ജെ.പി. എംഎൽഎമാരിൽ 14 പേരോളം കോൺഗ്രസ് വിട്ടു വന്നവരാണ്. ഇവർ ഏത് നിമിഷവും മറുകണ്ടം ചാടിയേക്കുമെന്നുള്ള ഭയം ബി.ജെ.പിക്കുണ്ട്.കോൺഗ്രസ് ഏറ്റവും പ്രതീക്ഷയോടെ പോരാടാനിറങ്ങുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് ഉത്തരാഖണ്ഡ്. മുൻ മുഖ്യമന്ത്രിയും മുതിർന്ന നേതാവുമായ ഹരീഷ് റാവത്തിനെ മുൻനിർത്തി തെരഞ്ഞെടുപ്പിനെ നേരിടാനാണ് കോൺഗ്രസ് ഒരുങ്ങുന്നത്.ബി.ജെ.പിയിലെ തമ്മിൽത്തല്ല് അവസരമാക്കാനുള്ള ശ്രമത്തിലാണ് കോൺഗ്രസ്. ഒപ്പം, ബി.ജെ.പി സർക്കാരിന്റെ സ്ഥിരതയില്ലാത്ത ഭരണം മുഖ്യ പ്രചാരണ ആയുധമാക്കിയാണ് കോൺഗ്രസ് ഇത്തവണ തിരഞ്ഞെടുപ്പിനെ നേരിടുന്നത്. ബിജെപിക്കുള്ളിലെ പ്രശ്നങ്ങൾ മുതലെടുക്കാമെന്നാണ് കോൺഗ്രസ് കണക്കുകൂട്ടുന്നത്. ഇതുവരെ പാർട്ടി വിട്ട് ബിജെപിയിൽ ചേർന്നവരെ തിരിച്ചെത്തിക്കാമനുള്ള ശ്രമവും കോൺഗ്രസ് നടത്തുന്നു. അതിന്റെ ഭാഗമായാണ് കാബിനറ്റ് മന്ത്രിയും പ്രമുഖ ദളിത് നേതാവുമായ യശ്പാൽ ആര്യയെയും അദ്ദേഹത്തിന്റെ എം.എൽ.എയായ മകനെയും കോൺഗ്രസിലേക്ക് തിരികെ എത്തിച്ചത്.

## സർക്കാരിന് സാവകാശം നൽകണം,വകുപ്പുകളുടെ ശ്രദ്ധയിൽപ്പെടുത്തുമെന്നും കോടിയേരി

**തിരുവനന്തപുരം:** രണ്ടാം പിണറായി സർക്കാരിനെതിരെ സിപിഎം തിരുവനന്തപുരം ജില്ലാ സമ്മേളനത്തിൽ ഉയർന്ന വിമർശനങ്ങളിൽ പ്രതിരോധം തീർത്ത് കോടിയേരി ബാലകൃഷ്ണൻ. അഞ്ച് കൊല്ലം പിന്നിട്ട സർക്കാരിനോടാണ് ഒൻപത് മാസം പ്രായമായതിനെ താരതമ്യം ചെയ്യുന്നത്. സർക്കാരിന് സാവകാശം നൽകണം. വിമർശനം വകുപ്പുകളുടെ ശ്രദ്ധയിൽപ്പെടുത്തുമെന്നും കോടിയേരി പറഞ്ഞു. ഒന്നാം പിണറായി സർക്കാർ കൊള്ളാം



എന്നാൽ രണ്ടാം പിണറായി സർക്കാർ പോര. ആഭ്യന്തര വകുപ്പിൽ പിടി അയയുന്നു തുടങ്ങി സർക്കാരിനെതിരെ നിരവധി വിമർശനങ്ങളാണ് സമ്മേളനത്തിൽ ഉയർന്നത്. മന്ത്രി ഓഫീസുകൾക്ക് വേഗത പോരെന്നായിരുന്നു പാളയം ഏര്യാ കമ്മിറ്റിക്ക് വേണ്ടി വി കെ പ്രശാന്ത് പറഞ്ഞത്. ആരോഗ്യ, വ്യവസായ മന്ത്രിമാർക്കെതിരെ വളരെ ?ഗൗരവതരമായ വിമർശവും കോവളം ഏര്യ കമ്മിറ്റിയിൽ ഉയർന്നിരുന്നു. ആരോ?ഗ്യമന്ത്രി വീണ ജോർജിൻറെ ഓഫീസിൽ പാവങ്ങൾക്ക് കയറാൻ കഴിയുന്നില്ലെന്നായിരുന്നു വിമർശനം. സാധാരണ കുടുംബങ്ങളിൽ നിന്ന് എത്തുന്ന വനിതാ സഖാക്കൾക്കെതിരെ അപവാദം പ്രചരിപ്പിക്കുന്നുവെന്നായിരുന്നു കിളിമാനൂർ എര്യ കമ്മിറ്റിയുടെ പരാതി. വ്യവസായ വകുപ്പിനെതിരെയും തദ്ദേശ വകുപ്പിനെതിരെയും ആക്ഷേപങ്ങൾ ഉയർന്നിരുന്നു.

## ബിജെപിക്ക് മുൻതൂക്കം കുറയുന്നു; മണിപ്പുരിൽ ഒപ്പമെത്തി കോൺഗ്രസ്: സർവേ

ഇംഫാൽ മണിപ്പൂർ നിയമസഭാ തിരഞ്ഞെടുപ്പിൽ ഭരണകക്ഷിയായ ബിജെപിയും പ്രതിപക്ഷമായ കോൺഗ്രസും ഒപ്പത്തിനൊപ്പമെത്തുമെന്ന് എബിപി- സി വോട്ടർ അഭിപ്രായ വോട്ടെടുപ്പ്. ബിജെപിക്ക് 23 മുതൽ 27 വരെ സീറ്റും കോൺഗ്രസിന് 22 മുതൽ 26 വരെ സീറ്റുമാണ് പ്രവചിക്കുന്നത്. തിരഞ്ഞെടുപ്പ് അടുക്കുംതോറും ബിജെപിയുടെ മുൻതൂക്കം കുറയുകയാണെന്നും അഭിപ്രായ വോട്ടെടുപ്പിൽ പറയുന്നു. നാഗ പീപ്പിൾസ് ഫ്രണ്ട് (എൻപിഎഫ്) 2 മുതൽ 6 വരെ സീറ്റ് നേടിയേക്കാം. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ 60 അംഗ സഭയിൽ 28 സീറ്റുമായി കോൺഗ്രസായിരുന്നു ഏറ്റവും വലിയ ഒറ്റക്കക്ഷി. പക്ഷേ 21 സീറ്റ് നേടിയ



ബിജെപി മറ്റു കക്ഷികളുമായി സഖ്യമുണ്ടാക്കി ഭരണത്തിലെത്തുകയായിരുന്നു.മണിപ്പൂരിൽ രണ്ടു ഘട്ടമായാണ് തിരഞ്ഞെടുപ്പ്. ആദ്യഘട്ടം ഫെബ്രുവരി 27നും രണ്ടാംഘട്ടം മാർച്ച് 3നും ആണ്. മാർച്ച് 10നാണ് ഫലപ്രഖ്യാപനം.

## മൂന്നാം തരംഗം: തെരഞ്ഞെടുപ്പ് പരസ്യ പ്രചരണത്തിനുള്ള നിയന്ത്രണം നീട്ടി കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ

**ദില്ലി:** ഒമിക്രോൺ പശ്ചാത്തലത്തിൽ തെരഞ്ഞെടുപ്പ് പരസ്യ പ്രചാരണത്തിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ നീട്ടി കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ. ഉത്തർപ്രദേശ്, പഞ്ചാബ്, ഉത്തരാഖണ്ഡ്, മണിപ്പൂർ, ഗോവ എന്നീ സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പ് പ്രചാരണത്തിനുള്ള നിയന്ത്രണങ്ങളാണ് ഒരാഴ്ച കൂടി നീട്ടിയത്. ഈ മാസം 22 വരെ നിയന്ത്രണങ്ങൾ ഇവിടെ ബാധകമായിരിക്കും. പ്രചരണത്തിനായി റാലികളോ റോഡ് ഷോകളോ നടത്താൻ പാടില്ല. 300 പേർ വരെയുള്ള യോഗങ്ങൾ ഓഡിറ്റോറിയങ്ങളിൽ നടത്തണമെന്നും തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. പ്രചാരണത്തിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ നീട്ടണമെന്ന് തെരഞ്ഞെടുപ്പ് നിരീക്ഷകരും ആരോഗ്യമന്ത്രാലയവും കമ്മീഷനോട് ആവശ്യപ്പെട്ടുവെന്നാണ് സൂചന.

## യുപിയിൽ ആദ്യഘട്ട സ്ഥാനാർത്ഥി പട്ടികയുമായി ബിജെപി, യോഗി ഗൊരഖ്പൂരിൽ

**ദില്ലി:** അഭ്യൂഹങ്ങൾക്ക് വിരാമമിട്ട് യുപി തെരഞ്ഞെടുപ്പിനുള്ള ബിജെപിയുടെ ആദ്യഘട്ട സ്ഥാനാർത്ഥി പട്ടിക പുറത്തുവന്നു. അയോധ്യയിൽ മത്സരിക്കുമെന്ന് പ്രതീക്ഷിച്ചിരുന്ന മുഖ്യമന്ത്രി യോഗി ആദിത്യനാഥ് തട്ടകമായ ഗൊരഖ്പൂരിൽ തന്നെ വീണ്ടും ജനവിധി തേടും എന്ന് വ്യക്തമായി. യുപി ഉപമുഖ്യമന്ത്രി കേശവ് പ്രസാദ് മൌര്യ പ്രയാഗ് രാജിലെ സിറാത്തു മണ്ഡലത്തിൽ നിന്നും ജനവിധി തേടും. 403 അംഗ ഉത്തർപ്രദേശ് നിയമസഭയിലെ 107 സീറ്റുകളിലേക്കുള്ള സ്ഥാനാർത്ഥികളെയാണ് ഇന്ന് ബിജെപി പ്രഖ്യാപിച്ചത്. കഴിഞ്ഞ തവണ ഈ 107 സീറ്റുകളിൽ 83 എണ്ണത്തിലും ബിജെപി ജയിച്ചിരുന്നു. ഇവരിൽ 63 പേർക്ക് വീണ്ടും അവസരം നൽകിയപ്പോൾ 20 മണ്ഡലങ്ങളിൽ പുതുമുഖങ്ങളാണ് മത്സരിക്കാൻ എത്തുന്നത്. ആദ്യഘട്ട സ്ഥാനാർത്ഥി പട്ടികയിൽ 44 പേർ ഒബിസി വിഭാഗത്തിൽ നിന്നുള്ളവരാണ്.. 19 പേർ പിന്നാക്ക വിഭാഗക്കാരും. പത്ത് വനിതകളും മത്സരരംഗത്തുണ്ട്. ഏഴ് ഘട്ടങ്ങളിലായി നടക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിന്റെ ആദ്യഘട്ടത്തിൽ തന്നെയാണ് യോഗി ജനവിധി തേടുന്നത്. നേരത്തെ അഞ്ച് തവണ ഗൊരഖ്പൂരിൽ നിന്നും യോഗി ലോക്സഭയിലേക്ക് ജയിച്ചിരുന്നു. അതേസമയം അയോധ്യയിൽ നിന്നും മത്സരിക്കാൻ യോഗിക്ക് മേൽ ശക്തമായ സമ്മർദ്ദമുണ്ടായിരുന്നുവെന്നാണ് സൂചന. എന്നാൽ ശക്തികേന്ദ്രമായ ഗൊരഖ്പൂർ കൈവിട്ട് പുതിയൊരു മണ്ഡലത്തിലേക്ക് മാറാനില്ലെന്ന നിലപാട് യോഗി സ്വീകരിച്ചുവെന്നാണ് വിവരം. എന്നാൽ ഈ വാർത്ത യുപിയുടെചുമതല വഹിക്കുന്ന കേന്ദ്രമന്ത്രി ധർമേന്ദ്രപ്രധാൻ നിഷേധിച്ചു. ഗൊരഖ്പൂരിൽ മത്സരിക്കാൻ അവസരമൊരുക്കിയതിന് പ്രധാനമന്ത്രി മോദിക്കും പാർട്ടി അധ്യക്ഷൻ ജെപി നഡ്ഡക്കും ബിജെപി കേന്ദ്രകമ്മിറ്റിക്കും യോഗി നന്ദി രേഖപ്പെടുത്തി. ഉത്തർപ്രദേശിൽ പതിനൊന്ന് ജില്ലകളിലെ 58 സീറ്റുകളിലാണ് നിലവിൽ നാമനിർദ്ദേശപത്രിക സ്വീകരിച്ചു തുടങ്ങിയത്. കഴിഞ്ഞ ദിവസങ്ങളിൽ മൂന്ന് മന്ത്രിമാരടക്കം 14 എംഎൽഎമാർ മുന്നണി വിട്ടത് ബിജെപിക്ക് ക്ഷീണമായിരുന്നു. ഇതു നല്കിയ തിരിച്ചടി മറികടക്കാനാണ് ബിജെപി നീക്കം. പാർട്ടി സ്ഥാനാർത്ഥികളെ പ്രഖ്യാപിക്കും മുമ്പ് പിന്നാക്ക ദളിത് വിഭാഗങ്ങളുടെ പിന്തുണ ഉറപ്പാക്കാൻ യോഗി ആദിത്യനാഥിന് കേന്ദ്രനേതൃത്വം നിർദ്ദേശം നല്കി. ഗൊരഖ്പൂരിൽ ഒരു ദളിത് കുടുംബത്തിൻറെ വീട്ടിലെത്തി ഭക്ഷണം കഴിച്ച മുഖ്യമന്ത്രി യോഗി ആദിത്യനാഥ് പാർട്ടി വിട്ടവരെക്കുറിച്ച് പ്രതികരിക്കാൻ തയ്യാറായില്ല. കുടുംബവാഴ്ചയിൽ വിശ്വസിക്കുന്നവർക്ക് ആർക്കും നീതി ഉറപ്പാക്കാൻ കഴിയില്ല എന്നായിരുന്നു യോഗിയുടെ പ്രതികരണം.ബിജെപിക്കെതിരെ ചെറിയ പാർട്ടികളെ എല്ലാം ഉൾപ്പെടുത്തി വിശാല സഖ്യത്തിനാണ് അഖിലേഷ് യാദവ് തയ്യാറെടുക്കുന്നത്. ഇതിനെതിരെ ബിജെപി മുതിർന്ന നേതാക്കളെ എല്ലാ രംഗത്തിറക്കാനാണ് ആലോചിക്കുന്നത്. യോഗി ആദിത്യനാഥിനൊപ്പം കേശവ് പ്രസാദ് മൗര്യ, ദിനേശ് ശർമ്മ എന്നിവരും മത്സരിക്കുന്നുണ്ട്. ഇതിനിടെ മകനു സീറ്റു നല്കിയില്ലെങ്കിൽ പാർട്ടി വിടും എന്ന സൂചന കോൺഗ്രസ് വിട്ട് ബിജെപിയിൽ എത്തിയ റീത്ത ബഹുഗുണ ജോഷി എംപിയും നല്കിയെന്ന റിപ്പോർട്ടുണ്ട്. എന്തായാലും ആദ്യ ഘട്ട വോട്ടെടുപ്പിനുള്ള നടപടി തുടങ്ങുമ്പോൾ ബിജെപിയോട് ഇഞ്ചോടിഞ്ച് മത്സരത്തിനുള്ള സാഹചര്യം ഒരുക്കാൻ അഖിലേഷ് യാദവിന് കഴിഞ്ഞിട്ടുണ്ടെന്നാണ് വിലയിരുത്തൽ.



## ഐ ബി സതീഷ് എംഎൽഎ, ഇ ജി മോഹനനും കൊവിഡ് സ്ഥിരീകരിച്ചു

**തിരുവനന്തപുരം:** സിപിഎം തിരുവനന്തപുരം ജില്ലാ സമ്മേളനത്തിൽ രണ്ടുപേർക്ക് കൊവിഡ് സ്ഥിരീകരിച്ചു. ഐ ബി സതീഷ് എംഎൽഎ, ഇ ജി മോഹനനുമാണ് കൊവിഡ് സ്ഥിരീകരിച്ചത്. കൊവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ തിരുവനന്തപുരം ജില്ലയിൽ പൊതുയോഗങ്ങളും ഒത്തുചേരലുകളും കളക്ടർ നിരോധിച്ചിരുന്നു. എന്നാൽ സിപിഎം ജില്ലാ സമ്മേളനത്തിൻറെ ഭാഗമായുള്ള പ്രതിനിധി സമ്മേളനം തുടരുകയാണ്. നാളത്തെ പൊതുസമ്മേളനം മാത്രമാണ് ഓൺലൈനാക്കിയത്. ജില്ലാ സമ്മേളനത്തിൽ മന്ത്രി ഓഫീസുകൾക്ക് എതിരെയും മന്ത്രിമാർക്ക് എതിരെയും രൂക്ഷ വിമർശനമാണ് പ്രതിനിധികൾ ഉയർത്തിയത്. മന്ത്രി ഓഫീസുകൾക്കെതിരെ വി കെ പ്രശാന്ത് എംഎൽഎയാണ് വിമർശനം ഉയർത്തിയത്. മന്ത്രി ഓഫീസുകൾക്ക് വേഗം പോരാ. പല കാര്യങ്ങളും വൈകുന്നു തുടങ്ങിയ വിമർശനങ്ങളാണ് പാളയം ഏരിയ കമ്മിറ്റിയുടെ ഭാഗമായി വി കെ പ്രശാന്ത് എംഎൽഎ ഉന്നയിച്ചത്.ആരോഗ്യ, വ്യവസായ മന്ത്രിമാർക്കെതിരെ വളരെ ?ഗൗരവതരമായ വിമർശനമാണ് കോവളം ഏരിയ കമ്മിറ്റി ഉന്നയിച്ചത്. ആരോ?ഗ്യമന്ത്രി വീണ ജോർജിൻറെ ഓഫീസിൽ പാവങ്ങൾക്ക് കയറാൻ കഴിയുന്നില്ലെന്നായിരുന്നു വിമർശനം. സാധാരണ കുടുംബങ്ങളിൽ നിന്ന് വരുന്ന സ്ത്രീകളെ അപവാദം പറഞ്ഞ് തളർത്തുകയാണെന്ന് കിളിമാനൂർ ഏര്യാ കമ്മിറ്റിയിൽ നിന്നും വിമർശനം ഉയർന്നു. നേതാക്കൻമാരുടെ വീടുകളിൽ നിന്ന് സ്ത്രീകളെ വിടുന്നില്ലെന്നും വനിതാ പ്രതിനിധി ആരോപിച്ചു.

THIRUVANANTHAPURAM

## അറിയിപ്പ്



### സ്കോളർഷിപ്പ്

ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനിൽ പി.ജി ഡിപ്ലോമ ഇൻ ജി.എസ്.റ്റി കോഴ്സിൽ പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് ജനസംഖ്യാനുപാതികമായി സ്കോളർഷിപ്പ് നൽകുന്നതിലേക്കായി സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിച്ചു.കേരളത്തിൽ പഠിക്കുന്ന സ്ഥിരതാമസക്കാരായ മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈന മതവിഭാഗത്തിൽപ്പെട്ട 8 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള, ബിരുദം പഠിച്ചു പാസായ വിദ്യാർഥികൾക്ക് സ്കോളർഷിപ്പിന് അപേക്ഷിക്കാം. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന നൽകും. ബി.പി.എൽ അപേക്ഷകരുടെ അഭാവത്തിൽ ന്യൂനപക്ഷ മതവിഭാഗത്തിലെ 8 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള എ.പി.എൽ വിഭാഗത്തെയും പരിഗണിക്കും.ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനിൽ പി.ജി ഡിപ്ലോമ ഇൻ ജി.എസ്.റ്റി കോഴ്സിൽ (202122 അധ്യയന വർഷം) പഠിക്കുന്ന വിദ്യാർഥികളിൽ നിന്നും വരുമാനത്തിന്റെയും മാർക്കിന്റെയും അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. ബി.പി.എൽ വിഭാഗക്കാർ നിർബന്ധമായും റേഷൻ കാർഡിന്റെ പകർപ്പ് സമർപ്പിക്കണം. 15,000 രൂപയാണ് സ്കോളർഷിപ്പ് തുക. അപേക്ഷകർക്ക് ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. www.minoritywelfare.kerala.gov.in എന്ന വകുപ്പിന്റെ വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 26. കൂടുതൽ വിവരങ്ങൾക്ക്: 0471-2300524

### കോഷൻ ഡെപ്പോസിറ്റ്

തിരുവനന്തപുരം സർക്കാർ സംസ്കൃത കോളേജിൽ 2011-12 അധ്യയന വർഷം മുതൽ 2015-16 അധ്യയന വർഷം വരെയുള്ള കാലയളവിൽ ബി.എ/എം.എ കോഴ്സുകളിൽ അഡ്മിഷൻ എടുത്ത വിദ്യാർഥികളിൽ കോഷൻ ഡെപ്പോസിറ്റ് തുക തിരികെ കൈപ്പറ്റാത്ത വിദ്യാർഥികൾ ജനുവരി 31നു മുൻപായി രാവിലെ 10 മുതൽ ഉച്ചയ്ക്ക് 2 വരെയുള്ള സമയത്ത് കോളേജ് ഐഡന്റിറ്റി കാർഡുമായി കോളേജ് ഓഫീസിൽ വന്ന് തുക കൈപ്പറ്റേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത തുക സർക്കാരിലേക്ക് ഒടുക്കുമെന്ന് പ്രിൻസിപ്പാൾ അറിയിച്ചു.

### കർശന നടപടി

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ അനുമതിയില്ലാതെ അനധികൃതമായി ജനറേറ്ററുകൾ സ്ഥാപിക്കുകയും സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിപ്പിക്കുകയും ചെയ്താൽ കർശന നടപടിയെടുക്കുമെന്ന് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അറിയിച്ചു. 10 കെ.വി.എ.യും അതിനു മുകളിലും ശേഷിയുള്ള ജനറേറ്ററുകൾ ഉപയോഗിക്കുന്നവർ ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റിൽ നിന്ന് സുരക്ഷാ സർട്ടിഫക്കറ്റ് വാങ്ങണം. അനധികൃതമായി സ്ഥാപിച്ച ജനറേറ്ററുകൾ ലൈസൻസുള്ള ഇലക്ട്രിക്കൽ കോൺട്രാക്ടർ മുഖേന അപേക്ഷിച്ച് സുരക്ഷാ സർട്ടിഫിക്കറ്റ് നേടുന്നതിന് 2022 ജനുവരി 16 വരെ അവസരമുണ്ട്. താൽക്കാലിക ആവശ്യങ്ങൾക്കുള്ള ജനറേറ്ററുകൾ സ്ഥാപിക്കുന്നതിന് ഒരാഴ്ച മുൻപ് അപേക്ഷിക്കണം. വൈദ്യുത അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള സുരക്ഷാ മുൻകരുതൽ നടപടികളുമായി പൊതുജനങ്ങൾ സഹകരിക്കണമെന്നും ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അറിയിച്ചു. ഫോൺ: 04994 256930.





# വിഴിഞ്ഞം കൊലപാതകം ആസൂത്രിതം: വീട്ടമ്മയെ വിളിച്ചുവരുത്തി കൊലപ്പെടുത്തി

**വിഴിഞ്ഞം:** വീട്ടമ്മയെ കൊലപ്പെടുത്തി മൃതദേഹം തട്ടിൻപുറത്ത് സൂക്ഷിച്ച സംഭവം ആസൂത്രിതമെന്ന് പോലീസ്. കൊലപ്പെടുത്താനുള്ള ഉദ്ദേശത്തോടെ വീട്ടമ്മയെ വിളിച്ചുവരുത്തുകയായിരുന്നുവെന്നാണ് പോലീസ് നിഗമനം. മുല്ലൂർ ശാന്താസദനത്തിൽ ശാന്തകുമാരി (75) യുടെ മൃതദേഹമാണ് സമീപത്തെ വീടിന്റെ തട്ടിൻപുറത്ത് കണ്ടെത്തിയത്. സംഭവവുമായി ബന്ധപ്പെട്ട് ശാന്തകുമാരിയുടെ അയൽപക്കത്ത് വാടകയ്ക്ക് താമസിച്ചിരുന്നു റഫീക്കാ ബീവി(50), മകൻ ഷഫീഖ്(23), സുഹൃത്ത് അൽ അമീൻ(26) എന്നിവരെ പോലീസ് അറസ്റ്റു ചെയ്തിരുന്നു. ശനിയാഴ്ച രാവിലെയാണ് വീടിന്റെ തട്ട് പൊളിച്ച് പോലീസ് മൃതദേഹം പുറത്തെടുത്തത്. വെള്ളിയാഴ്ച രാവിലെ എട്ടിനും പത്തിനുമിടയ്ക്കാണ് ശാന്തകുമാരി കൊലചെയ്യപ്പെട്ടതെന്ന് പോലീസ് പറഞ്ഞു. തങ്ങൾ താമസം മാറുകയാണെന്ന് പറഞ്ഞ് പ്രതികൾ ശാന്തകുമാരിയെ വിളിച്ചു വരുത്തുകയായിരുന്നു. ഇവരുടെ ശരീരത്തിലുണ്ടായിരുന്ന ഏഴു പവനോളം ആഭരണങ്ങൾ കൈക്കലാക്കാൻ വേണ്ടി ശാന്തകുമാരിയെ തലയ്ക്കടിച്ചു കൊലപ്പെടുത്തുകയായിരുന്നുവെന്നാണ് പോലീസ് നിഗമനം. പിന്നീട് മൃതദേഹം തട്ടിൻപുറത്ത് ഒളിപ്പിക്കുകയായിരുന്നു. പട്ടാമ്പിയിലേക്കു പോകുന്നതിനിടയിലാണ് പ്രതികൾ പിടിയിലായത്. കൊലപാതകം നടന്ന വീടിന്റെ സമീപത്ത് പിഎസ്സി കോച്ചിംഗിനെത്തിയ വിദ്യാർഥിയാണ് വീടിന്റെ വാതിലിൽ താക്കോൽ ഇരിക്കുന്നത് കണ്ട് സംശയം പ്രിശോധിച്ചപ്പോൾ രക്തത്തുള്ളികൾ കണ്ടു. ഇതോടെ സമീപവാസികളെ വിളിച്ചു വരുത്തി പരിശോധിച്ചപ്പോൾ മൃതദേഹം കണ്ടെത്തുകയായിരുന്നു. ശാന്തകുമാരിയുടെ ഭർത്താവ് നാഗപ്പൻ 35 വർഷം മുമ്പ് മരിച്ചുപോയിരുന്നു.



## ഫെബ്രുവരി ഒന്ന് മുതൽ ബസ് ചാർജ് കൂടും

**തിരുവനന്തപുരം:** സംസ്ഥാനത്ത് ഫെബ്രുവരി ഒന്ന് മുതൽ ബസ് നിരക്ക് വർദ്ധിപ്പിക്കാൻ ആലോചന. ബി പി എൽ വിദ്യാർത്ഥികൾക്ക് സൗജന്യയാത്ര ഉറപ്പാക്കും.എന്നാൽ മറ്റ് വിദ്യാർത്ഥികൾക്കുള്ള കൺസഷൻ അഞ്ച് രൂപയായി ഉയർത്തും.ബസുകളിൽ യാത്രാനിരക്ക് വർദ്ധിക്കുന്നതുമായി ബന്ധപ്പെട്ടുള്ള ഗതാതഗ വകുപ്പിന്റെ നിർദേശങ്ങൾ മുഖ്യമന്ത്രി അംഗീകരിച്ചുവെന്നാണ് സൂചന. ഇതിന് പിന്നാലെ അടുത്ത മാസം മുതൽ ചാർജ് വർദ്ധന നടപ്പിലാക്കാനാണ് തീരുമാനം. ബസുടമകളുമായി ഗതാഗത മന്ത്രി ഒരിക്കൽ കൂടി ചർച്ച നടത്തും. ഇതിന് ശേഷമായിരിക്കും അന്തിമ തീരുമാനമുണ്ടാവുക.2.5 കിലോമീറ്റർ ദൂരത്തിനുള്ള മിനിമം നിരക്ക് എട്ട് രൂപയിൽ നിന്ന് പത്ത് രൂപയായി ഉയർത്തും. ഇതോടെ കിലോമീറ്ററിന് 80 പൈസ എന്നത് ഒരു രൂപയാകും. ഇതിന് ആനുപാതികമായിട്ടായിരിക്കും തുടർന്നുള്ള നിരക്ക് വർദ്ധന. എന്നാൽ മിനിമം ചാർജ് 12 രൂപയായി ഉയർത്തണമെന്ന സ്വകാര്യ ബസുടമകളുടെ ആവശ്യം സർക്കാർ അംഗീകരിക്കില്ല. പകരം രാത്രി യാത്രയുടെ നിരക്കിൽ മാറ്റം വരുത്തും. രാത്രി എട്ടിനും പുലർച്ചെ അഞ്ചിനുമിടയിലുള്ള ഓർഡിനറി സർവീസുകളുടെ നിരക്കിൽ 50 ശതമാനം വർദ്ധനവുണ്ടാകും.നിലവിൽ ഒന്നര കിലോമീറ്ററിന് ഒരു രൂപയും അഞ്ച് കിലോമീറ്ററിന് രണ്ട് രൂപയുമാണ് കൺസഷൻ. വിദ്യാർത്ഥികളുമായി ഇനിയൊരു ചർച്ച ആവശ്യമില്ലെന്ന നിലപാടിലാണ് ഗതാഗത വകുപ്പ്. മകരവിളക്കിന് ശേഷം ബസ് നിരക്ക് വർദ്ധിപ്പിക്കുമെന്ന ഗതാഗത മന്ത്രിയുടെ ഉറപ്പ് പ്രകാരമാണ് സ്വകാര്യ ബസുടമകൾ സമരം നീട്ടിവച്ചിരിക്കുന്നത്.

## കോവിഡ് രൂക്ഷമാകുന്നു; നിയന്ത്രണങ്ങൾ കടുപ്പിക്കുന്നു

**തിരുവനന്തപുരം:** കോവിഡ് വ്യാപനം രൂക്ഷമാകുന്നതിന്റെ പശ്ചാത്തലത്തിൽ തിരുവനന്തപുരം ജില്ലയിൽ നിയന്ത്രണങ്ങൾ കടുപ്പിക്കുന്നു. ജില്ലാ കളക്ടറാണ് ഇക്കാര്യം അറിയിച്ചത്.സംസ്കാരിക പരിപാടികൾ ഉൾപ്പടെ കൂട്ടം കൂടലുകൾ ജില്ലയിൽ നിരോധിച്ചു. വിവാഹം, മരണം എന്നിവയ്ക്ക് 50 പേരിൽ താഴെ മാത്രം ആളുകളെ പങ്കെടുക്കാവു. മാളുകളിൽ 25 സ്ക്വയർഫീറ്റിൽ ഒരാൾ എന്ന കണക്കിൽ മാത്രമേ പ്രവേശനം അനുവദിക്കാവു എന്നും നിർദേശമുണ്ട്. കോവിഡ് ക്ലസ്റ്ററുകൾ രൂപപ്പെട്ടാൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ 15 ദിവസം അടച്ചിടണം. എല്ലാ സർക്കാർ തല പരിപാടികളും യോഗങ്ങളും ഓൺലൈനാക്കാനും കളക്ടർ അറിയിച്ചു.

## പെൺകുട്ടികൾ ജീവനൊടുക്കിയ സംഭവം: മന്ത്രി അന്വേഷണ റിപ്പോർട്ട് തേടി



**തിരുവനന്തപുരം:** വിതുരയിൽ പെൺകുട്ടികൾ ജീവനൊടുക്കിയ സംഭവത്തിൽ മന്ത്രി വീണാ ജോർജ് അന്വേഷണ റിപ്പോർട്ട് തേടി. വനിത ശിശുവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയോടാണ് റിപ്പോർട്ട് തേടിയത്. തിരുവനന്തപുരം വിതുര, പെരിങ്ങമല പഞ്ചായത്തുകളിൽ നാല് മാസത്തിനിടെ 18 വയസിന് താഴെയുള്ള അഞ്ച് പേരാണ് ജീവനൊടുക്കിയത്. രണ്ട് പേർ ജീവനൊടുക്കാൻ ശ്രമിച്ചു. പെൺകുട്ടികളെ കഞ്ചാവുൾപ്പെടെ നൽകി ലൈംഗിക ചൂഷത്തിനിരയാക്കിയെന്ന് പോലീസ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്.

## മക്കളെ ഉപേക്ഷിച്ച് ഒളിച്ചോടിയ യുവതികളും കാമുകന്മാരും പിടിയിൽ

**കല്ലമ്പലം:** പ്രായപൂർത്തിയാകാത്ത മക്കളെ ഉപേക്ഷിച്ച് ഒളിച്ചോടിയ രണ്ട് യുവതികളും അവരുടെ കാമുകന്മാരും പിടിയിൽ.പള്ളിക്കൽ കെ.കെ. കോണം ഹിബാ മൻസിലിൽ ജീമ (29), ഇളമാട് ചെറുവക്കൽ വെള്ളാവൂർ നാസിയ മൻസിലിൽ നാസിയ (28), വർക്കല രഘുനാഥപുരം ബി.എസ്. മൻസിലിൽ ഷൈൻ (38), കരുനാഗപ്പള്ളി തൊടിയൂർ മുഴങ്ങോട് മീനത്തേതിൽ വീട്ടിൽ റിയാസ് (34) എന്നിവരാണ് പിടിയിലായത്.2021ഡിസംബർ 26ന് രാത്രി ഒമ്പതോടെയാണ് ഇവർ ഒളിച്ചോടിയത്. നാസിയ അഞ്ച് വയസുള്ള കുട്ടിയെയും ജീമ ഒന്നര, നാല്, പന്ത്രണ്ട് വയസുള്ള കുട്ടികളെയും ഉപേക്ഷിച്ചാണ് മുങ്ങിയത്. ഇരുവരുടെയും ഭർത്താക്കന്മാർ വിദേശത്താണ്. ഭർത്താക്കന്മാർ നാട്ടിലില്ലാത്ത സ്ത്രീകളെ വശീകരിക്കുന്ന സംഘമാണ് ഷൈനും റിയാസുമെന്ന് പൊലീസ് പറഞ്ഞു. ഷൈൻ



ഇതുവരെ അഞ്ച് സ്ത്രീകളെ കല്യാണം കഴിച്ചിട്ടുണ്ട്. അടുത്തിടെ പോത്തൻകോട്ടു വച്ച് അച്ഛനെയും മകളെയും റോഡിൽ തടഞ്ഞുനിറുത്തി മർദ്ദിച്ച കേസിലെ മൂന്ന് പ്രതികളെയും സംരക്ഷിച്ചിരുന്നത് റിയാസായിരുന്നു. ഷൈനിനെതിരെ എഴുകോൺ, ഏനാത്ത് സ്റ്റേഷനുകളിലും റിയാസിനെതിരെ കരുനാഗപ്പള്ളി, ശാസ്താംകോട്ട, ചവറ, ശൂരനാട്, പോത്തൻകോട് സ്റ്റേഷനുകളിലും നിരവധി കേസുകൾ നിലവിലുണ്ട്. കാമുകിമാരോടൊപ്പം ഇവർ ബാംഗ്ലൂർ, മൈസൂർ, ഊട്ടി, കോയമ്പത്തൂർ, തെന്മല, കുറ്റാലം എന്നീ സ്ഥലങ്ങളിൽ സഞ്ചരിച്ചതായി കണ്ടെത്തി. ചെലവിനുള്ള 50,000 രൂപ സ്ത്രീകൾ അയൽവാസികളിൽ നിന്നാണ് കടംവാങ്ങിയത്. അമ്മമാരെ കാണാതായ ശേഷം കൊച്ചുകുട്ടികൾ ഭക്ഷണം കഴിക്കുകയോ ഉറങ്ങുകയോ ചെയ്തിരുന്നില്ല. പള്ളിക്കൽ പൊലീസ് അന്വേഷണം നടത്തുന്നതിനിടെ കുറ്റാലത്തുള്ള റിസോർട്ടിൽ നിന്നാണ് നാലുപേരെയും പിടികൂടിയത്. ജീമയെയും നാസിയയെയും കണ്ടുപിടിക്കാനായി ഇരുവരുടെയും ബന്ധുക്കളിൽ നിന്ന് ഷൈനനും റിയാസും രണ്ടുലക്ഷം രൂപ പ്രതിഫലമായി ആവശ്യപ്പെട്ടിരുന്നു. കുറ്റാലത്ത് നിന്ന് ഇവർ സഞ്ചരിക്കാൻ ഉപയോഗിച്ച ബൊലേറോ വാഹനവും കസ്റ്റഡിയിലെടുത്തു.പ്രായപൂർത്തിയാകാത്ത കുട്ടികളെ ഉപേക്ഷിച്ചു കടന്നുകളഞ്ഞതിന് കുട്ടികളുടെ പരാതിയുടെ അടിസ്ഥാനത്തിൽ ബാലനീതി വകുപ്പ് പ്രകാരമാണ് പൊലീസ് കേസെടുത്തത്. റൂറൽ എസ്.പി ഡോ.ദിവ്യ വി. ഗോപിനാഥിന്റെ നിർദ്ദേശാനുസരണം വർക്കല ഡിവൈ.എസ്.പി നിയാസിന്റെ മേൽനോട്ടത്തിൽ പള്ളിക്കൽ സി.ഐ ശ്രീജിത്ത്. പി, എസ്.ഐ സഹിൽ. എം, എസ്.സി.പി.ഒ രാജീവ്, സി.പി.ഒമാരായ ഷമീർ, അജീസ്, മഹേഷ്, ഡബ്ല്യു.സി.പി.ഒ അനുമോഹൻ, ഷംല എന്നിവരടങ്ങുന്ന സംഘമാണ് പ്രതികളെ പിടികൂടിയത്. പ്രതികളെ റിമാൻഡ് ചെയ്തു.

## ജില്ലാ സമ്മേളനത്തിൽ രൂക്ഷവിമർശനവുമായി പ്രതിനിധികൾ



**തിരുവനന്തപുരം:** സാധാരണ ജനങ്ങളുടെ പ്രതിനിധികളാണ് ഈ സർക്കാരെന്ന് ഓർമ്മിക്കണമെന്ന് സിപിഎം തിരുവനന്തപുരം ജില്ലാ സമ്മേളനത്തിൽ വിമർശനവുമായി പ്രതിനിധികൾ.ചൈനയ്ക്ക് അനുകൂലമായി മുതിർന്ന പാർട്ടി അംഗങ്ങൾ പ്രസ്താവന നടത്തിയതിനെയും മുഖ്യമന്ത്രിയുടെ ഓഫീസിനെയും പ്രതിനിധികൾ ശക്തമായി വിമർശിച്ചു.ഒന്നാം പിണറായി സർക്കാരിനെവച്ചുനോക്കുമ്പോൾ ഈ സർക്കാർ അത്ര പോരെന്ന് പ്രതിനിധികൾ അഭിപ്രായപ്പെട്ടു. മുഖ്യമന്ത്രിയുടെ ഓഫീസിൽ ജനങ്ങളുടെ ആവശ്യങ്ങൾക്കായി ചെല്ലുമ്പോൾ മാഫിയകൾക്ക് വേണ്ടി വന്നിരിക്കുന്നുവെന്ന് ഓഫീസിലെ ചിലർ പരിഹസിക്കുന്നുണ്ട്. മുഖ്യമന്ത്രിയുടെ ഓഫീസ് പരാജയമാണെന്നും അംഗങ്ങൾ വിമർശിച്ചു.പാർട്ടി നയങ്ങളെയും കെടുകാര്യസ്ഥതയെയും ചോദ്യം ചെയ്ത ചില അംഗങ്ങൾ പാർട്ടി നേതാക്കളിൽ ചിലരുടെ ചൈന പ്രേമത്തെ കടുത്ത ഭാഷയിലാണ് വിമർശിച്ചത്. ഭീകരസംഘടനയായ താലിബാനെ ആദ്യം അംഗീകരിച്ച രാജ്യമാണ് ചൈന. കാലാവസ്ഥാ വ്യതിയാനത്തിന്റെ മുഖ്യവില്ലനായ ചൈന നടപ്പാക്കുന്ന സാമ്പത്തിക നയങ്ങൾ നോക്കിയാൽ കമ്മ്യൂണിസ്റ്റ് രാജ്യമെന്ന് എങ്ങനെ പറയുമെന്ന് പ്രതിനിധികൾ ചോദിച്ചു.ആഭ്യന്തര വകുപ്പും ആരോഗ്യ വകുപ്പും പരാജയമാണെന്നും അംഗങ്ങൾ കുറ്റപ്പെടുത്തി. കെ റെയിൽ പദ്ധതി മുഖ്യമന്ത്രിയ്ക്കും മരുമകനും പണം തട്ടാനുള്ളതാണെന്നും ഈ ആരോപണത്തെ നേരിടണമെന്നും സമ്മേളനത്തിൽ ആവശ്യമുയർന്നു.കഴിഞ്ഞ ദിവസം പ്രതിനിധി സമ്മേളനത്തിൽ മുഖ്യമന്ത്രി തലസ്ഥാന ജില്ലയിലെ പാർട്ടിയെക്കുറിച്ച് ഗൗരവമായ ആരോപണങ്ങളാണ് ഉന്നയിച്ചത്. എങ്ങനെയും പണമുണ്ടാക്കണം എന്ന ധാരണയാണ് ചില സഖാക്കൾക്കെന്നായിരുന്നു മുഖ്യമന്ത്രിയുടെ വിമർശനം. എസ്.സി-എസ്.ടി ഫണ്ട് തട്ടിയെടുക്കാൻ ശ്രമിച്ചത് ഇതിന്റെ ഭാഗമാണെന്നും ഇത് വച്ചുപൊറുപ്പിക്കില്ലെന്നുമായിരുന്നു മുഖ്യമന്ത്രിയുടെ മുന്നറിയിപ്പ്.

## സഹപ്രവർത്തകയെ പീഡിപ്പിച്ചു; വിമാനത്താവളത്തിൽ ഉന്നത ഉദ്യോഗസ്ഥനെ സസ്പെൻഡ് ചെയ്തു

**തിരുവനന്തപുരം:** തിരുവനന്തപുരം വിമാനത്താവളത്തിൽ ഉന്നത ഉദ്യോഗസ്ഥനെതിരെ ലൈംഗിക പരാതി. എയർപോർട്ട് ജീവനക്കാരിയുടെ പരാതിയിലാണ് കേസ്.ചീഫ് എയർപോർട്ട് ഓഫീസർ മധുസൂദനഗിരിക്കെതിരെയാണ് കേസ്.തുമ്പ പൊലീസാണ് കേസെടുത്തിരിക്കുന്നത്. ഫ്ലാറ്റിലേക്ക് വിളിച്ചു വരുത്തി പീഡിപ്പിച്ചെന്നാണ് പരാതി. യുവതിയുടെ പരാതിയെ തുടർന്ന് വിമാനത്താവളത്തിൽ നിന്നും ഉദ്യോഗസ്ഥനെ സസ്പെൻഡ് ചെയ്തിട്ടുണ്ട്.





KOLLAM

## അറിയിപ്പ്

### പരിശീലനം

ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ജനുവരി 17 മുതൽ 15 ദിവസത്തേക്ക് നവസംരംഭകർക്കായി സംഘടിപ്പിക്കുന്ന സംരംഭകത്വ വികസന പരിശീലന പരിപാടിയിലേക്ക് അപേക്ഷ ക്ഷണിച്ചു. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, വിവിധ വകുപ്പുകളിൽ നിന്നുള്ള ലൈസൻസ്, എൻ. ഒ. സി എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ, പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, വ്യവസായ വകുപ്പ്, ജില്ലാ വ്യവസായ കേന്ദ്രം എന്നിവ മുഖേന ലഭ്യമാകുന്ന വിവിധ പദ്ധതികൾ എന്നിവ സംബന്ധിച്ചാണ് ക്ലാസ്സുകൾ. പരിശീലനം പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റുകളും പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ കൈത്താങ്ങ്, വായ്പ സഹായങ്ങളും നൽകും. ജനുവരി 14നകം 9497274218 ൽ ബന്ധപ്പെടാം

### മണൽ ലേലം

വനം വകുപ്പിന്റെ പുനലൂർ ഡിവിഷൻ പരിധിയിലുള്ള അരീക്കകാവ് ഡിപ്പോയിൽ മണൽ ഇ-ലേലം നടത്തുന്നു. ഭൗമശാസ്ത്ര ഏജൻസിയായ എം.എസ്.റ്റി.സി യിൽ രജിസ്റ്റർ ചെയ്തു പങ്കെടുക്കാം. ജനുവരി 17, 31, ഫെബ്രുവരി 10,25, മാർച്ച് 9,24, ഏപ്രിൽ 4,21, മെയ് 11,26, ജൂൺ 6,24, ജൂലൈ 6,25, ഓഗസ്റ്റ് 10,24, സെപ്തംബർ 5, 23, ഒക്ടോബർ 3,21, നവംബർ 7,25, ഡിസംബർ 7,22 എന്നീ ദിവസങ്ങളിലാണ് ലേലം. വിവരങ്ങൾക്ക് - www.mstcecommerce.com ഫോൺ - 0475 2222617, 8547600535.

### ടെണ്ടർ ക്ഷണിച്ചു

ജില്ലയിലെ വിവിധ കോടതികളിലുള്ള കമ്പ്യൂട്ടറുകൾ, അനുബന്ധ വിവര സാങ്കേതിക ഉപകരണങ്ങൾ, യു. പി. എസ്. മുതലായവയുടെ ഒരു വർഷത്തേക്കുള്ള അറ്റകുറ്റ പണികൾക്കായി പ്രവർത്തി പരിചയമുള്ള സ്ഥാപനങ്ങൾക്ക് മുദ്രവച്ച ടെണ്ടർ ജനുവരി 25 ഉച്ചയ്ക്ക് ഒരു മണിക്കകം സമർപ്പിക്കാം. വിലാസം - ജില്ലാ ജഡ്ജി, ജില്ലാ കോടതി, കൊല്ലം -691013. വിവരങ്ങൾക്ക് - https://districts.ecourts.gov.in/kollam ഫോൺ - 0474 2794536.

### അപേക്ഷിക്കാം

കേരള മോട്ടർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവരുടെ മക്കൾക്ക് 2021-22 ലെ വിദ്യാഭ്യാസ സ്കോളർഷിപ്പിന് ജനുവരി 31 വരെ അപേക്ഷിക്കാമെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. ഫോൺ - 0474 2749334.

### കുടിശിക അടയ്ക്കാം

കേരള മോട്ടർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ ഒരു തവണയെങ്കിലും തൊഴിലാളി വിഹിതം അടച്ച് അംഗത്വം എടുത്തിട്ടുള്ള അംശദായം ഒടുക്കുന്നിതൽ വീഴ്ച വരുത്തിയവർക്ക് കുടിശിക അടയ്ക്കാൻ മാർച്ച് 31 വരെ സമയം നീട്ടിയതായി ജില്ലാ എക്സിക്യൂട്ടിവ് ഓഫീസർ അറിയിച്ചു. ഫോൺ - 0474 2749334.

### അംശദായം സ്വീകരിക്കും

കേരള ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമെടുത്ത അംശദായം മുടക്കിയവർക്ക് മാർച്ച് 31 വരെ സമയം അനുവദിച്ചതായി ജില്ലാ എക്സിക്യൂട്ടിവ് ഓഫീസർ അറിയിച്ചു. ഫോൺ - 0474 2749334.

### ഒറ്റത്തവണ തീർപ്പാക്കൽ

തിരു-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധാർമിക സംഘങ്ങൾ രജിസ്ട്രേഷൻ നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള, യഥാസമയം രേഖകൾ ഫയൽ ചെയ്യാത്ത സാംസ്കാരിക സംഘടനകൾ, ക്ലബുകൾ, റസിഡൻസ് അസോസിയേഷനുകൾ തുടങ്ങിയവയ്ക്ക് പിഴത്തുകയിൽ ഇളവ് നൽകുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം മാർച്ച് 31 വരെ വാർഷിക റിട്ടേണുകൾ ഫയൽ ചെയ്യാമെന്ന് ജില്ലാ രജിസ്ട്രാർ അറിയിച്ചു. ഫോൺ 0474 2793402.




# യുവാവിനെ കുത്തികൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ ഒരാൾ അറസ്റ്റിൽ

**അഞ്ചൽ:** ഏരൂരിൽ യുവാവിനെ കുത്തി കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ ഒരാളെ പോലീസ് അറസ്റ്റ് ചെയ്തു. ഭാരതീപുരം സ്നേഹാരം സ്വദേശി ഹരിപ്രസാദിനെ കുത്തിക്കൊലപ്പെടുത്താൻ ശ്രമിച്ച കേസിലാണ് അഞ്ചൽ വടമൺ കോമളം സ്വദേശി പ്രശോഭിനെ ഏരൂർ പോലീസ് അറസ്റ്റ് ചെയ്തത്. കഴിഞ്ഞ ദിവസം വൈകുന്നേരത്തോടെയാണ് സംഭവം. അറസ്റ്റിലായ പ്രശോഭിന്റെ കുടുംബവുമായി കുത്തേറ്റ ഹരിപ്രസാദിന്റെ സഹോദരന് ഉണ്ടായ പ്രശ്നങ്ങളാണ് കത്തികുത്തിൽ കലാശിച്ചത്. ഒരുമാസം മുമ്പ് വരെ സ്നേഹാരത്തു താമസമായിരുന്ന പ്രതി പ്രശോഭ് വ്യാഴാഴ്ച ഇവിടെ എത്തുകയും ഹരിപ്രസാദ് അടക്കമുള്ളവരുമായി തർക്കത്തിൽ ഏർപ്പെടുകയും ചെയ്തു. തർക്കം കയ്യാങ്കാളിയിലും പിന്നീട് കത്തികുത്തിലും കലാശിക്കുകയായിരുന്നു. നെഞ്ചിൽ കുത്തേറ്റ ഹരിപ്രസാദ് അപകട നില തരണം ചെയ്തു. ഇപ്പോൾ തിരുവനന്തപുരത്തെ സ്വകാര്യ മെഡിക്കൽകോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്. സംഭവശേഷം പോലീസ് കസ്റ്റഡിയിൽ എടുത്ത പ്രതിയെ അറസ്റ്റ് രേഖപ്പെടുത്തിയ ശേഷം സ്ഥലത്ത് എത്തിച്ച് തെളിവെടുപ്പ് നടത്തി. പന്നീട് വൈദ്യ പരിശോധനകൾ അടക്കം പൂർത്തിയാക്കി കോടതിയിൽ ഹാജരാക്കി റിമാൻറ് ചെയ്തു. ഇയാൾ എത്തിയ കാറും പോലീസ് കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്. എസ്ഐമാരയായ സജികുമാർ, അനന്തകുമാരൻ നായർ, എഎസ്ഐ വിനുകുമാർ സീനിയർ സിവിൽ പോലീസ് ഓഫീസർ അനിൽകുമാർ, സിവിൽ പോലീസ് ഓഫീസർ അബീഷ് എന്നിവരടങ്ങുന്ന സംഘമാണ് പ്രതിയെ പിടികൂടിയത്.

## ഹൈടെക് സ്വകാര്യ ബസ് സ്റ്റാൻഡിന് കരാറായി



**കൊല്ലം**: കൊട്ടാരക്കരയിൽ ഹൈടെക് സ്വകാര്യ ബസ് സ്റ്റാൻഡ് നിർമ്മാണ പദ്ധതിക്ക് കരാറായി. ആദ്യഘട്ട നിർമ്മാണത്തിനായി എഴുപത്തഞ്ച് ലക്ഷം രൂപയാണ് അനുവദിച്ചത്.ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാർ ഉറപ്പിച്ചതോടെ ഉടൻ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങും. മന്ത്രി കെ.എൻ.ബാലഗോപാലിന്റെ തീയതി നിശ്ചയിച്ചുകിട്ടിയാൽ രണ്ടാഴ്ചയ്ക്കുള്ളിൽ ശിലാസ്ഥാപനം നടത്തും. പദ്ധതി നടപ്പാകുന്നതോടെ പതിറ്റാണ്ടുകളായി തുടരുന്ന ബസ് സ്റ്റാൻഡിന്റെ ദുരിതാവസ്ഥയ്ക്കാണ് മാറ്റമുണ്ടാവുക.അന്തർജില്ലാ സർവീസുകളടക്കം നൂറുകണക്കിന് ബസുകളാണ് സ്റ്റാൻഡിൽ വന്നുപോകുന്നത്. സദാസമയവും ബസുകൾ കയറിയിറങ്ങുന്ന സ്റ്റാൻഡ് നിലവിൽ അസൗകര്യങ്ങളാൽ വീർപ്പുമുട്ടുകയാണ്. പുലമൺ ജംഗ്ഷന് സമീപത്തായി കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡിന്റെയും എം.സി റോഡിന്റെയും ഇടയിലായിട്ടാണ് സ്വകാര്യ ബസ് സ്റ്റാൻഡുള്ളത്. ഏത് നിമിഷവും തകർന്നുവീഴാവുന്ന കാത്തിരിപ്പ് കേന്ദ്രം, കുണ്ടും കുഴിയുമായ ബസ് പാർക്കിംഗ് സ്ഥലം. ടോയ്ലറ്റ് സംവിധാനങ്ങളടക്കമുള്ളവയുടെ അപര്യാപ്തത എന്നിവ നിലനിൽക്കുമ്പോഴാണ് ഹൈടെക് ബസ് സ്റ്റാൻഡ് എന്ന ആശയവുമായി നഗരസഭ ഭരണസമിതി എത്തുന്നത്.സ്റ്റാൻഡിൽ എത്തുന്ന ബസുകൾക്കെല്ലാം പാർക്ക് ചെയ്യാനുള്ള സ്ഥലം ക്രമീകരിക്കും. ടാറിംഗ് നടത്തിയും വശങ്ങളിൽ ഓടകൾ നിർമ്മിച്ചും തറ വൃത്തിയാക്കും. കച്ചവട സ്ഥാപനങ്ങൾ, ടോയ്ലറ്റുകൾ, വിശ്രമസ്ഥലം, ബസ് കാത്തിരിപ്പ് കേന്ദ്രം തുടങ്ങി എല്ലാ സംവിധാനങ്ങളും ഇവിടെ സജ്ജമാക്കും. എ.ടി.എം കൗണ്ടർ, ടെലിവിഷൻ, മുലയൂട്ടൽ കേന്ദ്രം, വൈഫൈ സംവിധാനം തുടങ്ങി മറ്റ് സൗകര്യങ്ങളുമൊരുക്കും. പട്ടണത്തിന്റെ മുഖശ്രീ പ്രകടമാകുംവിധമാണ് ഹൈടെക് ബസ് സ്റ്റാൻഡിന്റെ രൂപകല്പന.

## ദമ്പതികളെയും മകനെയും വീടുകയറി ആക്രമിച്ച സംഘം പിടിയിൽ

**കൊല്ലം:** അർദ്ധരാത്രി ദമ്പതികളേയും മകനെയും വീട്ടിൽ കയറി ആക്രമിച്ച അഞ്ചംഗ സംഘത്തെ പൊലീസ് അറസ്റ്റ് ചെയ്തു.തൃക്കോവിൽവട്ടം ചെറിയേല താഴമ്പണ സ്വദേശികളായ സർവ്വീസ് സെന്ററിന് വടക്ക് വശം ഉഷാ ഭവനം വീട്ടിൽ രാജൻ (55), മകൻ രാഹുൽരാജ് (25), സഹോദരൻ ശ്യാം രാജ് (26), സനൽ നിവാസിൽ സനൽ (38), മാവച്ചംക്കാവ് അമ്പലത്തിന് സമീപം സുകേശ് ഭവനിൽ സുമേഷ് (26) എന്നിവരാണ് അറസ്റ്റിലായത്.കഴിഞ്ഞ ഞായറാഴ്ച രാത്രി 11.30ന്, ആക്രമിക്കപ്പെട്ട സുരേന്ദ്രന്റെ വീട്ടുമുറ്റത്ത് നിന്ന മനോജ് എന്നയാളെ സംഘം ഉപദ്രവിക്കുകയായിരുന്നു. മനോജ് വീട്ടിൽ ജോലിക്ക് വന്നതാണെന്നും ഉപദ്രവിക്കരുതെന്നും പറഞ്ഞു. സംഘത്തെ തടയാൻ ശ്രമിച്ച സുരേന്ദ്രന്റെ മകൻ സുജിത്തിനെയും ഇവർ ആക്രമിച്ചു. വീട്ടിലേക്ക് ഓടിക്കയറിയ സുജിത്തിന് പിന്നാലെ ചെന്ന് ആക്രമിക്കുന്നത് കണ്ട് തടസം പിടിച്ച സുരേന്ദ്രനേയും ഭാര്യയേയും ഇവർ ആക്രമിച്ചു. സംഭവത്തിൽ സുരേന്ദ്രന്റെ കൈയിലെ അസ്ഥിക്ക് ഒടിവുണ്ടായി. സംഭവത്തിന് ശേഷം ഒളിവിൽ പോയ ഇവർ മുട്ടക്കാവിലുണ്ടെന്ന രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ തിരച്ചിലിലാണ് പിടിയിലായത്. കൊട്ടിയം എസ്.ഐ സുജിത് ജി.നായരുടെ നേതൃത്വത്തിൽ എസ്.ഐമാരായ റെനോക്സ്, സുരേഷ്കുമാർ എ.എസ്.ഐ മാരായ ഫിറോസ്ഖാൻ, സുനിൽകുമാർ, സി.പി.ഒ മാരായ അനൂപ്, പ്രശാന്ത്, പ്രവീൺചന്ദ്, പ്രമോദ്, ചിത്രലേഖ എന്നിവരടങ്ങിയ സംഘമാണ് ഇവരെ പിടികൂടിയത്.

## പാലം നിർമ്മാണം പൂർത്തിയായില്ല

**കൊല്ലം**: മൺറോതുരുത്തുകാരുടെ സ്വപ്നമായ പെരുമൺ- പേഴുംതുരുത്ത് പാലത്തിന്റെ നിർമ്മാണം കരാർ കമ്പനി നിറുത്തി വച്ച് ഒരാഴ്ച പിന്നിട്ടിട്ടും അധികൃതർക്ക് അനക്കമില്ല. രൂപരേഖയുമായി ബന്ധപ്പെട്ട തർക്കത്തിൽ പൊതുമരാമത്ത് വകുപ്പ് നിസംഗത പാലിക്കുന്നതും ബില്ല് മാറി നൽകാത്തതുമാണ് കാരണം.പാലത്തിന്റെ 11 സ്പാനുകൾ മദ്ധ്യഭാഗത്തേത് 70 മീറ്റർ നീളത്തിലാണ്. ഇവയുടെ നിർമ്മാണ രീതിയുമായി ബന്ധപ്പെട്ടാണ് കരാർ കമ്പനിയും നിർവഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡും തമ്മിൽ തർക്കം. താത്കാലികമായി തൂണുകൾ സ്ഥാപിച്ച് സ്പാൻ നിർമ്മിക്കുന്ന തരത്തിലാണ് റോഡ് ഫണ്ട് ബോർഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. എന്നാൽ താത്കാലിക തൂണുകൾ നിർമ്മിക്കുന്നത് അധിക സാമ്പത്തിക ബാദ്ധ്യതയായതിനാൽ ഘട്ടംഘട്ടമായി സ്പാൻ പൂർത്തിയാക്കാമെന്നാണ് കരാർ കമ്പനിയുടെ നിലപാട്. ഇതുപ്രകാരമുള്ള രൂപരേഖ കരാർ കമ്പനി സമർപ്പിച്ചെങ്കിലും റോഡ് ഫണ്ട് ബോർഡും പൊതുമരാമത്ത് വകുപ്പും പ്രതികരിച്ചിട്ടില്ല.പാലത്തിന്റെ 40 ശതമാനം ജോലികൾ ഇതുവരെ പൂർത്തിയായി. 18.50 കോടി രൂപയുടെ ജോലികൾ ചെയ്തിട്ടും ഒരു രൂപ പോലും കരാറുകാർക്ക് നൽകിയിട്ടില്ല. പല ഘട്ടങ്ങളിയായി ബില്ലുകൾ സമർപ്പിച്ചെങ്കിലും പണം അനുവദിക്കാൻ തയ്യാറായില്ലെന്ന് കരാറുകാർ പറയുന്നു. പണം ലഭിക്കാതെ തുടർ ജോലികൾ ആരംഭിക്കില്ലെന്ന നിലപാടിലാണ് കരാറുകാരായ ചെറിയാൻ വർക്കി ആൻഡ് കമ്പനി. കഴിഞ്ഞ ദിവസം കെ.ആർ.എഫ്.ബി പ്രോജക്ട് ഡയറക്ടറുമായി ചർച്ച നടന്നെങ്കിലും തീരുമാനമായില്ല. കഴിഞ്ഞ ഫെബ്രുവരിയിലാണ് പാലത്തിന്റെ നിർമ്മാണ ജോലികൾ ആരംഭിച്ചത്. ആകെയുള്ള 80 പൈലുകളും പൂർത്തിയായി. എട്ട് പൈൽ ക്യാപ്പുകളും രണ്ട് പിയർ ക്യാപ്പുകളും നിർമ്മിച്ചു. ഇതിനൊപ്പം തന്നെ ബീമുകളുടെ കോൺക്രീറ്റിംഗിനുള്ള ഒരുക്കങ്ങൾ നടക്കവേയാണ് നിർമ്മാണം മന്ദഗതിയിലായത്.

## കെ റെയിൽ അനുവദിക്കില്ല: ഉമ്മൻചാണ്ടി




**ചാത്തന്നൂർ**: കേരളത്തെ വൻ കടക്കെണിയിലാക്കുന്ന കെ റെയിൽ പദ്ധതി നടപ്പാക്കാൻ യു.ഡി.എഫ് അനുവദിക്കില്ലെന്ന് മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു. എൻ.കെ. പ്രേമചന്ദ്രൻ എം.പി യുടെ നേതൃത്വത്തിൽ കെ റെയിലിനെതിരെ യു.ഡി.എഫ് ചാത്തന്നൂർ നിയോജക മണ്ഡലം കമ്മിറ്റി ചാത്തന്നൂരിൽ സംഘടിപ്പിച്ച ഏകദിന പ്രതിഷേധ സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ചെയർമാൻ നെടുങ്ങോലം രഘു അദ്ധ്യക്ഷത വഹിച്ചു. പി.സി.വിഷ്ണുനാഥ് എം എൽ എ, എ.എ.അസീസ്, ജി.ദേവരാജൻ, കെ.സി.രാജൻ, പി.രാജേന്ദ്ര പ്രസാദ്, ജി. പ്രതാപവർമ്മ തമ്പാൻ, ജി.രാജേന്ദ്ര പ്രസാദ്, എ. യൂനുസ്കുഞ്ഞ്, ബിന്ദുകൃഷ്ണ, ശൂരനാട് രാജശേഖരൻ, എ.ഷാനവാസ് ഖാൻ, ബിജു പാരിപ്പള്ളി, എൻ.ഉണ്ണിക്കൃഷ്ണൻ, എ. ശുഹൈബ്, സുഭാഷ് പുളിക്കൽ, സുന്ദരേശൻ പിള്ള, രാജൻ കുറുപ്പ് തുടങ്ങിയവർ സംസാരിച്ചു.

## 'ബൈപ്പാസ് റൈഡറു'കൾക്കായി സർകുലേഷൻ സർവീസ് സ്റ്റേഷൻ ആരംഭിക്കും

**കൊല്ലം:** കെ.എസ്.ആർ.ടി.സിയുടെ ദീർഘദൂര സർവ്വീസുകളെല്ലാം ബൈപ്പാസുകൾ വഴിയാക്കുന്ന 'ബൈപ്പാസ് റൈഡർ' പരിഷ്കാരത്തിന്റെ ഭാഗമായി അയത്തിൽ ജംഗ്ഷനിൽ സർക്കുലർ സർവ്വീസ് സ്റ്റേഷൻ ആരംഭിക്കും.ബൈപ്പാസ് റൈഡറുകളിലെ യാത്രക്കാർക്ക് വിശ്രമിക്കാനും ബസ് കാത്തിരിക്കാനുമാണ് പുതിയ സ്റ്റേഷൻ.സർവ്വീസിന് ഉപയോഗിക്കാൻ കഴിയാത്ത പഴയ ബസുകൾ ഉപയോഗിച്ചാകും അയത്തിൽ ജംഗ്ഷനിൽ റോഡിന്റെ ഇരുവശവും സ്റ്റേഷൻ തയ്യാറാക്കുക. ബസിൽ ഫാൻ, മനോഹരമായ ഇരിപ്പിടങ്ങൾ, സംഗീതം, വെളിച്ചം തുടങ്ങിയ ക്രമീകരണങ്ങളും ഉണ്ടാകും. നഗരസഭയുമായി സഹകരിച്ച് തൊട്ടടുത്ത് ശൗചാലയവും ലഘുഭക്ഷണശാലയും ആലോചനയിലുണ്ട്. ഇവിടെ 24 മണിക്കൂറും ഒരു ജീവനക്കാരൻ ഉണ്ടാകും. ബൈപ്പാസിൽ രാത്രികാലങ്ങളിൽ അടക്കം ഉണർന്നിരിക്കുന്ന പ്രദേശം എന്ന നിലയിലാണ് ബസ് സ്റ്റേഷനായി അയത്തിൽ ജംഗ്ഷൻ തിരഞ്ഞെടുത്തത്. ബൈപ്പാസ് തുടങ്ങുകയും അവസാനിക്കുകയും ചെയ്യുന്ന കാവനാടും മേവറവും രാത്രികാലങ്ങളിൽ വിജനമാണ്. ബസ് കയറാൻ എത്തുകയും ഇറങ്ങുകയും ചെയ്യുന്ന വനിതകളുടെ സുരക്ഷിതത്വം കൂടി പരിഗണിച്ചാണ് അയത്തിൽ തിരഞ്ഞെടുത്തത്.സൂപ്പർഫാസ്റ്റ്, എക്സ് പ്രസ്, ഡീലക്സ് ബസുകളാണ് സംസ്ഥാന വ്യാപകമായി ബൈപ്പാസ് റൈഡറുകളാക്കി മാറ്റുന്നത്. ഒരുമാസത്തിനുള്ളിൽ പരീക്ഷണാടിസ്ഥാനത്തിൽ സർവ്വീസ് ആരംഭിക്കാനാണ് സാദ്ധ്യത. അതിന് മുൻപ് തന്നെ അയത്തിലിൽ സർക്കുലർ സ്റ്റേഷൻ സജ്ജമാക്കും.

## നഗരസഭക്ക് മുമ്പിൽ യു.ഡി.എഫിന്റെ കൂട്ടധർണ്ണ നടത്തി

**കരുനാഗപ്പള്ളി**: അസംഘടിത തൊഴിലാളികളോടുള്ള കരുനാഗപ്പള്ളി നഗരസഭയുടെ അവഗണന അവസാനിപ്പിക്കണമെന്ന് യു.ഡി.എഫ് ജില്ലാ ചെയർമാൻ കെ.സി. രാജൻ ആവശ്യപ്പെട്ടു.യു.ഡബ്ല്യു.ഇ.സി കരുനാഗപ്പള്ളി നിയോജക മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ നഗരസഭാ കാര്യാലയത്തിന് മുമ്പിൽ സംഘടിപ്പിച്ച കൂട്ടധർണ്ണ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. നിയോജക മണ്ഡലം പ്രസിഡന്റ് ബി.മോഹൻദാസ് അദ്ധ്യക്ഷത വഹിച്ചു. കെ.പി.സി സി സെക്രട്ടറിമാരായ ആർ. രാജശേഖരൻ, എൽ.കെ. ശ്രീദേവി, ബിന്ദു ജയൻ, ഡി.സി.സി ജില്ലാ വൈസ് പ്രസിഡന്റ് മുനമ്പത്ത് വഹാബ്, മണ്ഡലം പ്രസിഡന്റമാരായ എൻ.അജയകുമാർ, നീലികുളം സദാനന്ദൻ, യു.ഡബ്ല്യു.ഇ. സി സംസ്ഥാന ജനറൽ സെക്രട്ടറി ബോബൻ ജി. നാഥ്, ജില്ല പ്രസിഡന്റ് ബാബുജി പട്ടത്താനം, ജി. കൃഷ്ണപിള്ള, എൻ. സുബാഷ് ബോസ്, എൻ. രമണൻ, പെരുമാനൂർ രാധാകൃഷ്ണൻ, മുനമ്പത്ത് ഗഫൂർ, സുരേഷ് പനകുളങ്ങര, എം. കെ. വിജയഭാനു, ജോൺസൻ കുരുപ്പിളയിൽ, ഫിലിപ്പ് മാത്യു ,മോളി സുരേഷ്, ഇസ ഹാക്ക്, അദിനാട് മജീദ്, എസ്.കെ.വിനോദ് സുനിൽകുമാർ, നാസർ പുളിക്കൽ, കെ.മോഹനൻ, ഗോപകുമാർ, അൻസർ മലബാർ, എ.കെ സലാഹുദ്ദീൻ, കവീത്തറ മോഹനൻ, ബി.രാജീവൻ, അമ്പിളി ശ്രീകുമാർ, സി.വി സന്തോഷ് കുമാർ, ദിലീപ് കുമാർ, വി.എസ്. രതിദേവി, കെ. സുധാകരൻ, പി. തമ്പാൻ, എൻ. രാജീവൻ, ബി. മായദേവി, ഗീത എന്നിവർ സംസാരിച്ചു.

## ആർ.വൈ.എഫ് മാർച്ചിന് നേരെ ജലപീരങ്കിയും ലാത്തിച്ചാർജ്ജും നടത്തി



**കൊല്ലം:** ആർ.വൈ.എഫ് നേതൃത്വത്തിൽ കമ്മിഷണർ ഓഫീസിലേക്ക് നടത്തിയ മാർച്ചിൽ ലാത്തിച്ചാർജ്ജും ജലപീരങ്കി പ്രയോഗവും.നാലു പേർക്ക് പരിക്കേറ്റു. എൻ.കെ. പ്രേമചന്ദ്രൻ എം.പക്കെതിരെ കള്ളക്കേസ് ചുമത്തിയ പൊലീസുകാർക്കെതിരെ നടപടിയെടുക്കുക, ചവറയിൽ എം.പയെ ആക്രമിച്ച കേസിലെ പ്രതികളെ അറസ്റ്റ് ചെയ്യുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു മാർച്ച്.ആർ.വൈ.എഫ് ജില്ലാ സെക്രട്ടറി സുഭാഷ് എസ്. കല്ലട, ചവറ മണ്ഡലം ജോ. സെക്രട്ടറി ഇബ്രാഹിം കുട്ടി, കൊല്ലം മണ്ഡലം സെക്രട്ടറി തൃദീപ്, ചവറ മണ്ഡലം പ്രസിഡന്റ് സിയാദ് എന്നിവർക്കാണ് പരിക്കേറ്റത്. ഇവർ ജില്ലാ ആശുപത്രിയിൽ ചികിത്സയിലാണ്. കൊല്ലം റസ്റ്റ് ഹൗസിൽ നിന്നാരംഭിച്ച മാർച്ച് എ.ആർ ക്യാമ്പിന് മുന്നിൽ പൊലീസ് ബാരിക്കേഡ് ഉപയോഗിച്ച് തടഞ്ഞു. തുടർന്ന് നടന്ന ഉപരോധസമരം ആർ.എസ്.പി സംസ്ഥാന സെക്രട്ടറി എ.എ. അസീസ് ഉദ്ഘാടനം ചെയ്തു. ഇതിനുശേഷം പ്രവർത്തകർ ബാരിക്കേഡ് തകർക്കാൻ ശ്രമിച്ചതോടെ പൊലീസ് ആദ്യം ജലപീരങ്കി പ്രയോഗിച്ചു. എന്നിട്ടും പിന്തിരിയാൻ തയ്യാറാകാതിരുന്നതോടെയായിരുന്നു ലാത്തിച്ചാർജ്ജ്. ഇതിനിടയിൽ പൊലീസിന് നേരെ കല്ലേറുമുണ്ടായി.ആർ.എസ്.പി ജില്ലാ സെക്രട്ടറി കെ.എസ്. വേണുഗോപാൽ, സംസ്ഥാന കമ്മിറ്റി അംഗം സജി ഡി.ആനന്ദ്, പാങ്ങോട് സുരേഷ്, കുരീപ്പുഴ മോഹനൻ തുടങ്ങിയവർ സംസാരിച്ചു. ആർ.വൈ.എഫ് സംസ്ഥാന പ്രസിഡന്റ് സി.പി. സുധീഷ് കുമാർ, സംസ്ഥാന ജോയിന്റ് സെക്രട്ടറി, സി.എം. ഷെരീഫ്, വൈസ് പ്രസിഡന്റ് ഉല്ലാസ് കോവൂർ, ജില്ലാ സെക്രട്ടറി സുഭാഷ് കല്ലട, വൈസ് പ്രസിഡന്റ് ഷെമീന ഷംസുദ്ദീൻ, കൊല്ലം മണ്ഡലം സെക്രട്ടറി റഫീക്ക് എന്നിവർ മാർച്ചിന് നേതൃത്വം നൽകി.

## അറിയിപ്പ്

### നിയമനം

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസസ് (ഇംഹാൻസ്), കോഴിക്കോട്, ന്യൂറോ സയൻസ് റിസർച്ച് ലബോറട്ടറിയിൽ ജൂനിയർ റിസർച്ച് ഫെല്ലോയുടെ ഒരു ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത :ബയോ ടെക്നോളജി/ മോളിക്യുലർ ബയോളജി വിഷയത്തിൽ ഒന്നാംക്ലാസ് ബിരുദാനന്തര ബിരുദവും നെറ്റ് /ഗേറ്റ് /തത്തുല്യയോഗ്യത. അനിമൽ സെൽ കൾച്ചർ, മോളിക്യുലാർ ബയോളജി മേഖലയിൽപ്രവർത്തിപരിചയം. പ്രായപരിധി 35 വയസ് കഴിയരുത് (നിയമാനുസൃതമായ വയസിളവ് ബാധകം) നിർദിഷ്ട മാതൃകയിൽ അപേക്ഷ അയയ്ക്കേണ്ട അവസാന തീയതി 2022 ജനുവരി 15. കൂടുതൽ വിവരങ്ങൾക്ക് www.imhans.ac.in വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 8129166196.

### ആർട്സ് കോഴ്സ്

സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ ആഭിമുഖ്യത്തിലുള്ള എസ്.ആർ.സി കമ്മ്യൂണിറ്റി കോളജ് 2022 ജനുവരി സെഷനിൽ നടത്തുന്ന മാർഷ്യൽ ആർട്സ് സർട്ടിഫിക്കറ്റ് പ്രോഗ്രാമിന് അപേക്ഷ ക്ഷണിച്ചു. പത്താം ക്ലാസ് പാസായവർക്ക് അപേക്ഷിക്കാം. ആറുമാസം ദൈർഘ്യമുള്ള പ്രോഗ്രാമിൽ കളരിപ്പയറ്റ്, കുങ്ഫു എന്നിവ പഠന വിഷയങ്ങളാണ്. തിയറി, പ്രാക്ടിക്കൽ ക്ലാസുകൾ അംഗീകൃത പഠനകേന്ദ്രത്തിന്റെ സഹായത്തോടെ നടത്തും. അപേക്ഷാ ഫോറവും പ്രോസ്പെക്ടസും തിരുവനന്തപുരത്ത് നന്ദാവനം പോലീസ്ക്യാമ്പിനു സമീപം പ്രവർത്തിക്കുന്ന എസ്ആർസി ഓഫീസിൽ നിന്നും ലഭിക്കും. വിലാസം: ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, നന്ദാവനം, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം-33. ഫോൺ: 0471 2325101, 2325102. htthps://srccc.in/download എന്ന ലിങ്കിൽ നിന്നും അപേക്ഷാ ഫാറം ഡൗൺലോഡ് ചെയ്യാം.15 വയസിനുമേൽ പ്രായമുള്ള ആർക്കും അപേക്ഷിക്കാം. ഉയർന്ന പ്രായപരിധി ഇല്ല. വിശദാംശങ്ങൾ www.srccc.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി ജനുവരി 15. ഫോൺ: 9447683169.

### അപേക്ഷ ക്ഷണിച്ചു

വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാർഥികൾക്കായി സ്കോൾ കേരള നടത്തുന്ന അഡീഷണൽ മാത്തമാറ്റിക്സ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ 2021-23 ബാച്ചിൽ സംസ്ഥാനത്തെ ഏതെങ്കിലും ഒരു റെഗുലർ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ ഒന്നാംവർഷം ബി ഗ്രൂപ്പിൽ പ്രവേശനം നേടിയവരായിരിക്കണം. www.scolekerala.org എന്ന വെബ്സൈറ്റ് മുഖേനെ ഓൺലൈനായി രജിസ്റ്റർ ചെയ്യാം. കോഴ്സ്ഫീസ് 500 രൂപയാണ്. കോഴ്സ് ഫീസ് ഓൺലൈനായും (ഇന്റർനെറ്റ് ബാങ്കിംഗ്/ ഡെബിറ്റ്/ക്രഡിറ്റ് കാർഡ് മുഖേനെ), പോസ്റ്റ് ഓഫീസ് മുഖേനയും അടയ്ക്കാൻ സൗകര്യമുണ്ട്. ഫീസ് വിവരങ്ങൾക്കും, രജിസ്ട്രേഷനുള്ള മാർഗനിർദ്ദേശങ്ങൾക്കും സ്കോൾ കേരളയുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പ്രോസ്പെക്ടസ് കാണുക.പിഴകൂടാതെ 2022 ജനുവരി 12 വരെയും, 60 രൂപ പിഴയോടെ 2022 ജനുവരി 19 വരെയും ഫീസടച്ച് രജിസ്റ്റർ ചെയ്യാം. ഓൺലൈൻ രജിസ്ട്രേഷന് ശേഷം ഡൗൺലോഡ് ചെയ്ത അപേക്ഷയുടെ പ്രിന്റൗട്ടും, അനുബന്ധരേഖകളും രണ്ട് ദിവസത്തിനകം അതത് സ്കൂൾ പ്രിൻസിപ്പാളിന്റെ സാക്ഷ്യപ്പെടുത്തലോടുകൂടി എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾ കേരള വിദ്യാഭവൻ, പൂജപ്പുരപി.ഒ, തിരുവനന്തപുരം-12 എന്ന വിലാസത്തിൽ തപാൽ മാർഗം അയച്ചു തരണം. അന്വേഷണങ്ങൾക്ക് സംസ്ഥാന ജില്ലാ ഓഫീസുകളിലെ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാം. ഫോൺ : 0471 2342950, 2342271, 2342369.



# കെറെയിൽ ഭാവി വികസനത്തിലേക്കുള്ള പാലം: മന്ത്രി കെ.എൻ.ബാലഗോപാൽ

**പത്തനംതിട്ട:**കേരളത്തിന്റെ വർത്തമാനകാലത്തിൽ നിന്ന് ഭാവി വികസനത്തിലേക്കുള്ള പാലമാണ് കെറെയിൽ പദ്ധതിയെന്നു ധനമന്ത്രി കെ.എൻ.ബാലഗോപാൽ. ജീവനുണ്ടെങ്കിൽ അനുവദിക്കില്ലെന്നു പറയുന്നവർ കേരളത്തിന്റെ ഭാവിയെയാണ് അപകടപ്പെടുത്തുന്നതെന്നും മന്ത്രി പറഞ്ഞു. സിൽവർ ലൈൻ പദ്ധതി സംബന്ധിച്ചു വിശദീകരിക്കാൻ വിളിച്ചു ചേർത്ത ജനസമക്ഷം പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഭൂമി നഷ്ടപ്പെടുന്നവർക്കു കൃത്യമായ നഷ്ടപരിഹാരം ഉറപ്പാക്കും. പ്രതീക്ഷിക്കുന്നതിന്റെ ഇരട്ടിയാണ് നഷ്ടപരിഹാരമായി ലഭിക്കുന്നത്.പരിസ്ഥിതി ആഘാതം കുറച്ചുള്ള നിർമാണമാണ് നടത്തുന്നത്. പരിസ്ഥിതിലോല പ്രദേശങ്ങളെ പൂർണമായും ഒഴിവാക്കിയാണ് റെയിൽ പാത കടന്നുപോകുന്നത്. കടമെടുക്കുന്ന പണം സർക്കാർ തിരിച്ചടയ്ക്കും. റെയിൽ പാത ആദ്യഘട്ടത്തിൽ അതിന്റെ പ്രവർത്തനത്തിന് ആവശ്യമായ വരുമാനം ഉണ്ടാക്കും. പിന്നീട് ലാഭത്തിലാകും. കൊല്ലംചെങ്കോട്ട പാത നിർമിച്ചപ്പോൾ അതിന്റെ വരുമാനംകൊണ്ട് റെയിൽവേ നടത്താമെന്നു കരുതിയല്ലല്ലോ രാജാവ് മുന്നിട്ടിറങ്ങിയത്. ബ്രിട്ടിഷുകാർ റെയിൽവേ ലൈൻ സ്ഥാപിച്ചതും തുടക്കത്തിൽ ലാഭം പ്രതീക്ഷിച്ചല്ലല്ലോ. പിന്നീടാണ് ഇതെല്ലാം ലഭത്തിലായതെന്നും അദ്ദേഹം പറഞ്ഞു.പദ്ധതിക്കു കേന്ദ്രം തടസ്സം നിൽക്കില്ലെന്നാണ് പ്രതീക്ഷയെന്നു ധനമന്ത്രി പിന്നീട് മാധ്യമ പ്രവർത്തകരോടു പറഞ്ഞു. നഷ്ടപരിഹാരത്തുക ലഭിച്ചിട്ടല്ലാതെ ഒരാളും തങ്ങളുടെ വീടും സ്ഥലവും വിട്ടു നൽകേണ്ടതില്ലെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. സ്ഥലം ഒഴിഞ്ഞുകൊടുത്ത ശേഷമല്ല നഷ്ടപരിഹാരം നൽകുന്നതെന്നും അവർ പറഞ്ഞു. കെറെയിൽ വരുന്നതോടെ ആരോഗ്യ രംഗത്തും വിനോദ സഞ്ചാര മേഖലയിലും വൻ കുതിപ്പുണ്ടാകും. അവയവദാനത്തിന് ഉൾപ്പെടെ ഉപകാരപ്പെടും. പ്രളയ സാധ്യത ഇല്ലാത്ത രീതിയിലാണ് നിർമാണം. പ്രകൃതിയെയും മനുഷ്യനെയും പൂർണമായും ഉൾക്കൊള്ളുന്നതാണ് പദ്ധതിയെന്നും മന്ത്രി പറഞ്ഞു.

## കോവിഡ് വ്യാപനം: കൂടുതൽ ജാഗ്രത വേണമെന്ന് കലക്ടർ ഡോ. ദിവ്യ എസ്.അയ്യർ

**പത്തനംതിട്ട :**കോവിഡ് വ്യാപനം ഉയരാൻ സാധ്യതയുള്ളതിനാൽ കൂടുതൽ ജാഗ്രത പുലർത്തണമെന്ന് കലക്ടർ ഡോ. ദിവ്യ എസ്.അയ്യർ. കോവിഡ് അവലോകന യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു കലക്ടർ. കൂടുതൽ കോവിഡ് ചികിത്സാ കേന്ദ്രങ്ങൾ ഒരുക്കുന്നതിനും കോവിഡ് മുന്നണി പോരാളികളുടെ സേവനം വർധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കും. കൂടുതൽ കോവിഡ് ബാധിതരുള്ള തിരുവല്ല, പത്തനംതിട്ട നഗരസഭാ മേഖലയിൽ സിഎഫ്എൽടിസി സജ്ജമാക്കണമെന്നും നിർദേശം നൽകി. ജില്ലാ മെഡിക്കൽ ഓഫിസർ ഡോ.എൽ. അനിതാ കുമാരി, എൻഎച്ച്എം പ്രോഗ്രാം മാനേജർ ഡോ. ശ്രീകുമാർ, വിവിധ വകുപ്പ് തല ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുത്തു.

## ഹരിവരാസനം പുരസ്കാരം ആലപ്പി രംഗനാഥിന് സമ്മാനിച്ചു

**പത്തനംതിട്ട :**ശബരിമലയിൽ ഹരിവരാസനം പുരസ്കാരം ഏറ്റുവാങ്ങിയ ശേഷം ഗാനരചയിതാവും സംഗീത സംവിധായകനുമായ ആലപ്പി രംഗനാഥ് മന്ത്രി കെ.രാധാകൃഷ്ണനുമായി സൗഹൃദ സംഭാഷണത്തിൽ. ശബരിമലന്മസംഗീത സംവിധായകൻ ആലപ്പി രംഗനാഥിനു ഹരിവരാസനം പുരസ്കാരം ദേവസ്വം മന്ത്രി കെ.രാധാകൃഷ്ണൻ സമ്മാനിച്ചു. പ്രമോദ് നാരായണൻ എംഎൽഎ അധ്യക്ഷത വഹിച്ചു. കെ.യു.ജനീഷ് കുമാർ എംഎൽഎ, ദേവസ്വം ബോർഡ് പ്രസിഡന്റ് കെ. അനന്തഗോപൻ, റവന്യു-ദേവസ്വം പ്രിൻസിപ്പൽ സെക്രട്ടറി കെ.ആർ.ജ്യോതിലാൽ,ദേവസ്വം ബോർഡ് അംഗങ്ങളായ മനോജ് ചരളേൽ, പി.എം.തങ്കപ്പൻ, റാന്നി പെരുനാട് പഞ്ചായത്ത് പ്രസിഡന്റ് പി.എസ്. മോഹനൻ, സ്പെഷൽ കമ്മിഷണർ എം.മനോജ്, ദേവസ്വം കമ്മിഷണർ ബി.എസ്.പ്രകാശ് എന്നിവർ പ്രസംഗിച്ചു.

## കെ റെയിൽ പദ്ധതിയിൽ ആശങ്ക അറിയിച്ച് സിപിഎം നേതാക്കൾ

**പത്തനംതിട്ട:** കെ റെയിലിനു വേണ്ടി കുടിയൊഴിപ്പിക്കപ്പെടുന്നവർക്കുള്ള നഷ്ടപരിഹാരത്തുക, പദ്ധതിയുടെ പാരിസ്ഥിതിക ആഘാതം എന്നിവ സംബന്ധിച്ച് ആശങ്കകൾ അറിയിച്ച് സിപിഎം നേതാക്കൾ. മന്ത്രിമാരായ കെ.എൻ.ബാലഗോപാൽ, വീണാ ജോർജ് എന്നിവർ പങ്കെടുത്ത വിശദീകരണ യോഗത്തിൽ ജില്ലാ കമ്മിറ്റി അംഗം പീലിപ്പോസ് തോമസാണ് നഷ്ടപരിഹാരം സംബന്ധിച്ച ചോദ്യം ഉന്നയിച്ചത്. എത്ര രൂപ നഷ്ടപരിഹാരം ലഭിക്കുമെന്ന ചോദ്യത്തിന് കെ റെയിൽ എംഡി വി.അജിത്കുമാറിനു വ്യക്തമായ മറുപടി ഉണ്ടായിരുന്നില്ല. വിപണി വിലയുടെ രണ്ടിരട്ടി നഗര പ്രദേശത്തും നാലിരട്ടി ഗ്രാമപ്രദേശത്തും ലഭിക്കുമെന്ന് മറുപടി നൽകിയെങ്കിലും അത് എത്രയെന്നു പറയണമെന്നു പീലിപ്പോസ് തോമസ് വീണ്ടും ആവശ്യപ്പെട്ടു.വില സംബന്ധിച്ചു തീരുമാനം എടുക്കേണ്ടത് റവന്യു വകുപ്പാണെന്നു മറുപടി നൽകി അടുത്ത ചോദ്യത്തിലേക്കു പോകാൻ എംഡി ശ്രമിച്ചെങ്കിലും പീലിപ്പോസ് തോമസ് ചോദ്യങ്ങൾ തുടർന്നു. ഒടുവിൽ ആരോഗ്യ മന്ത്രി വീണാ ജോർജ് ഇടപെട്ട് നഷ്ടപരിഹാരത്തുക സംബന്ധിച്ച് മുഖ്യമന്ത്രി ഉറപ്പു നൽകിയ കാര്യം വിശദീകരിച്ച് അടുത്ത ചോദ്യത്തിലേക്കു നീങ്ങി. നിർമാണത്തിന് പാറ പൊട്ടിക്കുന്നതു വഴി പശ്ചിമഘട്ടത്തിനുണ്ടാകുന്ന മാറ്റങ്ങൾ സംബന്ധിച്ച് വ്യക്തമായ വിശദീകരണം ജനങ്ങൾക്കു നൽകണമെന്ന് സിപിഎം ജില്ലാ സെക്രട്ടേറിയറ്റ് അംഗം ആർ.സനൽകുമാർ ആവശ്യപ്പെട്ടു. ഒരു സ്റ്റോപ്പ് പോലുമില്ലാതെ ജില്ലയിലൂടെ റെയിൽ പാത കടന്നു പോകുന്നതിനെ സിപിഎം ഇരവിപേരൂർ ഏരിയ കമ്മിറ്റി അംഗം എൻ.രാജീവ് വിമർശിച്ചു. ആലപ്പുഴ ജില്ലയിലെ മുളക്കുഴയിലെ സ്റ്റോപ്പ് പത്തനംതിട്ട ജില്ലയിൽ വേണമെന്നും ആവശ്യപ്പെട്ടു. എന്നാൽ, ഇത് പദ്ധതിയുടെ ചെലവ് വർധിപ്പിക്കുമെന്നും ആവശ്യം അംഗീകരിക്കാൻ കഴിയില്ലെന്നും എംഡി മറുപടി നൽകി .പദ്ധതിയുമായി ബന്ധപ്പെട്ട വിശദമായ പ്രോജക്ട് റിപ്പോർട്ട് പുറത്തുവിടാത്തത് എന്തെന്ന ചോദ്യത്തിന് അന്തിമ അനുമതിക്ക് മുൻപ അത്തരം വിവരങ്ങൾ പുറത്തുവിടാറില്ലെന്നും എംഡി പറഞ്ഞു. കെ റെയിലുമായി ബന്ധപ്പെട്ട പുനരധിവാസ പാക്കേജ് സംബന്ധിച്ചു ജനങ്ങളുടെ ആശങ്ക എങ്ങനെ പരിഹരിക്കുമെന്ന് എൻസിപി സംസ്ഥാന ജനറൽ സെക്രട്ടറി മാത്യൂസ് ജോർജ് ചോദിച്ചു. അദാനി പോർട്ടുമായി ബന്ധപ്പെട്ടു വിഴിഞ്ഞത്ത് പാറക്കല്ലുകൾ അടുക്കിയപ്പോൾ പ്രകൃതിക്കുണ്ടായ മാറ്റം കെ റെയിലിന്റെ കാര്യത്തിലും ബാധകമല്ലേയെന്നും അദ്ദേഹം ചോദിച്ചു. പദ്ധതിക്ക് ആവശ്യമായ കല്ലുകൾ കേരളത്തിനു പുറത്ത് നിന്ന് റെയിൽ മാർഗം കൊണ്ടുവരുമെന്നായിരുന്നു എംഡിയുടെ വിശദീകരണം. ക്ഷണിക്കപ്പെട്ട അതിഥികൾക്കായിരുന്നു വിശദീകരണ യോഗത്തിൽ പ്രവേശനം.




## ജില്ലയ്ക്ക് അടുത്ത സ്റ്റേഷൻ ചെങ്ങന്നൂർ

**പത്തനംതിട്ട :**സംസ്ഥാന സർക്കാർ വിഭാവനം ചെയ്യുന്ന അർധ അതിവേഗ പദ്ധതിയായ സിൽവർ ലൈനിന്റെ 22 കിലോമീറ്ററാണ് ജില്ലയിലൂടെ കടന്നുപോവുക. ജില്ലയ്ക്ക് അടുത്തുള്ള സ്റ്റേഷൻ ചെങ്ങന്നൂരിലാകും. നിലവിലെ ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനിൽനിന്നും 4.3 കിലോമീറ്റർ അകലത്തിൽ എംസി റോഡിനു സമീപം ആധുനിക സൗകര്യങ്ങളോടെയാണ് കെ-റെയിൽ സ്റ്റേഷൻ സമുച്ചയം സജ്ജമാക്കുക. ഇവിടെനിന്നും 22 മിനിറ്റിൽ കൊല്ലത്തും 46 മിനിറ്റിൽ തിരുവനന്തപുരത്തും 39 മിനിറ്റിൽ എറണാകുളത്തും 49 മിനിറ്റിൽ നെടുമ്പാശേരി വിമാനത്താവളത്തിലും എത്താം. കോഴിക്കോടിന് 1.54 മണിക്കൂറും കാസർകോടിന് 3.08 മണിക്കൂറും മതിയാകും.

കിലോമീറ്ററിന് 2.75 രൂപയാണ് നിരക്ക്. ചെങ്ങന്നൂർ സ്റ്റേഷനിൽനിന്നും ജില്ലയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്ക് ഇ-വാഹന കണക്ടിവിറ്റിയും ജില്ലയിലെ എല്ലാ സ്ഥലങ്ങളെയും ബന്ധപ്പെടുത്തി യാത്രാ ക്രമീകരണവും ഉണ്ടാകും. ശബരിമല തീർഥാടകർക്ക് പ്രത്യേക യാത്രാസൗകര്യങ്ങൾ ഒരുക്കും. വൈദ്യുത വാഹനങ്ങൾ ചാർജ് ചെയ്യാനും സംവിധാനമുണ്ടാകും. തിരുവനന്തപുരം, കൊല്ലം, ചെങ്ങന്നൂർ, കോട്ടയം, എറണാകുളം, കൊച്ചി രാജ്യാന്തര വിമാനത്താവളം, തൃശൂർ, തിരൂർ, കോഴിക്കോട്, കണ്ണൂർ, കാസർകോട് എന്നിവയാണ് സ്റ്റേഷനുകൾ. ആകെ 529.45 കിലോമീറ്ററാണ് പാതയുടെ ദൈർഘ്യം. മണിക്കൂറിൽ 200 കിലോമീറ്ററാണ് സിൽവർലൈൻ പാതയുടെ പ്രവർത്തന വേഗം.

## അടൂരിൽ യൂത്ത് കോൺഗ്രസ് അക്രമം

അടൂരിൽ യൂത്ത് കോൺഗ്രസ് പ്രവർത്തകർ പൊലീസുമായി ഏറ്റുമുട്ടി. കല്ലെറിഞ്ഞ് അക്രമത്തിന് ശ്രമിച്ചവർക്ക് നേരെ പൊലീസ് ലാത്തി വീശി. വ്യാഴാഴ്ച വൈകിട്ട് അഞ്ചോടെ പ്രകടനമായി എത്തിയ യൂത്ത് കോൺഗ്രസുകാർ സെൻട്രൽ ജങ്ഷനിൽ ഡിവൈഎഫ്ഐയുടെ കൊടി നശിപ്പിക്കാൻ നടത്തിയ ശ്രമം പൊലീസ് തടയാൻ ശ്രമിച്ചപ്പോഴാണ് യൂത്ത് കോൺഗ്രസുകാർ പൊലീസിനു നേരെ തിരിഞ്ഞത്. ഇതിനിടെ ഡിവൈഎഫ്ഐ പ്രവർത്തകരും എത്തി. തുടർന്ന് യൂത്ത് കോൺഗ്രസുകാർ അക്രമത്തിന് ശ്രമിച്ചു. ജില്ലാ പ്രസിഡന്റ് എം ജി കണ്ണന്റെ നേതൃത്വത്തിൽ സ്ഥലത്തെത്തിയ യുത്ത് കോൺഗ്രസുകാർക്ക് നേരെ പൊലീസ് ലാത്തി വീശി. കല്ലേറുമുണ്ടായി. കോൺഗ്രസ് പ്രകടനത്തിൽ അക്രമം ഉണ്ടാകുമെന്ന സൂചനയെ തുടർന്ന് ഡിവൈഎസ്പി ആർ ബിനുവിന്റെ നേതൃത്വത്തിൽ പൊലീസ് സംഘം നിലയുറപ്പിച്ചിരുന്നു.



ALAPPUZHA

## അറിയിപ്പ്



### ഗതാഗത നിയന്ത്രണം

**ആലപ്പുഴ:** ദേശീയപാത 66-ൽ റീടാറിംഗ് ജോലികൾ നടക്കുന്ന ഹരിപ്പാട് മാധവ ജംഗ്ഷൻ മുതൽ കായംകുളം കൊറ്റുകുളങ്ങര വരെ 2021 ഡിസംബർ 16 മുതൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയതായി നാഷണൽ ഹൈവേ സബ് ഡിവിഷൻ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചു.രാത്രി എട്ടു മുതൽ രാവിലെ ഏഴു വരെയുള്ള നിയന്ത്രണം ഡിസംബർ 31 വരെ തുടരും.

### ഡ്രൈവർ നിയമനം

**ആലപ്പുഴ:** ജില്ലാ മെഡിക്കൽ ഓഫീസിലേക്ക് (ആരോഗ്യം) ദിവസവേതനത്തിന് രണ്ട് ഡ്രൈവർമാരെ താത്ക്കാലികമായി നിയമിക്കുന്നു. ഏഴാം ക്ലാസ് വിജയിച്ച ഹെവി ഡ്യൂട്ടി ലൈസൻസ് (എച്ച്.ഡി.വി) ബാഡ്ജ്, അനുബന്ധ സർട്ടിഫിക്കറ്റ് ഉള്ളവരെയാണ് പരിഗണിക്കുന്നത്. താത്പര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റിൻറെ അസലും പകർപ്പും സഹിതം ഡിസംബർ 17ന് രാവിലെ 10ന് ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസിലെത്തണം. ഫോൺ 0477- 2251650.

### രജിസ്ട്രേഷൻ പുതുക്കണം

**ആലപ്പുഴ:** കേരള ഷോപ്സ് ആൻറ് കൊമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെൻറ്, മോട്ടോർ തൊഴിലാളി നിയമങ്ങൾ ബാധകമായ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഡിസംബർ 20നകം പുതുക്കണമെന്ന് ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെൻറ്) അറിയിച്ചു. www.lc.kerala.gov.in എന്ന വെബ്സൈറ്റ് മുഖേനയാണ് പുതുക്കൽ നടത്തേണ്ടത്. വിശദ വിവരങ്ങൾക്ക് അസിസ്റ്റൻറ് ലേബർ ഓഫീസർമാരെ ബന്ധപ്പെടണം. ഫോൺ നമ്പരുകൾ ചുവടെ. ആലപ്പുഴ ഒന്നാം സർക്കിൾ -8547655384, ആലപ്പുഴ രണ്ടാം സർക്കിൾ -8547655385, ആലപ്പുഴ മൂന്നാം സർക്കിൾ - 8547655386, അമ്പലപ്പുഴ - 8547655383, മങ്കൊമ്പ് - 8547655382, ചെങ്ങന്നൂർ - 8547655380, മാവേലിക്കര -8547655379, കായംകുളം -8547655378, ഹരിപ്പാട് -8547655381, ചേർത്തല സൗത്ത് - 8547655387, ചേർത്തല നോർത്ത് -8547655388.

### ക്വട്ടേഷൻ ക്ഷണിച്ചു

ആലപ്പുഴ: ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ ഓഫീസിൽ പുതിയതായി നിലവിൽ വരുന്ന മീറ്റർ ടെസ്റ്റിംഗ് ആൻഡ് സ്റ്റാൻേർഡ് ലാബിൽ വയറിംഗ് ചെയ്യുന്നതിന് പി.ഡബ്ല്യൂ.ഡി നിരക്കിൽ ക്വട്ടേഷൻ ക്ഷണിച്ചു. ഡിസംബർ 24നകം സമർപ്പിക്കണം. ഫോൺ: 0477 2962229

### സ്പോട്ട് അഡ്മിഷൻ

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് ടെക്നോളജിയുടെ (സി-മെറ്റ്) കീഴിൽ പ്രവർത്തിക്കുന്ന കാസർകോട് ഉദുമ നഴ്സിംഗ് കോളേജിൽ (ഫോൺ: 0467-2953935, 9447544974) ഒഴിവുള്ള ബി.എസ്സി നഴ്സിംഗ് എൻ.ആർ.ഐ സീറ്റുകളിൽ സ്പോട്ട് രജിസ്ട്രേഷൻ 17 മുതൽ 19 വരെ നടത്തും. രജിസ്ട്രേഷൻ ഠഠഠ.ശൊലഭ.സല്യമഹമ. ഴീ.ശി ൽ നടത്താം. സിമെറ്റിലെ ബി.എസ്സി നഴ്സിംഗ് മാനേജ്മെന്റ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരും എൻ.ആർ.ഐ സീറ്റിൽ അഡ്മിഷൻ എടുക്കാൻ താത്പര്യമുള്ളവർക്ക് സ്പോട്ട് രജിസ്ട്രേഷനിൽ പങ്കെടുക്കാം. രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ റാങ്ക് ക്രമത്തിൽ ഒഴിവുള്ള സീറ്റുകളിൽ അലോട്ട്മെന്റ് നടത്തും. സ്പോട്ട് രജിസ്ട്രേഷൻ ചെയ്യാത്ത വിദ്യാർഥികളെ എൻ.ആർ.ഐ അലോട്ട്മെന്റിൽ പരിഗണിക്കില്ല. കൂടുതൽ വിവരങ്ങൾക്ക്: 0471-2302400, www.simet.in.

# സൈക്കിൾ യാത്രക്കാരുടെ സുരക്ഷയ്ക്ക് ചട്ടങ്ങൾ നിർമിക്കുകയോ പരിഷ്ക്കരിക്കുയോ വേണം;ബാലാവകാശ കമ്മീഷൻ

**ആലപ്പുഴ:** കുട്ടികൾ ഉൾപ്പെടെയുള്ള സൈക്കിൾ യാത്രക്കാരുടെ സുരക്ഷക്ക് ചട്ടങ്ങൾ നിർമിക്കുകയോ പരിഷ്ക്കരിക്കുയോ ചെയ്യണമെന്ന് ബാലാവകാശ കമ്മീഷൻ ഉത്തരവ്. ഇതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ ഗതാഗത വകുപ്പ് സെക്രട്ടറിക്കും ട്രാൻസ്പോർട്ട് കമ്മീഷണർക്കും കമ്മീഷൻ നിർദ്ദേശം നൽകി.നടപടികൾക്ക് കാലതാമസം വന്നാൽ സൈക്കിൾ യാത്രക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് വിശദമായ ഉത്തരവുകൾ പുറപ്പെടുവിക്കണം. ഗതാഗത, ആഭ്യന്തരവകുപ്പ് സെക്രട്ടറിമാർ സംസ്ഥാന പോലീസ് മേധാവി ട്രാൻസ്പോർട്ട് കമ്മീഷണർ എന്നിവർ ഇതിനു നടപടി സ്വീകരിക്കണമെന്നും ബാലാവകാശ കമ്മീഷൻ അംഗം കെ. നസീർ പുറപ്പെടുവിച്ച ഉത്തരവിൽ നിർദ്ദേശിച്ചു.സുരക്ഷാ മാനദണ്ഡങ്ങൾ നിർബന്ധമായും ഉൾപ്പെടുത്തത്തിയാകണം ചട്ടങ്ങളും ഉത്തരവുകളും പുറപ്പെടുവിക്കേണ്ടത്. രാത്രി സൈക്കിൾ യാത്ര നടത്തുന്നവർ സൈക്കിളിൽ റിഫ്ളക്ടറുകൾ ഘടിപ്പിക്കുകയും മധ്യലൈറ്റ് ഉണ്ടെന്ന് ഉറപ്പ് വരുത്തുകയും വേണം. ഹെൽമറ്റ്, റിഫ്ളക്ട് ജാക്കറ്റ് എന്നിവ ധരിക്കണം. അമിത വേഗത്തിലുള്ള യാത്രകൾ നിയന്ത്രിക്കണം. സൈക്കിൾ പൂർണമായും സുരക്ഷിതമാണെന്നും മറ്റു തകരാറുകൾ ഇല്ലെന്ന് ഉറപ്പാക്കുകയും വേണം. മാനദണ്ഡങ്ങളിൽ ഇക്കാര്യങ്ങൾ ഉൾപ്പെടുത്തണം.ദേശീയ പാതകളിലും മറ്റു റോഡുകളിലും സൈക്കിൾ യാത്രയ്ക്ക് പ്രത്യേക ഭാഗം അടയാളപ്പെടുത്തി ട്രാക്ക് സ്ഥാപിക്കണം. സൈക്കിൾ യാത്രയെകുറിച്ചും സൈക്കിൾ യാത്രക്കാർ പാലിക്കേണ്ട സുരക്ഷയെ സംബന്ധിച്ചും വിദ്യാർഥികൾക്ക് അവബോധവും ശരിയായി പരിശീലനവും നൽകുന്നതിന് നടപടിയെടുക്കണം. ട്രാഫിക് പോലീസ് ഉദ്യോഗസ്ഥരെ സ്കൂൾ പരിസരങ്ങളിലും സമീപമുള്ള റോഡുകളിലും രാവിലെയും വൈകുന്നേരവും ഡ്യൂട്ടിക്ക് പതിവായി നിയോഗിക്കണം. പോലീസ് മൊബൈൽ പട്രോളിംഗും ബൈക്ക് പട്രോളിംഗും സ്കൂൾ സോൺ റോഡുകളിൽ സ്ഥിരമായി ക്രമീകരിക്കാനും നടപടി റിപ്പോർട്ട് 90 ദിവസത്തിനുള്ളിൽ നൽകാനും കമ്മീഷൻ നിർദേശിച്ചു.റോഡിൽ സൈക്കിൾ യാത്രക്കാരടക്കമുള്ള യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിന് മോട്ടോർ വാഹന റഗുലേഷൻ കർശനമായി നടപ്പാക്കണം. യാത്രക്കാരുടെ സുരക്ഷിതത്വത്തിനായി ചട്ടങ്ങൾ നിർമിക്കാൻ സംസ്ഥാന സർക്കാരിന് അധികാരമുള്ളതിനാൽ ഇതിനനുസൃതമായി ചട്ടങ്ങൾ കൊണ്ടുവരുകയോ കേരള മോട്ടോർ വാഹന ചട്ടങ്ങൾ പരിഷ്ക്കരിക്കുകയോ ചെയ്യണം.സൈക്കിൾ യാത്രക്കാരായ കുട്ടികൾ സൈക്കിൾ ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട സുരക്ഷാ മാനദണ്ഡങ്ങളും ട്രാഫിക് നിയമങ്ങളെയും സംബന്ധിച്ച് വിവിധ വകുപ്പുകൾ ബോധവൽക്കരണ ക്ലാസുകൾ നടത്തി പൂർണ്ണ സുരക്ഷ ഉറപ്പാക്കാൻ കുട്ടികളെ സജ്ജരാക്കണം. ഇതിനുള്ള നടപടികൾ വിദ്യാഭ്യാസ വകുപ്പ്, പോലീസ്, ട്രാൻസ്പോർട്ട് വകുപ്പ് എന്നിവർ സ്വീകരിക്കണം.സൈക്കിൾ അപകടങ്ങൾ സംസ്ഥാനത്ത് തുടരുന്നതായും ഇത്തരം അപകടങ്ങൾ ഒഴിവാക്കുന്നതിന് അടിയന്തിര ഇടപെടൽ നടത്തണമെന്നും ആവശ്യപ്പെട്ട് ബാലാവകാശ പ്രവർത്തക സുനന്ദ കമ്മീഷന് സമർപ്പിച്ച ഹർജി പരിഗണിച്ചാണ് ഉത്തരവ് പുറപ്പെടുവിച്ചത്.

## സ്കൂട്ടറിന് പിന്നിൽ ലോറി ഇടിച്ച് യുവതി മരിച്ചു; നിർത്താതെ പോയ വാഹനം പിന്തുടർന്ന് പിടികൂടി യുവാക്കൾ

**ഹരിപ്പാട് :**ദേശീയപാതയിൽ സ്കൂട്ടറിനു പിന്നിൽ കണ്ടെയ്നർ ലോറി ഇടിച്ചു യുവതി മരിച്ചു. നങ്ങ്യാർകുളങ്ങര കന്നേൽ തെക്കേതിൽ സുരേന്ദ്രൻ, സതിയമ്മ ദമ്പതികളുടെ മകൾ എസ്. സുജ(ശാലിനി38) യാണ് മരിച്ചത്. സുജയുടെ സഹോദരൻ സുനിലിന്റെ ഭാര്യ സീന(30) യാണ് സ്കൂട്ടർ ഓടിച്ചിരുന്നത്. സീനയ്ക്ക് നിസ്സാര പരുക്കുണ്ട്. ഇന്നലെ വൈകിട്ട് 6 മണിയോടെ ഹരിപ്പാട് മാധവാ ജംക്ഷനിലായിരുന്നു അപകടം.സുജയുടെ ചികിത്സാ ആവശ്യത്തിനായി ആലപ്പുഴ മെഡിക്കൽ കോളജ് ആശുപത്രിയിലെ ഡോക്ടറെ കണ്ടിട്ട് സ്കൂട്ടറിൽ വീട്ടിലേക്ക് മടങ്ങുമ്പോഴായിരുന്നു അപകടം. സ്കൂട്ടറിന് പിന്നിലിരുന്ന സുജ ഇടിയുടെ ആഘാതത്തിൽ തെറിച്ച് റോഡിലേക്ക് വീഴുകയും ലോറിയുടെ പിൻചക്രം കയറിയിറങ്ങി തൽക്ഷണം മരിക്കുകയുമായിരുന്നു. അപകടത്തിനു ശേഷം ലോറി നിർത്താതെ പോയി. സമീപമുള്ള കടയിലുണ്ടായിരുന്ന ഹുസൈൻ, സഹിൽ എന്നിവർ ബൈക്കിൽ ലോറിയെ പിന്തുടർന്നു. നങ്ങ്യാർകുളങ്ങര ജംക്ഷനു തെക്കു ഭാഗത്തു വച്ച് ലോറി നിർത്തിച്ചു. യുവാക്കൾ ചോദ്യം ചെയ്തതോടെ മഹാരാഷ്ട്ര സ്വദേശിയായ ലോറി ഡ്രൈവർ ഓടി രക്ഷപ്പെടാൻ ശ്രമിച്ചു. യുവാക്കൾ പിന്നാലെ ഓടി നാട്ടുകാരുടെ സഹായത്തോടെ ഡ്രൈവറെ പിടികൂടി കരീലക്കുളങ്ങര പൊലീസ് സ്റ്റേഷനിൽ ഏൽപിച്ചു. അഗ്നിരക്ഷാ സേന എത്തി റോഡ് വൃത്തിയാക്കിയ ശേഷമാണ് ഗതാഗതം പുനരാരംഭിച്ചത്.അപകടത്തെ തുടർന്ന് അര മണിക്കൂറോളം ദേശീയപാതയിൽ ഗതാഗതം തടസ്സപ്പെട്ടു. അൻവറാണ് സുജയുടെ ഭർത്താവ്. മകൻ: ആഷിക്. മൃതദേഹം ഹരിപ്പാട് താലൂക്ക് ആശുപത്രി മോർച്ചറിയിൽ.

## പോക്സോ കേസ്: രണ്ടിടങ്ങളിലായി രണ്ടുപേർ അറസ്റ്റിൽ

**മാന്നാർ** :പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ സമൂഹമാധ്യമത്തിലൂടെ പരിചയപ്പെട്ട് പ്രേമം നടിച്ചു തട്ടിക്കൊണ്ടു പോയ കേസിലെ പ്രതിയെ പോക്സോ നിയമ പ്രകാരം മാന്നാർ പൊലീസ് അറസ്റ്റ് ചെയ്തു. തിരുവനന്തപുരം നെയ്യാറ്റിൻകര കോട്ടുങ്കൽ പുന്നക്കുളം സാന്ത്വനം വീട്ടിൽ നിഖിൽ (19) ആണ് അറസ്റ്റിലായത്. പെൺകുട്ടിയുടെ നഗ്ന ചിത്രങ്ങൾ പ്രതി ഫോണിൽ സൂക്ഷിച്ചു പിന്തുടർന്ന് ശല്യം ചെയ്യുകയായിരുന്നു എന്നു പൊലീസ് പറഞ്ഞു.കഴിഞ്ഞ 12നാണ് പെൺകുട്ടിയെ പ്രതി തിരുവനന്തപുരത്തേക്കു ബൈക്കിൽ കയറ്റി തട്ടിക്കൊണ്ടു പോയത്. കുട്ടിയുടെ പിതാവിന്റെ പരാതിയിലാണ് പൊലീസ് കേസെടുത്തത്. പ്രതിയെ ഇന്ന് കോടതിയിൽ ഹാജരാക്കും. മാന്നാർ സിഐ ജി സുരേഷ് കുമാർ, എസ്ഐ ഹരോൾഡ് ജോർജ്, എസ് ഐ ജോൺ തോമസ് എന്നിവരുടെ നേതൃത്വത്തിലുള്ള പൊലീസ് സംഘമാണ് പ്രതിയെ പിടികൂടിയത്.വള്ളികുന്നം പത്താം ക്ലാസ് വിദ്യാർഥിനിയെ ഒളിവിൽ താമസിപ്പിച്ച് പീഡിപ്പിച്ച കേസിലെ പ്രതിയെ പൊലീസ് അറസ്റ്റ് ചെയ്തു. കൃഷ്ണപുരം ചന്ദ്രാലയത്തിൽ അക്ഷയ് ചന്ദ്രനെ (താളവട്ടം24) ആണ് പൊലീസ് പിടികൂടിയത്. കഴിഞ്ഞ മാസം 18നാണ് പെൺകുട്ടിയെ കാണാനില്ലെന്ന് പറഞ്ഞ് മാതാപിതാക്കൾ പൊലീസിൽ പരാതി നൽകിയത്.തുടർന്ന് ഒരു മാസം നീണ്ട അന്വേഷണത്തിനൊടുവിലാണ് പൊലീസ് ഇന്നലെ വൈകിട്ട് ആയിരംതെങ്ങിൽ നിന്ന് പ്രതിയെ പിടികൂടിയത്. വിവിധ സ്റ്റേഷനുകളിലായി പതിന്നാലോളം കേസുകളിലെ പ്രതിയാണ് അക്ഷയ് ചന്ദ്രൻ എന്ന് പൊലീസ് പറഞ്ഞു. വള്ളികുന്നം സിഐ എം.എം.ഇഗ്നേഷ്യസ്, എസ്ഐ ജി.ഗോപകുമാർ എന്നിവരടങ്ങുന്ന പൊലീസ് സംഘമാണ് പ്രതിയെ പിടികൂടിയത്. പ്രതിയെ ഇന്ന് കോടതിയിൽ ഹാജരാക്കും.


## പാലിയേറ്റീവ് കെയർ ദിനം ആചരിച്ചു

**ആലപ്പുഴ:** പാലിയേറ്റീവ് കെയർ ദിനാചരണത്തിൻറെ ഭാഗമായി ജില്ലാ ലീഗൽ അതോറിറ്റി സംഘടിപ്പിച്ച ബോധവത്കരണ പരിപാടി സബ് ജഡ്ജ് എം.ടി. ജലജാറാണി ഉദ്ഘാടനം ചെയ്തു. അമ്പലപ്പുഴ താലൂക്ക് ലീഗൽ സർവീസസ് കമ്മറ്റി സെക്രട്ടറി കെ. ഷാജിതമോൾ അധ്യക്ഷത വഹിച്ചു.പാലിയേറ്റീവ് കെയർ പ്രവർത്തകരും പാരാ ലീഗൽ വോളണ്ടിയർമാരും മറ്റ് ആരോഗ്യ പ്രവർത്തരും പങ്കെടുത്ത പരിപാടിയിൽ ആലപ്പി പാലിയേറ്റീവ് ഇനീഷ്യേറ്റീവ് സെക്രട്ടറി അബ്ദുൽ അസീസ് ക്ലാസ് നയിച്ചു.

## ആലപ്പുഴ ജില്ലാക്കോടതി പാലം നവീകരണം: ഹിയറിങ് 17നും 18നും

**ആലപ്പുഴ:**ജില്ലാക്കോടതി പാലം നവീകരണവുമായി ബന്ധപ്പെട്ട് കച്ചവട സ്ഥാപനങ്ങൾ വിട്ടുകൊടുക്കേണ്ടി വരുന്നവരുടെ അഭിപ്രായങ്ങളും ആക്ഷേപങ്ങളും കേൾക്കുന്നതിന് പബ്ലിക് ഹിയറിങ് നടത്തും. 17, 18 തീയതികളിൽ രാവിലെ 10 മുതൽ 4 വരെ ആലപ്പുഴ എസ്ഡിവി സെന്റിനറി ഹാളിലാണ് സ്ഥലമേറ്റെടുക്കൽ വിഭാഗം ഡപ്യൂട്ടി കലക്ടറുടെ നേതൃത്വത്തിൽ ഹിയറിങ് നടത്തുന്നത്. ഇതുവരെ രേഖകൾ സമർപ്പിച്ചവർക്കുള്ള നഷ്ടപരിഹാരം കണക്കാക്കി വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. രേഖകൾ സമർപ്പിക്കാത്തവർക്കു രേഖകൾ നൽകി നഷ്ടപരിഹാരം ആവശ്യപ്പെടാനും സർക്കാർ പ്രഖ്യാപിച്ച പാക്കേജ് സംബന്ധിച്ച ആക്ഷേപമുണ്ടെങ്കിൽ അറിയിക്കാനുമാണ് ഹിയറിങ് നടത്തുന്നത്.സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട പുനരധിവാസ പാക്കേജിൽ നിലവിൽ 59 പേർക്കുള്ള നഷ്ടപരിഹാരമാണ് വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആകെ 25.48 ലക്ഷം രൂപയാണ് ഇവർക്കുള്ള നഷ്ടപരിഹാരം കണക്കാക്കിയിരിക്കുന്നത്. സ്വകാര്യ ഉടമസ്ഥതയിലുള്ള ഭൂമിയിൽ കച്ചവടം നടത്തിയിരുന്നതും തൊഴിലെടുത്തിരുന്നതുമായ 47 പേരുടെയും പുറമ്പോക്ക് ഭൂമിയിൽ കച്ചവടം നടത്തുകയും തൊഴിൽ ചെയ്തിരുന്നവരുമായ 12 പേരുടെയും പട്ടികയാണ് പ്രാഥമിക വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടുതൽ പേരുടെ വ്യാപാര സ്ഥാപനങ്ങൾ ഒഴിപ്പിക്കേണ്ടി വരുമെന്ന് സ്ഥലമേറ്റെടുക്കൽ വിഭാഗം അറിയിച്ചു.

## ജില്ലയിൽ 765 പേർക്ക് കോവിഡ്



**ആലപ്പുഴ:** ജില്ലയിൽ 765 പേർക്കു കൂടി കോവിഡ് സ്ഥിരീകരിച്ചു. 754 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. നാലു പേർ വിദേശത്തുനിന്ന് എത്തിയതാണ്. ഏഴു പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. ടെസ്റ്റ് പോസിറ്റിവിറ്റി 22.69 ശതമാനമാണ്.208 പേർ രോഗമുക്തരായി. നിലവിൽ 3260 പേർ ചികിത്സയിൽ കഴിയുന്നു.

## കാന്റീൻ വാടകയ്ക്ക്

**ആലപ്പുഴ:** പൊതുമരാമത്ത് വകുപ്പിന്റെ ആലപ്പുഴ, കരുമാടി റസ്റ്റ് ഹൗസിലെ കാന്റീൻ അടുത്ത ഒരു വർഷത്തേക്ക് പാട്ടവ്യവസ്ഥയിൽ നൽകുന്നതിന് കാന്റീൻ നടത്തി മുൻപരിചയം ഉള്ള വ്യക്തികളിൽ നിന്നും രണ്ട് റസ്റ്റ് ഹൗസുകൾക്കുമായി പ്രത്യേകം, ക്വട്ടേഷൻ ക്ഷണിച്ചു. വെള്ളക്കടലാസിലുള്ള ക്വട്ടേഷൻ ജനുവരി 29നകം വൈകിട്ട് മൂന്നിന് മുമ്പായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, പൊതുമരാമത്ത് കെട്ടിട ഉപവിഭാഗം ആലപ്പുഴ എന്ന വിലാസത്തിൽ നൽകണം. ഫോൺ: 0477- 2230150.

## സച്ചിന് ഗുഡ് സർവീസ് എൻട്രി



**ആലപ്പുഴ:**ജില്ലയിൽ നടന്ന കൊലപാതകങ്ങളിലെ പ്രതികളെക്കുറിച്ച് സൂചന നൽകാൻ സഹായിച്ച ട്രാക്കർ ഡോഗ് സച്ചിന് ഗുഡ് സർവീസ് എൻട്രി. കരീലക്കുളങ്ങര ചിങ്ങോലി കാവിൽപടി ദേവീക്ഷേത്രത്തിൽ ഡിസംബർ 21ന് -നടന്ന മോഷണത്തിൽ പ്രതിയെ പിടിക്കാൻ നിർണായകമായ തെളിവ് മണംപിടിച്ച് കണ്ടെത്തിയതും ആലപ്പുഴ കെ-9 സ്ക്വാഡിലെ സച്ചിനാണ്. ഹാൻഡിലർമാരായ ശ്രീകാന്ത്, നിതിൻ പ്രഭാഷ് എന്നിവർക്കും ഗുഡ് സർവീസ് എൻട്രിയുണ്ട്.




## എസ്എഫ്ഐ വിദ്യാർഥി പ്രതിരോധം

**ആലപ്പുഴ:**രക്തദാഹികളായ കെഎസ്‌യു -കോൺഗ്രസ് ക്രിമിനലുകളെ ഒറ്റപ്പെടുത്തുക' എന്ന മുദ്രവാക്യമുയർത്തി ഏരിയ കേന്ദ്രങ്ങളിൽ വിദ്യാർഥി പ്രതിരോധം സംഘടിപ്പിച്ചു. മാരാരിക്കുളത്ത് ജില്ലാ സെക്രട്ടറി എ എ അക്ഷയ് ഉദ്ഘാടനം ചെയ്തു.മാരാരിക്കുളം ഏരിയ പ്രസിഡന്റ് കശ്യപ് അധ്യക്ഷനായി. ഏരിയ സെക്രട്ടറി ആർ രഞ്ജിത്, ജില്ലാ കമ്മിറ്റിയംഗം അമൽദേവ് എന്നിവർ സംസാരിച്ചു.



### രേഖകൾ ഹാജരാക്കണം

**ആലപ്പുഴ:** കൈനകരി ഗ്രാമപഞ്ചായത്തിൽ നിന്നും വാർധക്യകാല, വികലാംഗ, വിധവാ പെൻഷനുകൾ ബാങ്ക് അക്കൗണ്ട് വഴി കൈപ്പറ്റുന്ന ബി.പി.എൽ വിഭാഗത്തിലുള്ളവർ റേഷൻ കാർഡ്, ആധാർ കാർഡ് എന്നിവയുടെ പകർപ്പുകൾ രണ്ടു ദിവസത്തിനകം ഗ്രാമപഞ്ചായത്തിൽ ഹാജരാക്കണമെന്ന് സെക്രട്ടറി അറിയിച്ചു. ഫോൺ: 0477- 2724235




## താക്കീതായി സഹകരണ ജീവനക്കാരുടെ മാർച്ച്

**ആലപ്പുഴ:**കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ തകർക്കാൻ റിസർവ് ബാങ്കിനെ മറയാക്കിയുള്ള കേന്ദ്രസർക്കാരിന്റെ ഭരണഘടനാവിരുദ്ധ നീക്കത്തിൽ പ്രതിഷേധിച്ച് സഹകരണ സംരക്ഷണ സമിതി നേതൃത്വത്തിൽ സഹകരണ ജീവനക്കാർ ആദായനികുതി ഓഫീസിലേക്ക് മാർച്ച് നടത്തി. ആർ നാസർ ഉദ്ഘാടനം ചെയ്തു. യുഡിഎഫ് ജില്ലാ കൺവീനർ പി കെ ഷാജിമോഹൻ അധ്യക്ഷനായി. പി ഗാനകുമാർ, എ കെ രാജൻ, ജി കൃഷ്ണപ്രസാദ്, എ മഹേന്ദ്രൻ, കോശി അലക്സ്, പി യു ശാന്താറാം എന്നിവർ സംസാരിച്ചു. ബാങ്ക്, ബാങ്കർ, ബാങ്കിങ് എന്നീ പദങ്ങൾ ഉപയോഗിക്കാൻ പാടില്ല, വോട്ടവകാശമുള്ള അംഗങ്ങളിൽ നിന്ന് മാത്രമേ നിക്ഷേപം സ്വീകരിക്കാവൂ, റിസർവ് ബാങ്ക് അംഗീകാരമില്ലാത്ത സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് കേന്ദ്രസർക്കാരിന്റെ ഡെപ്പോസിറ്റ് ഇൻഷുറൻസ് ആൻഡ് ഗ്യാരന്റി കോർപറേഷന്റെ പരിരക്ഷ ലഭിക്കില്ല തുടങ്ങിയ നിബന്ധനകൾ റിസർവ് ബാങ്ക് ഏർപ്പെടുത്തിയിരിക്കുകയാണ്. കേരളത്തിലെ സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപങ്ങൾക്ക് കേരള സർക്കാരിന്റെ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിന്റെ പരിരക്ഷയാണ് ലഭിക്കുന്നത്. ഈ വസ്തുത മറച്ചുവച്ചാണ് റിസർവ് ബാങ്ക് തെറ്റായ പ്രചാരണങ്ങൾ നടത്തുന്നത്.

സഹകരണ മേഖലയിലെ രണ്ടരലക്ഷം കോടി വരുന്ന നിക്ഷേപം കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ തകർത്ത് കേന്ദ്ര സർക്കാർ രൂപീകരിച്ച മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളിലും വൻകിട കോർപ്പറേറ്റുകളുടെ കൈകളിലും എത്തിക്കാനാണ് കേന്ദ്ര സർക്കാർ ശ്രമം.

## കരുമാടിയിൽ ഗുരുമന്ദിരത്തിലും കടകളിലും മോഷണം

**അമ്പലപ്പുഴ** കരുമാടി 1330 നമ്പർ എസ്എൻഡിപി ശാഖായോഗം ഓഫിസ് അങ്കണത്തിലെ ഗുരുമന്ദിരത്തിലെ കാണിക്കവഞ്ചികൾ കുത്തി തുറന്നു പണം അപഹരിച്ചതിനു പുറമേ സമീപത്തെ 4 കടകളും കുത്തി തുറന്നു മോഷണം നടത്തി. ഗുരുമന്ദിരം ശ്രീകോവിലിന്റെ വാതിൽ കുത്തി തുറന്ന ശേഷം അതിനുള്ളിലെ കാണിക്കവഞ്ചി പുറത്തെടുത്ത് താഴു പൊളിച്ചാണ് പണമെടുത്തത്.അതിനു ശേഷം കാണിക്കവഞ്ചി ഗുരുമന്ദിരത്തിനു സമീപം ഉപേക്ഷിച്ചു.കാണിക്കവഞ്ചിയിലെ നാണയങ്ങൾ ചിതറി കിടപ്പുണ്ട്. ഗുരുമന്ദിരത്തിന്റെ പ്രധാന കവാടത്തിലെ കാണിക്കവഞ്ചിയുടെ പൂട്ടു തുറന്ന ശേഷം അതിനുള്ളിലെ പണവും മോഷ്ടിച്ചു. ഗുരുമന്ദിരത്തിനോടു ചേർന്ന കെട്ടിട സമുച്ചയത്തിലെ അമ്പലപ്പുഴ വെട്ടുകാട്ടിൽ ശ്രീജിത്തിന്റെ ഉടമസ്ഥതയിലുള്ള സെലക്ട് മാർജിൻ ഫ്രീ മാർക്കറ്റിന്റെ ഷട്ടറിന്റെ താഴു കുത്തി തുറന്നു പലഹാരങ്ങൾ മോഷ്ടിച്ച ശേഷം പ്രിന്ററെടുത്ത് ഗുരുമന്ദിരത്തിനു സമീപം ഉപേക്ഷിച്ചു. കടയിലെ സാധനങ്ങൾ വാരിവലിച്ചിട്ട നിലയിലാണ്. മാർജിൻ ഫ്രീ മാർക്കറ്റിന്റെ നിരീക്ഷണ ക്യാമറയിൽ നിന്നു മോഷ്ടാവിന്റേതെന്നു സംശയിക്കുന്നയാളിന്റെ ചിത്രം പൊലീസിനു കിട്ടി.കരുമാടി വിഷ്ണുനിവാസിൽ രാധാകൃഷ്ണന്റെ ശ്രീകൃഷ്ണഹോട്ടലിൽ നിന്നു 3000 രൂപ മോഷ്ടിച്ചു. സമീപത്തെ ദാം ബിരിയാണി കടയിൽ നിന്നു 300 രൂപയും മോഷ്ടിച്ചു. സമീപത്തെ അജിത്കുമാറിന്റെ ഉടമസ്ഥതയിലുള്ള ശ്രീകൃഷ്ണ ട്രേഡേഴ്സിന്റെ താഴു തകർത്തു അകത്തു കടന്നു 600 രൂപയും സാധനങ്ങളും മോഷ്ടിച്ചു. ഇന്നലെ രാവിലെ ഗുരുമന്ദിരത്തിലെ ജീവനക്കാരെത്തിയപ്പോഴാണ് മോഷണ വിവരം അറിയുന്നത്. അമ്പലപ്പുഴ പൊലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു. വിരലടയാള വിദഗ്ധരെത്തിപരിശോധനനടത്തി.

### കൃഷി അവകാശ ലേലം

**ആലപ്പുഴ:** അമ്പലപ്പുഴ താലൂക്കിൽ പുറക്കാട് വില്ലേജിൽ ബ്ലോക്ക് 20ൽ റീസർവേ നമ്പർ 98/1ൽ പെട്ട 1.33.40 ഹെക്ടർ, 98/3ൽപെട്ട 10.30 ആർസ്, 99/1 ൽപെട്ട 65.60 ആർസ് എന്നിവ ഉൾപ്പെടെ 2.09.30 ഹെക്ടർ സർക്കാർ പുറമ്പോക്ക് നിലത്ത് കൃഷി ചെയ്യുന്നതിനുള്ള അവകാശം ജനുവരി 25നു രാവിലെ 11ന് പുറക്കാട് വില്ലേജ് ഓഫീസിൽ ലേലം ചെയ്യും. ഫോൺ: 0477-2353771

### സൗജന്യ പി.എസ്.സി പരീക്ഷാ പരിശീലനം

**ആലപ്പുഴ:** ജില്ലാ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വൊക്കേഷണൽ ഗൈഡൻസ് വിഭാഗത്തിൻറെ ആഭിമുഖ്യത്തിൽ മാവേലിക്കര ടൗൺ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന സൗജന്യ ഓൺലൈൻ പി.എസ്.സി പരീക്ഷാ പരിശീലനം സംഘടിപ്പിക്കുന്നു.ജനുവരി അവസാന വാരം മുതൽ 30ദിവസം നീണ്ടു നിൽക്കുന്ന പരിശീലനത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ള മാവേലിക്കര താലൂക്കിലെ ഉദ്യോഗാർഥികൾ ജനുവരി 21നു മുൻപ് മാവേലിക്കര ടൗൺ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുമായി ബന്ധപ്പെടണം. ഫോൺ: 0479 2344301, 9496230352, 9497780054, 9846777497.

## അധികൃതർ വാക്കുമാറി; കൃഷി ഉപേക്ഷിക്കാനൊരുങ്ങി കർഷകർ

**മാന്നാർ :**പഞ്ചായത്ത്, കൃഷിവകുപ്പ് അധികൃതർ വാക്കു പാലിച്ചില്ല, മാന്നാർ പടിഞ്ഞാറ് അരിയോടി പാടശേഖരത്തിലെ കൃഷി ഉപേക്ഷിക്കാനൊരുങ്ങി കർഷകർ. വെള്ളപ്പൊക്കങ്ങളെ തുടർന്നു 99 ഏക്കർ വരുന്ന പാടശേഖരത്തിൽ അടിഞ്ഞു കൂടിയ കാക്കപ്പോളയും പായലും മറ്റു ജലസസ്യങ്ങളും വളർന്നു പന്തലിച്ചു കിടക്കുന്നതിനാൽ ഒരു വിധത്തിലും നിലമൊരുക്കാൻ കഴിയാത്ത സ്ഥിതിയാണ്. കൃഷി ഉപേക്ഷിക്കുമെന്ന മുന്നറിയിപ്പു നേരത്തെ പാടശേഖര സമിതിയും കർഷകരും ഉയർത്തിയിരുന്നു.അന്ന് പഞ്ചായത്തും കൃഷി വകുപ്പ് അധികൃതരും ഇടപെട്ട് കൃഷി ചെയ്യുന്നതിനു വേണ്ട അടിസ്ഥാന സൗകര്യങ്ങളൊരുക്കാമെന്നു പറഞ്ഞു. ഇലമ്പലം തോട്ടിലെ പോളയും പായലും മാത്രമേ പഞ്ചായത്ത്, കൃഷി വകുപ്പ് അധികൃതരുടെ ഇടപെടലിൽ മാറ്റിയുള്ളു. പാടശേഖരങ്ങളിലെ വാച്ചാൽ തോടു നവീകരിച്ചിട്ടില്ല. അധികൃതരുടെ ഇത്തരം പ്രവർത്തികൾ കർഷകരുടെ പിന്തിരിപ്പിക്കുകയായിരുന്നു. വെള്ളപ്പൊക്കവും മാലിന്യവും കാരണം കൃഷിയിറക്കാൻ തന്നെ താമസിച്ചു.ഇനിയും കൃഷിയിറക്കിയാൽ തന്നെ എന്നു കൊയ്തെടുക്കാനാകും എന്ന ചിന്തയാണ് കർഷകരെ പിന്തിരിപ്പിക്കുന്നത്. നിലവിൽ നിലമൊരുക്കുന്നതിനു ട്രാക്ടറിനു മണിക്കൂറിൽ 1000 രൂപയാണ് കൂലി. ഒരേക്കർ നിലമുഴുതുന്നതിനു കുറഞ്ഞത് 12 മണിക്കൂറ് വേണം. ഇത്തരത്തിലുള്ള വിവിധ പ്രശ്നങ്ങൾ കർഷകർക്കു കടുത്ത വെല്ലുവിളിയാണ് ഉയർത്തിയിരിക്കുന്നത്. ഇത്രയും ത്യാഗം സഹിച്ചു കൃഷിയിറക്കാൻ കഴിയില്ലെന്ന് പാടശേഖര സമിതി പ്രസിഡന്റ് സുരേഷ് ബാബു, സെക്രട്ടറി ടി.എസ്. ജോസഫ് എന്നിവർ പറഞ്ഞു.

KOTTAYAM

അറിയിപ്പ്



## നിയമനം

**കോട്ടയം:** കോട്ടയം ജില്ലയിൽ വനിതാ ഹോംഗാർഡുകളെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. 10–ാം ക്ലാസ് അല്ലെങ്കിൽ തത്തുല്യ പരീക്ഷ പസായ ആർമി, നേവി, എർഫോഴ്സ് / ബി. എസ്.എഫ്, സി.ആർ.പി.എഫ്, സി.ഐ.എസ്.എഫ്, എൻ.എസ്. ജി, എസ്.എസ്.ബി, അസം റൈഫിൽസ് / കേരള പോലീസ്, ഫയർ ഫോഴ്സ്, ഫോറസ്റ്റ്, എക്സൈസ്, ജയിൽ തുടങ്ങിയവയിൽ നിന്ന് വിരമിച്ച വനിതാ സേനാംഗങ്ങൾക്കാണ് അവസരം. പ്രായം 35നും 58 നും മധ്യേ. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 30. അപേക്ഷാ ഫോറവും വിശദ വിവരവും ജില്ലാ ഫയർ ഓഫീസിൽ ലഭിക്കും.

## ശുചീകരണ സ്റ്റാഫ് ഒഴിവ്;വോക്-ഇൻ- ഇന്റർവ്യൂ

**കോട്ടയം:** കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ ശുചീകരണ സ്റ്റാഫ് തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ താത്കാലിക നിയമനത്തിന് ജനുവരി 25ന് വോക്-ഇൻ- ഇന്റർവ്യൂ നടത്തും. പി.എസ്.സി യോഗ്യതയുള്ളവർ രാവിലെ 10.30 ന് ആശുപത്രി ഓഫീസിൽ എത്തണം. ബയോഡേറ്റ, വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസൽ, പകർപ്പ്, തിരിച്ചറിയൽ രേഖ എന്നിവ ഹാജരാക്കണം. വിശദ വിവരങ്ങൾക്ക് ഫോൺ: 04828 203492, 202292.

## ഗതാഗത നിയന്ത്രണം

റീ ബിൽഡ് കേരള പദ്ധതിയിൽ പുനർ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ അതിരമ്പുഴ - കൈപ്പുഴ റോഡിൽ ഇന്ന് (നവംബർ 20) മുതൽ അടുത്ത വർഷം ഫെബ്രുവരി 18 വരെ വാഹന ഗതാഗതത്തിന് നിയന്ത്രണം ഏർപ്പെടുത്തിയതായി കെ.എസ്.ടി.പി എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചു. വൈക്കം - പ്രാവട്ടം - കോട്ടയം റൂട്ടിൽ വരുന്ന ബസുകളും വലിയ വാഹനങ്ങളും പനമ്പാലം വഴി കോട്ടയം , മെഡിക്കൽ കോളേജ് ഭാഗങ്ങളിലേക്ക് പോകണം

## ഐ.ടി. സംരംഭകത്വ പരിശീലനം

**കോട്ടയം:** കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പും കിറ്റ്കോയും ചേർന്ന് ഓൺലൈൻ മുഖേന സൗജന്യ വ്യവസായ സംരംഭകത്വ വികസന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ഐ.ടി. സംരംഭം ആരംഭിക്കാൻ ആഗ്രഹിക്കുന്ന സയൻസിലോ എൻജിനീയറിങ്ങിലോ ബിരുദമോ ഡിപ്ലോമയോ ഉള്ളവർക്ക് പങ്കെടുക്കാം. പ്രായം: 21 നും 45 നും മദ്ധ്യേ. ഐ.ടി. മേഖലയിൽ ലാഭകരമായ സംരംഭങ്ങൾ തിരഞ്ഞെടുക്കേണ്ട വിധം, വ്യവസായ മാനദണ്ഡങ്ങൾ, വിവിധ ലൈസൻസുകൾ, പ്രൊജക്ട് റിപ്പോർട്ട് തയാറാക്കൽ, സാമ്പത്തിക വായ്പാ മാർഗങ്ങൾ, മാർക്കറ്റ് സർവേ, ബിസിനസ് പ്ലാനിങ്, മാനേജ്മെന്റ്, വിജയം കൈകവരിച്ച വ്യവസായികളുടെ അനുഭവങ്ങൾ, സ്റ്റാർട്ട് അപ്പ് പദ്ധതികൾക്കുള്ള സർക്കാർ സഹായങ്ങൾ, ഇൻക്യുബേഷൻ സ്കീം, എക്സ്പോർട്ട് ഇംപോർട്ട് മാനദണ്ഡങ്ങൾ, ഇന്റലക്ചൽ പ്രോപ്പർട്ടി ആക്ട്, ആശയവിനിമയ പാടവം, മോട്ടിവേഷൻ തുടങ്ങിയ വിഷയങ്ങളിൽ ആറ് ആഴ്ചയാണ് പരിശീലനം. താൽപര്യമുള്ളവർ ജനുവരി 18 നകം ബന്ധപ്പെടുക. ഫോൺ -9847463688, 9447509643, 0484-4129000.

## സൊസൈറ്റികളുടെ റിട്ടേൺ ഫയൽ കുടിശിക; ഒറ്റത്തവണ തീർപ്പാക്കൽ

**കോട്ടയം:** രജിസ്ട്രേഷൻ വകുപ്പിൽ 1955ലെ ചാരിറ്റബിൾ സൊസൈറ്റീസ് നിയമപ്രകാരം രജിസ്റ്റർ ചെയ്ത സൊസൈറ്റികളുടെ റിട്ടേൺ ഫയൽ ചെയ്യുന്നതിന് കുടിശികയുള്ളവർക്കായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കുന്നു. ഒരു വർഷത്തേക്ക് 500 രൂപ നിരക്കിൽ പിഴയൊടുക്കി ബന്ധപ്പെട്ട രേഖകൾ ജില്ലാ രജിസ്ട്രാർ (ജനറൽ) ഓഫീസിൽ നൽകി 2022 മാർച്ച് 31 നകം സൊസൈറ്റിയുടെ റിട്ടേൺ ഫയൽ ചെയ്യാം. അവസാന ദിവസത്തെ തിരക്ക് ഒഴിവാക്കുന്നതിനായി സൊസൈറ്റികൾ അവസരം പ്രയോജനപ്പെടുത്തണമെന്ന് കോട്ടയം ജില്ലാ രജിസ്ട്രാർ ജനറൽ അറിയിച്ചു. ഫോൺ: 04812563822.

# മതരാഷ്ട്രീയത്തിലേക്കുള്ള വളർച്ച ഇന്ത്യക്ക് ആപത്ത്; മന്ത്രി പി രാജീവ്

**കോട്ടയം** :മതരാഷ്ട്രീയം എങ്ങനെ പോകുന്നു എന്നതിനെ അടിസ്ഥാനമാക്കിയാണ് ഇന്ത്യയുടെ ഭാവി നിലനിൽക്കുന്നതെന്ന് വ്യവസായമന്ത്രി പി രാജീവ്. സിപിഐ എം ജില്ലാ സമ്മേളനത്തോട് അനുബന്ധിച്ച് 'മതരാഷ്ട്രീയവും ഇന്ത്യയുടെ ഭാവിയും' എന്ന വിഷയത്തിൽ തിരുനക്കര പഴയ പൊലീസ് സ്റ്റേഷൻ മൈതാനിയിൽ സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മതരാഷ്ട്രീയത്തിലേക്കുള്ള വളർച്ച ഇന്ത്യയെന്ന ആശയത്തിന്റെ അവസാനമാണ്. മതരാഷ്ട്രീയത്തിലേക്കുള്ള പ്രയാണം ജനാധിപത്യത്തിൽനിന്ന് ഏകാധിപത്യത്തിലേക്കുള്ള കുതിപ്പാണ്. മുഴുവൻ മതനിരപേക്ഷവാദികളും ഒറ്റക്കെട്ടായി ഈ അപകടത്തെ പ്രതിരോധിക്കണം. പ്രധാന രാഷ്ട്രീയ പാർടികൾക്കും ഇതേറ്റെടുക്കേണ്ട കടമയുണ്ട്. എന്നാൽ, കോൺഗ്രസിന് വിരുദ്ധനിലപാടാണ്. ഇന്ത്യ ഹിന്ദുരാഷ്ട്രമാണെന്ന് രാഹുൽഗാന്ധി പ്രഖ്യാപിച്ചു. ഇതിലൂടെ പൂർണമായും 'ഹിന്ദുത്വ'മെന്ന പ്രയോഗമാണ് അദ്ദേഹം നടത്തിയത്. ബിജെപിക്ക് വളരാൻ അവസരം ഒരുക്കിയത് കോൺഗ്രസാണ്. 'വർഗീയതക്കെതിരാണോ, മതനിരപേക്ഷതയ്ക്ക് ഒപ്പമാണോ' എന്ന ചോദ്യം ഉയർത്തി പാർലമെന്റിൽ ഒരിക്കൽ മാത്രമാണ് വോട്ടെടുപ്പ് നടന്നത്. അത് അയോധ്യാ രഥയാത്ര തടഞ്ഞതോടെ ഭൂരിപക്ഷം നഷ്ടമായ വിപി സിങ് മന്ത്രിസഭയുടെ വിശ്വാസവോട്ടെടുപ്പായിരുന്നു. അന്ന് കോൺഗ്രസ് ബിജെപിക്ക് ഒപ്പം നിന്നു. പിന്നീട് അഴിമതിയിൽ മുങ്ങിയ കോൺഗ്രസ് ഭരണം 2014ൽ മോദി ഭരണത്തിനും അവസരമൊരുക്കി. ശക്തമായ മതനിരപേക്ഷ നിലപാട് സ്വീകരിച്ചെങ്കിലേ തീവ്രഹിന്ദുത്വത്തെ നേരിടാനാവൂ. മതവിശ്വാസത്തിന്റെ രാഷ്ട്രീയപ്രയോഗമാണ് വർഗീയത. മതരാഷ്ട്രത്തിലേക്കുള്ള പ്രയാണത്തെ മതവിശ്വാസികൾ കൂടി ചേർന്നാണ് തടയേണ്ടത്. ന്യൂനപക്ഷ വർഗീയതയും ഭീകരവാദവും ഭൂരിപക്ഷവർഗീയതയെ ശക്തിപ്പെടുത്തും. കേരളത്തിൽ ചില അപകടങ്ങൾ കാണുന്നുണ്ട്. ഒരു മതത്തിൽപ്പെട്ട സംഘടനകളുടെ യോഗം മുസ്ലിംലീഗ് വിളിക്കുന്നു. മുസ്ലിംലീഗിനെ പ്രോത്സാഹിപ്പിക്കുന്ന നിലപാടാണ് കോൺഗ്രസിന്റേത്. ലീഗിന്റെ വിധേയത്വ പാർടിയായി കോൺഗ്രസ് മാറുന്നത് വർഗീയവൽക്കരണ പ്രക്രിയ ശക്തിപ്പെടുത്താൻ മാത്രമേ സഹായിക്കൂ - പി രാജീവ് പറഞ്ഞു.സിപിഐ എം ജില്ലാ കമ്മിറ്റിയംഗം എം കെ പ്രഭാകരൻ അധ്യക്ഷനായി. യാക്കോബായ സഭ നിരണം ഭദ്രാസനാധിപൻ ഡോ. ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പൊലീത്ത മുഖ്യപ്രഭാഷണം നടത്തി. ഡോ. മ്യൂസ് മേരി ജോർജ്, ചിന്ത പബ്ലിഷിങ് കമ്പനി പ്രതിനിധി കെ എസ് രഞ്ജിത്, അഡ്വ. റജി സഖറിയ, അഡ്വ. കെ അനിൽകുമാർ എന്നിവർ സംസാരിച്ചു.

## പ്രാദേശിക പാർടികളുടെ കൂട്ടായ്മയുണ്ടാക്കണം: ജോസ് കെ മാണി എംപി

കോട്ടയം രാജ്യത്ത് പ്രാദേശിക പാർടികളുടെ കൂട്ടായ്മ ഉണ്ടാക്കണമെന്ന് കേരള കോൺഗ്രസ് എം ചെയർമാൻ ജോസ് കെ മാണി എംപി. ധനവിചാര സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. കേന്ദ്രത്തിന്റെ ജനവരുദ്ധ നയങ്ങൾക്കും ജനാധിപത്യവിരുദ്ധ നടപടികൾക്കുമെതിരെ പോരാടാൻ കോൺഗ്രസിനാവില്ല. പ്രാദേശിക പാർടികളെ ശക്തിപ്പെടുത്തി അവരെ കൂട്ടിയിണക്കണം, അതിന് എൽഡിഎഫ് നേതൃത്വം കൊടുക്കണം. മോദി സർക്കാർ രാജ്യത്തെ ഫെഡറലിസം തകർക്കുന്നു. കേരളത്തിന് കിട്ടേണ്ട നികുതി വിഹിതം നൽകുന്നില്ല. പാർലമെന്റിലെ ഭൂരിപക്ഷം ഉപയോഗിച്ച് ബില്ലുകൾ ചർച്ചയില്ലാതെ പാസാക്കുന്നു. പ്രതിസന്ധികൾക്കിടയിലും കേരളത്തെ വികസനപാതയിലേക്ക് നയിക്കാൻ എൽഡിഎഫ് സർക്കാരിന് കഴിയുന്നു. അഞ്ച് വർഷത്തിനുള്ളിൽ ഒരുതവണപോലും ട്രഷറി പൂട്ടേണ്ടി വന്നിട്ടില്ല-ജോസ് കെ മാണി പറഞ്ഞു.കേന്ദ്രം കേരളത്തെ എല്ലാരംഗത്തും അവഗണിക്കുകയാണന്നും അർഹതപ്പെട്ട ആനുകൂല്യങ്ങൾ നിഷേധിക്കുകയാണന്നും സിപിഐ ജില്ലാ സെക്രട്ടറി സി കെ ശശിധരൻ പറഞ്ഞു.

## കോവിഡ് സാഹചര്യം: പൊതുസമ്മേളനം ഒഴിവാക്കി

സിപിഐ എം ജില്ലാ സമ്മേളനം ശനിയാഴ്ച സമാപിക്കും. കോവിഡ് സാഹചര്യം കണക്കിലെടുത്ത് ശനി വൈകിട്ട് നടക്കേണ്ട പൊതുസമ്മേളനം ഒഴിവാക്കിയതായി സ്വാഗതസംഘം ഭാരവാഹികൾ അറിയിച്ചു. പ്രതിനിധി സമ്മേളന നഗറിൽ രാവിലെ ഒമ്പതിന് തീപ്പാട്ട് സംഘം കലാപരിപാടി അവതരിപ്പിക്കും. 9.30ന് പ്രതിനിധി സമ്മേളനം തുടരും. ഭാവിപ്രവർത്തന രൂപരേഖയ്ക്കും സമ്മേളനം അംഗീകാരം നൽകും. പുതിയ ജില്ലാ കമ്മിറ്റിയെയും സെക്രട്ടറിയെയും സംസ്ഥാന സമ്മേളന പ്രതിനിധികളെയും തെരഞ്ഞെടുക്കും. ക്രഡൻഷ്യൽ റിപ്പോർട്ട് അവതരണവും നേതാക്കളുടെ അഭിവാദ്യപ്രസംഗങ്ങളും ഉണ്ടാകും.



## മതവിശ്വാസികളും മതനിഷേധികളും ഒരുമിക്കണം: മാർ കൂറിലോസ്

**കോട്ടയം** ഇന്ത്യ മതാധിഷ്ഠിത രാജ്യമാകാതിരിക്കാൻ എല്ലാ മതവിശ്വാസികളും മതനിഷേധികളും ഒരുമിക്കേണ്ട നിർണായക ഘട്ടമാണിതെന്ന് കേരള കൗൺസിൽ ഓഫ് ചർച്ചസ് മുൻ പ്രസിഡന്റും യാക്കോബായ സഭ നിരണം ഭദ്രാസനാധിപനുമായ ഡോ. ഗീവർഗീസ് മാർ കൂറിലോസ് മെത്രാപോലീത്താ പറഞ്ഞു. സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു ബിഷപ്പ്. ജർമനിയിൽ ഹിറ്റ്ലർ ഭരണത്തിൽ ഫാസിസ്റ്റ് ഭരണകൂട ഭീകരത എല്ലാ അർഥത്തിലും വെളിച്ചത്ത്വന്നതാണ്. ലക്ഷക്കണക്കിന് ജൂതന്മാർ വധിക്കപ്പെട്ട ആ നാളുകളെപ്പറ്റിയാണ് പാസ്റ്റർ മാർട്ടിൻ നിമോളറുടെ പ്രസിദ്ധ കവിത. 'ആദ്യം കമ്യൂണിസ്റ്റുകാരെ തേടിവന്നു. പിന്നെ സോഷ്യലിസ്റ്റുകളെ, ട്രേഡ് യൂണിയൻ പ്രവർത്തകരെ, അവസാനം അവർ എന്നെ കൊല്ലാനായി വന്നു. പക്ഷേ അപ്പോൾ ആരും അവശേഷിച്ചില്ല എന്നെ രക്ഷിക്കാൻ...' ലോകം വായിച്ച ആ വരികൾ മുന്നോട്ട്വയ്ക്കുന്ന മുന്നറിയിപ്പ് ഇന്ത്യയിൽ പ്രസക്തമാണ്. ആദിമ ക്രൈസ്തവ സഭയുടെ ദർശനവും മാർക്സിസവും തമ്മിൽ അസാധാരണമായ സമാനത കാണാൻ പറ്റും. ഇ എം എസ് ഒരിക്കൽ പറഞ്ഞതും അത് തന്നെ: 'ക്രിസ്ത്യാനികൾ പരലോകത്തെ സ്വർഗരാജ്യം ലക്ഷ്യംവയ്ക്കുമ്പോൾ കമ്യൂണിസ്റ്റുകാർ ഇഹലോകത്തെ സ്വർഗരാജ്യത്തിനായി പോരാടുന്നു.' എന്നാൽ കാലാന്തരത്തിൽ മതം ഭരണവർഗ താൽപ്പര്യ സംരക്ഷണ ഉപകരണമായി മാറി. 70കളിൽ വിമോചന ദൈവശാസ്ത്രധാര ഉണ്ടായതോടെയാണ് മതവും കമ്യൂണിസ്റ്റുകാരും സഹകരിക്കേണ്ട ആവശ്യകത ചർച്ചയായതെന്നും അദ്ദേഹം പറഞ്ഞു.

## എൽഡിഎഫ് ബഹുഭൂരിപക്ഷത്തിന്റെ മുന്നണിയാകും: തോമസ് ഐസക്

ബദൽ സാമ്പത്തിക നയങ്ങളിലൂന്നിയുള്ള വികസന പദ്ധതികളിലൂടെയാണ് കേരളം അതിവേഗം വളരുന്നതെന്ന് സിപിഐ എം കേന്ദ്രകമ്മിറ്റിയംഗവും മുൻ ധനമന്ത്രിയുമായ ഡോ. ടി എം തോമസ് ഐസക്. സിപിഐ എം ജില്ലാ സമ്മേളനത്തോടനുബന്ധിച്ച് പഴയ പൊലീസ് സ്റ്റേഷൻ മൈതാനിയിൽ ഇന്ത്യൻ സമ്പദ് ഘടനയും കേരളത്തിന്റെ ബദലും എന്ന വിഷയത്തിൽ സംഘടിപ്പിച്ച ' ധനവിചാര സദസ്' സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു ഐസക്. കോൺഗ്രസിന് വെറും വാചകമടിയല്ലാതെ പരിപാടിയില്ല. എൽഡിഎഫിന് ഇപ്പോൾ 46 ശതമാനം വോട്ട് കിട്ടി. അടുത്തതവണ 50 ശതമാനം കടക്കും. അത്തരമൊരു രാഷ്ട്രീയ മാറ്റമാണ് കേരളത്തിൽ നടക്കുന്നത്. അതിന്റെ അടയാളമാണ് ജോസ് കെ മാണി. കേരളത്തിൽ മഹാഭൂരിപക്ഷത്തിന്റെ മുന്നണിയായി എൽഡിഎഫ് മാറും. കേരളത്തിലെ ഉൽപാദനവും സമ്പത്തും സാധാരണക്കാർക്ക് കിട്ടുമെന്നുറപ്പാക്കും. കേന്ദ്രത്തിൽ അത് കുത്തകകൾക്ക് മാത്രം ലഭിക്കുന്നു. അതാണ് കേരളവും കേന്ദ്രവും തമ്മിലുള്ള പ്രധാന വ്യത്യാസം. കേരളത്തിൽ തൊഴിലാളിക്ക് 700 രൂപ കൊടുക്കുന്ന സ്ഥാനത്ത് ഇന്ത്യയിൽ 350 രൂപയാണ്. ഉൽപാദനത്തിന്റെയും സ്വത്തിന്റെയും പുനർവിതരണമാണ് ഇവിടെ നടക്കുന്നത്. നികുതിപ്പണം സ്കൂളുകളുടെയും ആശുപത്രികളുടെയും വികസനത്തിന് ചെലവഴിക്കുന്നു. പാവപ്പെട്ടവരുടെ ക്ഷേമത്തിനും വരുമാനത്തിനും വേണ്ടിയാണ് എൽഡിഎഫ് സർക്കാർ ശ്രമിച്ചത്. വ്യവസായികൾക്ക് ലോകോത്തര സൗകര്യമുള്ള പശ്ചാത്തല സൗകര്യം ഒരുക്കികൊടുക്കും. അതിനാണ് സിൽവർ ലൈൻ പോലുള്ള പദ്ധതി. റോഡും പാലവും കെട്ടിടങ്ങളുമടക്കം 62000 കോടിയുടെ പദ്ധതികളാണ് കിഫ്ബി വഴി പുരോഗമിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. സിപിഐ എം ജില്ലാ കമ്മിറ്റിയംഗം അഡ്വ. കെ അനിൽകുമാർ അധ്യക്ഷനായി. ജോസ് കെ മാണി എംപി, സിപിഐ ജില്ലാ സെക്രട്ടറി സി കെ ശശിധരൻ എന്നിവർ സംസാരിച്ചു.





## റബർ നിയമം പിൻവലിക്കണം: സിപിഐ എം

റബർ വ്യവസായി കോൽപ്പന്നമായി കണക്കാക്കിയതുകൊണ്ട് കൃഷിക്കുള്ള സഹായം ലഭിക്കുന്നില്ല. യുക്തിക്ക് നിരക്കാത്ത ഈ നിലപാട് കേന്ദ്രം തിരുത്തണം. റബർ കർഷകർക്ക് കൂടുതൽ വിനാശകരമായ നിർദിഷ്ട റബർ പ്രൊമോഷൻ ആൻഡ് ഡെവലപ്മെന്റ് എന്ന കരട് നിയമം പിൻവലിക്കണം. കേന്ദ്രസർക്കാർ നിശ്ചയിച്ച കുറഞ്ഞ വിലയിൽ താഴെയോ കൂടിയ വിലയിലും കൂട്ടിയോ വിറ്റാൽ ഒരുവർഷം വരെ തടവും പിഴയും എന്ന വ്യവസ്ഥവരെ കരട് നിയമത്തിലുണ്ട്. റബർ മേഖല വ്യവസായികൾക്ക് അടിയറവയ്ക്കുന്നതാണ് ഈ നിയമം. 2014 ലെ റബർ ബോർഡ് കണക്കനുസരിച്ച് ഒരു കിലേയ്ക്ക് 172 രൂപയാണ് ഉൽപാദന ചെലവ്. ഡോ. സ്വാമിനാഥൻ കമീഷൻ റിപ്പോർട്ടനുസരിച്ച് താങ്ങുവില 250 രൂപ കിട്ടേണ്ടതാണെന്നും പ്രമേയം ചൂണ്ടിക്കാട്ടി. പ്രൊഫ. ആർ നരേന്ദ്രനാഥ് പ്രമേയം അവതരിപ്പിച്ചു.



## സിൽവർലൈൻ പദ്ധതി നടപ്പാക്കണം

**കോട്ടയം** :കേരളത്തിന്റെ ഭാവി വികസനത്തിന് നാഴികക്കല്ലാകുന്ന തിരുവനന്തപുരം- കാസർകോട് സിൽവർ ലൈൻ പദ്ധതി നടപ്പാക്കണമെന്ന് സിപിഐ എം ജില്ലാ സമ്മേളനം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. ബി ആനന്ദക്കുട്ടനാണ്പ്രമേയംഅവതരിപ്പിച്ചത്. കേരളത്തിന്റെ റെയിൽവേ വികസനം വേഗത്തിലാക്കാനാണ് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സംരംഭമായി കെ റെയിൽ രൂപീകരിച്ചത്. കേരളത്തിൽ നടപ്പാക്കുന്ന ഏറ്റവും പ്രധാനപ്പെട്ട റെയിൽ വികസനപദ്ധതികയാണ് സിൽവർലൈൻ. കേരളത്തിലെ നഗരങ്ങൾ പലതും ഗതാഗതക്കുരുക്കിലാണ്. റോഡ് വികസനം പലകാരണങ്ങളാലും തടസ്സപ്പെട്ടു. റെയിൽവേ വികസനം വേഗത്തിലുമല്ല. നിലവിലെ പാതയ്ക്ക് പകരം പുതിയ പാത നിർമിക്കുന്നതിലൂടെ നാലുമണിക്കൂർ കൊണ്ട് തലസ്ഥാനത്തുനിന്ന് കാസർകോട് എത്താനാവും. ദേശീയപാതകളിലെ തിരക്കും ഒഴിവാകും.

കേരളത്തിന്റെ അടുത്ത 50 വർഷത്തെ ഗതാഗത ആവശ്യങ്ങൾ നിറവേറ്റാൻ ഉതകുന്നതാണ് സിൽവർ ലൈൻ പദ്ധതി. നെൽവയലുകളും തണ്ണീർതടങ്ങളും സംരക്ഷിച്ച്, ജനസാന്ദ്രത കുറഞ്ഞ മേഖലയിലൂടെയാണ് കടന്നുപോകുന്നത്. കേരളത്തിന്റെ ടൂറിസത്തിനും വൻസാധ്യതയേകും. ചരക്കുഗതാഗതവും സാധ്യമാകും. നിരവധിപേർക്ക് തൊഴിലും ലഭിക്കും. ഭൂമി നൽകുന്നവർക്ക് അർഹതപ്പെട്ട നഷ്ടപരിഹാരവും പുനരധിവാസവും ഉറപ്പാക്കുമെന്ന് സംസ്ഥാന സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതിക്കെതിരെ യുഡിഎഫ്, ബിജെപി, ജമാഅത്ത് ഇസ്ലാമി കൂട്ടുകെട്ടിന് സങ്കുചിത രാഷ്ട്രീയ അജൻഡയുണ്ട്. കേരളത്തിന്റെ ഭാവിവികസനത്തെ തകർക്കുകയാണ് ലക്ഷ്യം. എൽഡിഎഫ് തുടർഭരണം ആരംഭിച്ചപ്പോൾ മുതൽ കോൺഗ്രസ്--ബിജെപി കൂട്ടുകെട്ട് സർക്കാരിനെ അസ്ഥിരപ്പെടുത്താൻ ശ്രമിക്കുന്നു.

## മല്ലയുദ്ധം കഥകളി അരങ്ങേറി

**കോട്ടയം** :സിപിഐ എം ജില്ലാ സമ്മേളനത്തിന്റെ ഭാഗമായി തിരുനക്കര പഴയ പൊലീസ് സ്റ്റേഷൻ മൈതാനിയിൽ മല്ലയുദ്ധം (കീചക വധം കഥ) കഥകളി അരങ്ങേറി. കോട്ടക്കൽ ദേവദാസ് മല്ലനായും കലാമണ്ഡലം ഹരി ആർ നായർ വലലനായും വേഷമിട്ടു. പാട്ട്- കലാമണ്ഡലം വിഷ്ണു, കലാമണ്ഡലം കൃഷ്ണകുമാർ. ചെണ്ട- കലാമണ്ഡലം വേണുമോഹൻ, കലാമണ്ഡലം രവിശങ്കർ. മദ്ദളം- ആർഎൽവി സുദേവ് വർമ്മ, കലാമണ്ഡലം ശ്രീഹരി. അണിയറ- പള്ളിപ്പുറം ഉണ്ണികൃഷ്ണൻ, ചേർത്തല ശ്രീരാജ്.

## അറിയിപ്പ്

### ലേലം

കെഡിഎച്ച് വില്ലേജിൽ ദേവികുളം ഫോറസ്റ്റ് ഓഫീസിൽ നിന്നും താലൂക്ക് ഓഫീസിലേക്കുള്ള റോഡിന് തെക്കുവശത്തായി അപകട ഭീഷണിയായി നിൽക്കുന്ന 10 ഗ്രാന്റീസ് മരങ്ങൾ മുറിച്ചിട്ടിരിക്കുന്നത് ജനുവരി 27 രാവിലെ 11 മണിക്ക് കെ ഡി എച്ച് വില്ലേജ് ഓഫീസിൽ വച്ച് ലേലം ചെയ്യുന്നു. ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ കെ.ഡി.എച്ച് വില്ലേജ് ഓഫീസിൽ ലഭ്യമാണ്. ഫോൺ- 04865 264231

### സ്കോളർഷിപ്പ്

സംസ്ഥാനത്തിന് പുറത്തെ ദേശീയ പ്രാധാന്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലോ ഐ.ഐ.ടി, ഐ.ഐ.എം, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് തുടങ്ങിയ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലോ മെറിറ്റ്/ റിസർവേഷൻ പ്രകാരം പ്രവേശനം ലഭിച്ച് ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് പഠിക്കുന്ന സംസ്ഥാനത്തെ ഒ.ഇ.സി വിഭാഗം വിദ്യാർഥികൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് നൽകുന്ന ഒ.ഇ.സി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു. ഠഠഠ.ലഴ്യമിധ.സല്യമഹമ.ഴീ.ശി മുഖേന ഓൺലൈനായി അപേക്ഷിക്കാം. വിശദാംശങ്ങൾ അടങ്ങിയ വിജ്ഞാപനം ഠഠഠ.യരററ.സല്യമഹമ.ഴീ.ശി ൽ ലഭ്യമാണ്. അവസാന തീയതി ഫെബ്രുവരി 20. കൂടുതൽ വിവരങ്ങൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ഓഫീസുകളിൽ ബന്ധപ്പെടണം. കൊല്ലം മേഖലാ ഓഫീസ്-0474 2914417, എറണാകുളം മേഖലാ ഓഫീസ്- 0484 2429130, കോഴിക്കോട് മേഖലാ ഓഫീസ്- 0495 2377786, പാലക്കാട് മേഖലാ ഓഫീസ്- 0491 2505663.

### താത്കാലിക പാനൽ

സർക്കാർ സ്വയംഭരണ സ്ഥാപനമായ സിഡിറ്റ് ഏറ്റെടുത്തു നടപ്പാക്കി വരുന്ന ഡിജിറ്റൈസേഷൻ പ്രോജക്ടുകളുടെ സ്കാനിംഗ് ജോലികൾ നിർവ്വഹിക്കുന്നതിന് നിശ്ചിത യോഗ്യത ഉള്ളവരെ ജില്ലാടിസ്ഥാനത്തിൽ താത്ക്കാലികമായി പരിഗണിക്കുന്നതിനായി സ്കാനിങ് അസിസ്റ്റന്റുമാരുടെ പാനൽ തയ്യാറാക്കുന്നു. അപേക്ഷകർ പത്താം ക്ലാസ് വിജയിച്ചിരിക്കണം. കമ്പ്യൂട്ടർ പരിജ്ഞാനം നിർബന്ധം. പകൽ രാത്രി ഷിഫ്റ്റ് അടിസ്ഥാനത്തിൽ ജോലി ചെയ്യാൻ തയ്യാറുള്ളവർക്കു മുൻഗണന. പൂർത്തീകരിക്കുന്ന ജോലിക്ക് അനുസൃതമായായിരിക്കും പ്രതിഫലം. താത്പര്യമുള്ളവർ സിഡിറ്റിന്റെ ഔദ്യോഗിക വെബ്സൈറ്റ് ആയ www.cdit.org ൽ ജനുവരി 17ന് വൈകിട്ട് അഞ്ചിനകം ഓൺലൈനായി രജിസ്റ്റർ ചെയ്തു ബയോഡാറ്റയും യോഗ്യതകൾ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളും മാർക്ക് ലിസ്റ്റും അപ്‌ലോഡ് ചെയ്യണം. പി.എൻ.എക്സ്.

### അപേക്ഷ ക്ഷണിച്ചു

സംസ്ഥാന സർക്കാർ വനിതാ ശാക്തീകരണം, പട്ടികജാതി/ പട്ടികവർഗ്ഗ ക്ഷേമം എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ട് 2021-22 സാമ്പത്തിക വർഷത്തിൽ വനിതകളുടെ സംവിധാനത്തിൽ രണ്ട് ഫീച്ചർ ഫിലിമും, പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വ്യക്തികളുടെ സംവിധാനത്തിൽ രണ്ട് ഫീച്ചർ ഫിലിമും നിർമ്മിക്കുന്നു. കെ.എസ്.എഫ്.ഡി.സിക്കാണ് നിർമ്മാണ ചുമതല. സിനിമ സംവിധാനം ചെയ്യാൻ ആഗ്രഹിക്കുന്നവർ ജനുവരി 17ന് വൈകുന്നേരം അഞ്ച് മണിക്ക് മുമ്പ് കെ.എസ്.എഫ്.ഡി.സിയിൽ പ്രൊപ്പോസൽ സമർപ്പിക്കണം. ഇതിനകം പ്രൊപ്പോസൽ സമർപ്പിച്ചവർ വീണ്ടും പ്രൊപ്പോസൽ നൽകേണ്ടതില്ല. കൂടുതൽ വിവരങ്ങൾക്ക്: www.ksfdc.in.



# ദ്രാവിഡ നാടിനെ ആവേശത്തിലാഴ്ത്തി ആവണിയാപുരം ജെല്ലിക്കെട്ട്

**മറയൂർ:** കോവിഡിൻറെ പുതിയ വകഭേദമായ ഒമിക്രോൺ വ്യാപന ഭീതിയൊന്നും തമിഴ്നാടിൻറെ വീരവിളയാട്ടിൻറെ ആവേശത്തെ തണുപ്പിച്ചില്ല. ദ്രാവിഡ നാടിൻറെ ദേശീയ ഉത്സവമായ തൈപൊങ്കലിനോട് അനുബന്ധിച്ച് മാർഗളി മാസം (മകരം) തമിഴ്നാട്ടിലെ നൂറുകണക്കിന് ഗ്രാമങ്ങളിൽ ജല്ലിക്കെട്ട് നടക്കാറുണ്ട്. ഏറ്റവും പ്രശസ്തമായത് മധുര ജില്ലയിലെ അലങ്കാനല്ലൂർ , ആവണിയാപുരം, കോയമ്പത്തൂർ ജില്ലയിലെ പീലമേട് ജല്ലിക്കെട്ടുമാണ്.ഇതിൽ ആവണിയാപുരം ജല്ലിക്കെട്ടാണ തൈപൊങ്കൽ ദിവസം നടന്നത്. ഒമിക്രോണിനെ തുടർന്ന് കോടതി നിർദ്ദേശ പ്രകാരം കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. തുറന്നു വിടുന്ന കാളകളെ പിടികൂടുന്നതിനായി ഒരുസംഘത്തിൽ മുപ്പത് പേർക്ക് മാത്രമാണ് അനുവാദം നൽകിയത്. രണ്ട് ഡോസ് വാക്സിൻ എടുത്തവർ മാത്രമാണ് മത്സരത്തിൽ പങ്കെടുത്തത്. ഓൺലൈൻ മുഖേനയാണ് രജിസ്ട്രേഷൻ നടപടികൾ നടത്തിയത്. 4554 കാളകളെ പങ്കെടുപ്പിക്കുവാനായി അപേക്ഷ നൽകിയെങ്കിലും ആവണിയാപുരം ജല്ലിക്കെട്ടിൽ 652 കാളകളെയാണ് പങ്കെടുപ്പിക്കുവാൻ അനുവദിച്ചത്. കാളകളെ പിടിക്കുന്നതിനായി 2001 പേർ രജിസ്റ്റർ ചെയ്തിരുന്നെങ്കിലും 294 പേർക്കാണ് അനുമതി ലഭിച്ചത് . രാവിലെ 7.30 പൊങ്കൽ ഇട്ട് ആരംഭിച്ച ജല്ലിക്കെട്ട് തമിഴ്നാട് രജിസ്ട്രേഷൻ വകുപ്പ് മന്ത്രി പി. മൂർത്തി, ധനവകുപ്പ് മന്ത്രി പി. ടി. ആർ. പളനിവേൽ ത്യാഗരാജൻ എന്നിവർ ഉദ്ഘാടനം ചെയ്തു. ജല്ലിക്കെട്ട് നടക്കുന്ന ആവണിയാപുരം ഗ്രാമത്തിൽ 2000 പൊലീസുകാരെയാണ് വിന്യസിച്ചത്. ഫയർ ഫോഴ്സ്, 108 ആംബുലൻസ്, പരിക്കേൽക്കുന്ന കാളകൾക്ക് പരിചരണം നൽക്കുന്നതിനും മൃഗസംരക്ഷണ വകുപ്പിൻറെ നേതൃത്വത്തിലുള്ള മെഡിക്കൽ സംഘത്തെയും സജ്ജീകരിച്ചിരുന്നു.മത്സരത്തിൽ 652 കാളകളും ഇവയെ പിടികൂടുന്നതിനായി പത്ത് ഗ്രാമങ്ങളിൽ നിന്നുള്ള 294 പേർ പങ്കെടുത്തു. കോടതി നിർദ്ദേശമുള്ളതിനാൽ വൈകുന്നേരം നാലിനു മുൻപ മത്സരങ്ങൾ അവസാനിപ്പിച്ചു. മൽസരത്തിൽ 80 കാളപിടുത്തക്കാർക്ക് പരിക്കേറ്റതിൽ മൂന്ന് പേർക്ക് സാരമായ പരിക്കാണ്. മത്സരത്തിൽ പങ്കെടുത്ത് 24 കാങ്കയം കാളകളെ പിടികൂടിയ ആവണിയാപുരം സ്വദേശി കാർത്തിക് ഒന്നാം സമ്മാനം നേടി .19 കാളകളെ കീഴടക്കിയ വലയംകുളം സ്വദേശി മുരുകൻ രണ്ടാം സ്ഥാനത്തിനും 11 കാളകളെ പിടിച്ചു നിർത്തിയ വാളയംകുടി സ്വദേശി ഭരത് മൂന്നാം സ്ഥാനത്തിനും അർഹനായി. മത്സരത്തിൽ ആർകും കീഴടക്കാനോ തൊടാനോ സാധിക്കാതിരുന്ന മന്നപ്പാറ സ്വദേശി ദൈവസഹായത്തിൻറെ കാള ഒന്നാം സ്ഥാനവും ആവണിയാപുരം സ്വദേശികളായ രാമുവിൻറെയും പാർത്ഥിപൻറെയും കാളകൾ രണ്ടും മൂന്നും സ്ഥാനങ്ങളും നേടി. ഒന്നാം സ്ഥാനത്ത് എത്തിയ ജല്ലിക്കട്ട് കാളയുടെ ഉടമസ്ഥന് തമിഴ്നാട് മുഖ്യമന്ത്രി എം. കെ. സ്റ്റാലിൻ നിസാൻ ഡട്സൺ കാർ സമ്മാനമായി നൽകി.

# പി.എം.ജി.എസ്.വൈ,രണ്ടു റോഡുകൾക്ക് കൂടി 6.75 കോടിയുടെ കേന്ദ്രാനുമതി

**തൊടുപുഴ:** പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന (പി.എം.ജി.എസ്.വൈ) പദ്ധതിയിൽ അന്തിമ അനുമതിക്കായി കേന്ദ്രത്തിന് സമർപ്പിച്ചിരുന്നതും കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന്റെ പുതിയ നിബന്ധനകൾ മൂലം അനുമതി തടസപ്പെട്ടിരുന്ന 4 റോഡുകളിൽ രണ്ടെണ്ണത്തിനു കേന്ദ്രാനുമതി ലഭിച്ചു.അഴുത ബ്ലോക്കിൽ വരുന്ന പോലീസ് സ്റ്റേഷൻ -പരുന്തുംപാറ റോഡിന് (2.7 കിലോമീറ്റർ) 2.43 കോടി രൂപയും, നെടുംങ്കണ്ടം ബ്ലോക്കിലെ ഇടമറ്റം ട്രാൻസ്ഫോമർപടി-പച്ചോലിപ്പടി-രാജകുമാരി റോഡ് റോഡിന് 5.462 കി.മി 4.31 കോടി രൂപയും അനുവദിച്ചതായി ഡീൻ കുര്യാക്കോസ് എം.പി. അറിയിച്ചു. ഈ റോഡുകളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചതായും ഇതോടൊപ്പം അനുമതിക്കായി സമർപ്പിച്ചിട്ടുള്ള മറ്റ് രണ്ടു റോഡുകളുടെ കൂടി അനുമതി ഉടൻ ലഭിക്കുമെന്നും എം.പി പറഞ്ഞു. കേന്ദ്ര ഗ്രാമവികസന മന്ത്രാലയവുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നതായും എം.പി പറഞ്ഞു. പി.എം.ജി.എസ്.വൈ, മൂന്നാം പാദത്തിൽ നിബന്ധനകൾ പാലിച്ചുകൊണ്ട് സമർപ്പിച്ച 116.117 കിലോമീറ്റർ റോഡുകളുടെ പദ്ധതി രേഖയിൽ കെ.എസ്.ആർ.ആർ.ഡി.എ അംഗീകാരം നൽകിയ 68.975 കിലോമീറ്റർ നീളം വരുന്ന 10 റോഡുകളിൽ 8 എണ്ണത്തിന് അന്തിമ അനുമതി ലഭിച്ചിട്ടുണ്ട്.37.5 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ടെൻഡർ നടപടികൾ പൂർത്തിയായ റോഡുകളുടെ നിർമാണം ഉടൻ ആരംഭിക്കുന്നതാണെന്നും അനുമതി ലഭിക്കാനുള്ള റോഡുകളുടെ കാര്യത്തിൽ നിരന്തര ഇടപെടലുകൾ നടത്തി വരുന്നതായും എം.പി പറഞ്ഞു. മൃഗാശുപത്രികളിൽ ഡോക്ടർമാരില്ല നടപടി വേണമെന്ന് പി.സി. തോമസ്കേരളത്തിലെ പല സർക്കാർ മൃഗാശുപത്രികളിലും ഡോക്ടർമാർ ഇല്ലാത്തതിനാൽ ക്ഷീരകർഷകർ ഏറെ ബുദ്ധിമുട്ടിലാണെന്നും അതിന് അടിയന്തരമായി പരിഹാരം ഉണ്ടാക്കുവാൻ കേരള സർക്കാർ തയാറാകണമെന്നും കേരള കോൺഗ്രസ് വർക്കിങ് ചെയർമാനും മുൻ കേന്ദ്ര മന്ത്രിയുമായ പി.സി.തോമസ് ആവശ്യപ്പെട്ടു.ഇടുക്കി ജില്ലയിലെ അടിമാലിയിലും വണ്ടിപ്പെരിയാറിലും, ഉള്ള സർക്കാർ മൃഗാശുപത്രികളിൽ ഡോക്ടർമാരെ വയ്ക്കാത്തതിനെതിരേ നാട്ടുകാർ ശക്തമായ നീക്കം നടത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ അടിയന്തരമായി നടപടി സ്വീകരിക്കുമെന്നു പറഞ്ഞുവെങ്കിലും ഒരു നടപടിയും ഉണ്ടായിട്ടില്ല.അവിടെ മാത്രമല്ല കേരളത്തിൽ മറ്റു പല മൃഗാശുപത്രികളിലും സ്ഥിതി വിഭിന്നമല്ല. മൃഗ ഡോക്ടർമാർ ഇല്ലാത്തതിനാൽ വലിയ ബുദ്ധിമുട്ട് കർഷകരും സാധാരണക്കാരും അനുഭവിക്കുന്നുണ്ട്. പ്രത്യേകിച്ച് ക്ഷീരകർഷകർ. ഇക്കാര്യത്തിൽ അടിയന്തരമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രിക്ക് പി.സി തോമസ് ഇമെയിൽ സന്ദേശം അയച്ചു.ജില്ലാ ക്ഷീര കർഷക സംഗമം തിങ്കളാഴ്ച ഇടുക്കി ബ്ലോക്കിലെ പാണ്ടിപ്പാറ സെന്റ് ജോസഫ് പാരിഷ് ഹാളിൽ നടത്തുമെന്ന് ഭാരവാഹികൾ പത്രസമ്മേളനത്തിൽ അറിയിച്ചു. രാവിലെ 10ന് നടക്കുന്ന സ്വാഗത സമ്മേളനം മിൽമാ ചെയർമാൻ ജോൺ തെരുവത്ത് ഉദ്ഘാടനം ചെയ്യും. അതിനുശേഷം ക്ഷീരകർഷകർക്കായി ബാങ്കുകളുടെ വിവിധ വായ്പാ പദ്ധതികളെക്കുറിച്ച് സെമിനാറും ഡയറി ക്വിസും നടത്തും. ഉച്ചയ്ക്ക് 12ന് നടക്കുന്ന സമ്മേളനത്തിന്റെ ഉദ്ഘാടനവും പാണ്ടിപ്പാറ ക്ഷീരസഹകരണ സംഘത്തിനായി നിർമിച്ച പുതിയ ഓഫീസ് മന്ദിരത്തിന്റെ ഉദ്ഘാടനവും സംസ്ഥാന ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ നിർവഹിക്കും. എം.എം. മണി എം.എൽ.എ. അധ്യക്ഷത വഹിക്കും. അഡ്വ. ഡീൻ കുര്യാക്കോസ് എം.പി. മുഖ്യ പ്രഭാഷണം നടത്തും. എം.എൽ.എ. മാരായ പി.ജെ. ജോസഫ്, വാഴൂർ സോമൻ, അഡ്വ. എ. രാജാ എന്നിവർ മികച്ച ക്ഷീരകർഷകരെ ആദരിക്കും.ക്ഷീരസഹകരണസംഘം പ്രസിഡന്റായി 25 വർഷം പൂർത്തിയാക്കിയവരെ ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജിജി കെ. ഫിലിപ്പ് ആദരിക്കും. ക്ഷീരമേഖലയ്ക്ക് വികസന ഫണ്ടിന്റെ കൂടുതൽ വിഹിതം നീക്കി വെച്ച ബ്ലോക്ക് പഞ്ചായത്തിനെ ക്ഷീരവികസന വകുപ്പ് ഡയറക്ടർ വി.പി. സുരേഷ്കുമാറും ഗ്രാമപഞ്ചായത്തിനെ ജില്ലാ ആസൂത്രണ സമിതി ഉപാദ്ധ്യക്ഷൻ സി.വി. വർഗീസും ആദരിക്കും. ജില്ലയിൽ ഏറ്റവും കൂടുതൽ പാൽ സംഭരിക്കുന്ന സംഘത്തിനുള്ള അവാർഡ് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഉഷാകുമാരി മോഹൻകുമാർ കൈമാറും.ക്ഷീരമേഖലയിൽ നിന്നും ത്രിതല പഞ്ചായത്തിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെ കാർഷിക കടാശ്വാസ കമ്മിഷൻ അംഗം ജോസ് പാലത്തിനാൽ ആദരിക്കും. ക്ഷീരമേഖലയുമായി ബന്ധപ്പെട്ട വിവിധ ചർച്ചകളും കോവിഡ് മാനദണ്ഡപ്രകാരം സംഘടിപ്പിക്കുന്ന സംഗമത്തിൽ നടത്തുമെന്നും ഭാരവാഹികൾ പറഞ്ഞു. പത്രസമ്മേളനത്തിൽ സ്വാഗത സംഘം ചെയർമാൻ സോണി ചൊള്ളാമഠം, കൺവീനറും ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുമായ മിനി തോമസ്, സണ്ണി തെങ്ങുംപള്ളിൽ, പോൾ മാത്യു, കെ.പി.ബേബി, ബെന്നറ്റ് പഴിയാക്കൽ, വി.വി.കുഞ്ഞൂട്ടി, എം.എൽ.ജോർജ് തുടങ്ങിയവർ പങ്കെടുത്തു.

# സ്ത്രീധന മുകത് കേരളത്തിനായി വനിതാ കമ്മിഷൻ ക്യാമ്പയിൻ


**ഇടുക്കി:** സ്ത്രീധനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വർധിച്ചു വരുന്ന സാഹചര്യത്തിൽ യുവജനങ്ങളുടെയിടയിൽ അവബോധം വളർത്തുന്നതിന് സ്ത്രീധന മുക്ത കേരളം എന്ന സന്ദേശമുയർത്തി ക്യാമ്പസുകളിലൂടെ ക്യാമ്പയിനുമായി വനിതാ കമ്മിഷൻ.ഇതിന്റെ ഭാഗമായി മറയൂർ ഐ.എച്ച്.ആർ.ഡി. കോളജിൽ സെമിനാർ നടത്തി. വരും ദിവസങ്ങളിൽ ബാക്കിയുള്ള കോളജുകളിലും നടത്തുമെന്ന് കമ്മിഷൻ അംഗം ഷാഹിദ കമാൽ പറഞ്ഞു.കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടത്തിയ സിറ്റിങ്ങിന് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അവർ. സിറ്റിങ്ങിൽ 70 പരാതികൾ പരിഗണിച്ചു.എന്നാൽ ജില്ലയിലെ പ്രാദേശിക അവധിയെ തുടർന്ന് 40 കേസുകളായി ബന്ധപ്പെട്ട ആളുകളാണ് എത്തിയത്. ഇതിൽ 10 പരാതികൾ തീർപ്പാക്കുകയും, 6 കേസ് വിവിധ വകുപ്പുകളിലേക്ക് അന്വേഷണ റിപ്പോർട്ടിനായി കൈമാറി.കഴിഞ്ഞ സിറ്റിങ്ങിൽ വരാൻ സാധിക്കാത്തതും വീണ്ടും പരിഗണിക്കേണ്ടതുമായ 54 കേസുകൾ അടുത്ത ഹിയറിംങ്ങിലേക്ക് മാറ്റി. ആകെയുള്ള 70 കേസുകളിൽ 20 എണ്ണം പുതിയതായി ലഭിച്ചവയാണ്.വസ്തു സംബന്ധമായ പ്രശ്നങ്ങൾ /പരാതികൾ, മദ്യപിച്ചു വന്നിട്ട് അയൽവാസികൾ തമ്മിലും കുടുംബത്തിലും പ്രശ്നങ്ങളും തർക്കങ്ങളും തുടങ്ങിയ പരാതികളാണ് സിറ്റിങ്ങിൽ വന്നത്.മദ്യപാനവുമായി ബന്ധപ്പെട്ട നിരവധി പരാതികൾ കമ്മീഷന് ലഭിക്കുന്നുണ്ട്. മദ്യത്തിനും മയക്കുമരുന്നിനും എതിരായ ക്യാമ്ബയിനുകൾ കമ്മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നുണ്ടെന്നും ഷാഹിദ കമാൽ പറഞ്ഞു.

# പരുന്തുംപാറയിൽ ഭക്തരുടെ തിരക്ക്

**പീരുമേട്:** ശബരിമല മകരവിളക്ക് ദർശനത്തിന് പരുന്തുംപാറയിൽ അയ്യപ്പ ഭക്തരുടെ തിരക്ക്. പീരുമേട് പഞ്ചായത്തിന്റെ നേതൃത്വത്തിൽ പ്രദേശത്ത് വലിയ സുരക്ഷ ഏർപ്പെടുത്തിയിരുന്നു.തമിഴ്നാട്, ആന്ധ്രപ്രദേശ്, കർണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നുമുള്ള ഭക്തരാണ് ഇന്നലെ കൂടുതലായും എത്തിയത്.മകരവിളക്കിനോടനുബന്ധിച്ച് ഒരാഴ്ച മുമ്ബുതന്നെ പീരുമേട് പഞ്ചായത്തിന്റെ നേതൃത്വത്തിൽ കല്ലാർകവല മുതൽ പരുന്തുംപാറ വരെയുള്ള ഭാഗത്ത് വെളിച്ചവും അനൗൺസ്മെന്റ് സൗകര്യവും ഒരുക്കിയിരുന്നു. പോലീസ്, ഫയർഫോഴ്സ്, ആരോഗ്യവകുപ്പ് എന്നിവരും പ്രദേശത്ത് സേവനമൊരുക്കി. ജില്ലാ കലക്ടറുടെ നിർദേശ പ്രകാരം എൽ.ഇ.ഡി സംവിധാനത്തിലൂടെ വിളക്ക് കാണിക്കുന്നതിനുള്ള സൗകര്യവും ഒരുക്കിയിരുന്നു.

# ആശുപത്രി മുറിയിൽ അനാശാസ്യം; പരാതി നൽകാതെ അധികൃതർ

**തൊടുപുഴ:** ജില്ലയിലെ ഒരു സർക്കാർ ആശുപത്രിയിലെ മുറിയിൽ അനാശാസ്യം നടത്തിയ സംഭവത്തിൽ താൽക്കാലിക ജീവനക്കാരനും സ്ത്രീയും പോലീസ് പിടിയിലായി.ആശുപത്രിയിൽ ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നയാളും വനിതാ സുഹൃത്തുമാണ് പിടിയിലായത്.എന്നാൽ ആശുപത്രിയുമായി ബന്ധപ്പെട്ട് ഉത്തരവാദിത്വപ്പെട്ടവരിൽ നിന്നും പരാതി ലഭിക്കാത്തതിനാൽ ഇരുവരെയും പോലീസ് വിട്ടയച്ചു.സംഭവത്തിൽ ആശുപത്രിക്കെതിരെയും പോലീസിനെതിരെയും പ്രതിഷേധമുയർന്നു. മാസങ്ങളായി നടക്കുന്ന അനാശാസ്യ ഇടപാടുകളെക്കുറിച്ച് ആശുപത്രിയിലെ ഒരു വിഭാഗം ജീവനക്കാരിൽ നിന്ന് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിലാണ് ഇന്നലെ രാവിലെ പോലീസ് സ്ഥലത്തെത്തിയത്. ഇരുവരെയും പോലീസ് തടഞ്ഞ് നിർത്തി വിവരങ്ങൾ ശേഖരിച്ചു. സ്ത്രീയെ അവിടെ നിന്ന് തന്നെ വിട്ടയച്ചു. താൽകാലിക ജീവനക്കാരനെ പോലീസ് വാഹനത്തിൽ സ്റ്റേഷനിലെത്തിച്ചു. ഇയാൾ മദ്യപിച്ചിട്ടുണ്ടെന്ന സംശയത്താൽ പോലീസ് വൈദ്യ പരിശോധന നടത്തി. എന്നാൽ ആശുപത്രി അധികൃതരിൽ നിന്നും രേഖാ മൂലം പരാതി ലഭിക്കാത്തതിനാൽ ഇയാളെയും പിന്നീട് പോലീസ് വിട്ടയച്ചു. കേസെടുത്തിട്ടില്ലെന്ന് പോലീസ് പറഞ്ഞു.എന്നാൽ പൊതുസ്ഥലം അനാശാസ്യ പ്രവർത്തനത്തിന് ഉപയോഗിച്ചയാളെ പോലീസ് പിടികൂടിയ ശേഷം വിട്ടയച്ചതിനെതിരെ വ്യാപകമായി പ്രതിഷേധം ഉയർന്നു. ഈ സംഭവത്തിൽ പരാതി നൽകാത്ത ആശുപത്രി അധികൃതർക്കെതിരെയും പ്രതിഷേധമുണ്ട്.ഒന്നിലേറെ മുറികൾ കൈവശപ്പെടുത്തിവച്ചിരിക്കുന്നത് ഉൾപ്പെടെ ഇയാൾക്കെതിരെ മറ്റ് ആരോപണങ്ങളും ഉയർന്നിട്ടുണ്ട്.പത്ത് മാസം മുമ്ബും സമാന പരാതി ഉയർന്നതിനെ തുടർന്ന് ഇയാളെ ജോലിയിൽ നിന്ന് നീക്കണമെന്ന് ആശുപത്രി വികസന സമിതി ആവശ്യപ്പെട്ടിരുന്നെങ്കിലും ഉന്നതതല സമ്മർദത്താൽ നടപടിയുണ്ടായില്ല. സംഭവത്തിൽ വകുപ്പ് മന്ത്രിക്കു പരാതി നൽകാൻ ഒരുങ്ങുകയാണു നാട്ടുകാർ.



# കുരുന്പുപാടം–കോട്ടറോഡ് കാത്തിരിപ്പ് ഇനിയും നീളുമോ

**കരിമണ്ണൂർ:** നാളുകളായി തകർന്നുകിടക്കുന്ന കുരുന്പുപാടം - കോട്ടറോഡ് പുനരുദ്ധരിക്കാൻ നടപടി സ്വീകരിക്കാത്തതിൽ പ്രതിഷേധമുയരുന്നു. തൊടുപുഴ-ചീനിക്കുഴി പ്രധാന റോഡും മൂവാറ്റുപുഴ-തേനി സംസ്ഥാന പാതയായ കോട്ടറോഡും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരുകിലോമീറ്ററോളം ദൂരം വരുന്ന റോഡാണ് തകർന്നുകിടക്കുന്നത്. ടാറിംഗ് ഇളകി വൻഗർത്തം രൂപപ്പെട്ട റോഡിലൂടെ ഇരുചക്രവാഹനങ്ങൾക്കു പോലും സഞ്ചരിക്കാനാകാത്ത സ്ഥിതിയാണ് നിലവിൽ. സമീപനാളിൽ വൈദ്യുതി കേബിൾ സ്ഥാപിക്കുന്നതിനായി റോഡിൻറെ ഒരുഭാഗം വെട്ടിപ്പൊളിച്ചതോടെ റോഡിൻറെ തകർച്ച പൂർണമായി. റീ ടാറിംഗ് നടത്തുന്നതിനായി ജില്ലാ പഞ്ചായത്തിൽ നിന്നു പത്തുലക്ഷം രൂപ അനുവദിച്ചിരുന്നെങ്കിലും തുക കുറവാണെന്ന കാരണത്താൽ ജോലി ഏറ്റെടുക്കാൻ കരാറുകാർ ആരും തയാറാകാതെ വന്നതോടെ യാത്രക്കാരുടെ ദുരിതം വർധിച്ചിരിക്കുകയാണ്. നേരത്തെ രണ്ടുതവണ റോഡ് റീ ടാറിംഗ് നടത്തിയിരുന്നെങ്കിലും ചുരുങ്ങിയ നാളുകൾക്കുള്ളിൽ വീണ്ടും തകർന്നത് ആക്ഷേപത്തിന് ഇടയാക്കിയിരുന്നു. ദ്യുതി കേബിൾ സ്ഥാപിക്കുന്നതിനായി വെട്ടിപ്പൊളിച്ച ഭാഗം റീടാറിംഗ് നടത്താൻ വൈദ്യുതി ബോർഡ് രണ്ടുലക്ഷം രൂപ പഞ്ചായത്തിൽ അടച്ചിരുന്നു. ഈ തുകയും ജില്ലാപഞ്ചായത്തിൽ നിന്നു കൂടുതൽ തുകയും അനുവദിച്ചെങ്കിൽ മാത്രമേ റീടാറിംഗ് നടത്താനാകൂ. ഇക്കാര്യത്തിൽ അടിയന്തര നടപടിയുണ്ടാകണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു.

# നമ്പർ പ്ലേറ്റും രേഖകളുമില്ലാത്ത വാഹനത്തിൽ പാചകവാതക വിതരണം

**വണ്ടിപെരിയാർ:** നമ്പർപ്ലേറ്റും മതിയായ രേഖകളുമില്ലാതെ പാചകവാതക വിതരണം നടത്തിയ പിക്അപ് വാഹനം പോലീസ് പിടികൂടി.വണ്ടിപ്പെരിയാർ പ്രദേശത്താണ് ഇന്നലെ വാഹനം പാചക വാതക വിതരണത്തിനെത്തിയത്. പാചകവാതകം വിതരണം ചെയ്യുന്ന വാഹനത്തിനും ജീവനക്കാർക്കും എക്സ്പ്ലോസിവ് ലൈസൻസ് വേണമെന്ന നിബന്ധന ഉള്ളപ്പോഴാണ് നിയമവിരുദ്ധമായി എൽ.പി.ജി വിതരണം നടത്തിയത്.പാചകവാതക ജീവനക്കാർക്ക് കമ്ബനി നിഷ്കർക്കുന്ന യൂണിഫോം വേണമെന്ന നിബന്ധനയും പാലിച്ചിരുന്നില്ല. വാഹനത്തിന് നികുതി അടച്ചിട്ടില്ലെന്നും മലിനീകരണ സർട്ടിഫിക്കറ്റ് കാലാവധി കഴിഞ്ഞതായും പോലീസ് വൃത്തങ്ങൾ പറഞ്ഞു. വാഹനത്തിന് പിഴയീടാക്കിയ ശേഷം വിട്ടയച്ചു.

## അറിയിപ്പ്



### അപേക്ഷ ക്ഷണിച്ചു

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ കർഷക തൊഴിലാളികളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസ ധനസഹായത്തിനുള്ള അപേക്ഷ ക്ഷണിച്ചു. കുട്ടികൾ കേരളത്തിനകത്തുള്ള സർക്കാർ / എയ്ഡഡ് കോളേജുകളിൽ പഠിച്ചവരായിരിക്കണം. വിവിധ പരീക്ഷകളിൽ നിശ്ചിത ശതമാനത്തിൽ കുറയാതെ മാർക്ക് നേടിയ വിദ്യാർഥികളുടെ മാതാപിതാക്കളിൽ നിന്നും നിശ്ചിത ഫോറത്തിലുള്ള അപേക്ഷ തിരുവനന്തപുരം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽ ജിനുവരി 10ന് വൈകിട്ട് അഞ്ചു വരെ സ്വീകരിക്കും. അപേക്ഷയോടൊപ്പം മാർക്ക് ലിസ്റ്റിന്റെ പകർപ്പ്, സർട്ടിഫിക്കറ്റ് (പ്രൊഫഷണൽ/ ഒറിജിനൽ പകർപ്പ്) സ്വയം സാക്ഷ്യപ്പെടുത്തിയ അംഗത്വ പാസ് ബുക്കിന്റെ പകർപ്പ്, ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ്, റേഷൻ കാർഡിന്റെ പകർപ്പ്, കർഷക തൊഴിലാളിയാണെന്ന് തെളിയിക്കുന്ന യൂണിയന്റെ സാക്ഷ്യപത്രം എന്നിവയും സമർപ്പിക്കണം. പരീക്ഷാ തീയതിക്ക് തൊട്ടു മുമ്പുള്ള മാസത്തിൽ അംഗം 12 മാസത്തെ അംഗത്വം പൂർത്തീകരിച്ചിരിക്കണം. പരീക്ഷാ തീയതിയിൽ 24 മാസത്തിൽ കൂടുതൽ കുടിശ്ശിക ഉണ്ടാകാൻ പാടില്ല. വിശദവിവരങ്ങൾക്ക്: 0471-2729175.

### ജോലി ഒഴിവ്

**കൊച്ചി:** എറണാകുളം ജില്ലയിലെ ഒരു കേന്ദ്ര സർക്കാർ സ്ഥാപനത്തിൽ ടെലിഫോൺ ഓപ്പറേറ്റർ / സിഗ്നല്ലെർ കം വി എച്ച് എഫ് ഓപ്പറേറ്റർ തസ്തികയിലേക്ക് തുറന്ന വിഭാഗത്തിനായി (കരാർ വ്യവസ്ഥയിൽ)ഒരു ഒഴിവു നിലവിലുണ്ട്. നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ, എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളും സഹിതം ജനുവരി 20-ന് മുമ്പ് അതത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യണം. പ്രായപരിധി 2022 ജനുവരി 31 നു 18-35 നിയമാനുസൃത വയസ്സിളവ് ബാധകം. വിദ്യാഭ്യാസ യോഗ്യത 12-ാം ക്ലാസ്. അല്ലെങ്കിൽ തത്തുല്യം. 2) ഏങ്ങളട്ട ഉണ്ടായിരിക്കണംഗവ. കമ്മ്യൂണിക്കേഷൻ ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം നൽകിയ സർട്ടിഫിക്കറ്റ്. 3) കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ ഡിപ്ലോമ പാസ്സായിരിക്കണം. ഇംഗ്ലീഷും ഹിന്ദിയും എഴുതുന്നതിനും സംസാരിക്കുന്നതിനുമുള്ള കഴിവ്. ഞഛഉ, അഞ്ഞജഅ, (ഉഏ അംഗീകൃത) കോഴ്സുകൾ എന്നിവയ്ക്ക് വിധേയരായവർക്ക് മുൻഗണന നൽകും.

### അദാലത്ത്

കൊച്ചി: 1986 മുതൽ 2017 മാർച്ച് 31 വരെയുള്ള കാലയളവിൽ വില കുറച്ച് ആധാരം രജിസ്റ്റർ ചെയ്തതിനെ തുടർന്ന് അണ്ടർ വാല്യുവേഷൻ നടപടി നേരിടുന്നവർക്കായി ജനുവരി 14, 21, 28 തീയതികളിൽ രാവിലെ 10 മുതൽ അഞ്ചു വരെ എറണാകുളം സബ് രജിസ്ട്രാർ ഓഫീസിൽ അദാലത്ത് നടത്തുന്നു. കുറവ് രജിസ്ട്രേഷൻ ഫീസ് പൂർണമായി ഒഴിവാക്കിയിരിക്കുന്നു. കുറവ് മുദ്രയുടെ 30 ശതമാനം അടച്ച് ജപ്തി നടപടികളിൽ നിന്ന് ഒഴിവാകാവുന്നതാണ്. പദ്ധതിയുടെ കാലാവധി മാർച്ച് 31 ന് അവസാനിക്കും.

### ഒഴിവ്

കൊച്ചി: എറണാകുളം നെട്ടൂരിൽ പ്രവർത്തിക്കുന്ന മരട് ഗവ ഐടിഐ യിൽ വെൽഡർ ട്രേഡിൽ ഗസ്റ്റ് ഇൻസ്ട്രക്ടറുടെ ഒരു ഒഴിവുണ്ട്. മെക്കാനിക്കൽ/പ്രൊഡക്ഷൻ എഞ്ചിനീയറിംഗ് ഡിഗ്രി. ഒരു വർഷത്തെ പ്രവൃത്തി പരിചയം അല്ലെങ്കിൽ മെക്കാനിക്കൽ ഡിപ്ലോമയും രണ്ട് വർഷത്തെ പ്രവൃത്തി പരിചയം. അല്ലെങ്കിൽ വെൽഡർ ട്രേഡിൽ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് നേടിയ ശേഷം മൂന്ന് വർഷത്തെ പ്രവൃത്തി പരിചയം അഥവാ എൻഎസി യും മൂന്ന് വർഷത്തെ പ്രവൃത്തി പരിചയം എന്നിവയാണ് അടിസ്ഥാന യോഗ്യത. ഉദ്യോഗാർഥികൾ ജനുവരി 17 ന് രാവിലെ 10.30 ന് നെട്ടൂരിൽ പ്രവർത്തിക്കുന്ന മരട് ഗവ ഐടിഐ ഓഫീസിൽ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ഇന്റർവ്യൂവിന് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0484-2700142.



# ടിപിആർ 30 കടന്നു ; രോഗികൾ മൂവായിരത്തിലേറെ; സംസ്ഥാനത്ത് രണ്ടാമത്

**കൊച്ചി :** ജില്ലയിൽ കോവിഡ് ബാധിതരുടെ ദിവസേനയുള്ള കണക്ക് 3000 കടന്നു. വെള്ളിയാഴ്ച 3198 പേർക്ക് കോവിഡ് സ്ഥിരീകരിച്ചു. സംസ്ഥാനത്തെ ഏറ്റവും ഉയർന്ന രണ്ടാമത്തെ ദിവസേനയുള്ള കണക്കാണിത്. 976 പേർ രോഗമുക്തരായി. കോവിഡ് സ്ഥിരീകരണ നിരക്ക് 30.84 ആയി ഉയർന്നു. ആരോ?ഗ്യപ്രവർത്തകനും സംസ്ഥാനത്തുനിന്ന് എത്തിയ നാലുപേരും രോ?ഗബാധിതരിൽ ഉൾപ്പെടുന്നു. 3193 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം. ജില്ലയിൽ കോവിഡ് സ്ഥിരീകരിച്ച് ചികിത്സയിൽ കഴിയുന്നവരുടെ എണ്ണം 14,101 ആണ്. 2976 പേരെക്കൂടി വീടുകളിൽ നിരീക്ഷണത്തിലാക്കി. നിരീക്ഷണത്തിലുള്ളവരുടെ ആകെ എണ്ണം 19,132 ആണ്. 10,371 സാമ്പിളുകൾകൂടി പരിശോധനയ്ക്ക് നൽകി. ജില്ലയിൽ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 30 കടന്നതിനാൽ പൊതുപരിപാടികൾ നടത്താൻ അനുവദിക്കില്ല. വിവാഹം, മരണാനന്തര ചടങ്ങുകൾ എന്നിവയ്ക്ക് 50 പേരായി പരിമിതപ്പെടുത്തും. കൂടുതൽപ്പേർ പങ്കെടുക്കേണ്ട നിർബന്ധിത സാഹചര്യങ്ങളിൽ പ്രത്യേക അനുവാദം വാങ്ങണം.

# 10,860 കുട്ടികൾകൂടി വാക്സിനെടുത്തു

**കൊച്ചി :** ജില്ലയിൽ വെള്ളിയാഴ്ച 15നും 18നുമിടയിൽ പ്രായമുള്ള 10,860 കുട്ടികൾ കോവിഡ് പ്രതിരോധ വാക്സിൻ സ്വീകരിച്ചു. ഇതുവരെ 51,438 കുട്ടികൾക്ക് ആദ്യഡോസ് നൽകി. ആദ്യഘട്ട വാക്സിൻ വിതരണം ഇരുപത്തൊന്നോടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. സ്കൂളുകൾ കേന്ദ്രീകരിച്ചും 32 വാക്സിനേഷൻ കേന്ദ്രങ്ങളിലൂടെയുമാണ് കുട്ടികൾക്ക് വാക്സിൻ നൽകുന്നത്.പൊതുവിദ്യാലയങ്ങളിലെ 17,500 കുട്ടികൾ ഇതുവരെ ആദ്യഡോസ് സ്വീകരിച്ചതായി ഡിഡിഇ ഹണി ജി അലക്സാണ്ടർ പറഞ്ഞു. ഇനി 60,000 കുട്ടികൾകൂടി വാക്സിനെടുക്കാനുണ്ട്. ഇവർക്ക് ഇരുപത്തൊന്നിനുള്ളിൽ ആദ്യഡോസ് വാക്സിൻ ലഭ്യമാക്കുമെന്നും അവർ പറഞ്ഞു. ജില്ലയിൽ 1.7 ലക്ഷം കുട്ടികളാണ് ഈ പ്രായപരിധിയിലുള്ളത്.

# ഒളിമ്പിക് അത്‌ലറ്റിക്സ് : നായരമ്പലം ബിവിഎച്ച്എസിനും കോതമംഗലം എംഎക്കും ഓവറോൾ

**കൊച്ചി :** ജില്ലാ ഒളിമ്പിക് അത്‌ലറ്റിക്സിൽ പുരുഷ വിഭാഗത്തിൽ കോതമംഗലം മാർ അത്തനാസിയോസ് സ്പോർട്സ് അക്കാദമിയും വനിതാ വിഭാഗത്തിൽ നായരമ്പലം ബിവിഎച്ച്എസും ഓവറോൾ കിരീടം നേടി. ഇരുവർക്കും 76 പോയിന്റ് വീതം ലഭിച്ചു. പുരുഷ വിഭാഗത്തിൽ നായരമ്പലം ബിവിഎച്ച്എസ്, കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജ് സ്പോർട്സ് അക്കാദമി എന്നിവ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.വനിതാ വിഭാഗത്തിൽ എംഎ സ്പോർട്സ് അക്കാദമി, സെന്റ് പീറ്റേഴ്സ് കോളേജ് സ്പോർട്സ് അക്കാദമി എന്നിവ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. മത്സരങ്ങൾ ശനിയാഴ്ച സമാപിക്കും. ആർച്ചറി, ജൂഡോ, ഹാൻഡ്ബോൾ, ടേബിൾ ടെന്നിസ് മത്സരങ്ങൾ സമാപനദിവസം നടക്കും. ഞായറാഴ്ച കടവന്ത്ര ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കുന്ന സമാപനച്ചടങ്ങിൽ വിജയികൾക്ക് സമ്മാനങ്ങൾ നൽകും. അത്‌ലറ്റിക്സ് വനിതാ വിഭാഗം വിജയികൾ 100 മീറ്റർ: -വി എസ് ഭവിക, 200 മീറ്റർ: - ആൻ തെരേസാ ടൈറ്റസ്, 400 മീറ്റർ:- റിയ ഹെലൻ ജോ, 800 മീറ്റർ: - സായൂജ്യ സത്യൻ, 1500 മീറ്റർ: -ആൻ തെരേസാ ടൈറ്റസ്, 5000 മീറ്റർ: സായൂജ്യ സത്യൻ, 100 മീറ്റർ ഹർഡിൽസ്:- റിപ മേരി പോൾ, ട്രിപ്പിൾ ജമ്പ്-: ഗായത്രി ശിവകുമാർ, ഹൈ-ജമ്പ്: - ഗായത്രി ശിവകുമാർ പുരുഷവിഭാഗം 100 മീറ്റർ, 200 മീറ്റർ: കെ എം- മുഹമ്മദ് ഷനൂബ്, 400 മീറ്റർ: എൻ എം- മനു റോഷൻ, 800 മീറ്റർ-: എം അഖിൽ, 1500 മീറ്റർ-: അക്ഷയ് വർഗീസ്, 5000 മീറ്റർ: - ദീപക് മാത്യു വർഗീസ്, 10000 മീറ്റർ:- ആന്റണി വർഗീസ്, 110 മീറ്റർ ഹർഡിൽസ്:- സരൺ ഷാജി, 400 മീറ്റർ ഹർഡിൽസ്-: ലിയോ ബിജു, ലോങ്- ജമ്പ്- : കെ എം ശ്രീകാന്ത്, ട്രിപ്പിൾ ജമ്പ്: - ആകാശ് എം വർഗീസ്, ഹൈ-ജമ്പ്: -റോഷിത് ബാബു.ഗുസ്തി മത്സര വിജയികൾ പുരുഷൻമാർ 57 കിലോ-: ജോബ്സൺ തോമസ്, 65 കിലോ: എം ഐ- നിയാസ്, 74 കിലോ: ബി എസ്- റെനിഷ്, 86 കിലോ: പി എൻ - മുഹമ്മദ് മിസ്വാൻ, 97 കിലോ-: എം ആർ വാജിദ്, 125 കിലോ: സി ജെ- ദിജോഷ്.വനിതകൾ 50 കിലോ:- ഗ്ലോറിയ സിബു ചാർലി, 53 കിലോ-: എ എസ് അശ്വതി, 57 കിലോ- ഫെമിയ റോസ്, 62 കിലോ- മഹിമ മനോജ്, 68 കിലോ- ദീന ബോണി, 76 കിലോ-: ഇ എസ് സോണി മോൾ. ഗ്രീക്കോ റോമൻ 60 കിലോ:- സനത് സെബാസ്റ്റ്യൻ, 67 കിലോ:- പീറ്റർ രാഹുൽ, 87 കിലോ: ഇ ബി ശാഹിദ്, 77 കിലോ-: വി കെ അബ്ദുൾ മാലിക്, 97 കിലോ: സി യു- ശിഹാബ് റഹ്മാൻ, 130 കിലോ: കെ കെ- യദു കൃഷ്ണൻ.

# മൂവാറ്റുപുഴ സംഘർഷം : ജാമ്യത്തിലിറങ്ങിയ യൂത്ത് കോൺ നേതാവിനെ വീട്ടിൽ കയറി ആക്രമിച്ചു

**മൂവാറ്റുപുഴ:** സിപിഎംകോൺഗ്രസ് സംഘർഷവുമായി ബന്ധപ്പെട്ട് പോലീസ് അറസ്റ്റ് ചെയ്ത യൂത്ത് കോൺഗ്രസ് നിയോജക മണ്ഡലം വൈസ് പ്രസിഡൻറും മൂവാറ്റുപുഴ നഗരസഭാംഗവുമായ അമൽ ബാബു (28) വിനെ ജാമ്യത്തിലിറങ്ങിയശേഷം ഒരുസംഘം വീട്ടിൽ കയറി ആക്രമിച്ചു. കാറിലെത്തിയ ഏഴംഗസംഘം ഇടിക്കട്ടയും മറ്റും ഉപയോഗിച്ചായിരുന്നു ആക്രമണം. വസ്ത്രങ്ങൾ കീറിയെറിഞ്ഞു. ദേഹമാസകലം മർദനമേറ്റ അമലിനെ ഓടിക്കൂടിയ നാട്ടുകാർ മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്നലെ വൈകുന്നേരം ആറോടെ കടാതിയിലെ വീട്ടിലായിരുന്നു സംഭവം. ഈ സമയം വീട്ടിൽ മറ്റാരുമുണ്ടായിരുന്നില്ല. അമലിൻറെ പിതാവ് കോവിഡ് ബാധിതനായി ഏതാനും മാസം മുന്പ് മരിച്ചിരുന്നു. അമ്മയും സഹോദരിയും വിദേശത്താണ്. നാട്ടുകാർ ഓടിക്കൂടിയതോടെ അക്രമിസംഘം വന്ന കാറിൽതന്നെ രക്ഷപ്പെട്ടു. ആക്രമണത്തിനു പിന്നിൽ ഡിവൈഎഫ്ഐ പ്രവർത്തകരാണെന്ന് കോൺഗ്രസ് നേതൃത്വം ആരോപിച്ചു. മൂവാറ്റുപുഴയിലെ സംഘർഷത്തിൽ പ്രതിയായ അമലിനെ വ്യാഴാഴ്ച രാത്രി വീട് വളഞ്ഞാണ് പോലീസ് അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയപ്പോൾ വൈദ്യസഹായം വേണമെന്ന ആവശ്യം കോടതി അംഗീകരിക്കുകയും അമലിനെ ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. ഇന്നലെ ജാമ്യം നേടിയ അമൽ ബാബു വൈകുന്നേരത്തോടെ നഗരസഭാധ്യക്ഷൻ പി.പി. എൽദോസിനോടൊപ്പമാണ് വീട്ടിലെത്തിയത്. നഗരസഭാധ്യക്ഷൻ തിരികെപോയി അൽപ്പസമയത്തിനകം അക്രമിസംഘം കാറിൽ വീട്ടിലെത്തുകയായിരുന്നു. ആദ്യം ഒരാൾ വീട്ടിൽ കയറി അമലിന് ജാമ്യം കിട്ടിയോ എന്ന വിവരം ചോദിച്ചറിയുന്നതിനിടെ മറ്റുള്ളവർ വീടിനകത്തേക്ക് ഇരച്ചുകയറി ക്രൂരമായി മർദ്ദിക്കുകയായിരുന്നുവെന്ന് അമൽ പറഞ്ഞു. അമൽ ബാബു ചികിത്സയിൽ കഴിയുന്ന മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ കോൺഗ്രസ് പ്രവർത്തകർ ഇന്നലെ രാത്രി തടിച്ചുകൂടി. മൂവാറ്റുപുഴയിൽ ബുധനാഴ്ചയുണ്ടായ സംഘർഷവുമായി ബന്ധപ്പെട്ട് ഇരുവിഭാഗത്തിലുംപെട്ട 210 ഓളം പേർക്കെതിരാണ് പോലീസ് കേസെടുത്തിട്ടുള്ളത്. ഇതിൽ അമലിനു പുറമെ ഐഎൻടിയുസി മുളവൂർ മണ്ഡലം പ്രസിഡൻറ് ജബാറിനെ കൂടി മാത്രമാണ് ഇതുവരെ പിടികൂടിയത്. ദേഹാസ്വാസ്ഥ്യത്തെത്തുടർന്നു ജബാർ ആശുപത്രിയിലാണ്.സംഘർഷത്തെ തുടർന്ന് കഴിഞ്ഞ ദിവസം ആർഡിഒ വിളിച്ച് ചേർത്ത സമാധാന യോഗത്തിൽ തുടർ പ്രശ്നങ്ങൾ ഉണ്ടാക്കില്ലെന്നു സിപിഎം, കോൺഗ്രസ് നേതൃത്വങ്ങൾ ഉറപ്പ് നൽകിയിരുന്നു. ഈ ധാരണ സിപിഎം ലംഘിച്ചെന്ന് മാത്യു കുഴൽനാടൻ എംഎൽഎ പറഞ്ഞു. സ്വന്തം അണികളെ നിലയ്ക്കു നിർത്താൻ കഴിയാത്ത നേതൃത്വമാണ് സിപിഎമ്മിൻറേത്. ഉടൻ പ്രതികളെ പിടികൂടിയില്ലെങ്കിൽ ജനാധിപത്യ മാർഗത്തിൽ പ്രക്ഷോഭ പരിപാടികൾ ആരംഭിക്കുമെന്നും എംഎൽഎ മുന്നറിയിപ്പ് നൽകി. പ്രതികളെ ഉടൻ അറസ്റ്റ് ചെയ്യണമെന്ന് നഗരസഭാധ്യക്ഷൻ പി.പി. എൽദോസ്, ബ്ലോക്ക് കോൺഗ്രസ് പ്രസിഡൻറ് പി.എസ്. സലിം ഹാജി എന്നിവർ ആവശ്യപ്പെട്ടു. അമൽ ബാബുവിനെ വീട്ടിൽ കയറി അക്രമിച്ച പ്രതികളെ ഉടൻ പിടികൂടണമെന്ന് ആവശ്യപ്പെട്ട് ഇന്നു രാവിലെ മുതൽ പോലീസ് സ്റ്റേഷൻ ഉപരോധിക്കുമെന്നും നഗരസഭാധ്യക്ഷൻ പറഞ്ഞു.അമൽ ബാബുവിനെ മർദിച്ച പ്രതികളെ ഉടൻ അറസ്റ്റ് ചെയ്യണമെന്ന് ഡീൻ കുര്യാക്കോസ് എംപിയും ആവശ്യപ്പെട്ടു. ഡിവൈഎഫ്ഐ ആസൂത്രിതമായി നടത്തുന്ന ഇത്തരം അക്രമങ്ങളിൽനിന്ന് പിന്മാറണമെന്നും മൂവാറ്റുപുഴയിൽ സമാധാന അന്തരീക്ഷം പുനഃസ്ഥാപിക്കാൻ സിപിഎമ്മിൻറെ മുതിർന്ന നേതാക്കൾ മുൻകൈഎടുക്കണമെന്നും എംപി ആവശ്യപെട്ടു.

# മെഡിക്കൽ സൂപ്രണ്ടിൻറെ യോഗത്തിൽ പങ്കെടുക്കാത്തത് കള്ളക്കേസ് ഭയന്നെന്ന്

**വൈപ്പിൻ:** ഞാറക്കലിൽ താലൂക്ക് ആശുപത്രി സൂപ്രണ്ട് വിളിച്ചു ചേർക്കുന്ന യോഗങ്ങൾ പ്രതിപക്ഷം ബഹിഷ്കരിക്കുന്നത് കള്ളക്കേസിൽ കുടുക്കിയാലോ എന്നു ഭയന്നാണെന്ന് പ്രതിപക്ഷാംഗവും ഞാറക്കൽ പഞ്ചായത്ത് ആരോഗ്യവിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനുമായ പി.പി. ഗാന്ധി അറിയിച്ചു. നേരത്തെ കോവിഡ് വാക്സിൻ വിതരണത്തിലെ ക്രമക്കേട് ചോദ്യംചെയ്ത സംഭവത്തിൽ തനിക്കും പ്രതിപക്ഷ നേതാവ് എ.പി. ലാലുവിനുമെതിരെ ഔദ്യോഗിക കൃത്യനിർവഹണം തടസപ്പെടുത്തിയെന്നാരോപിച്ച് സൂപ്രണ്ട് നൽകിയ കള്ളക്കേസിൽ പോലീസ് ജാമ്യമില്ലാ വകുപ്പ് പ്രകാരം കേസെടുത്തിരിക്കുകയാണ്. എന്നാൽ ക്രമക്കേട് ആദ്യം ചോദ്യം ചെയ്തത് ഭരണപക്ഷത്തെ എൻ.എ. ജേർജ് എന്ന അംഗവും മറ്റൊരു സിപിഎം പ്രവർത്തകനുമാണ്. ഇതേത്തുടർന്ന് ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എന്ന പേരിൽ താൻ ഇടപെടുകയാണ് ചെയ്തത്. എന്നാൽ പിറ്റേന്ന് കേസ് വന്നപ്പോൾ തനിക്കും സംഭവ സമയം സ്ഥലത്തില്ലാതിരുന്ന പ്രതിപക്ഷ നേതാവിനുമെതിരെയും മാത്രമാണ്. ഈ കേസിൽ വകുപ്പ് മാറ്റണം എന്നാവശ്യപ്പെട്ട് ഹൈക്കോടതിയെ സമീപിച്ചിരിക്കുകയാണ്. ഇതിനിടെ ഇനിയും ഇവർ മനപ്പൂർവം കള്ളക്കേസ് ഉണ്ടാക്കാമെന്നതിനാലാണ് യോഗത്തിൽ പങ്കെടുക്കാത്തത്. അതേസമയം പഞ്ചായത്തിൻറേതായ എല്ലാ പരിപാടികളിലും സഹകരണമുണ്ടെന്നും സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ തുടർന്ന് വ്യക്തമാക്കി.

# പഞ്ചായത്ത് വൈസ് പ്രസിഡന്റ് അനധികൃത നിർമ്മാണം നടത്തുന്നു

**ആലുവ:** കെട്ടിട നിർമ്മാണ ചട്ടം പൂർണമായി ലംഘിച്ച് കീഴ്മാട് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് അഭിലാഷ് അശോകൻ കടമുറി നിർമ്മിക്കുന്നതായി പരാതി. 17-ാം വാർഡിൽ എടയപ്പുറം മനക്കത്താഴം കവലയിലാണ് പൊതുമരാമത്ത് റോഡിനോട് ചേർന്നും ഇറിഗേഷൻ കനാലിന്റെ നടപ്പാത കൈയ്യേറിയും കടമുറി നിർമ്മിക്കുന്നത്.പതിറ്റാണ്ടുകൾക്ക് മുമ്പ് കനാൽ നിർമ്മിച്ചപ്പോൾ റോഡിനും കനാലിനും ഇടയിൽ അവശേഷിച്ച സ്വകാര്യ വ്യക്തിയുടെ അര സെന്റിൽ താഴെ സ്ഥലത്ത് ഒരു ചെറിയ കടമുറി ഉണ്ടായിരുന്നു. ഈ കടമുറി ഉൾപ്പെടെ അഭിലാഷ് വർഷങ്ങൾക്ക് മുമ്പ് വാങ്ങി. ഏറെകാലമായി ഷീറ്റ് വിരിച്ച കെട്ടിടം നിലം പൊത്താറായ അവസ്ഥയിലാണ്. ചില ഭാഗങ്ങൾ അടർന്ന് പോകുകയും ചെയ്തു. ഈ കടമുറി പൊളിക്കാതെയാണ് പുറമെ കോൺക്രീറ്റ് തൂണുകൾ സ്ഥാപിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നത്. പഴയ കടമുറിയുടെ നമ്പർ നിലനിർത്തി അനധികൃത നിർമ്മാണം ഔദ്യോഗികമാക്കാനാണ് നീക്കം.സ്ഥലത്തിന്റെ പിൻവശത്ത് കനാൽ സൈഡിലെ നടപ്പാത പൂർണമായും കൈവശപ്പെടുത്തിയ അവസ്ഥയിലുമാണ്. ഇവിടെയും കനാലിനോട് ചേർന്നാണ് കോൺക്രീറ്റ് തൂൺ നിർമ്മാണം ആരംഭിച്ചിട്ടുള്ളത്. പഞ്ചായത്ത് ഭരണത്തിന്റെ മറവിൽ അധികാര ദുർവിനിയോഗമാണ് നടത്തുന്നതെന്നാണ് നാട്ടുകാർ ആക്ഷേപിക്കുന്നത്. നിർമ്മാണം തുടർന്നാൽ നിയമപരമായി നേരിടാനാണ് തീരുമാനം.

# നഗരസഭ ചെയർമാനെതിരെ ബി.ജെ.പി കൗൺസിലർമാർ വായ മൂടിക്കെട്ടി പ്രതിഷേധിച്ചു

**ആലുവ:** ആലുവ നഗരസഭ ചെയർമാനെതിരെ കൗൺസിൽ യോഗത്തിൽ ബി.ജെ.പി കൗൺസിലർമാർ വായ മൂടിക്കെട്ടി പ്രതിഷേധിച്ചു. ഒരു വർഷമായി ചെയർമാൻ എം.ഒ. ജോൺ പിന്തുടരുന്ന ജനാധിപത്യ വിരുദ്ധ നടപടികൾക്കെതിരായിട്ടായിരുന്നു പ്രതിഷേധം.കൗൺസിൽ യോഗത്തിൽ അംഗങ്ങളെ സംസാരിക്കാൻ അനുവദിക്കാതിരിക്കുക, പ്രധാനപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യാതെ ഏകപക്ഷീയമായി പാസാക്കിയതായി പ്രഖ്യാപിക്കുക, നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി തീരുമാനങ്ങളെടുക്കുക, മിനുട്സിൽ കൃത്യമമായി രേഖപ്പെടുത്താതിരിക്കുക എന്നിങ്ങനെ ജനാധിപത്യ നടപടികളാണ് ചെയർമാൻ സ്വീകരിക്കുന്നതെന്നാണ് പരാതി. നഗരസഭയിലെ പ്രധാനപ്പെട്ട വിഷയങ്ങളായ മാർക്കറ്റ് പുനർനിർമാണത്തിന്റെ പദ്ധതിരേഖ, ധനസമാഹരണം, പൂർത്തിയാക്കാനുള്ള കാലാവധി എന്നിവയിലും പഴയ ബസ് സ്റ്റാൻഡിലെ വ്യാപാരികളെ ഒഴിപ്പിക്കാനുള്ള വിഷയത്തിൽ വ്യാപാരികളുടെ നഷ്ട പരിഹാരം പുനരധിവാസം, കെട്ടിട പുനരുദ്ധാരണ പദ്ധതി, പൂർത്തിയാക്കാനുള്ള സമയം എന്നിങ്ങനെ ഒന്നിലും ചർച്ചകൾ നടത്താതെ ഏകപക്ഷീയമായി തീരുമാനങ്ങളെടുക്കുകയാണ്.കൗൺസിലർമാരായ ശ്രീകാന്ത്, ശ്രീലത രാധാകൃഷ്ണൻ, ഇന്ദിരാദേവി എന്നിവരാണ് കൗൺസിൽ യോഗത്തിൽ കറുത്ത തുണി ഉപയോഗിച്ച് വായ മൂടികെട്ടി പ്രതിഷേധിച്ചത്. ചെയർമാന്റെ ഏകപക്ഷീയമായ നടപടിക്കെതിരെ ബി.ജെ.പി ശക്തമായ സമരമാരംഭിക്കുമെന്ന് പാർലമെന്ററി പാർട്ടി സെക്രട്ടറിയും മണ്ഡലം സെക്രട്ടറിയുമായ പി.എസ്. പ്രീത പറഞ്ഞു.

# സ്വാന്ത്വന പരിചരണം നാടിന്റെ ആവശ്യം

**കടുങ്ങല്ലൂർ :** കടുങ്ങല്ലൂർ സേവാഭാരതിയുടെ സ്വാന്ത്വന പരിചരണ വിഭാഗം ഉൽഘാടനം കടുങ്ങല്ലൂർ പഞ്ചായത്ത് പ്രസിഡന്റ് സുരേഷ് മുട്ടത്തിൽ നിർവഹിച്ചു. സമൂഹത്തിലെ സാധാരണക്കാർക്കു രോഗി പരിചരണം ഉറപ്പുവരുത്തുന്നതിനു ആവശ്യമായ വാഹനവും ഉപകരണങ്ങളും സേവനവും ലഭ്യമാക്കും. ഇതിനായി 24 മണിക്കൂറും പ്രവർത്തന സജ്ജമായ മെഡിക്കൽ ടീം രൂപീകരിച്ചിട്ടുണ്ട്. നന്മ പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ ഉത്ഘാടനത്തോട് അനുബന്ധിച്ചു അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ഉം സേവാഭാരതി കടുങ്ങല്ലൂർ യൂണിറ്റും ചേർന്നു നേത്ര -ദന്ത മെഗാ മെഡിക്കൽ ക്യാമ്പ് നടത്തി. യോഗത്തിൽ പ്രൊഫ. ബി കൃഷ്ണകുമാർ അധ്യക്ഷത വഹിച്ചു. യൂണിറ്റ് പ്രസിഡന്റ് എ എൽ കൊച്ചപ്പൻ പിള്ള സ്വാഗതം പറഞ്ഞു. പാലിയേറ്റീവ് രംഗത്ത് മികച്ച പ്രവർത്തനം നടത്തുന്ന ഡോക്ടർ സി എം ഹൈദരാലി, ഡോക്ടർ. ജി. മോഹനൻ എന്നിവരെ റിട്ട. ജഡ്ജ് സുന്ദരം ഗോവിന്ദ് ആദരിച്ചു. സേവാഭാരതി ജില്ല ഉപാധ്യക്ഷൻ ഡോക്ടർ രാജീവ് സേവ സന്ദേശം നൽകി. അമൃത മെഡിക്കൽ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ എം ഡി ജയകുമാർ, ബ്ലോക്ക് പഞ്ചായത്ത് അംഗം കെ ആർ രാമചന്ദ്രൻ, നന്മ പാലിയേറ്റിവ് കെയർ യൂണിറ്റ് ചെയർമാൻ റിട്ട. ഊ്യു ആർ കെ കൃഷ്ണകുമാർ , വാർഡ് മെമ്പർ ബേബി സരോജം, സേവാഭാരതി ജില്ല സംഘടന കാര്യദർശി ടി എസ് മണികണ്ഠൻ, എസ് വേണുഗോപാൽ, എം കെ ജയകുമാർ, സമിതി അംഗങ്ങളായ കെ എസ് പ്രകാശൻ,മുരളീധരൻപുളിക്കൽ, അജിതപ്രസാദ്, അഡ്വ. എം സി മണി , യൂണിറ്റ് ജനറൽ സെക്രട്ടറി കെ ആർ ജിനേഷ് , എ ഡി സദാനന്ദൻ എന്നിവർ പങ്കെടുത്തു. അമൃത ഹോസ്പിറ്റലിൽ തുടർചികിത്സാ ഉറപ്പ് വരുത്തി പങ്കെടുത്ത രോഗികൾക്കു രജിസ്റ്റർ നമ്പർ നൽകിയിട്ടുണ്ട്. നന്മ പാലിയേറ്റിവ് യൂണിറ്റ് മെമ്പർ സെക്രട്ടറി ടി ബി സജീവ്കുമാർ നന്ദി രേഖപ്പെടുത്തി.

## അറിയിപ്പ്

### ഒഴിവ്

സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിങ് ടെക്നോളജി (സി-ഡിറ്റ്) നടപ്പിലാക്കി വരുന്ന എഫ്.എം.എസ് എം.വി.ഡി പ്രോജക്ടിലേയ്ക്ക് അസിസ്റ്റന്റ് സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തസ്തികയിൽ മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ ഒഴിവുകളിലേക്ക് പരിഗണിക്കുന്നതിനായി, ഇലക്ട്രോണിക്സിലോ, കമ്പ്യൂട്ടർ ഹാർഡ് വെയറിലോ ഉള്ള മൂന്ന് വർഷത്തെ ഡിപ്ലോമ/ബി.സി.എ/ബി.എസ്.സി (കമ്പ്യൂട്ടർ സയൻസ് ) എന്നീ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ വാക്-ഇൻ-ഇന്റർവ്യൂ കോഴിക്കോട് ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറുടെ ഓഫീസിൽ നടത്തുന്നു. താൽപര്യമുള്ളവർ ബയോഡാറ്റ, വിദ്യാഭ്യാസയോഗ്യത, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ, പകർപ്പുകൾ സഹിതം ഡിസംബർ 21ന് രാവിലെ 10.00 മണി മുതൽ 1.00 മണി വരെ അഭിമുഖത്തിന് നേരിട്ട് ഹാജരാകണം. പ്രതിമാസ വേതനം- ഞെ. 15,500. കൂടുതൽ വിവരങ്ങൾക്ക് www.cdi-tor; സന്ദർശിക്കുക.

### ദർഘാസ് ക്ഷണിച്ചു

തൃശൂർ ജില്ലാ വനിതാ ശിശു വികസന ഓഫീസിലെ ആവശ്യത്തിലേക്കായി ഉപയോഗിക്കുന്നതിന് ടാക്സി പെർമിറ്റ് ഉള്ള വാഹനം കരാറടിസ്ഥാനത്തിൽ എടുക്കുന്നതിന് ദർഘാസ് ക്ഷണിച്ചു. 7 വർഷത്തിൽ കുറവ് പഴക്കമുള്ള 1000 സിസിയിൽ കുറയാത്ത എഞ്ചിൻ കപ്പാസിറ്റിയുള്ള വാഹനം ഒരു വർഷത്തേക്കാണ് കരാർ എടുക്കുന്നത്. താൽപര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവർക്ക് അപേക്ഷിക്കാം. വാഹനത്തിന് 1500 കിലോമീറ്ററിന് പ്രതിമാസം 30,000 രൂപ നിരക്കിലും അധികരിച്ചു വരുന്ന ഓരോ കിലോമീറ്ററുകൾക്ക് അതാത് സമയങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിലും പരമാവധി 250 കിലോമീറ്റർ വരെ വാടക നിശ്ചയിക്കും. ആർ സി ബുക്ക്, ഇൻഷുറൻസ്, ടാക്സി പെർമിറ്റ്, ടാക്സ് ചലാൻ തുടങ്ങിയ രേഖകൾ ഉൾപ്പെടെ www.etenders.kerala.gov.in എന്ന ഓൺലൈൻ പോർട്ടലിൽ ഡിസംബർ 21 ന് വൈകീട്ട് 5 മണിക്ക് മുൻപായി സമർപ്പിക്കണം. ഡിസംബർ 23ന് ഉച്ചയ്ക്ക് 3 മണിക്ക് ദർഘാസ് തുറക്കും. വിശദവിവരങ്ങൾക്ക് അയ്യന്തോളിലുള്ള ജില്ലാ വനിത ശിശു വികസന ഓഫീസിലോ 0487 2361500 എന്ന നമ്പറിലോ ബന്ധപ്പെടുക.

### വാഹനം ആവശ്യമുണ്ട്

ഹോമിയോപ്പതി തൃശൂർ ജില്ലാ മെഡിക്കൽ ഓഫീസിലെ ദൈനംദിന ഉപയോഗത്തിന് കരാർ വ്യവസ്ഥയിൽ വാഹനം ആവശ്യമുണ്ട്. 2022 ജനുവരി 1 മുതൽ മൂന്ന് മാസത്തേക്ക് വാഹനം ലഭ്യമാക്കാൻ തയ്യാറുള്ളവരിൽ നിന്നും മത്സര സ്വഭാവത്തിലുള്ള സീൽ ചെയ്ത ക്വട്ടേഷൻ ക്ഷണിച്ചു. അഞ്ച് വർഷത്തിനുള്ളിൽ രജിസ്റ്റർ ചെയ്ത വാഹനമാണ് ആവശ്യം. ഇന്ധന ക്ഷമതയുള്ള, സെഡാൻ ടൈപ്പ് വാഹനത്തിന് മുൻഗണനയുണ്ട്. വാഹനം എല്ലാ ദിവസവും ഓഫീസ് അധികൃതർ നിർദ്ദേശിക്കുന്ന സ്ഥലത്ത് സൂക്ഷിക്കണം. പരമാവധി 30,000 രൂപയാണ് ക്വട്ടേഷൻ തുക. പിന്നീട് വരുന്ന ഓരോ കിലോമീറ്ററിനും എത്ര തുകയാണെന്ന് ക്വട്ടേഷനിൽ കാണിക്കണം. ക്വട്ടേഷനോടൊപ്പം 1000 രൂപയുടെ എസ് ബി ഐ ബാങ്ക് ഡിമാൻഡ് ഡ്രാഫ്റ്റ്, ഇ എം ഡി ആയി നൽകണം. ഫോൺ: 0487 2366643

# സംസ്ഥാന സർക്കാരിന്റെ അനുമതിയില്ല, രണ്ടാം തുരങ്കം തുറന്നില്ല

കുതിരാൻ രണ്ടാം തുരങ്കം ഉടൻ തുറക്കാൻ സർക്കാർ അനുമതി നൽകിയില്ല; ഇന്നലെ രാവിലെ തുരങ്കം തുറക്കാനുള്ള കമ്പനിയുടെ നീക്കം പരാജയപ്പെട്ടു. ദേശീയ പാത അതോറിറ്റിയുടെ ആവശ്യപ്രകാരം തുരങ്കം തുറക്കാനുള്ള അനുമതി തേടി കരാർ കമ്പനി നൽകിയ കത്തിനു സർക്കാർ മറുപടി നൽകിയിട്ടില്ല. പാലക്കാടു ഭാഗത്തേക്കുള്ള തുരങ്കം ഗതാഗതത്തിനു തുറന്നു കൊടുക്കുന്നതു സംബന്ധിച്ച അനിശ്ചിതത്വമാണു തുടരുന്നത്. തൃശൂർ ഭാഗത്തേക്കുള്ള തുരങ്കത്തിലൂടെ ഇരട്ട വരി ഗതാഗതം അനുവദിച്ചിട്ടുണ്ട്.സുരക്ഷാ കാര്യങ്ങൾ വിശദമായി പരിശോധിച്ചു തുറന്നാൽ മതിയെന്നു സർക്കാർ അനൗദ്യോഗികമായി കമ്പനിയെ അറിയിച്ചിരുന്നു. എല്ലാ സജ്ജീകരണങ്ങളുമായി ഇന്നലെ രാവിലെ തുരങ്കം തുറക്കാൻ കമ്പനി തയാറായിരുന്നു. തുരങ്കം തുറക്കാൻ നിയമപരമായി സംസ്ഥാന സർക്കാരിന്റെ അനുമതി ആവശ്യമില്ല. എന്നാൽ പൊലീസ് അടക്കമുള്ള വിവിധ വിഭാഗങ്ങളുടെ സഹായം വേണ്ടിയതിനാൽ സർക്കാരിനെ അറിയിക്കണമെന്നു നിബന്ധനയുണ്ട്.വ്യാഴം വൈകിട്ടോടെ രണ്ടാം തുരങ്കത്തിലൂടെ വാഹനങ്ങൾ കടത്തിവിടുന്നതിനുള്ള തയാറെടുപ്പുകൾ നടത്താൻ കരാർ കമ്പനിയുടെ ഉന്നത ഉദ്യോഗസ്ഥർ നിർദേശം നൽകിയിരുന്നു. സൂചനാ ബോർഡുകൾ ഉൾപ്പെടെ തയാറാക്കി. എന്നാൽ വൈകിട്ട് സംസ്ഥാന സർക്കാരിന്റെ ഉന്നത ഉദ്യോഗസ്ഥൻ സ്ഥലത്തെത്തുകയും കരാർ കമ്പനിയുടെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. മുന്നൊരുക്കമില്ലാതെ ഒരു തുരങ്കം കൂടി തുറക്കുന്നതു ആശയക്കുഴപ്പം സൃഷ്ടിക്കുമെന്നു പൊലീസും ചൂണ്ടിക്കാട്ടിയിരുന്നു. രണ്ടു തുരങ്കത്തിലേക്കും വഴുക്കുംപാറ ഭാഗത്ത് ഒരു റോഡാണ് ഉപയോഗിക്കുന്നത്. ഈ ഭാഗത്തു വാഹനം രണ്ടു തുരങ്കത്തിലേക്കുമായി കടത്തി വിടുന്നതു പരിശോധിച്ച ശേഷം മതിയെന്നാണു പൊലീസ് നിലപാട്.തുരങ്കം മുന്നൊരുക്കമില്ലാതെ തുറക്കാൻ ശ്രമിക്കുന്നെന്നും ടോൾ പിരിവു തുടങ്ങാൻ വേണ്ടിയാണിതെന്നും പരാതിയുണ്ട്. ദേശീയപാത നിർമാണത്തിൽ സംസ്ഥാന സർക്കാരിനു നിക്ഷേപമില്ലെന്നും അതിനാൽ തുറക്കും മുൻപു അറിയിച്ചാൽ മതിയെന്നുമാണു ദേശീയ പാത അതോറിറ്റിയുടെ നിലപാട്. സ്ഥലം എംഎൽഎ കൂടിയായ മന്ത്രി കെ.രാജനുമായി ഇന്നലെ രാവിലെ ചർച്ച നടത്തി അനുമതി വാങ്ങാനുള്ള കമ്പനിയുടെ ശ്രമവും വിജയിച്ചില്ല. അതുകൊണ്ടുതന്നെ രണ്ടാം തുരങ്കം എന്നു തുറക്കുമെന്ന് ഇപ്പോഴും വ്യക്തമല്ല.

# 2023 ഓടെ തൃശൂർ കോർപ്പറേഷൻ സീറോ വേസ്റ്റ് നഗരം

**തൃശൂർ** :ശതാബ്ദി വർഷത്തോടനുബന്ധിച്ച് തൃശൂർ കോർപ്പറേഷനിൽ 2023 ഓടെ സീറോ വേസ്റ്റ് എന്ന പദ്ധതി നടപ്പിലാക്കുകയാണ്. ഇതിന്റെ ഭാഗമായി ലാലൂരിൽ അവശേഷിക്കുന്ന ലെഗസി വേസ്റ്റ് ബയോമൈനിംഗ് വഴി സംസ്കരിക്കുന്നതിന് സംസ്ഥാന ശുചിത്വ മിഷനും ഹരിതകേരളമിഷൻറെയും സഹകരണത്തോടെ മൂന്നാറിൽ നടന്ന ലെഗസി വേസ്റ്റ് മാനേജ്മെൻറ് ഏകദിന ശിൽപ്പശാല മേയർ എം.കെ. വർഗ്ഗീസ് ഉദ്ഘാടനം ചെയ്തു. മൂന്നാർ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ബയോമൈനിംഗ് പ്ലാൻറ് മേയറുടെ നേതൃത്വത്തിലുള്ള സംഘം സന്ദർശിച്ച് വിലയിരുത്തി. ഡെപ്യൂട്ടിമേയർ രാജശ്രീ ഗോപൻ, സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാന്മാരായ വർഗ്ഗീസ് കണ്ടംകുളത്തി, എൻ.എ. ഗോപകുമാർ, ഡി.പി.സി. മെമ്പർ സി.പി. പോളി, കൗൺസിലർമാരായ സജിത ഷിബു, ലിംന മനോജ്, കരോളിൻ പെരിഞ്ചേരി, എ.കെ. സുരേഷ്കുമാർ, എൻ. പ്രസാദ്, കെ. രാമനാഥൻ, ശ്രീലാൽ ശ്രീധർ, കോർപ്പറേഷൻ എഞ്ചിനീയർ ഷൈബി ജോർജ്ജ്, പി.എ.ടു മേയർ ടോബി തോമസ്, ഹെൽത്ത് സൂപ്പർവൈസർ ബാലസുബ്രഹ്മണ്യൻ, അഡീഷണൽ സെക്രട്ടറി അരുൺ കുമാർ, എക്സി. എഞ്ചിനീയർ രാജ്, അസി. എക്സി. എഞ്ചിനീയർ മിനി, അസി. എഞ്ചിനീയർ ഡിറ്റോദാസ്, ഹെൽത്ത് ഇൻസ്പെക്ടർ സെബി ഔസേഫ് എന്നിവർ സംഘത്തിലുണ്ടായിരുന്നു. സീറോ വേസ്റ്റ് പദ്ധതി നടപ്പിലാക്കുന്നതിന് നഗരസഭാ പരിധിയിലെ എല്ലാ ജനവിഭാഗങ്ങളുടെയും സഹകരണം മേയർ എം.കെ. വർഗ്ഗീസ് ആവശ്യപ്പെട്ടു.

# ഹൈടെക് ക്ലാസ് മുറി ഉദ്ഘാടനം

**വരന്തരപ്പിള്ളി** :മുപ്ലിയം ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ പ്രീപ്രൈമറി വിഭാഗം ഹൈടെക് ക്ലാസ്റി മുറികളുടെ ഉദ്ഘാടനം കെ കെ രാമചന്ദ്രൻ എംഎൽഎ നിർവഹിച്ചു. ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷൻ എ വി വല്ലഭൻ അധ്യക്ഷനായി. പഞ്ചായത്ത് പ്രസിഡന്റ് അജിത സുധാകരൻ, തൃശൂർ ധനലക്ഷ്മി ബാങ്ക് മാനേജർ വിക്രം ബർനാൽ, ഇഞ്ചക്കുണ്ട് സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് പി കെ ശങ്കരനാരായണൻ എന്നിവർ മുഖ്യാതിഥികളായി.ധനലക്ഷ്മി ബാങ്ക് വരന്തരപ്പിള്ളി ശാഖയുടെ സാമ്പത്തിക സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കിയത്. അതോടൊപ്പം ഇഞ്ചക്കുണ്ട് സഹകരണ ബാങ്ക് സ്കൂളിന് നൽകിയ സൗണ്ട് സിസ്റ്റത്തിന്റെ സമർപ്പണവും നടന്നു. സംസ്ഥാന ബാലശാസ്ത്ര കോൺഗ്രസ് വിജയികളായ ഇ ജെ ഹരിനന്ദൻ, ഐ എസ് ഉമാദേവി, ഇ ആർ ദേവിക, ഒ എസ് എ ചെയർമാൻ കെ എൻ ജയപ്രകാശ്, സംസ്ഥാന സൈക്ളിങ് ചാമ്പ്യൻഷിപ്പിൽ സ്വർണ മെഡൽ ജേതാവ് അതുല്യ സുധാകരൻ എന്നിവരെ അഭിനന്ദിച്ചു. പ്രിൻസിപ്പൽ കെ സൗദാമിനി സ്വാഗതവും പ്രധാനാധ്യാപിക എം വി ഉഷ നന്ദിയും പറഞ്ഞു.





# വരാക്കര പൂരം ആഘോഷിച്ചു

**അളഗപ്പ** :നഗർ വരാക്കര ഭഗവതി ക്ഷേത്രത്തിലെ പൂരം ആഘോഷിച്ചു. രാവിലെ ചടങ്ങുകൾക്ക് ശേഷം 11 ഗജവീരൻമാരെ അണിനിരത്തി എഴുന്നള്ളിപ്പ്, തുടർന്ന് കാവടിയാട്ടം, പകൽ കിഴക്കൂട്ട് അനിയൻമാരാരുടെ നേതൃത്വത്തിൽ നൂറോളം കലാകാരൻമാർ പങ്കെടുത്ത മേളം, കാഴ്ചശീവേലി എന്നിവ ഉണ്ടായി. വൈകിട്ട് വരാക്കര ദേശത്ത് നന്തിക്കര സാംബവ സമുദായത്തിന്റെ പന്തൽവരവ്, നാഗസ്വരത്തിന്റെ അകമ്പടിയോടെ ദീപാരാധന എന്നിവയും നടന്നു.

# ജോലി വാഗ്ദാനം ചെയ്ത് തട്ടിപ്പ്; 22 വർഷത്തിന് ശേഷം അറസ്റ്റ്

കൊടുങ്ങല്ലൂർ അധ്യാപക ജോലി വാഗ്ദാനം ചെയ്തു പണം തട്ടിയ കേസിൽ 22 വർഷമായി ഒളിവിൽ കഴിഞ്ഞ പ്രതിയെ പൊലീസ് അറസ്റ്റ് ചെയ്തു. മാല്യങ്കര പുത്തൻ വീട്ടിൽ സലീംകുമാറിനെയാണ് ഡിവൈഎസ്പി എൻ.എസ്. സലീഷും സംഘവും അറസ്റ്റ് ചെയ്തത്. 1998 ൽ പ്രവർത്തനം തുടങ്ങിയ പബ്ലിക് സ്കൂളിൽ നിയമനം വാഗ്ദാനം ചെയ്തു പണം തട്ടി എന്നാണ് കേസ്.എറണാകുളം ജില്ലയിലെ കോട്ടുവള്ളിക്കാട് സെന്റ് അൽഫോൻസ് എജ്യുക്കേഷൻ സൊസൈറ്റിയുടെ കീഴിലാണു സ്കൂൾ തുടങ്ങിയത്. കേസ് വിവിധ സ്ഥലങ്ങളിൽ പേരു മാറി താമസിക്കുകയായിരുന്നു ഇയാൾ. എസ്ഐ പി.സി. സുനിൽ, എഎസ്ഐ സി.ആർ. പ്രദീപ്, ടി.ആർ. ഷൈൻ, പൊലീസുകാരായ സൂരജ് വി. ദേവ്, ലിജു ഇയ്യാനി, മിഥുൻ കൃഷ്ണ, അരുൺ നാഥ്, നിഷാന്ത് എന്നിവരടങ്ങിയ പൊലീസ് സംഘമാണ് പ്രതിയെ പിടികൂടിയത്.

# ഡ്രോൺ സർവേ 28 ന് ചിയ്യാരത്ത് തുടങ്ങും

തൃശൂർ അടുത്ത നാല് വർഷം കൊണ്ട് കേരളത്തിലെ ഡിജിറ്റൽ റീസർവേ പൂർത്തിയാക്കാനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടു പോകുകയാണെന്ന് റവന്യൂ മന്ത്രി കെ രാജൻ പറഞ്ഞു. ഇതിൽ 20 ശതമാനം ഡ്രോൺ ഉപയോഗിച്ച് നടത്തും. ഒരേ സമയം 200 വില്ലേജുകളിൽ റീസർവേ നടത്തുന്ന രീതിയിലേക്ക് സംവിധാനങ്ങൾ കൊണ്ടുവരാനാണ് ശ്രമിക്കുന്നതെന്നും മന്ത്രി പറഞ്ഞു. നൂതന സാങ്കേതിക വിദ്യയായ ഡ്രോൺ, ആർടികെ എന്നിവ ഉപയോഗിച്ച് തൃശൂർ താലൂക്കിലെ കൂർക്കഞ്ചേരി, ചിയ്യാരം എന്നീ വില്ലേജുകളുടെ സർവെ ജോലികൾ ആരംഭിക്കുന്നതിന് മുന്നോടിയായി നടന്ന ജില്ലാതല ജനപ്രതിനിധി ബോധവത്കരണ യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. 28ന് ചിയ്യാരത്ത് ഡ്രോൺ ഉപയോഗിച്ചുള്ള സർവേ ആരംഭിക്കും. ആദ്യഘട്ടത്തിൽ ഡിജിറ്റൽ റീ സർവേ പൂർത്തിയാക്കുന്ന ജില്ലയായി തൃശൂരിനെ മാറ്റുകയാണ് ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു. ഡ്രോൺ സർവേ ആരംഭിക്കുന്ന വില്ലേജുകളിലെ ജനപ്രതിനിധികളേയും രാഷ്ട്രീയപാർട്ടി പ്രതിനിധികളേയും പൊതുജനങ്ങളേയും ഉൾപ്പെടുത്തിയാണ് ബോധവത്ക്കരണ യോഗം നടത്തിയത്. കൂർക്കഞ്ചേരി എസ്എൻബിപി ഹാളിൽ നടന്ന യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി കെ ഡേവിസ് അധ്യക്ഷനായി.

# പുലിക്കുഞ്ഞ് അകമല വെറ്ററിനറി ആശുപത്രിയിൽ

**വടക്കാഞ്ചേരി** :പാലക്കാട് അകത്തേത്തറ ഉമ്മിനിയിൽ ആൾതാമസമില്ലാത്ത വീട്ടിൽനിന്ന് കഴിഞ്ഞ ദിവസം കണ്ടെത്തിയ രണ്ട് പുലിക്കുട്ടികളിലൊന്നിനെ അകമല വെറ്ററിനറി ആശുപത്രിയിലെത്തിച്ചു. ഒരു കുഞ്ഞിനെ അമ്മപ്പുലി കൊണ്ടുപോയെങ്കിലും രണ്ടാമത്തെ കുഞ്ഞിനെയെടുക്കാൻ പുലി തിരിച്ചെത്തിയിരുന്നില്ല. അവശനിലയിലായതിനെ തുടർന്നാണ് പുലിക്കുഞ്ഞിനെ അകമലയിലെത്തിച്ചത്. ചൊവ്വാഴ്ച രാത്രി കൂട്ടിൽവെച്ച രണ്ടാമത്തെ കുഞ്ഞിനെത്തേടി അമ്മപ്പുലി വീണ്ടുമെത്തുമെന്നായിരുന്നു പ്രതീക്ഷ. എന്നാൽ, ഒരു ദിവസം പിന്നിട്ടിട്ടും എത്താതിരുന്നതോടെ പുലിക്കുട്ടിയെ ഡി എഫ് ഒ ഓഫീസിലേക്ക് മാറ്റി. ഇതിനിടെ നിർത്താതെയുള്ള കരച്ചിലിൽ ആരോഗ്യനില വഷളായ പുലിക്കുഞ്ഞിന് സംരക്ഷണം നൽകാനുള്ള ചുമതല വനം വകുപ്പ് അധികൃതർ ഏറ്റെടുത്തു. വ്യാഴം രാത്രി 9ന് പുലിക്കുട്ടിയെ വടക്കാഞ്ചേരി അകമലയിലെ വെറ്ററിനറി ആശുപത്രിയിലെത്തിച്ചു. ഡോ. ഡേവിസ് അബ്രഹാമിന്റെ നേതൃത്വത്തിൽ പുലിക്കുട്ടിയെ പരിശോധിച്ച് ആരോഗ്യനില മെച്ചപ്പെടുത്താനുള്ള ശ്രമങ്ങൾ തുടരുകയാണ്.

# കേരള നോളേജ് ഇക്കോണമി മിഷൻ നടത്തുന്ന തൊഴിൽമേള ജനുവരി 18ന് തൃശൂർ ഗവ. എഞ്ചിനീയറിംഗ് കോളേജിൽ

**തൃശൂർ:** ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ കേരള നോളേജ് ഇക്കോണമി മിഷൻ നടത്തുന്ന തൊഴിൽമേള തൃശൂർ ഗവ. എഞ്ചിനീയറിംഗ് കോളേജിൽ ജനുവരി 18ന് ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ ആർ ബിന്ദു ഉദ്ഘാടനം ചെയ്യും. പി ബാലചന്ദ്രൻ എംഎൽഎ അധ്യക്ഷത വഹിക്കും. 18 ന് രാവിലെ 8.45 ന് ഉദ്ഘാടന പരിപാടികൾ ആരംഭിക്കും തുടർന്ന് 9.30 മുതൽ 6 മണി വരെ ഉദ്യോഗാർത്ഥികളുടെ ഇന്റർവ്യൂ നടക്കും. തൊഴിൽമേളയിൽ പങ്കെടുക്കാനായി തൊഴിൽ ദാതാക്കൾക്ക് 16 വരെയും ഉദ്യോഗാർത്ഥികൾക്ക് 17 വരെയും ഓൺലൈനായി സിീംഹലറഴലാശരൈീ. സല്യമഹമ.ഴീ.ശി എന്ന വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്ത് മേളയിൽ പങ്കെടുക്കാം. രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾക്ക് മുൻകൂട്ടി നൽകുന്ന സമയത്താണ് ഇന്റർവ്യൂവിന് ഹാജരാകേണ്ടത്. കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് നടത്തുന്ന തൊഴിൽ മേളയിൽ സ്പോട്ട് രജിസ്ട്രേഷൻ ഉണ്ടായിരിക്കില്ല.തൃശൂർ ജില്ലയിലെ അയ്യായിരത്തിലേറെ ഉദ്യോഗാർഥികൾക്ക് തൊഴിൽ കണ്ടെത്തി നൽകുന്ന പദ്ധതിയുടെ ഭാഗമായാണ് തൊഴിൽ മേള സംഘടിപ്പിക്കുന്നത്. ജനുവരി 15 വരെ 9126 ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തു. കേരളത്തിനകത്തും പുറത്തുമുള്ള 106 കമ്പനികളിലായി 6000 തൊഴിലവസരങ്ങൾ ഉതുവരെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ 66 കമ്പനികൾ നേരിട്ടും 40 കമ്പനികൾ ഓൺലൈനായുമാണ് ഇന്റർവ്യൂ നടത്തുക. ഐടി, എഞ്ചിനീയറിംഗ്, ടെക്നിക്കൽ ജോബ്സ്, സിവിൽ ആൻഡ് കൺസ്ട്രക്ഷൻ, ഓട്ടോമൊബൈൽ, മെഡിക്കൽ, ലോജിസ്റ്റിക്സ്, മാനേജ്മെന്റ്, റീട്ടെൽസ്, ഫിനാൻസ്, എഡ്യൂക്കേഷൻ, വിദ്യാഭാസ സ്ഥാപനങ്ങൾ, ബാങ്കിങ്, മാർക്കറ്റിംഗ്, സെയിൽസ്, മീഡിയ, സ്കിൽ എഡ്യൂക്കേഷൻ, ഹോസ്പിറ്റാലിറ്റി, ഇൻഷുറൻസ്, ഷിപ്പിംഗ്, അഡ്മിനിസ്ട്രേഷൻ, ഹോട്ടൽ മാനേജ്മെന്റ്, ടാക്സ് എന്നീ മേഖലകളിൽ നിന്നുള്ള കമ്പനികളാണ് മേളയിൽ പങ്കെടുക്കുന്നത്. തൊഴിൽ മേളകളിൽ പങ്കെടുക്കാൻ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് ജോബ് റെഡിനെസ്സ്, ഇന്റർവ്യൂ സ്കിൽ എന്നിവ മുൻനിർത്തി മൂന്ന് മണിക്കൂർ ദൈർഘ്യമുള്ള സൗജന്യ പരിശീലനവും കേരള നോളേജ് ഇക്കോണമി മിഷനും കുടുംബശ്രീയുടെ സ്കിൽ വിഭാഗവും ചേർന്ന് നൽകിയിരുന്നു. 9 ബാച്ചുകളിലായി 300 ഓളം ഉദ്യോഗാർത്ഥികൾക്കാണ് ട്രെയിനിങ് നൽകിയത്. 2021 ഫെബ്രുവരിയിൽ ഉദ്ഘാടനം ചെയ്ത ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം(ഉണങ്ങട) എന്ന പ്ലാറ്റ്ഫോം വഴിയാണ് അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്ക് അവരവരുടെ അഭിരുചിക്കും നൈപുണ്യത്തിനും അനുയോജ്യമായ തൊഴിൽ തെരഞ്ഞെടുക്കുന്നതിന് കേരള നോളേജ് ഇക്കോണമി മിഷൻ അവസരമൊരുക്കുന്നത്. നൈപുണ്യവും വൈദഗ്ധ്യവുമുള്ള തൊഴിലാളികളെയും അവരുടെ സേവനം ആവശ്യമുള്ള തൊഴിൽദാതാക്കളെയും ഒരു കുടക്കീഴിൽ കൊണ്ടുവരികയാണ് മേളയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. പ്രസ് ക്ലബ്ബിൽ നടന്ന വാർത്താ സമ്മേളനത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി കെ ഡേവിസ് മാസ്റ്റർ, ജില്ലാ പ്ലാനിങ് ഓഫീസർ എൻ കെ ശ്രീലത, കെ ഡിസ്ക് പ്രോഗ്രാം എക്സിക്യൂട്ടീവ് രാജശ്രീ എന്നിവർ പങ്കെടുത്തു.



PALAKKAD

അറിയിപ്പ്



## അംഗത്വം പുതുക്കാം

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2021 ലെ അംഗത്വം പുതുക്കൽ 2022 ജനുവരി ഒന്നു മുതൽ മാർച്ച് 31 വരെ നടക്കും. തൊഴിലാളികൾ നിർദ്ദിഷ്ട അപേക്ഷാ ഫോറത്തിലെ തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് അംഗീകൃത ട്രേഡ് യൂണിയനുകൾ, അസിസ്റ്റന്റ് ലേബർ ഓഫീസർ, ഗ്രാമപഞ്ചായത്ത് നഗരസഭാ സെക്രട്ടറി എന്നിവരിൽ നിന്നും സാക്ഷ്യപ്പെടുത്തി ആധാർ കാർഡിന്റെ പകർപ്പും അവസാനം അംശാദായം അടച്ച രസീതും സഹിതം ലഭ്യമാക്കണമെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. അപേക്ഷയിൽ നിർബന്ധമായും ഫോൺ നമ്പർ രേഖപ്പെടുത്തണം. ഫോൺ: 0491 2546873.

## ജലവിതരണം ഫെബ്രുവരി ആദ്യവാരം മുതൽ

കാഞ്ഞിരപ്പുഴ കനാലുകളിലൂടെയുള്ള ജലവിതരണം ഫെബ്രുവരി ആദ്യവാരം മുതൽ ആരംഭിക്കാനും പ്രധാന കനാലിന്റെയും ഉപകനാലുകളുടെയും ശുചീകരണം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കാനും കാഞ്ഞിരപ്പുഴ ജലസേചന പദ്ധതി ഉപദേശ സമിതി യോഗത്തിൽ തീരുമാനിച്ചു.കനാലുകളിൽ മണ്ണെടുത്ത് ആഴം കൂട്ടുന്നത് ഉൾപ്പെടെയുള്ള എല്ലാതരം പ്രവൃത്തികളും ഇറിഗേഷൻ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ നടത്തണമെന്ന് ജില്ലാ കലക്ടർ നിർദ്ദേശിച്ചു.കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന ഉപദേശക സമിതി യോഗത്തിൽ ജില്ലാ കലക്ടർ മൃൺമയി ജോഷി അധ്യക്ഷയായി. അഡ്വ. ശാന്തകുമാരി എം.എൽ.എ, ഡെപ്യൂട്ടി കലക്ടർ, ഷാഫി, എക്സിക്യൂട്ടീവ് എ9ജിനീയ4 ലെവിൻസ് ബാബു കോട്ടൂർ എന്നിവർ യോഗത്തിൽ സംസാരിച്ചു.

## അപേക്ഷിക്കാം

നോർക്ക പ്രവാസി സംരംഭകത്വ സഹായ പദ്ധതിയായ നോർക്ക പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ് (എൻ.ഡി.പി.ആർ.എം) വഴി 30 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് അപേക്ഷിക്കാം.15 ശതമാനം മൂലധന സബ്സിഡിയും (പരമാവധി മൂന്നു ലക്ഷം രൂപ) മൂന്നു ശതമാനം പലിശസബ്സിഡിയും നൽകുന്ന ഈ പദ്ധതി വഴി ഈ സാമ്പത്തിക വർഷം ഇതുവരെ 520 പ്രവാസികൾ നാട്ടിൽ വിവിധ സംരംഭങ്ങൾക്ക് തുടക്കമിട്ടിട്ടുണ്ട്. ആകെ 10 കോടി രൂപ ഈ സംരംഭങ്ങൾക്ക് സബ്സിഡി ഇനത്തിൽ അനുവദിച്ചു. രണ്ടു വർഷത്തിലധികം വിദേശത്ത് ജോലി ചെയ്ത ശേഷം മടങ്ങിയെത്തി നാട്ടിൽ സ്ഥിരതാമസമാക്കിയവർക്ക് അപേക്ഷിക്കാം. വായ്പയ്ക്കൊപ്പം സംരംഭകത്വ പിന്തുണയും നോർക്ക റൂട്ട്സ് നൽകുന്നുണ്ട്. സംസ്ഥാനത്തെ 16 ധനകാര്യ സ്ഥാപനങ്ങളുടെ ആറായിരത്തോളം ശാഖകൾ വഴി വായ്പ ലഭിക്കാൻ അവസരമൊരുക്കിയിട്ടുണ്ട്. അപേക്ഷ സമർപ്പിക്കാൻ www.norkaroots.org എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾ 1800 425 3939 ടോൾ ഫ്രീ നമ്പരിൽ ലഭിക്കും

## നിയമനം

പാലക്കാട് ഗവ. മെഡിക്കൽ കോളേജിൽ (കകണ്ട) ഡയറക്ടർ തസ്തികയിൽ നിയമനത്തിന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാർ, എം.ബി.ബി.എസും, മെഡിക്കൽ പി.ജിയുമുള്ള 15 വർഷത്തിൽ കുറയാത്ത മെഡിക്കൽ കോളേജ് അധ്യാപന പരിചയമുള്ളവർ, ഗവൺമെന്റ് സർവീസിൽ കുറഞ്ഞത് 15 വർഷത്തെ പ്രവൃത്തി പരിചയമുള്ളതും എം.ബി.ബി.എസ് ഡിഗ്രിയുള്ളതുമായ മാനേജ്മെന്റ് വിദഗ്ധർ എന്നിവരിൽ നിന്ന് അന്യത്ര സേവന വ്യവസ്ഥയിലോ കരാർ വ്യവസ്ഥയിലോ അപേക്ഷകൾ ക്ഷണിച്ചു. നിശ്ചിത യോഗ്യതയുള്ളവർ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ വികസന വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-695001 എന്ന വിലാസത്തിൽ 25ന് വൈകിട്ട് അഞ്ചിനകം അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾ ംംം.ഴാരുമഹമസസമര.ശി ൽ ലഭിക്കും.



# ജനവാസ മേഖലയിൽ വീണ്ടും പുലിയിറങ്ങി

**പാലക്കാട്:** ഉമിനിയിൽ വീണ്ടും പുലിയിറങ്ങി. ജനവാസ മേഖലയായ സൂര്യനഗറിലാണ് പുലി എത്തിയത്. കഴിഞ്ഞ ദിവസം പുലി കുഞ്ഞുങ്ങളെ കണ്ടെത്തിയ സ്ഥലത്തിന് സമീപമുള്ള മേഖലയാണിത്.നായ്ക്കളുടെ കുര കേട്ട് നോക്കിയ ഇൻഡോർ കോർട്ടിന്റ വാച്ചർ ഗോപിയാണ് പുലിയെ കണ്ടത്. ഈ മേഖലയിൽ നിന്നും നായ്ക്കളുടെ തലയോട്ടിയും എല്ലിൻ കഷണങ്ങളും കണ്ടെത്തിയിട്ടുണ്ട്. നാട്ടുകാർ അറിയിച്ചതനുസരിച്ചെത്തിയ വനംവകുപ്പ് ഉദ്യോഗസ്ഥർ തെരച്ചിൽ നടത്തിയെങ്കിലും പുലിയെ കണ്ടെത്താൻ സാധിച്ചില്ല. കഴിഞ്ഞ ദിവസമാണ് ഉമിനിയിലെ ആളൊഴിഞ്ഞുകിടന്ന വീട്ടിൽ നിന്നും രണ്ട് പുലിക്കുഞ്ഞുങ്ങളെ കണ്ടെത്തിയത്. മാധവൻ എന്നയാളുടെ ഉടമസ്ഥതയിലുള്ള വീടാണിത്. പുലിക്കുഞ്ഞുങ്ങളെ കൂട്ടിൽവച്ച് അമ്മ പുലിയെ പിടികൂടാൻ വനംവകുപ്പ് ഉദ്യോഗസ്ഥർ ശ്രമിച്ചുവെങ്കിലും പരാജയപ്പെട്ടു. കൂടിന് സമീപമെത്തിയ അമ്മ പുലി ഒരു കുഞ്ഞുമായി കടന്നു കളയുകയായിരുന്നു. തുടർന്ന് രണ്ടാമത്തെ കുഞ്ഞിനെ അകമലയിലെ സംരക്ഷണ കേന്ദ്രത്തിലേക്ക് മാറ്റിയിരുന്നു. അമ്മ പുലി ഇനി വരില്ലെന്ന നിഗമനത്തിൽ കൂട് മാറ്റാൻ വനംവകുപ്പ് തീരുമാനിച്ചിരിക്കെയാണ് വീണ്ടും പുലിയെ നാട്ടുകാർ കണ്ടത്.

## സഞ്ജിതിന്റെ കൊലപാതകം: ഒരാൾ കൂടി അറസ്റ്റിൽ

**പാലക്കാട്:** ആർഎസ്എസ് പ്രവർത്തകൻ സഞ്ജിതിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് ഒരാൾ കൂടി അറസ്റ്റിൽ. കൊലപാതകത്തിൽ നേരിട്ട് പങ്കെടുത്തയാളാണ് അറസ്റ്റിലായിരിക്കുന്നത്. തിരിച്ചറിയൽ പരേഡ് ഉള്ളതിനാൽ വിവരങ്ങൾ വെളിപ്പെടുത്തിയിട്ടില്ല. ഇതോടെ കൃത്യത്തിൽ നേരിട്ട് പങ്കെടുത്ത അഞ്ചിൽ, നാല് പേരും അറസ്റ്റിലായി.2021 നവംബർ 15 നാണ് സഞ്ജിതിനെ പാലക്കാട് മമ്പറത്തുവച്ച് വെട്ടിക്കൊലപ്പെടുത്തിയത്. ഭാര്യയുടെ ഒപ്പം ബൈക്കിൽ ജോലിക്ക് പോകുമ്പോഴായിരുന്നു സംഭവം. ഒന്നര മാസമായിട്ടും മുഴുവൻ പ്രതികളെ പിടികൂടാൻ കഴിയാത്തതിനാൽ സിബിഐ അന്വേഷണം ആവശ്യപ്പെട്ട് സഞ്ജിതിന്റെ ഭാര്യ അർഷിക ഹൈക്കോടതിയിൽ ഹർജി നൽകിയിട്ടുണ്ട്.

## കോവിഡ് വ്യാപനം: ചികിത്സാകേന്ദ്രങ്ങൾ തുറന്നേക്കും

**പാലക്കാട്:** കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ആരോഗ്യവകുപ്പ് പ്രതിരോധപ്രവർത്തനം ഊർജിതമാക്കി. ദിവസവും രോഗികളുടെ എണ്ണം അഞ്ഞൂറിനുമുകളിലേക്ക് ഉയർന്നതിനാൽ കിടത്തിച്ചികിത്സാസൗകര്യം വർധിപ്പിക്കുമെന്ന് അധികൃതർ അറിയിച്ചു.ഒരു ശതമാനത്തിൽവരെ താഴ്ന്നിരുന്ന രോഗസ്ഥിരീകരണനിരക്ക് ഒരാഴ്ചയ്ക്കിടെ 18 ശതമാനത്തിലേക്ക് ഉയർന്നു. പാലക്കാട് ഗവ. മെഡിക്കൽ കോളേജ്, കഞ്ചിക്കോട് കിൻഫ്ര എന്നിവിടങ്ങളിൽ കോവിഡ് ചികിത്സാകേന്ദ്രം പുനരാരംഭിക്കാൻ ധാരണയായി.ജില്ലാ ആശുപത്രിയിൽ കോവിഡിനുമാത്രം 24 വീതം ഐസിയു, വെന്റിലേറ്റർ കിടക്കകളുണ്ട്. ഗുരുതരമായി കോവിഡ് ബാധിക്കുന്നവരുടെ എണ്ണം വർധിച്ചാൽ കിടക്കയുടെ എണ്ണം ആനുപാതികമായി ഉയർത്തും. സർക്കാർ,സ്വകാര്യ ആശുപത്രികളിൽ ഐസിയു, വെന്റിലേറ്ററുകളിൽ ചികിത്സയിലിരുന്ന രോഗികളുടെ എണ്ണം കഴിഞ്ഞ വർഷം ഓണക്കാലത്തിനുശേഷം വർധിച്ചിരുന്നു. എം പാനൽ ചെയ്തിരുന്ന സ്വകാര്യ ആശുപത്രി കിടക്കകളും നിറഞ്ഞിരുന്നു. ഒക്ടോബറിനുശേഷം രോഗികൾ കുറഞ്ഞതോടെ ഒന്നാംതല, രണ്ടാംതല ചികിത്സാകേന്ദ്രങ്ങൾ, ഗൃഹവാസ പരിചരണകേന്ദ്രങ്ങൾ എന്നിവ നിർത്തി. കിൻഫ്രയിൽ മാത്രമാണ് ചികിത്സയിൽ രോഗികളുണ്ടായിരുന്നത്. രോഗികൾ ഇല്ലാതായതോടെ നവംബറിൽ കിൻഫ്രയും അടച്ചു.പുതുവർഷത്തിൽ ഒമിക്രോൺ വ്യാപിക്കുന്നതും ഭീഷണിയായി. അതീവ ജാഗ്രതയിലേക്ക് പോകേണ്ട സാഹചര്യം കണക്കിലെടുത്ത് സ്കൂളുകൾ 21 മുതൽ അടയ്ക്കും. വിവാഹങ്ങൾ ഉൾപ്പെടെയുള്ള ചടങ്ങുകളിൽ പങ്കെടുക്കുന്നവരുടെ എണ്ണത്തിൽ നിയന്ത്രണം ഏർപ്പെടുത്തി. കോവിഡ് ബാധിച്ച് വീടുകളിൽ സമ്പർക്കവിലക്കിൽ കഴിയുന്നവരുടെയോ കുടുംബാംഗങ്ങളുടെയോ ജാഗ്രതക്കുറവ് കോവിഡ് കൂടുതൽ പേരിലേക്ക് പകരുന്നതിന് ഇടയാക്കുമെന്നും ജാഗ്രതയാണ് അനിവാര്യമെന്ന് ആരോഗ്യവകുപ്പ് അധി

## വിജ്ഞാനം പകർന്ന് അക്ഷരവണ്ടി യാത്ര തുടങ്ങി

**ആലത്തൂർ:** വിവരവിജ്ഞാനോപാധിയായി മാറുന്ന ബഹുജന വിദ്യാഭ്യാസപരിപാടിയാണ് 'അക്ഷരവണ്ടി'യെന്ന് സ്പീക്കർ എം ബി രാജേഷ്. ആലത്തൂർ നിയോജക മണ്ഡലം സമഗ്ര വിദ്യാഭ്യാസപദ്ധതി 'ദിശ'യുടെ അക്ഷരവണ്ടി ഉദ്ഘാടനം ചെയ്യുകയായിരുന്നു. പൊതുവിദ്യാഭ്യാസ രംഗത്ത് സമാനമായ ഒട്ടേറെ പദ്ധതികൾക്ക് 'ദിശ' മാതൃകയായി.ഭൗതിക പശ്ചാത്തല സാഹചര്യങ്ങളിലെ കുതിപ്പ് വിദ്യാഭ്യാസ നിലവാരം വർധിപ്പിച്ചു. സർക്കാർ ക്ഷേമപദ്ധതിയും ആനുകൂല്യങ്ങളും പൊതുവിവരങ്ങളുടെ കൂട്ടത്തിൽ ലഭ്യമാക്കുന്ന 'ദിശ' അക്ഷരവണ്ടി ഒരേസമയം വിജ്ഞാനപ്രദവും വിവരദായകവുമാണെന്നും അദ്ദേഹം പറഞ്ഞു. കെ ഡി പ്രസേനൻ എംഎൽഎ അധ്യക്ഷനായി. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രജനി ബാബു, ആലത്തൂർ പഞ്ചായത്ത് പ്രസിഡന്റ് എ ഷൈനി, വി ചെന്താമരാക്ഷൻ, കെഎസ്ടിഎ സംസ്ഥാന പ്രസിഡന്റ് പി വേണുഗോപാലൻ, അവൈറ്റിസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് സിഇഒ വിനേഷ്, റിഷാൽ, ഓൾ കേരള പ്രൈവറ്റ് ബസ് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി ഗോപിനാഥ് എന്നിവർ സംസാരിച്ചു. പദ്ധതി കൺവീനർ വി ജെ ജോൺസൺ സ്വാഗതം പറഞ്ഞു.മണ്ഡലത്തിൽ ഓടുന്ന സ്വകാര്യ ബസുകളിലാണ് അക്ഷരവണ്ടി സജ്ജമാക്കിയത്. അവൈറ്റിസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിന്റെ സഹകരണത്തോടെ നടപ്പാക്കുന്ന പദ്ധതിക്ക് നാഷൻ ആഡ്സ് എന്ന യുവസംരംഭകരാണ് സാങ്കേതികസഹായം നൽകുന്നത്.




## എസ്എഫ്ഐ വിദ്യാർഥി പ്രതിരോധം

**പാലക്കാട് :** 'രക്തദാഹികളായ കെഎസ് യു കോൺഗ്രസ് ക്രിമിനലുകളെ ഒറ്റപ്പെടുത്തുക' എന്ന മുദ്രാവാക്യമുയർത്തി എസ്എഫ്ഐ ഏരിയ കേന്ദ്രങ്ങളിൽ വിദ്യാർഥി പ്രതിരോധം സംഘടിപ്പിച്ചു. അഞ്ചു മണിക്കൂർ നീണ്ട പ്രതിരോധം ചിറ്റൂരിൽ ജില്ലാ സെക്രട്ടറി പി ദിനനാഥ് ഉദ്ഘാടനം ചെയ്തു. തൃത്താലയിൽ ജില്ലാ പ്രസിഡന്റ് കെ എ പ്രയാൺ, പട്ടാമ്പിയിൽ സിപിഐ എം ഏരിയ സെക്രട്ടറി ടി ഗോപാലകൃഷ്ണൻ, ഒറ്റപ്പാലത്ത് സിപിഐ എം ഏരിയ സെക്രട്ടറി കെ കൃഷ്ണദാസ്, മണ്ണാർക്കാട്ട് ഡിവൈഎഫ്ഐ ജില്ലാ വൈസ് പ്രസിഡന്റ് കെ സി റിയാസുദ്ദീൻ, മുണ്ടൂരിൽ സിപിഐ എം ഏരിയ സെക്രട്ടറി സി ആർ സജീവ്, ചെർപ്പുളശേരിയിൽ സിപിഐ എം ഏരിയ സെക്രട്ടറി കെ നന്ദകുമാർ, കുഴൽമന്ദത്ത് ഡിവൈഎഫ്ഐ ബ്ലോക്ക് പ്രസിഡന്റ് കെ ഷൈജു എന്നിവർ ഉദ്ഘാടനം ചെയ്തു.




## കോവിഡ് വ്യാപനം ; രോഗസ്ഥിരീകരണ നിരക്കുയരുന്നു

**പാലക്കാട്:** ജില്ലയിൽ കോവിഡ് വ്യാപനത്തോത് അതിവേഗം ഉയരുന്നു. മൂന്നു ദിവസത്തിനിടെ രോഗസ്ഥിരീകരണനിരക്ക് ഇരട്ടിയായി. ഈ മാസം 10ന് 8.40 ശതമാനമായിരുന്ന നിരക്ക് 14ന് 18.84 ശതമാനമായി. പുതുവർഷദിനത്തിൽ നിരക്ക് 2.58 ശതമാനമായിരുന്നു. 58 കോവിഡ് ബാധിതരും. 13 ദിവസത്തിനിടെ രോഗസ്ഥിരീകരണ നിരക്ക് ആറ് ഇരട്ടിയിലധികം വർധിച്ച് രോഗികൾ 553 ആയി. കഴിഞ്ഞ ഒരാഴ്ചത്തെ ശരാശരി രോഗസ്ഥിരീകരണനിരക്കും 12 ശതമാനത്തിന് മുകളിലെത്തി. ബോധവൽക്കരണവും മറ്റ് പ്രതിരോധപ്രവർത്തനങ്ങളും ശക്തമാക്കി. രണ്ടാംഡോസ് വാക്സിനേഷനും കൗമാരക്കാർക്കുള്ള വാക്സിനേഷനും എത്രയുംവേഗം പൂർത്തിയാക്കാനും ലക്ഷ്യമിടുന്നു. കോവിഡ് പോസിറ്റീവാകുന്നവരിൽ സംശയം തോന്നുന്നവരുടെ മാത്രം സാമ്പിളാണ് സെന്റിനൽ സർവൈലൻസിന്റെ ഭാഗമായി ജനിതക പരിശോധനയ്ക്ക് നൽകുന്നത്.മാസ്ക്, സാനിറ്റൈസർ, സാമൂഹിക അകലം അടക്കമുള്ള പ്രതിരോധപാഠങ്ങൾ മറന്നതാണ് വീണ്ടും രോഗം പടരാൻ ഇടയാക്കിയത് . സാനിറ്റൈസർ നിർബന്ധമാണെങ്കിലും എടിഎമ്മുകളിൽ ഉൾപ്പെടെ കാണാനില്ല. കൈകഴുകലും ഇല്ലാതായി. സാമൂഹിക അകലം പാലിക്കപ്പെടുന്നില്ല.



## ജനവാസമേഖലയിൽ കാട്ടുപോത്തിറങ്ങി



**പാലക്കാട്:** പാലക്കാട്ട് ജനവാസ മേഖലയിൽ കാട്ടുപോത്തിറങ്ങി. ചിറ്റൂർ വേമ്പ്രയിലാണ് സംഭവം. വനപാലകരും പോലീസും സ്ഥലത്തെത്തിയിട്ടുണ്ട്. കാട്ടുപോത്തിനെ വനത്തിലേക്ക് തിരിച്ചയക്കാൻ ശ്രമം തുടങ്ങി.

## അതിരുകടക്കുന്ന ലഹരി



**വാളയാർ:** വാളയാർ അതിർത്തിവഴി ലഹരികടത്ത് വർധിക്കുന്നു. കഞ്ചാവ്, എംഡിഎംഎ, ഹാഷിഷ് ഓയിൽ എന്നിവയുൾപ്പെടെ കോടിക്കണക്കിനു രൂപ വിലവരുന്ന ലഹരിമരുന്നാണ് വാളയാറിലെ പരിശോധനയിൽ എക്സൈസ് പിടികൂടിയത്. കഴിഞ്ഞ നാല് മാസത്തിനിടെ 110 കിലോ കഞ്ചാവാണ് ഇവിടെ പിടിച്ചത്. ഇതിനുപുറമെ, 11.5 കിലോ ഹാഷിഷ് ഓയിൽ, 84 ഗ്രാം എംഡിഎംഎ, 20 ഗ്രാം നൈട്രോസ്പാം എന്നിവയും പിടികൂടി. നവംബർ ആറിന് പരിശോധനാസംഘത്തെ വെട്ടിച്ചുകടന്ന കാറിനെ പിന്തുടർന്നാണ് 54 കിലോ കഞ്ചാവ് പിടിച്ചത്. കേസിൽ മലപ്പുറം സ്വദേശികളായ രണ്ട്പേരെ അറസ്റ്റ് ചെയ്തു. ഒരാഴ്ചയ്ക്ക് ശേഷം എക്സൈസ് ചെക്പോസ്റ്റിൽ ലഹരിമരുന്നുമായി യുവാവിനെ പിടികൂടി. ചോദ്യ ചെയ്യുന്നതിനിടെ യുവാവ് കുപ്പിച്ചില്ല് ഉപയോഗിച്ച് ആത്മഹത്യക്ക് ശ്രമിക്കുകയും എക്സൈസ് ഉദ്യോഗസ്ഥരെ സംഘത്തെ ആക്രമിക്കുകയും ചെയ്തു.ഡിസംബർ 20ന് സ്വകാര്യബസിൽ കടത്തിയ നാലു കിലോ കഞ്ചാവുമായി രണ്ട് അതിഥിത്തൊഴിലാളികളെ പിടികൂടി. അതേദിവസം ആന്ധ്രയിൽനിന്ന് കടത്തിയ നാലു കിലോ കഞ്ചാവുമായി തൃശൂർ സ്വദേശിയും അറസ്റ്റിലായി. നാലുദിവസത്തെ ഇടവേളയിൽ ക്രിസ്മസ്-പുതുവത്സര സ്പെഷ്യൽ ഡ്രൈവിനിടെ 25ലക്ഷംരൂപ വിലമതിക്കുന്ന എംഡിഎംഎയുമായി രണ്ടുപേർ എക്സൈസ്പൊലീസ് സംഘത്തിന്റെ പിടിയിലായി. കഴിഞ്ഞയാഴ്ച രണ്ടു കേസുകളിലായി കെഎസ്ആർടിസി, തമിഴ്നാട് ട്രാൻസ്പോർട്ട് ബസുകളിൽ കടത്തിയ 23 കിലോ കഞ്ചാവ്, രണ്ട്ദിവസംമുമ്പ് 3.5 കോടി വില മതിക്കുന്ന ഹാഷിഷ് ഓയിൽ, കഞ്ചാവ് എന്നിവയും എക്സൈസ് സംഘം വാളയാറിൽ പിടികൂടി. ലഹരികടത്ത് കേസിൽ കഴിഞ്ഞ നാലുമാസത്തിനിടെ പത്തിലധികംപേരെ അറസ്റ്റ് ചെയ്തു. അതിർത്തിയിൽ യാത്രാ നിയന്ത്രണം നീക്കിയതും ബസ് സർവീസുകൾ പുനരാരംഭിച്ചതും ലഹരികടത്ത് വർധിക്കാൻ കാരണമായി. രണ്ട് മാസത്തിനിടെ വാളയാറിൽ എക്സൈസ് സംഘം പിടിച്ച കേസുകളിൽ ഭൂരിഭാഗം ലഹരികടത്തും ബസുകളിലായിരുന്നു. വൻ തോതിൽ കഞ്ചാവ് കൃഷി ചെയ്യുന്ന ആന്ധ്രപ്രദേശിൽ വിളവെടുപ്പ്കാലമാണെന്നും കുറഞ്ഞ വിലയ്ക്ക് അവിടെ ലഭിക്കുന്ന കഞ്ചാവ് ഇവിടെയെത്തിച്ച് ചെറുകിട കച്ചവക്കാർക്ക് വിതരണം ചെയ്യുന്ന സംഘം സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്നും എക്സൈസ് ഉദ്യോഗസ്ഥർ പറഞ്ഞു. ഇനിയൊരു ലോക്ഡൗൺ വരുമെന്ന ആശങ്കയും വൻ തോതിൽ ലഹരി ഒഴുകിയെത്താൻ കാരണമാണ്. അതിനാൽ അതിർത്തിപരിശോധന കർശനമാക്കുമെന്ന് പാലക്കാട് അസിസ്റ്റന്റ് എക്സൈസ് കമീഷണർ കെ രാകേഷ് പറഞ്ഞു. വാളയാർ എക്സൈസ് ചെക്ക്പോസ്റ്റിൽ നടന്ന പരിശോധനയ്ക്കിടെ ഈന്തപ്പഴ പാക്കറ്റിനുള്ളിൽ ഒളിപ്പിച്ച് കടത്തിയ എട്ടു കിലോ കഞ്ചാവ് പിടിച്ചെടുത്തു. കേസിൽ തമിഴ്നാട് പുതുക്കോട്ട സ്വദേശി രവിചന്ദ്രൻ (49) അറസ്റ്റിലായി. വ്യാഴം പകൽ 12.30നാണ് ചെക്ക്പോസ്റ്റിൽ വാഹന പരിശോധനയ്ക്കിടെ കെഎസ്ആർടിസി ബസിൽ ഈന്തപ്പഴ പാക്കറ്റിലാക്കി ബാഗിൽ ഒളിപ്പിച്ച് കടത്തിയ കഞ്ചാവാണ് പിടിച്ചെടുത്തത്.ആന്ധ്രയിൽനിന്ന് വാങ്ങിയ കഞ്ചാവ് തിരുച്ചിറപ്പള്ളി വഴി കോഴിക്കോട് ഹാർബർ കേന്ദ്രീകരിച്ച് വിൽപ്പന നടത്താനാണെന്ന് പ്രതി ചോദ്യം ചെയ്യലിൽ സമ്മതിച്ചു. മുമ്പും ഇയാൾ കഞ്ചാവ് കടത്തിയിട്ടുണ്ടെന്ന് എക്സൈസ് ഇൻസ്പെക്ടർ സിജോ വർഗീസ് പറഞ്ഞു. പ്രിവന്റീവ് ഓഫീസർമാരായ മുഹമ്മദ് ഷെരീഫ്, സി ഷിബുകുമാർ, ഗ്രേഡ് പ്രിവന്റീവ് ഓഫീസർമാരായ പ്രവീൺ കെ വേണുഗോപാൽ, വി ദേവകുമാർ, സിവിൽ എക്സൈസ് ഓഫീസർ ടി എസ് അനിൽകുമാർ, എൻ രജിത്ത് എന്നിവർ പരിശോധനയിൽ പങ്കെടുത്തു.

## അറിയിപ്പ്

### അപേക്ഷ ക്ഷണിച്ചു

സർക്കാർ/സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളായ മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, ജൈന, പാഴ്സി വിഭാഗങ്ങളിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥിനികൾക്ക് ജനസംഖ്യാനുപാതികമായി 2021-22 അദ്ധ്യയന വർഷത്തേക്ക് സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ്/ ഹോസ്റ്റൽ സ്റ്റൈപന്റ് നൽകുന്നതിന് സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിച്ചു.കേരളത്തിൽ പഠിക്കുന്ന സ്ഥിര താമസക്കാരായ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിനികൾക്കാണ് സ്കോളർഷിപ്പ്. ബിരുദത്തിന് പഠിക്കുന്നവർക്ക് 5,000 രൂപയും ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്നവർക്ക് 6,000 രൂപയും, പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്നവർക്ക് 7,000 രൂപയും ഹോസ്റ്റൽ സ്റ്റൈപന്റ് ഇനത്തിൽ 13,000 രൂപയും വീതവുമാണ് പ്രതിവർഷം സ്കോളർഷിപ്പ്. മെറിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിച്ച് സ്വാശ്രയ മെഡിക്കൽ/ എൻജിനിയറിങ് കോളേജുകളിൽ പഠിക്കുന്നവർക്കും അപേക്ഷിക്കാം. ഒരു വിദ്യാർത്ഥിനിക്ക് സ്കോളർഷിപ്പ് അല്ലെങ്കിൽ ഹോസ്റ്റൽ സ്റ്റൈപന്റ് എന്നിവയിൽ ഏതെങ്കിലും ഒന്നിന് അപേക്ഷിക്കാം. ആദ്യ വർഷങ്ങളിൽ അപേക്ഷിക്കാൻ കഴിയാത്തവർക്കും ഇപ്പോൾ പഠിക്കുന്ന വർഷത്തേക്ക് അപേക്ഷിക്കാം. അപേക്ഷകർ യോഗ്യതാ പരീക്ഷയിൽ 50 ശതമാനത്തിൽ കുറയാത്ത മാർക്ക് നേടിയിരിക്കണം. കോളേജ് ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്കും, സ്ഥാപന മേധാവി അംഗീകരിച്ചിട്ടുള്ള സ്വകാര്യ ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്കും ഹോസ്റ്റൽ സ്റ്റൈപ്പന്റിനായി അപേക്ഷിക്കാം. കുടുംബ വാർഷിക വരുമാനം എട്ട് ലക്ഷം രൂപയിൽ കവിയരുത് (ബി.പി.എൽകാർക്ക് മുൻഗണന). അപേക്ഷകർക്ക് ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. www.minoritywelfare.kerala.gov.in വഴി ഓൺലൈനായി അപേക്ഷിക്കാം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 20. കൂടുതൽ വിവരങ്ങൾക്ക്: 0471-2300524.

### അപേക്ഷ ക്ഷണിച്ചു

ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനിൽ പി.ജി ഡിപ്ലോമ ഇൻ ജി.എസ്.റ്റി കോഴ്സിൽ പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് ജനസംഖ്യാനുപാതികമായി സ്കോളർഷിപ്പ് നൽകുന്നതിലേക്കായി സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിച്ചു. കേരളത്തിൽ പഠിക്കുന്ന സ്ഥിരതാമസക്കാരായ മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈന മതവിഭാഗത്തിൽപ്പെട്ട 8 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള, ബിരുദം പഠിച്ചു പാസായ വിദ്യാർഥികൾക്ക് സ്കോളർഷിപ്പിന് അപേക്ഷിക്കാം. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന നൽകും. ബി.പി.എൽ അപേക്ഷകരുടെ അഭാവത്തിൽ ന്യൂനപക്ഷ മത വിഭാഗത്തിലെ 8 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള എ.പി.എൽ വിഭാഗത്തെയും പരിഗണിക്കും.ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനിൽ പി.ജി ഡിപ്ലോമ ഇൻ ജി.എസ്.റ്റി കോഴ്സിൽ (202122 അധ്യയന വർഷം) പഠിക്കുന്ന വിദ്യാർഥികളിൽ നിന്നും വരുമാനത്തിന്റെയും മാർക്കിന്റെയും അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. ബി.പി.എൽ വിഭാഗക്കാർ നിർബന്ധമായും റേഷൻ കാർഡിന്റെ പകർപ്പ് സമർപ്പിക്കണം. 15,000 രൂപയാണ് സ്കോളർഷിപ്പ് തുക. അപേക്ഷകർക്ക് ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം.www.minoritywelfare.kerala.gov.il എന്ന വകുപ്പിന്റെ വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 26. കൂടുതൽ വിവരങ്ങൾക്ക്: 0471-2300524.



# കോവിഡ് മാനദണ്ഡം ലംഘിച്ചാൽ കാർണിവൽ അടിച്ചുപൂട്ടും: ആരോഗ്യ വകുപ്പ്

**നിലമ്പൂർ:** കോവിഡ് മാനദണ്ഡങ്ങൾ ലംഘിച്ച് പ്രവർത്തിച്ചാൽ നിലമ്പൂർ പാട്ടിനോടനുബന്ധിച്ചു നടത്തി വരുന്ന കാർണിവൽ അടച്ചുപൂട്ടുമെന്നു ആരോഗ്യ വകുപ്പ് അധികൃതർ അറിയിച്ചു. ഇന്നലെ ഉച്ചയ്ക്കു ശേഷം ജില്ലാ ആശുപത്രി പൊതുജനാരോഗ്യ വിഭാഗം നിലമ്പൂർ കാർണിവൽ നഗരിയിൽ പരിശോധന നടത്തി. ഹെൽത്ത് ഇൻസ്പെക്ടർ പി. അഞ്ജനയുടെ നേതൃത്വത്തിലാണ് മണിക്കൂറുകൾ നീണ്ടു പരിശോധന നടത്തിയത്. നഗരസഭ കാർണിവൽ നഗരിയിൽ ഓരേസമയം 150 പേർക്കാണ് പ്രവേശനം നൽകിയിട്ടുള്ളത്. എന്നാൽ വലിയ തിരക്കാണ് കാർണിവൽ നഗരിയിൽ നിലവിലുള്ളതെന്നു ഹെൽത്ത് തുറന്ന സ്ഥലത്തു ഭക്ഷണ വിതരണം നടത്തുന്നതിനെതിരെയും നിർദേശം നൽകി. നഗരസഭ കാർണിവൽ നഗരിയിൽ നൽകിയ അനുമതി ലംഘിക്കപ്പെട്ടാൽ ഇന്നു തന്നെ അടച്ചുപൂട്ടുമെന്നും അവർ പറഞ്ഞു. വൈകുന്നേരം നാലിനു തന്നെ വലിയ ജനക്കൂട്ടമാണ് നഗരിയിൽ എത്തിയത്. രാത്രിയോടെ ജനങ്ങൾ കൂടുതൽ എത്താമെന്നും അവർ പറഞ്ഞു. ജില്ലാ മെഡിക്കൽ ഓഫീസർ, നഗരസഭാ സെക്രട്ടറി എന്നിവർക്ക് റിപ്പോർട്ട് നൽകും. നിലവിൽ ഒരു മാനദണ്ഡവും പാലിക്കാതെയാണ് ജനക്കൂട്ടം എത്തുന്നതെന്നു പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ടെന്നും ഹെൽത്ത് ഇൻസ്പെക്ടർ പറഞ്ഞു. ജൂണിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായ റിയാസ് അലി, വിജയ ലക്ഷ്മി, ഗിരിഷ്, ജിതിൻ, അച്യുതൻ എന്നിവരും പരിശോധനയിൽ പങ്കെടുത്തു.

# 19 ശൈശവ വിവാഹങ്ങൾ തടഞ്ഞു

**മലപ്പുറം:** 'പഠിച്ച് സ്വന്തം കാലിൽ നിൽക്കാനായിരുന്നു അവളുടെ ആഗ്രഹം. എന്നാൽ പതിനേഴാം വയസിൽ മണവാട്ടി ആവാനായിരുന്നു വീട്ടുകാരുടെ സമ്മർദ്ദം.അവളുടെ ഇഷ്ടം അവഗണിച്ചതോടെ കാര്യങ്ങൾ വിവാഹത്തിന്റെ വക്കോളമെത്തി. വിഷമം കണ്ട സഹപാഠി പൊൻവാക്കിലേക്ക് വിവരം അറിയിച്ചതോടെ വിവാഹം തടയാനും അവൾക്ക് പഠനം തുടരാനുമായി'. ശൈശവ വിവാഹങ്ങൾ തടയുന്നതിനായി വനിതാ ശിശു വികസന വകുപ്പ് നടപ്പാക്കുന്ന പൊൻവാക്ക് പദ്ധതിയിൽ ആറ് മാസത്തിനിടെ ഇത്തരത്തിൽ 19 വിവാഹങ്ങളാണ് തടഞ്ഞത്. ഇതിൽ 11ഉം കഴിഞ്ഞ രണ്ട് മാസത്തിനിടെയാണ്. ശൈശവ വിവാഹം സംബന്ധിച്ച വിവരം കൈമാറുന്നയാൾക്ക് 2,?500 രൂപ പാരിതോഷികം ലഭിക്കുമെന്ന പ്രത്യേകത കൂടിയുണ്ട് പൊൻവാക്കിന്. പൊതുജന പങ്കാളിത്തത്തോടെ ശൈശവ വിവാഹം തടയാൻ ലക്ഷ്യമിട്ടാണിത്.വിവാഹം മാത്രമല്ല, വിവാഹത്തിന് മുന്നോടിയായുള്ള പെണ്ണ് കാണൽ, മിഠായി നൽകൽ, നിശ്ചയം, നിക്കാഹ്, ജാതകക്കുറി കൈമാറൽ എന്നിവയെല്ലാം വിവാഹപരിധിയിൽ വരുമെന്നതിനാൽ പൊൻവാക്കിലൂടെ ഇതെല്ലാം തടയാനാവും. വിവാഹനിശ്ചയവും നിക്കാഹും രഹസ്യമായി നടത്തുന്നത് വർദ്ധിച്ചതോടെ ആറ് മാസം മുമ്പാണ് പൊൻവാക്ക് പദ്ധതി തുടക്കമിട്ടത്. പൊതുജനങ്ങൾ, സഹപാഠികൾക്ക് പുറമെ അംഗൻവാടി വർക്കർമാർ മുഖേനയാണ് പരാതികൾ ലഭിക്കുന്നത്.പരാതി നൽകൂ, ഉടൻ വരും നടപടി ശൈശവ വിവാഹം സംബന്ധിച്ച വിവരം വനിതാ ശിശു വികസന വകുപ്പിന് ലഭിക്കുന്നതോടെ ജില്ലയിലെ 29 ഐ.ഡി.സി.എസ് ബ്ലോക്കുകളിലെ ചൈൽഡ് ഡെവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർമാർക്ക് കൈമാറും. ചൈൽഡ് മാര്യേജ് പ്രൊഹിബിഷൻ ഓഫീസറുടെ ചുമതല കൂടി ഇവർക്കുള്ളതിനാൽ നിയമപരമായി വിവാഹം തടയാനാവും. വിവരം നൽകുന്ന വ്യക്തിയുടെ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കും.പരാതിയുടെ നിജസ്ഥിതി അന്വേഷിക്കുന്നതിന് പഞ്ചായത്ത് ഐ.സി.ഡി.എസ് സൂപ്പർവൈസർ, അംഗൻവാടി വർക്കർമാർ, സ്കൂൾ കൗൺസിലർമാർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തും. ശേഷം പെൺകുട്ടിയുടെ വീട്ടിലെത്തി രക്ഷിതാക്കളുമായും കുട്ടിയുമായും സംസാരിക്കും. വിവാഹത്തിൽ നിന്ന് പിന്മാറുന്ന രക്ഷിതാക്കളോട് 18 വയസിന് ശേഷമേ വിവാഹം നടത്തൂ എന്ന് എഴുതി വാങ്ങിക്കും. ഇതിന് തയ്യാറായില്ലെങ്കിൽ കോടതിയെ സമീപിച്ച് വിവാഹം വിലക്കിയുള്ള ഉത്തരവ് ലഭ്യമാക്കി കുടുംബത്തിന് കൈമാറും. കോടതി ഉത്തരവ് ലംഘിച്ചാൽ കുറ്റകൃത്യമായി മാറും. സാധാരണഗതിയിൽ കൂടുതൽ പേരും ഉദ്യോഗസ്ഥർ പറയുന്നതോടെ പിന്മാറുകയാണ് പതിവ്. വിവാഹം നടത്താൻ ശ്രമിക്കുന്നുണ്ടോ എന്നത് അറിയാൻ തുടർന്നും വീട്ടുകാരെ രഹസ്യമായി നിരീക്ഷിക്കും.ആദ്യ പാരിതോഷികം സഹപാഠിക്ക് പൊൻവാക്കിൽ വിവരമറിയിച്ചതിന് ജില്ലയിൽ ആദ്യ പാരിതോഷികം ലഭിച്ചത് 17കാരിയുടെ സഹപാഠിക്കാണ്. പൊതുജനങ്ങളിൽ നിന്ന് വിവരം അറിയിച്ച ആറ് പേർക്കുള്ള സഹായം ഈ ആഴ്ച നൽകും. വിവരം നൽകിയ വ്യക്തിയുടെ വിവരങ്ങൾ പുറത്തറിയാതിരിക്കാൻ അധികൃതർ നേരിട്ടെത്തിയാണ് തുക കൈമാറുക. ശൈശവ വിവാഹം സംബന്ധിച്ച വിവരങ്ങൾ 9447947304 അറിയിക്കാം.കുട്ടികൾക്കെതിരെയുള്ള അതിക്രമമായാണ് ശൈശവ വിവാഹം കണക്കാക്കുന്നത്. വിവാഹം സംബന്ധിച്ച വീട്ടുകാരുടെ സമ്മർദ്ദം സഹപാഠികൾക്കും കൂട്ടുകാർക്കും എളുപ്പത്തിൽ മനസ്സിലാക്കാനാവും. പൊൻവാക്കിലൂടെ അറിയിക്കുന്നതോടെ ഒരുകുട്ടിക്ക് പഠിക്കാനും സ്വന്തം കാലിൽ നിൽക്കാനുമുള്ള അവസരം കൂടിയാണേകുന്നത്. വിവരങ്ങൾ നൽകുന്നതിൽ സഹപാഠികളും പൊതുജനങ്ങളും കൂടുതൽ പ്രാധാന്യമേകണം.എ.എ.ഷറഫുദ്ദീൻ, ജില്ലാ വനിതാ ശിശുവികസന ഓഫീസർ

# കർഷകന് ലഭിക്കേണ്ട ഇൻഷുറൻസ് തുക അക്കൗണ്ട് മാറി നൽകി

**ഊർങ്ങാട്ടിരി:** കൃഷിനാശമുണ്ടായ കർഷകന് ലഭിക്കേണ്ട ഇൻഷുറൻസ് തുക അക്കൗണ്ട് മാറി നൽകിയതായി പരാതി. ഈസ്റ്റ് വടക്കുമുറിയിൽ താമസിക്കുന്ന വലിയോടത്ത് അബ്ദുറഹ്മാനാണ് ഊർങ്ങാട്ടിരി കൃഷി ഓഫിസ് അധികൃതർക്കെതിരെ പരാതിയുമായി രംഗത്തെത്തിയത്. 2020ലെ പ്രളയത്തിൽ ഈസ്റ്റ് വടക്കുംമുറിയിലെ വയലിൽ കൃഷി ചെയ്ത ഇദ്ദേഹത്തിൻറെ 1000 നേന്ത്രവാഴകൾ നശിച്ചിരുന്നു. തുടർന്ന് നഷ്ട പരിഹാരത്തിനായി ഇൻഷുറൻസ് രേഖകൾ ഉൾപ്പെടെ കൃഷി ഓഫിസിൽ ഹാജരാക്കി.ഇതിൻറെ അടിസ്ഥാനത്തിൽ ഉന്നത ഉദ്യോഗസ്ഥർ കൃഷിയിടം സന്ദർശിക്കുകയും 2,83,000 രൂപ അനുവദിച്ചതായി കൃഷി ഓഫിസിൽനിന്ന് രേഖാമൂലം അറിയിക്കുകയും ചെയ്തു. എന്നാൽ, ഈ തുക 17 മാസം കഴിഞ്ഞിട്ടും ലഭിച്ചിട്ടില്ല. നിരവധി തവണ കൃഷിഭവനിൽ കയറിയിറങ്ങിയിട്ടും ഒരു നടപടിയും ഉണ്ടായില്ല.തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് പണം മറ്റൊരാളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കണ്ടെത്തിയത്. തുടർന്ന് കൃഷി ഓഫിസിൽ അന്വേഷിച്ചപ്പോൾ അക്കൗണ്ട് മാറി പണം പോയതാണെന്ന് കൃഷി ഓഫിസർ റൈഹാനത്ത് അറിയിച്ചു.ഇതിൻറെ രേഖകൾ ആവശ്യപ്പെട്ട് അബ്ദുറഹ്മാൻ കൃഷി ഓഫിസിൽ വിവരാവകാശ പ്രകാരം അപേക്ഷ നൽകിയിട്ടുണ്ട്. ഉന്നത ഉദ്യോഗസ്ഥർക്ക് പരാതിയും നൽകിയിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ അനാസ്ഥയാണ് ഇതിന് കാരണമെന്ന് അദ്ദേഹം ആരോപിച്ചു.അതേസമയം, ഇൻഷുറൻസുമായി ബന്ധപ്പെട്ട രേഖകൾ കൈമാറുന്നതിനിടെ ഉദ്യോഗസ്ഥർക്ക് വന്ന പിഴവാണ് അക്കൗണ്ട് മാറി പണം പോകാൻ കാരണമെന്ന് ഊർങ്ങാട്ടിരി കൃഷി ഓഫിസർ റൈഹാനത്ത് 'മാധ്യമ'ത്തോട് പറഞ്ഞു. പണം ലഭിച്ചയാളെ കണ്ടെത്തി തിരിച്ചുപിടിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ട്. പണം ലഭിച്ചില്ലെങ്കിൽ തുടർനടപടികളുമായി മുന്നോട്ടുപോകും. ഒരു തിരിമറിയും ഇതിൽ നടന്നിട്ടില്ല. മറ്റു കർഷകർക്കെല്ലാം ഇൻഷുറൻസ് തുക ലഭിച്ചിട്ടുണ്ടെന്നും അവർ പറഞ്ഞു.

# ബേസ്ബോൾ ടീമിന് സർവകലാശാലയുടെ അനുമോദനം




**തേഞ്ഞിപ്പലം :** ആദ്യമായി ബേസ്ബോളിൽ അഖിലേന്ത്യാ കപ്പുയർത്തിയ കലിക്കറ്റ് സർവകലാശാലാ വനിതാ ടീമിന് സർവകലാശാലയിൽ പ്രൗഢോജ്വല സ്വീകരണം. കളി തുടങ്ങാൻ രണ്ടുനാൾ ബാക്കിനിൽക്കെ അപ്രതീക്ഷിതമായി മരണമടഞ്ഞ ടീം മാനേജർ ഡോ. മുഹമ്മദ് നജീബിന്റെ സ്മരണകളിലൂടെയാണ് ചടങ്ങ് തുടങ്ങിയത്. സർവകലാശാലാ സെനറ്റ് ഹൗസിൽ നടന്ന പരിപാടി വൈസ് ചാൻസലർ ഡോ. എം കെ ജയരാജ് ഉദ്ഘാടനംചെയ്തു. നാല് വർഷത്തിനകം അന്താരാഷ്ട്ര നിലവാരത്തിലുള്ള മത്സരത്തിനായി സർവകലാശാലാ സ്റ്റേഡിയം സർവസജ്ജമാക്കുമെന്ന് വിസി പറഞ്ഞു. സിൻഡിക്കറ്റംഗം കെ കെ ഹനീഫ അധ്യക്ഷനായി. രജിസ്ട്രാർ ഡോ. ഇ കെ സതീഷ് മുഖ്യഭാഷണം നടത്തി. സിൻഡിക്കറ്റംഗങ്ങളായ ഡോ. ജി റിജുലാൽ, എം ജയകൃഷ്ണൻ, കായികവകുപ്പ് ഡയറക്ടർ ഡോ. വി പി സക്കീർ ഹുസൈൻ, ഉപമേധാവി ഡോ. എം ആർ ദിനു, അസി. ഡയറക്ടർ ഡോ. കെ ബിനോയ്, ടീം ക്യാപ്റ്റൻ ചെൽസിയ ജോൺസൺ, പരിശീലകൻ സുൽഫിക്കൽ പൂവക്കാട് എന്നിവർ സംസാരിച്ചു.ഡോ. നജീബിന്റെ സ്മരണ നിലനിർത്തും തേഞ്ഞിപ്പലം കലിക്കറ്റ് സർവകലാശാലാ ബേസ്ബോൾ ടീമിന്റെ മാനേജറായിരിക്കെ അകാലത്തിൽ മരിച്ച ഡോ. മുഹമ്മദ് നജീബിന്റെ സ്മരണ നിലനിർത്താൻ ഉചിതമായ തീരുമാനം സർവകലാശാല കൈക്കൊള്ളുമെന്ന് സിൻഡിക്കറ്റംഗം കെ കെ ഹനീഫ പറഞ്ഞു. കായിക സ്ഥിരസമിതിയുടെ അടുത്ത യോഗത്തിൽ ഇക്കാര്യം ചർച്ചചെയ്യും. വരുന്ന സിൻഡിക്കറ്റ് യോഗത്തിൽ തീരുമാനമെടുക്കും. അഖിലേന്ത്യാ മത്സരത്തിനുള്ള ടീം മാനേജറായ ഡോ. നജീബ് ടീമുമായി പുറപ്പെടാനിരിക്കെ മണിക്കൂറുകൾക്കുമുമ്പ് ചാലിയാർ പ്പുഴയിൽ മുങ്ങിമരിക്കുകയായിരുന്നു. ടീമിനൊപ്പം ഭാര്യയെയും മകളെയും കൂട്ടി യാത്രക്ക് അദ്ദേഹം ഒരുക്കം നടത്തിയിരുന്നതായി പരിശീലകൻ സുൽഫിക്കൽ അനുമോദനച്ചടങ്ങിൽ സ്മരിച്ചു.

## കനോലിയിൽ കണ്ണാകും നക്ഷത്രവനങ്ങൾ

**നിലമ്പൂർ :** ജില്ലയിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രമായ കനോലി പ്ലോട്ടിൽ 27 നക്ഷത്ര വൃക്ഷങ്ങളും ഔഷധ വൃക്ഷങ്ങളും തലയുയർത്തി നിൽക്കുന്ന കാടൊരുങ്ങും. നഗരവനം മാതൃകയിലാണ് നക്ഷത്ര വൃക്ഷങ്ങളുടെയും ഔഷധ വൃക്ഷങ്ങളുടെയും തോട്ടമൊരുക്കാൻ വനംവകുപ്പ് തയ്യാറെടുക്കുന്നത്. കനോലി പ്ലോട്ടിന് ചേർന്ന് പൂട്ടിക്കിടക്കുന്ന മരവ്യവസായ ശാലയ്ക്ക് സമീപമാണ് വനതോട്ടങ്ങൾ ഒരുക്കുക. നിലവിലുള്ള മരങ്ങളും സസ്യങ്ങളും സംരക്ഷിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. പ്രൊജക്ട് റിപ്പോർട്ട് വനം വകുപ്പ് സംസ്ഥാന സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കും. ഒരു ഹെക്ടർ സ്ഥലത്താണ് ആദ്യഘട്ടത്തിൽ പദ്ധതി നടപ്പാക്കുക. സന്ദർശകരെ ആകർഷിക്കാൻ അപൂർവ പൂച്ചെടികളും അലങ്കാര വൃക്ഷങ്ങളും പന്നൽ ചെടികളും ജൈവവൈവിധ്യ ഉദ്യാനവും ഒരുക്കും. രണ്ട് വർഷം കഴിയുമ്പോൾ വനത്തിനുള്ളിൽ പ്രവേശിക്കാൻ സന്ദർശകർക്ക് അനുമതി നൽകും. ഔഷധ തോട്ടത്തിൽ മരോട്ട്, താന്നി, പുന്ന, നീർമരുത്, ആര്യവേപ്പ്, കൂവളം, ഇരിപ്പ, പലകപച്ചാനി, അശോകം, എല്ലൂറ്റിപച്ച എന്നീ ഔഷധവൃക്ഷങ്ങളാണ് ആദ്യഘട്ടത്തിൽ നട്ടുപിടിപ്പിക്കുക. നക്ഷത്രവന തോട്ടത്തിൽ അശ്വതി നാളിന് കാഞ്ഞിരവും ഭരണി- നെല്ലി, കാർത്തിക-- --അത്തി, രോഹിണിഞാവൽ, മകയിരം കരിങ്ങാലി, തിരുവാതിര കരിമരം, പുണർതം മുള, പൂയം അരയാൽ, ആയില്യം നാഗം, മകം പേരാൽ, പൂരം ചമത, ഉത്രം ഇത്തി, അത്തം അമ്പഴം, ചിത്തിര കൂവളം, ചോതി നീർമരുത്, വിശാഖം വയ്യങ്കത, അനിഴം ഇലഞ്ഞി, തൃക്കേട്ട വെട്ടി, മൂലം വെള്ളപൈൻ, പൂരാടം വഞ്ചി, ഉത്രാടം പ്ലാവ്, തിരുവോണം എരുക്ക്, അവിട്ടം വന്നി, ചതയം കടമ്പ്, പൂരൂരുട്ടാതി തേൻമാവ്, ഉത്രട്ടാതി കരിമ്പന, രേവതി ഇലിപ്പ എന്നീ ക്രമത്തിലാണ് നക്ഷത്രവനമൊരുക്കുക. ഓരോ നക്ഷത്രമരങ്ങളിലും നക്ഷത്രത്തിന്റെ പേരും വൃക്ഷത്തിന്റെ ശാസ്ത്രീയനാമവും രേഖപ്പെടുത്തി പ്രത്യേകം തറ കെട്ടി സംരക്ഷിക്കും. കെഎഫ്ആർഐ, സോഷ്യൽ ഫോറസ്ട്രി, സംസ്ഥാന സർക്കാരിന്റെ ആയൂർവേദ ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുക. വനം സംരക്ഷണ സമിതിക്കായിരിക്കും വൃക്ഷങ്ങളുടെ പരിപാലന ചുമതല.

## സന്തോഷ് ട്രോഫി: ഭാഗ്യചിഹ്നം ക്ഷണിച്ചു

**മലപ്പുറം :**സന്തോഷ് ട്രോഫി ദേശീയ സീനിയർ ഫുട്ബോൾ ചാമ്പ്യൻഷിനുള്ള ഭാഗ്യചിഹ്നത്തിന് അപേക്ഷ ക്ഷണിച്ചു. കേരളത്തെയും സന്തോഷ് ട്രോഫിയെയും അടയാളപ്പെടുത്തുന്നതാകണം ഭാഗ്യചിഹ്നം. സ്കൂൾ വിദ്യാർഥികൾമുതൽ എല്ലാ ബഹുജനങ്ങൾക്കും മത്സരത്തിൽ പങ്കെടുക്കാം. തയാറാക്കിയ ഭാഗ്യചിഹ്നത്തിന്റെ വ്യക്തതയോടുകൂടിയുള്ള (ഷുലഴ,ിഴ,ുറള) കോപ്പി 21 വൈകിട്ട് അഞ്ചിനുമുമ്പായി സ്പോർട്സ് കൗൺസിലിൽ നേരിട്ടോ santoshtrophymalappuram@gmail.com F-¶ sa-bnÀ sF-Un-bn-tem A-b-¡mw. A-b-¡p-¶-hÀ _ന്ധപ്പെടേണ്ട ഫോൺ നമ്പറും ഉൾപ്പെടുത്തണം. വിജയിക്ക് ആകർഷകമായ സമ്മാനം ഉണ്ടാകും. സന്തോഷ് ട്രോഫിയുടെ പ്രചാരണാർഥം കേരളത്തിലെ സന്തോഷ് ട്രോഫി താരങ്ങളെയും ജില്ലയിലെ ജൂനിയർ, സബ് ജൂനിയർ താരങ്ങളെയും ഉൾപ്പെടുത്തി സൗഹൃദ മത്സരം സംഘടിപ്പിക്കും. ചാമ്പ്യൻഷിപ്പുമായി ബന്ധപ്പെടുത്തി പ്രൊമോ വീഡിയോ, തീം സോങ്, 'ലക്ഷം ഗോൾ' പരിപാടി എന്നിവയും സംഘടിപ്പിക്കും.ചാമ്പ്യൻഷിപ്പിന് ആവശ്യമായ ആംബുലൻസുകൾ ജില്ലയിലെയും സമീപ ജില്ലയിലെയും സർക്കാർ, സ്വകാര്യ ആശുപത്രികളുടെ സഹായത്തോടെ കണ്ടെത്താമെന്ന് ഡെപ്യൂട്ടി ഡിഎംഒയുടെ അധ്യക്ഷതയിൽ ചേർന്ന മെഡിക്കൽ കമ്മിറ്റി തീരുമാനിച്ചു. കോവിഡ് നിലനിൽക്കുന്ന സാഹചര്യത്തിൽ കളിക്കാരുടെ സുരക്ഷയിൽ വിട്ടുവീഴ്ച വരുത്തേണ്ടതില്ലെന്ന് ആരോഗ്യ സംരക്ഷ കമ്മിറ്റി വിലയിരുത്തി. യോഗത്തിൽ ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് എ ശ്രീകുമാർ, വൈസ് പ്രസിഡന്റ് വി പി അനിൽ, സെക്രട്ടറി അബ്ദുൽ മഹ്റൂഫ്, ഇൻഫർമേഷൻ ഓഫീസർ റഷീദ് ബാബു, ഡോ. അഹമ്മദ് അഫ്സൽ, ഡോ. എം എസ് രാമകൃഷ്ണൻ, ഡോ. ജോണി ചെറിയാൻ, ഡോ. അബുസബാഹ്, ജയകൃഷ്ണൻ, ഡോ. എ കെ മുനീബ്, കെ പി അനിൽ, ഷംസുദ്ദീൻ മുബാറക്, എ ശശികുമാർ, അജ്മൽ, സി സുരേഷ്, കെ മനോഹരകുമാർ, കെ കെ ഷെമിൻ, ജസീനാബി അലി, കെ സി മാധവൻ, നോബിൾ ജോൺ, നിസാറലി, കെ വി അൻവർ, നിവിൽ ഇബ്രാഹിം, നൗഷാദ് കളപ്പാടൻ എന്നിവർ സംസാരിച്ചു.

## താക്കീതായി വിദ്യാർഥി പ്രതിരോധം

**മലപ്പുറം :** 'രക്തദാഹികളായ കെഎസ്‌യു-കോൺഗ്രസ് ക്രിമിനലുകളെ ഒറ്റപ്പെടുത്തുക' മുദ്രാവാക്യമുയർത്തി എസ്എഫ്ഐ ഏരിയാ കേന്ദ്രങ്ങളിൽ വിദ്യാർഥി പ്രതിരോധം സംഘടിപ്പിച്ചു.വണ്ടൂരിൽ എസ്എഫ്ഐ കേന്ദ്ര കമ്മിറ്റിയംഗം അഡ്വ. ടി പി രഹന സബീന ഉദ്ഘാടനംചെയ്തു. ഏരിയാ പ്രസിഡന്റ് ജെ പി അനുരാഗ് അധ്യക്ഷനായി. പി അഞ്ജന, സി എം സഫ്‌വാൻ, അഞ്ചല ജാസ് എന്നിവർ സംസാരിച്ചു. ജില്ലാ സെക്രട്ടറി കെ എ സക്കീർ വളാഞ്ചേരിയിലും ജില്ലാ പ്രസിഡന്റ് ഇ അഫ്സൽ തിരൂരിലും ഡിവൈഎഫ്ഐ ജില്ലാ പ്രസിഡന്റ് കെ ശ്യാം പ്രസാദ് പെരിന്തൽമണ്ണയിലും പ്രതിഷേധം ഉദ്ഘാടനംചെയ്തു.എസ്എഫ്ഐ സംസ്ഥാന കമ്മിറ്റിയംഗം എം സജാദ് നിലമ്പൂരിലും സി നീതു അരീക്കോടും കെ ഹരിമോൻ മങ്കടയിലും സ്വാദിഖ് സഖോസ് എടപ്പാളിലും സുകേഷ് രാജ് പൊന്നാനിയിലും പി ഷഹീർ എടക്കരയിലും അഡ്വ. ഫിറോസ് ബാബു മഞ്ചേരിയിലും ബാലകൃഷ്ണൻ കാരാട് കൊണ്ടോട്ടിയിലും പി കിരൺ തിരൂരങ്ങാടിയിലും എൻ ആദിൽ താനൂരിലും റിയാസ് പൊൻമള കോട്ടക്കലിലും വിദ്യാർഥി പ്രതിരോധം ഉദ്ഘാടനംചെയ്തു.

KOZHIKODE

## അറിയിപ്പ്



### വാഹന ലേലം 18 ന്

കോഴിക്കോട് സിറ്റി പോലീസ് യൂണിറ്റിന്റെ പരിധിയിലുള്ള വിവിധ പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിച്ചിട്ടുള്ളതും എൻഡിപിഎസ് കേസുകളിൽ ഉൾപ്പെട്ടതുമായ വാഹനങ്ങൾ ജനുവരി 18ന് രാവിലെ 11 മണിക്ക് കോഴിക്കോട് സിറ്റി ഡിഎച്ച്ക്യു സായുധസേനാ വിഭാഗം കാര്യാലയത്തിൽ ജില്ലാ ഡ്രഗ് ഡിസ്പോസൽ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ പരസ്യലേലം വഴി വിൽപ്പന നടത്തുമെന്ന് അഡീഷണൽ പോലീസ് സൂപ്രണ്ട് അറിയിച്ചു. ഫോൺ – 0495 2722673.

### അപേക്ഷ ക്ഷണിച്ചു

സംസ്ഥാന സർക്കാർ വനിതാ ശാക്തീകരണം, പട്ടികജാതി/ പട്ടികവർഗ്ഗ ക്ഷേമം എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ട് 2021-22 സാമ്പത്തിക വർഷത്തിൽ വനിതകളുടെ സംവിധാനത്തിൽ രണ്ട് ഫീച്ചർ ഫിലിമും, പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വ്യക്തികളുടെ സംവിധാനത്തിൽ രണ്ട് ഫീച്ചർ ഫിലിമും നിർമ്മിക്കുന്നു. കെ.എസ്.എഫ്.ഡി.സിക്കാണ് നിർമ്മാണ ചുമതല. സിനിമ സംവിധാനം ചെയ്യാൻ ആഗ്രഹിക്കുന്നവർ ജനുവരി 17ന് വൈകുന്നേരം അഞ്ച് മണിക്ക് മുമ്പ് കെ.എസ്.എഫ്.ഡി.സിയിൽ പ്രൊപ്പോസൽ സമർപ്പിക്കണം. ഇതിനകം പ്രൊപ്പോസൽ സമർപ്പിച്ചവർ വീണ്ടും പ്രൊപ്പോസൽ നൽകേണ്ടതില്ല. കൂടുതൽ വിവരങ്ങൾക്ക്: www.ksfdc.in.

### ദേശീയ ചിത്രരചനാ മത്സരം

കോഴിക്കോട്: ഇന്ത്യൻ ചൈൽഡ് വെൽഫെയർ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ദേശീയ ചിത്രരചനാ മത്സരത്തിന്റെ ഒന്നാം ഘട്ടമായ ജില്ലാതല മത്സരം ജനവരി 22 ശനി രാവിലെ പത്ത് മണിക്ക് കാരപ്പറമ്പ് ഗവണ്മെന്റ് ഹയർ സെക്കന്ററി സ്ക്കൂൾ ഹാളിൽ ആരംഭിക്കും.5-9, 10-16 എന്നീ പ്രായപരിധിക്കാർക്ക് രണ്ട് ഗ്രൂപ്പുകളായാണ് മത്സരം. ഭിന്നശേഷി വിഭാഗത്തിലെ കുട്ടികൾക്ക് 5 -10,11-18 എന്നതാണ് പ്രായപരിധി. കുട്ടികൾ നിശ്ചിത സമയത്ത് നേരിട്ടെത്തി ചിത്രരചനയിൽ പങ്കെടുക്കേണ്ടതാണ്. രണ്ട് മണിക്കൂറാണ് മത്സരത്തിനായി അനുവദിച്ചിരിക്കുന്ന സമയം .ഓരോ ഗ്രൂപ്പിനും ചിത്രരചനക്കുള്ള വിഷയങ്ങൾ മത്സരത്തിന് മുമ്പ് നൽകും. ഡ്രോയിങ്ങ് ഷീറ്റ് സംഘാടക സമിതി ലഭ്യമാക്കും. രചനക്കാവശ്യമായ ഉപകരണങ്ങൾ, ക്രയോൺ, വാട്ടർ കളർ, ഓയിൽ കളർ, പാസ്റ്റൽ എന്നിവ മത്സരാർത്ഥികൾ കൊണ്ടുവരേണ്ടതാണ്. ജനന തീയതി തെളിയിക്കുന്ന രേഖ, നാല്പത് ശതമാനത്തിൽ കുറയാത്ത ഭിന്നശേഷി സർട്ടിഫിക്കറ്റ് എന്നീ രേഖകൾ കൊണ്ടുവരണം. ജില്ലാതലത്തിൽ ഓരോ വിഭാഗത്തിലെയും മികച്ച മൂന്ന് രചനകൾക്ക് പ്രശസ്തിപത്രം, മൊമന്റോ എന്നിവയും ദേശീയ തലത്തിൽ സമ്മാനിതരാവുന്നവർക്ക് ക്യാഷ് അവാർഡ്, സ്കോളർഷിപ്പ്, പ്രോത്സാഹന സമ്മാനം എന്നിവ ലഭിക്കും. ജില്ലാതലത്തിലെ ഓരോ ഗ്രൂപ്പിലെയും സമ്മാനാർഹമായ രചനകളാണ് സംസ്ഥാന തലത്തിലേക്ക് തെരഞ്ഞെടുക്കുന്നത്. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് കുട്ടികളെ മത്സരത്തിൽ പങ്കെടുപ്പിക്കാനാവശ്യമായ സഹായ സഹകരണങ്ങൾ നൽകണമെന്ന് സ്ക്കൂൾ അധികൃതരോടും രക്ഷിതാക്കളോടും ശിശുക്ഷേമ സമിതി അഭ്യർത്ഥിച്ചു. പങ്കെടുക്കാൻ താല്പര്യമുള്ളവർ 9446449280, 9446206527 എന്നീ നമ്പറുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് ശിശുക്ഷേമ സമിതി ജില്ലാ സെക്രട്ടറി വി ടി സുരേഷ് അറിയിച്ചു.

### ക്വട്ടേഷൻ ക്ഷണിച്ചു

പൊതുമരാമത്ത് വകുപ്പ് കോഴിക്കോട് നിരത്ത് പരിപാലനവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഔദ്യോഗിക ആവശ്യങ്ങൾക്കായി അഞ്ച് വർഷത്തിലധികം പഴക്കമില്ലാത്ത ടാക്സി പെർമിറ്റ് ഉള്ള വാഹനങ്ങൾ കരാർ അടിസ്ഥാനത്തിൽ ജനുവരി ഒന്ന് മുതൽ മാർച്ച് 31 വരെ ലഭ്യമാക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. തപാലിലും സ്പീഡ് പോസ്റ്റ് മുഖേനയും ക്വട്ടേഷൻ അയക്കാം. അവസാന തീയതി ജനുവരി 13 വൈകീട്ട് മൂന്ന് മണി. ഫോൺ : 7594975398.



# മണന്തലക്കടവ് ഇടിഞ്ഞുതാഴുന്നു ; ജനങ്ങൾ പ്രതിസന്ധിയിൽ

**മാവൂർ:** മാവൂരിലെ ജനവാസ തുരുത്തായ മാവൂർ മണന്തലക്കടവ് മുതൽ പുള്ളക്കോട് വരെയുള്ള പ്രദേശത്തുകാർക്ക് വർഷക്കാലം കാലങ്ങളായി ഭീതിയുടെതാണ്.ഒരു ഭാഗത്ത് ചാലിയാർ പുഴയും മറുഭാഗത്ത് വൻ പാടശേഖരവും.കഴിഞ്ഞ രണ്ട് കനത്ത കാലവർഷത്തിലും വൻ ദുരിതം പേറിയവരാണ് ഇവിടുത്തെ സാധാരണക്കാരായ 52 കുടുംബങ്ങൾ.മണന്തലക്കടവ് മുതൽ പൂളക്കോട് വരെയുള്ള ഏകദേശം ഒരു കിലോ മീറ്റർ ദൂരം തീരം ദിനംപ്രതി ഇടിഞ്ഞു താഴുകയാണ്. ഏത് സമയവും ഓരത്തെ വിടുകൾ പുഴയെടുക്കുന്ന അവസ്ഥയാണ്. പലരുടെയും 2 മുതൽ 5 സെന്റ് ഭൂമിവരെ പുഴയെടുത്തു.മഴ വെള്ളം കയറി കൃഷിയിടങ്ങൾ നശിച്ചു കടക്കെണിയിൽ ആയവരാണ് ഇവിടുത്തെ കർഷകർ. പലരും കൃഷി തന്നെ ഉപേക്ഷിച്ച അവസ്ഥയിലാണ്. ദിനംപ്രതി ഇടിഞ്ഞു വീഴുന്ന തീരം സംരക്ഷിക്കാൻ സർക്കാരോ ഗ്രാമപഞ്ചായത്തോ ഭരണസമിതിയോ ഇതുവരെ തയ്യാറായിട്ടില്ല. തിരഞ്ഞെടുപ്പ് സമയത്ത് ഉറപ്പ് നൽകി പിന്നെ തിരിഞ്ഞ് നോക്കാത്ത രാഷ്ട്രീയ തന്ത്രം ഇവിടുത്തുകാർ വർഷങ്ങളായി കാണുന്നു. ചാലിയാർ പുഴയ്ക്ക് അക്കരെയുള്ള വാഴക്കാട് പഞ്ചായത്തിൽ പുഴ തീരം സംരക്ഷണ ഭിത്തി കെട്ടി സുരക്ഷ ഉറപ്പാക്കിയതുപോലെ സുരക്ഷ മതിൽ കെട്ടുകയാണ് പ്രശ്നത്തിന് ശാശ്വത പരിഹാരം.തുരുത്തിലെ ജനങ്ങളുടെ മറ്റൊരു പ്രധാന വിഷയമാണ് വെള്ളപൊക്കത്തിൽ ജലനിരപ്പ് ഉയരുമ്പോൾ രക്ഷാകേന്ദ്രങ്ങളിൽ എത്താൻ മാർഗമില്ലാത്തത്. ഇക്കാലമത്രയും തോണി മാത്രമാണ് രക്ഷാമാർഗം.പാടശേഖരത്തിനോട് ചേർന്ന് താഴ്ന്ന പ്രദേശത്തിലൂടെയുള്ള മൺന്തലക്കടവ് മാവൂർ റോഡ് ചെറിയ മഴ പെയ്താൽ തന്നെ വെള്ളത്തിനടിയിലാവും. ജില്ലാ പഞ്ചായത്ത് അംഗവും സമീപവാസിയുമായ സുധ കമ്പളത്തിന്റെ നേതൃത്വത്തിൽ ജനങ്ങളുടെ നിരന്തരമായ അവശ്യത്തിന്റെ ഫലമായി ജില്ല പഞ്ചായത്ത് മെയിന്റനൻസ് ഫണ്ടായി 8.8 ലക്ഷം രൂപ പാസാക്കിയിട്ടുണ്ട്.

# പൊതുസ്ഥലത്ത് മാലിന്യനിക്ഷേപം; ഷോപ്പുകൾക്കെതിരെ നടപടി വരും

**വടകര:** നഗരസഭ ലിങ്ക് റോഡ് പരിസരത്ത് പതിവായി മാലിന്യം തള്ളുന്ന ഷോപ്പുകാർക്കെതിരെ നടപടി വരുന്നു.കഴിഞ്ഞ ദിവസം മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിഞ്ഞത് ശേഖരിച്ച് നഗരസഭാ ആരോഗ്യ വിഭാഗത്തിന്റെ നേതൃത്വത്തിൽ തരംതിരിച്ച് ഹരിയാലി ഹരിതകർമ്മ സേനയ്ക്ക് കൈമാറുകയായിരുന്നു.പരിശോധനയിൽ നഗരത്തിലെ പ്രമുഖ ടെക്സ്റ്റൈൽ സ്ഥാപനങ്ങളിലേതുൾപ്പെടെ പല ഷോപ്പുകളിൽ നിന്നുള്ളവയാണ് ഇതെന്ന് വ്യക്തമായി. ഈ സ്ഥാപനങ്ങളുടെ ലൈസൻസ് സസ്പെൻഡ് ചെയ്യുന്നതടക്കമുള്ള ശക്തമായ നടപടികളുണ്ടാവും. മാലിന്യങ്ങൾ നിക്ഷേപിക്കാൻ സാഹചര്യം ഒരുക്കുന്ന സ്ഥലമുടമയ്ക്കെതിരെയും നടപടി സ്വീകരിക്കും. നഗരസഭ കണ്ടിജന്റ് ജീവനക്കാരുടെ ശുചീകരണ പ്രവർത്തങ്ങൾക്ക് നഗരസഭ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ രാജേഷ്കുമാർ നേതൃത്വം നൽകി. ഹരിയാലി പ്രോജക്ട് കോ ഓർഡിനേറ്റർ മണലിൽ മോഹനനും പങ്കാളിയായി. പങ്കെടുത്തു.



# വടകരയിൽ വീണ്ടുമൊരു നാടകക്കാലം



**വടകര:** കോവിഡ് തിരശ്ശീല വീഴ്ത്തിയ നാടക പ്രവർത്തനങ്ങൾ വീണ്ടും വടകരയിൽ സജീവമാവുന്നു. നീണ്ട രണ്ട് വർഷക്കാലത്തെ ഇടവേളയ്ക്ക് ശേഷം വടകരയുടെ കലാ സാംസക്കാരിക രംഗത്ത് പുത്തനുണർവ് പകർന്ന് കൊണ്ട് നാടക അരങ്ങും അണിയറയും ഉണർത്താൻ പാകത്തിൽ കലാസംഘം രംഗത്തിറങ്ങി. കേരള സംഗീത നാടക അക്കാദമിയുടെ നേതൃത്വത്തിൽ തെരഞ്ഞെടുക്കപ്പെട്ട 25 അമേച്വർ നാടകങ്ങളിൽ മികച്ച അഞ്ചെണ്ണം 2022 ഫിബ്രവരി 25 മുതൽ മാർച്ച് ഒന്നു വരെ വടകരയിലെ നാടക പ്രേമികൾക്ക് മുമ്പിൽ അവതരിപ്പിക്കപ്പെടാൻ രംഗശിൽപികൾ അണിനിരന്നു.നാടക കലാകാരൻമാരുടെയും, ആസ്വാദകരുടെയും, നാടകത്തെ സ്നേഹിക്കുന്ന മുഴുവൻ മനുഷ്യ സ്നേഹികളുടെയും ഒത്തു ചേരലിനും സാംസ്കാരിക ഇടപെടലിനും വേദിയൊരുക്കാൻ വടകരയിലെ കലാസാംസ്കാരിക സംഘടനയായ എഫാസിന്റെ നേതൃത്വത്തിൽ സംഘാടക സമിതി രൂപീകരണം കേളുവേട്ടൻ സ്മാരക മന്ദിരത്തിൽ നടന്നു.സംഗീത നാടക അക്കാദമി സിക്രട്ടറി ഡോ: പ്രഭാകരൻ പഴശ്ശി ഉദ്ഘാടനം നിർവ്വഹിച്ചു. അക്കാദമി പ്രോഗ്രാം കോ- ഓർഡിനേറ്റർ അനിൽകുമാർ, ടി.പി ഗോപാലൻ, വി.കെ പ്രഭാകരൻ, ടി.കെ വിജയരാഘവൻ, ടി രാജൻ, പി.ബാലൻ എന്നിവർ സംസാരിച്ചു. സി വത്സകുമാർ വിശദീകരണം നടത്തി. പി.കെ സതീശൻ അധ്യക്ഷത വഹിച്ചു. ടി.വി.എ ജലീൽ സ്വാഗതവും കാനപ്പള്ളി ബാലകൃഷ്ണൻ നന്ദിയും പറഞ്ഞു.

# കല്ലാച്ചിയിലെ പൊതു ശൗചാലയം തുറന്നില്ല

**നാദാപുരം:** പണിഞ്ഞ് പണിയും കഴിഞ്ഞിട്ടും താഴിട്ട് കിടക്കാനാണ് കല്ലാച്ചിയിലെ പൊതു ശൗചാലയത്തിന്റെ വിധി. നാദാപുരം ഗ്രാമ പഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്യുന്ന കല്ലാച്ചി ടൗണിലെ കച്ചവടക്കാരും വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരും മറ്റു പ്രദേശങ്ങളിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി ടൗണിലെത്തുന്ന ജനങ്ങളും പൊതു ശൗചാലയമില്ലാതെ ബുദ്ധിമുട്ടുകയാണ്.രണ്ട് വർഷം മുമ്ബാണ് 15 ലക്ഷം രൂപ ചിലവിൽ കല്ലാച്ചിയിൽ കോടതി സമുച്ചയ പരിസരത്തെ റോഡരികിൽ പഞ്ചായത്തിന്റെ ഭൂമിയിൽ ശൗചാലയം പണിതത്. പണി പൂർത്തിയായി എറെ കാലം അടഞ്ഞു കിടന്നെങ്കിലും കഴിഞ്ഞ ഭരണസമിതിയുടെ കാലാവധി അവസാനിക്കുന്നതിന് തൊട്ടു മുമ്ബ് ഉദ്ഘാടനവും നടത്തി. രാത്രിയായാൽ സാമൂഹ്യ വിരുദ്ധരുടെ താവളമായി മാറിയിരിക്കയാണ് ഇതിന്റെ പരിസരം. ശൗചാലയം തുറന്നു കൊടുക്കണമെന്നാവശ്യപ്പെട്ട് വിവിധ സംഘടനകളുടെ നേതൃത്വത്തിൽ നിരവധി സമരങ്ങൾ നടന്നെങ്കിലും അധികൃതർക്ക് കുലുക്കമില്ല.കല്ലാച്ചി ടൗണിലെ വിവിധ സ്ഥാപനങ്ങളിലെ വനിതാ ജീവനക്കാർ ഗ്രാമ പഞ്ചായത്ത് ഓഫിസിന്റെ താഴത്തെ നിലയിലുള്ള ടോയ്ലെറ്റായിരുന്നു ഉപയോഗിച്ചിരുന്നത്. എന്നാൽ അറ്റകുറ്റ പണിയെന്ന ബോർഡ് തൂക്കി അതും അടച്ചതോടെ വനിതാ ജീവനക്കാരും പ്രതിസന്ധിയിലായി. പ്രശ്നത്തിന് അടിയന്തര പരിഹാരം ഉണ്ടാകണമെന്നാണ് നാട്ടുകാരുടെ ആവശ്യം. പ്രശ്നത്തെ ഗൗരവമായി കാണാത്ത ഗ്രാമപഞ്ചായത്ത് അധികൃതരുടെ നിലപാടിൽ പ്രതിഷേധം ശക്തമാണ്.




# കരിപ്പൂർ സ്വർണക്കവർച്ചാ കേസ്: മുഖ്യപ്രതിയുമായി തെളിവെടുപ്പ്

**കൊണ്ടോട്ടി:** കരിപ്പൂരിൽ കടത്തുസ്വർണം കവർച്ചചെയ്ത കേസിൽ മുഖ്യപ്രതിയുമായി അന്വേഷണ സംഘം തെളിവെടുപ്പ് നടത്തി. താമരശേരി ഈർപ്പോണ അബൂബക്കർ സിദ്ദീഖ് എന്ന ബാപ്പുവിനെയാണ് അന്വേഷണ ഉദ്യോഗസ്ഥനായ കൊണ്ടോട്ടി ഡിവൈഎസ്പി അഷ്റഫിന്റെ നേതൃത്വത്തിൽ തെളിവെടിപ്പ് നടത്തിയത്. അബൂബക്കർ സിദീഖിന്റെ വീട്ടിലും പരിസരത്തും വ്യാജ സിംകാർഡ് സംഘടിപ്പിച്ച സ്ഥാപനത്തിലും തെളിവെടുപ്പ് നടത്തി. ഒളിവിൽ കഴിയുകയായിരുന്ന ഇയാളെ കഴിഞ്ഞ ആഴ്ചയാണ് കൊടുവള്ളിയിൽ നിന്നു പോലീസ് പിടികൂടിയത്. അറസ്റ്റിലായ പ്രതിയെ ചോദ്യം ചെയ്യുന്നതിനും തെളിവെടുപ്പിനുമായി കസ്റ്റഡിയിൽ വാങ്ങുകയായിരിന്നു. സംഭവ ദിവസം രൂപീകരിച്ച വാട്സ് ആപ്പ് ഗ്രൂപ്പിൽ ഇയാൾ വ്യാജ മൊബൈൽ നമ്പർ ഉപയോഗിച്ചാണ് അംഗമായിരുന്നതെന്നു പോലീസ് പറഞ്ഞു.വ്യാജ നമ്പർപ്ലേറ്റ് ഘടിപ്പിച്ച വാഹനങ്ങളായിരുന്നു ഇയാളുടെ സംഘം ഉപയോഗിച്ചിരുന്നത്. വാഹനങ്ങളെക്കുറിച്ചും സംഘാംഗങ്ങളെക്കുറിച്ചും പോലീസിനു വ്യക്തമായി വിവരം ലഭിച്ചിട്ടുണ്ട്. ഇതിൽ ചിലർ വിദേശത്തേക്കു കടന്നിട്ടുണ്ട്. ഇവർക്കെതിരെയുള്ള നിയമനടപടികൾ ആരംഭിച്ചിട്ടുണ്ട്. കൊടുവള്ളി ഭാഗത്തേക്കും മറ്റുമായി വരുന്ന സ്വർണക്കടത്തിന് കരിയർമാരെ ഏർപ്പാടാക്കി കൊടുക്കുന്നതും കടത്തിയ സ്വർണം സുരക്ഷിതമായി എത്തിച്ചു കൊടുക്കുന്നതും അബൂബക്കർ സിദീഖായിരുന്നു. വിവിധ വിമാനത്താവളങ്ങൾ വഴി വരുന്ന സ്വർണക്കടത്തിനു മുഖ്യഇടനിലക്കാരനായി ഇയാൾ പ്രവർത്തിച്ചിട്ടുണ്ട്.ഇയാളുടെ മൊബൈൽ ഫോൺ പരിശോധിച്ചതിൽ നിന്നു ഞെട്ടിക്കുന്ന വിവരങ്ങളാണ് പോലീസിന് ലഭിച്ചത്. ഇയാളുടെ ശബ്ദം ഫോറൻസിക് പരിശോധനക്കായി ശേഖരിച്ചു. ഇതു റീജണൽ ഫോറൻസിക് ലബോറട്ടറിയിലേക്ക് അയക്കുമെന്നു പോലീസ് പറഞ്ഞു.

# നീതി നിഷേധത്തിനെതിരേ വ്യാപാരിയുടെ സമരം; മനുഷ്യാവകാശ കമ്മീഷൻ കേസെടുത്തു

**മുക്കം:** കയ്യേറ്റക്കാരിൽ നിന്ന് ജീവനും സ്വത്തിനും സംരക്ഷണം തേടിയും പരാതികളിലും വ്യാപാര ലൈസൻസ് അപേക്ഷകളിലും നടപടി സ്വീകരിക്കാത്ത അധികൃതരുടെ അലംഭാവത്തിനുമെതിരെ മണാശേരിയിൽ ഒന്നര മാസമായി ഹോട്ടൽ വ്യാപാരി നടത്തുന്ന നിരാഹാര സത്യഗ്രഹത്തിൽ മനുഷ്യാവകാശ കമ്മീഷന്റെ ഇടപെടൽ. സംഭവവുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസം വാർത്ത നൽകിയിരുന്നു.പൊതുപ്രവർത്തകനും റിട്ട. തഹസിൽദാറുമായ കോഴിക്കോട് കാരപ്പറമ്പിലെ പി. ശ്രീനിവാസൻ വാർത്ത മനുഷ്യാവകാശ കമ്മീഷൻറെ തിരുവനന്തപുരത്തെ ആസ്ഥാനത്തേക്ക് മെയിൽ ചെയ്തിരുന്നു. ഇതേ തുടർന്ന് 204/11/08/2022 നമ്പറായി കമ്മിഷൻ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസെടുത്തതിനൊപ്പം ഉന്നതപോലീസുദ്യേഗസ്ഥരിൽ നിന്നുൾപ്പെടെ കമ്മീഷൻ വിവരങ്ങൾ തേടിയതായാണ് സൂചന. വ്യാപാരിയും ജീവകാരുണ്യ പ്രവർത്തകനുമായ മണാശേരി മഠത്തിത്തിൽ തൊടിക അശോകൻ കഴിഞ്ഞ ഡിസംബർ ഒന്നുമുതലാണ് മണാശേരിയിൽ ഭാര്യയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ സമരമിരിക്കുന്നത്. മണാശേരിയിലെ കുടുംബസ്വത്തിൽ നല്ലൊരു ഭാഗം കയ്യേറിയതായും മാലിന്യം നിക്ഷേപിച്ച് മലിനമാക്കിയതായും അശോകൻ പറയുന്നു. ഇതിനപുറമെ ഭാര്യയുടെ പേരിലുള്ള കെട്ടിടത്തിൽ ഉദ്ഘാടന സജ്ജമായ ഹോട്ടലിന് മുട്ടുന്യായങ്ങൾ പറഞ്ഞ് അധികൃതർ അനുമതി നിഷേധിക്കുന്നതായും അശോകൻ പരാതിപ്പെടുന്നു.

# ബ്രേക്ക് ദ ചെയിൻ: വെള്ളം പാഴാക്കുന്നത് പതിവ്

**കോഴിക്കോട്:** കൊവിഡിനെ തുരത്താൻ ബ്രേക്ക് ദ ചെയിനിലൂടെ സജ്ജമാക്കിയ കൈ കഴുകൽ സംവിധാനം തിരിച്ചടിയാകുന്നു.മാനാഞ്ചിറ എൽ.ഐ.സിയ്ക്ക് മുന്നിൽ ഒരുക്കിയ കൈ കഴുകൽ സംവിധാനം അശ്രദ്ധയോടെ ഉപയോഗിക്കുന്നതിനാൽ വെള്ളം പാഴാകുകയാണ്. കൈ കഴുകിയതിന് ശേഷം പൈപ്പ് പൂട്ടാതെയാണ് പലരും പോകുന്നത്. ഇതോടെ ദീർഘ നേരം പൈപ്പിൽ നിന്ന് വെള്ളം പോകുകയാണ്. അടുത്ത ആൾ വരുമ്ബോഴും ഇതു തന്നെ അവസ്ഥ. കൈ കഴുകാൻ വരുന്നവരോട് പൈപ്പ് പൂട്ടണമെന്ന് മുന്നറിയിപ്പ് കൊടുത്താലും ഗൗനിക്കുന്നില്ലെന്നാണ് എൽ.ഐ.സി സെക്യൂരിറ്റി ജീവനക്കാർ പറയുന്നത്. വഴിയാത്രക്കാരും കണ്ട മട്ടില്ലാതെ നടക്കും. ഇതു മൂലം ദിവസവും പല സമയങ്ങളിൽ ഇവിടെ വന്ന് പൈപ്പ് പൂട്ടേണ്ട സാഹചര്യമാണ് സെക്. പലയിടങ്ങളിലും ഇതു തന്നെയാണ് സ്ഥിതി. സ്വയം രക്ഷയ്ക്കൊപ്പം വെള്ളം പാഴാക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കാനും ജനങ്ങൾ ശ്രദ്ധിച്ചേ മതിയാകൂ.നഗരത്തിന്റെ പല ഭാഗങ്ങളിലും കൈ കഴുകൽ സംവിധാനം ഒരുക്കിയിട്ടുണ്ടങ്കിലും പലതും ഉപയോഗിക്കാതെ പൊടി പിടിച്ച് കിടക്കുന്ന അവസ്ഥയുമുണ്ട്.

# മിനിസ്റ്റേഡിയം നവീകരിക്കണം: ഡി.വൈ.എഫ്.ഐ

**കോഴിക്കോട്:** ജില്ലയിൽ ശ്രദ്ധേയമായതും നിരവധി ടൂർണമെന്റ് മത്സരങ്ങളും കോച്ചിംഗ് ക്യാമ്പുകളും നടക്കുന്നതുമായ കാരക്കുറ്റിയിലെ ഗ്രാമപഞ്ചായത്ത് മിനി സ്റ്റേഡിയം നവീകരിച്ച് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തണമെന്ന് ഡി.വൈ.എഫ്.ഐ കൊടിയത്തൂർ മേഖലാ സമ്മേളനം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.ഡി.വൈ.എഫ്.ഐ കൊടിയത്തൂർ മേഖലാ സമ്മേളനം, സഖാവ് പി ബിജു നഗറിൽ കാരക്കുറ്റിയിൽ വച്ച് നടന്നു. ഡി.വൈ.എഫ്.ഐ കോഴിക്കോട് ജില്ലാ പ്രസിഡന്റ് എൽ.ജി ലിജീഷ് ഉദ്ഘാടനം ചെയ്തു. മേഖലാ പ്രസിഡന്റ് അനസ് താളത്തിലിൽ അദ്ധ്യക്ഷത വഹിച്ചു. പ്രജീഷ് എ.കെ രക്തസാക്ഷി പ്രമേയവും, ശാമിൽ കെ അനുശോചന പ്രമേയവും അവതരിപ്പിച്ചു. മേഖലാ സെക്രട്ടറി അഖിൽ കണ്ണാംപറമ്പ് പ്രവർത്തന റിപ്പോർട്ടും, ഡി.വൈ.എഫ്.ഐ തിരുവമ്പാടി ബ്ലോക്ക് സെക്രട്ടറി ദീപു പ്രേംനാഥ് സംഘടനാ റിപ്പോർട്ടും അവതരിപ്പിച്ചു. ബ്ലോക്ക് പ്രസിഡന്റ് ഇ. അരുൺ, തിരുവമ്പാടി എം.എൽ.എ ലിന്റോ ജോസഫ്, ജാഫർ ശരീഫ്, റെനിൽരാജ് എന്നിവർ സംസാരിച്ചു. ഭാരവാഹികളായി, അഖിൽ കണ്ണാം പറമ്പിൽ (സെക്രട്ടറി) അനസ് താളത്തിൽ (പ്രസിഡന്റ് ) .അയ്യൂബ് ( ട്രഷറർ ) എന്നിവരെ തെരഞ്ഞെടുത്തു.സഖാവ് കെ.കെ സി മുഹമ്മദ് നഗറിൽ നടന്ന പൊതുസമ്മേളനം ഡി.വൈ.എഫ്.ഐയുടെ മുൻ സംസ്ഥാന കമ്മിറ്റി അംഗം എ.എം റഷീദ് ഉദ്ഘാടനം ചെയ്തു. അനസ് താളത്തിൽ അദിധ്യക്ഷത വഹിച്ചു. അരുൺ ഇ, ഗിരീഷ് കാരക്കുറ്റി എന്നിവർ സംസാരിച്ചു. അഖിൽ കണ്ണാം പറമ്പിൽ സ്വാഗതവും അയ്യൂബ് നന്ദിയും പറഞ്ഞു.

# അറിയിപ്പ്



## ടെണ്ടർ ക്ഷണിച്ചു

കൽപ്പറ്റ എൻ.എം.എസ്.എം ഗവ. കോളേജിൽ ലാബ് കെമിക്കൽസ് (കെമിസ്ട്രി) വിതരണം ചെയ്യുന്നതിന് അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ ക്ഷണിച്ചു. ജനുവരി 27 ന് വൈകീട്ട് 4.30 വരെ ടെണ്ടറുകൾ സ്വീകരിക്കും. ഫോൺ. 04936 204569. കൽപ്പറ്റ എൻ.എം.എസ്.എം ഗവ. കോളേജിൽ പ്രിന്റർ കം സ്കാനർ വിതരണം ചെയ്യുന്നതിന് അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ ക്ഷണിച്ചു. ജനുവരി 20 ന് രാവിലെ 11 നകം ടെണ്ടറുകൾ സ്വീകരിക്കും. ഫോൺ. 04936 204569.

## ലേലം

വയനാട് ജില്ലാ ഇൻഫർമേഷൻ ഓഫീസിലെ പ്രവർത്തനരഹിതമായ 1998 മോഡൽ ശ്രീറാം ഹോണ്ട പോർട്ടബിൾ ജനറേറ്റർ (മതിപ്പുവില- 2230 രൂപ) ലേലത്തിൽ എടുക്കുന്നതിന് താത്പര്യമുള്ളവരിൽ നിന്ന് മുദ്രവെച്ച കവറിൽ ക്വട്ടേഷൻ ക്ഷണിച്ചു. പരമാവധി വില രേഖപ്പെടുത്തിയ ക്വട്ടേഷനുകൾ 2022 ജനുവരി 18 ന് വൈകീട്ട് 3 നകം ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ ലഭിച്ചിരിക്കണം. കവറിനു പുറത്ത് ഹോണ്ട ജനറേറ്റർ ക്വട്ടേഷൻ- 2022 എന്ന് എഴുതിയിരിക്കുകയും ഫോട്ടോ പതിച്ച ഏതെങ്കിലും ഐ.ഡി കാർഡിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുകയും വേണം.ജനറേറ്റർ വില്പന നടത്തുന്നതിനുള്ള പരസ്യ ലേലം 2022 ജനുവരി 19 ന് രാവിലെ 11.30 ന് കൽപ്പറ്റ സിവിൽ സ്റ്റേഷനിലെ ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ നടക്കും. ഫോട്ടോ പതിച്ച ഏതെങ്കിലും ഐ.ഡി കാർഡും പകർപ്പുമായി രാവിലെ 11.20 നകം ഓഫീസിൽ എത്തി പേര് രജിസ്റ്റർ ചെയ്യുന്നവർക്ക് ലേലത്തിൽ പങ്കെടുക്കാം. ലേല ശേഷം നേരത്തെ ലഭിച്ച ക്വട്ടേഷനുകൾ തുറന്ന് പരിശോധിക്കുന്നതും ലേലത്തിലോ ക്വട്ടേഷനിലോ ഏറ്റവും മികച്ച തുക രേഖപ്പെടുത്തിയ വ്യക്തിക്ക് പൂർണമായ തുക അടയ്ക്കുന്ന മുറയ്ക്ക് നിലവിലുള്ള അവസ്ഥയിൽ ജനറേറ്റർ നൽകുന്നതുമാണ്. ഒന്നാമത്തെ വ്യക്തി ലേലം ഉറപ്പിച്ച് ഒരാഴ്ചയ്ക്കകം പണമടച്ച് വസ്തു കൈപ്പറ്റാത്ത പക്ഷം രണ്ടാമത്തെ വ്യക്തിക്ക് നൽകുന്നതാണ്. ലേലം/ക്വട്ടേഷൻ തുക ജനറേറ്ററിന്റെ മതിപ്പു വിലയിലെത്താത്ത പക്ഷം പുനർലേലം ചെയ്യുന്നതാണ്.പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10.30 മുതൽ വൈകീട്ട് 4 വരെ ഓഫീസിലെത്തി ജനറേറ്റർ പരിശോധിക്കാവുന്നതാണ്. ലേലം/ക്വട്ടേഷൻ തീയതി മാറ്റി വെക്കുന്നതിനോ റദ്ദാക്കുന്നതിനോ ഉള്ള പൂർണ അധികാരം ജില്ലാ ഇൻഫർമേഷൻ ഓഫീസറിൽ നിക്ഷിപ്തമായിരിക്കും. കൂടുതൽ വിവരങ്ങൾ ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ നിന്ന് ലഭിക്കും. ഫോൺ- 04936 202529, 9496003246.

## അപേക്ഷിക്കാം

സംസ്ഥാന സർക്കാർ വനിതാ ശാക്തീകരണം, പട്ടികജാതി/ പട്ടികവർഗ്ഗ ക്ഷേമം എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ട് 2021-22 സാമ്പത്തിക വർഷത്തിൽ വനിതകളുടെ സംവിധാനത്തിൽ രണ്ട് ഫീച്ചർ ഫിലിമും, പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വ്യക്തികളുടെ സംവിധാനത്തിൽ രണ്ട് ഫീച്ചർ ഫിലിമും നിർമ്മിക്കുന്നു. കെ.എസ്.എഫ്.ഡി.സിക്കാണ് നിർമ്മാണ ചുമതല. സിനിമ സംവിധാനം ചെയ്യാൻ ആഗ്രഹിക്കുന്നവർ ജനുവരി 17ന് വൈകുന്നേരം അഞ്ച് മണിക്ക് മുമ്പ് കെ.എസ്.എഫ്.ഡി.സിയിൽ പ്രൊപ്പോസൽ സമർപ്പിക്കണം. ഇതിനകം പ്രൊപ്പോസൽ സമർപ്പിച്ചവർ വീണ്ടും പ്രൊപ്പോസൽ നൽകേണ്ടതില്ല. കൂടുതൽ വിവരങ്ങൾക്ക്: www.ksfdc.in.



# റേഷൻ വിതരണ കേന്ദ്രങ്ങൾ ആധുനികവൽക്കരിക്കും: മന്ത്രി

**കൽപ്പറ്റ :** സംസ്ഥാനത്തെ റേഷൻ വിതരണ കേന്ദ്രങ്ങൾ ആധുനികവൽക്കരിക്കുമെന്ന് മന്ത്രി അഡ്വ. ജി ആർ അനിൽ പറഞ്ഞു. ജില്ലാ ആസൂത്രണ ഭവൻ എപിജെ ഹാളിൽ റേഷൻ കടകളുമായി ബന്ധപ്പെട്ട് നടന്ന ഫയൽ അദാലത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഗ്രാമീണ മേഖലയിൽ ഉൾപ്പെടെ റേഷൻ കടകളുടെ രൂപത്തിലും പ്രവർത്തനങ്ങളിലും മാറ്റം വരേണ്ടതുണ്ട്. ആദ്യപടിയായി മാർച്ച്-ഏപ്രിൽ മാസത്തോടെ ഗ്രാമീണ മേഖലയിലെ ആയിരം റേഷൻ കടകൾ വഴി റേഷൻ സാധനങ്ങൾക്ക് പുറമെ സബ്സിഡി നിരക്കിൽ നിത്യോപയോഗ സാധനങ്ങളും സപ്ലൈകോ ഉൽപ്പന്നങ്ങളും വിതരണം ചെയ്തു തുടങ്ങും. ചെറിയ ബാങ്കിങ് സേവനങ്ങളും ഇത്തരം കേന്ദ്രങ്ങളിൽ സാധ്യമാക്കും. സപ്ലൈകോ, ബാങ്കുകൾ എന്നിവരുമായി ഇക്കാര്യങ്ങളിൽ ചർച്ചകൾ നടത്തി വരികയാണ്. ഘട്ടം ഘട്ടമായി റേഷൻ കടകൾ ആധുനികവൽക്കരിക്കുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിന് റേഷൻ വ്യാപാരികൾക്ക് ആവശ്യമായ പിന്തുണ സർക്കാർ നൽകും. റേഷൻ വിതരണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള എല്ലാ പരിശ്രമങ്ങളുമായി സർക്കാർ മുന്നോട്ട് പോവുകയാണെന്നും മന്ത്രി പറഞ്ഞു. സംസ്ഥാനത്തെ മുഴുവൻ പേർക്കും റേഷൻ സാധനങ്ങൾ ലഭ്യമാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. വാടക വീട്ടിൽ താമസിക്കുന്നവർക്കും പുറമ്പോക്കിൽ താമസിക്കുന്നവർക്കും സ്വന്തം സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ ആധാർ ലിങ്ക് ചെയ്ത് റേഷൻ കാർഡുകൾ അനുവദിക്കും. വിദൂര സ്ഥലങ്ങളിലുള്ള ആദിവാസി ഊരുകളിലേക്ക് റേഷൻ സാധനങ്ങൾ എത്തിക്കുന്നതിനുള്ള സഞ്ചരിക്കുന്ന റേഷൻകട സംവിധാനം കൂടുതൽ കോളനികളിലേക്ക് വ്യാപിപ്പിക്കും.ഫയൽ അദാലത്ത് റേഷൻ കടകളുമായി ബന്ധപ്പെട്ട് ഫയൽ അദാലത്ത് നടത്തി. മന്ത്രി ജി ആർ അനിൽ ഉദ്ഘാടനം ചെയ്തു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജില്ലയിൽ 6,377 മുൻഗണന കാർഡുകൾ വിതരണം ചെയ്തതായി മന്ത്രി പറഞ്ഞു. അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വെച്ചിരുന്ന 2013 കാർഡുകൾ ഇക്കാലയളവിൽ പൊതുവിഭാഗത്തിലേക്ക് മാറ്റി. താൽക്കാലികമായി റദ്ദ് ചെയ്ത റേഷൻകടകളുമായി ബന്ധപ്പെട്ട കേസുകളിൽ അദാലത്തിലൂടെ 14 എണ്ണത്തിൽ തീർപ്പുണ്ടാക്കി. അദാലത്തിൽ റേഷനിങ് കൺട്രോളർ എസ് കെ ശ്രീലത, ഉത്തരമേഖലാ റേഷനിങ് ഡെപ്യൂട്ടി കൺട്രോളർ കെ മനോജ് കുമാർ, ജില്ലാ സപ്ലൈ ഓഫീസർ പി എ സജീവ് എന്നിവരും താ ലൂക്ക് സപ്ലൈ ഓഫീസർമാരും പങ്കെടുത്തു. മട്ട അരി വിതരണം ?ഫ്രെബ്രുവരി മുതൽ ജില്ലയിൽ മട്ട അരി (സിഎംആർ) റേഷൻകട വഴി ഫെബ്രുവരി മുതൽ നൽകും. റേഷൻ കടവഴി മട്ട അരി വിതരണം ചെയ്യണമെന്ന പൊതു ആവശ്യം അംഗീകരിച്ചാണ് അരി വിതരണമെന്ന് മന്ത്രി ജി ആർ അനിൽ പറഞ്ഞു. മുൻഗണനേതര വിഭാഗത്തിൽപ്പെട്ടവർക്ക് (പച്ചയും നീലയും കാർഡുകൾ) കൂടുതൽ പച്ചരി വേണമെന്ന ആവശ്യത്തിലും നടപടിയുണ്ടാകും. കിട്ടുന്ന അരിയിൽ പരമാവധി 50 ശതമാനം പച്ചരിയായി വാങ്ങുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തും.

# ജില്ലാ ത്രോബോൾ സബ് ജൂനിയർ ചാമ്പ്യൻഷിപ്പ് – ജി എച്ച്എസ് എസ് ആനപ്പാറ ജേതാക്കൾ

**പനമരം :** ജില്ലാ ത്രോ ബോൾ അസോസിയേഷന്റെ നേതൃത്വത്തിൽ ചേതന ലൈബ്രറിയുടെ സഹകരണത്തോടെ പനമരം ഗവ: ഹൈസ്കൂളിൽ വെച്ച് ജില്ലാ ത്രോ ബോൾ സബ് ജൂനിയർ ചാമ്പ്യൻഷിപ്പിൽ പെൺ കുട്ടികളുടെ വിഭാഗത്തിൽ ജി.എച്ച്. എസ് ആനപ്പാറ ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഫൈനലിൽ നിലവിലെ ചാമ്പ്യന്മാരായ ഡബ്യു. എച്ച്. എസ് പിണങ്ങോടിനെയാണ് പരാജയപ്പെടുത്തിയത്. ജനുവരി 22, 23 തീയതികളിൽ കോട്ടയത്ത് വെച്ച് നടക്കുന്ന സംസ്ഥാന ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന വയനാട് ജില്ലാ ടീമിലേക്ക് ആനപ്പാറ സ്കൂളിലെ അനയ്യ.എൻ വി, ശിഖ.കെ.വി, റിസ് വാന' ജാസ്മിൻ, രാധിക.കെ.ആർ എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.



# സപ്ലൈക്കോ സൂപ്പർ മാർക്കറ്റ് ഭക്ഷ്യ വകുപ്പ് മന്ത്രി ജി.ആർ അനിൽ സന്ദർശിച്ചു

**കൽപ്പറ്റ :** കൽപ്പറ്റ സപ്ലൈക്കോ സൂപ്പർ മാർക്കറ്റ് ഭക്ഷ്യ വകുപ്പ് മന്ത്രി ജി.ആർ അനിൽ സന്ദർശിച്ചു. മാനേജർ അബീഷ പുത്തലത്തിന്റെ നേതൃത്വത്തിൽ ജീവനക്കാർ ചേർന്ന് മന്ത്രിയെ സ്വീകരിച്ചു. നടത്തിപ്പിൽ സംതൃപ്തി രേഖപ്പെടുത്തുകയും, ജീവനക്കാരെ അഭിനന്ദിക്കുകയും ചെയ്തു. ഉപഭോക്താക്കളുടെ ആവശ്യം പരിഗണിച്ച് കൂടുതൽ സാധനങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുമെന്ന് മന്ത്രി അറിയിച്ചു. സി പി ഐ ജില്ലാ സെകട്ടറി വിജയൻ ചെറുകര, എൻ എം ഡി സി ചെയർമാൻ പി. സൈനുദ്ധീൻ എന്നിവരും മന്ത്രിക്കൊപ്പമുണ്ടായിരുന്നു'

# അന്താരാഷ്ട്ര മാജിക് മത്സരത്തിൽ മജീഷ്യൻ ശശി താഴത്തുവയലിന് ഒന്നാം സ്ഥാനം

**കൽപ്പറ്റ:** അന്താരാഷ്ട്ര മാജിക് മത്സരത്തിൽ മജീഷ്യൻ ശശി താഴത്തുവയലിന് ഒന്നാം സ്ഥാനം. ഡിസംബർ 15ന് ഇന്റർനാഷ്ണൽ ബ്രദർഹുഡ് ഓഫ് മജീഷ്യൻസ് (ഐ ബി എം) ഓൺലൈനായി സംഘടിപ്പിച്ച മത്സരത്തിലാണ് നേട്ടം കൈവരിച്ചതെന്ന് ശശി താഴത്തുവയൽ വാർത്താസമ്മേളനത്തിൽ അറിയിച്ചു. ഇന്ത്യ, പാകിസ്ഥാൻ, തുർക്കി, ഘാന, മെക്സിക്കോ, വിയറ്റ്നാം, ഫിലിപ്പൈൻസ് എന്നീ ഏഴ് രാജ്യങ്ങളിൽ നിന്നും 100 മാന്ത്രികർ പങ്കെടുത്ത മത്സരത്തിൽ ഇന്ത്യക്കും തുർക്കിക്കുമാണ് ഒന്നാം സ്ഥാനം ലഭിച്ചത്. ഇന്ത്യയെ പ്രതിനിധീകരിച്ച് ശശി താഴത്തുവയലിനും, തുർക്കിയെ പ്രതിനിധീകരിച്ച് മാന്ത്രികൻ വാൽക്കൻ കുഹക്കുമാണ് നേട്ടം കൈവരിക്കാനായത്.

# പനമരം ചെറുപ്പുഴ പാലത്തിന് 10 കോടി രൂപ അനുവദിച്ച് സർക്കാർ ഉത്തരവ്

**മാനന്തവാടി:** മാനന്തവാടി മണ്ഡലത്തിലെ പനമരം ചെറുപ്പുഴ പാലത്തിന് 10 കോടി രൂപ അനുവദിച്ച് സർക്കാർ ഉത്തരവായി. പനമരം ചെറുപുഴ പാലം മാറ്റി പുതിയ പാലം പണിയുന്നതിനാണ് തുക അനുവദിക്കുക. മാനന്തവാടിയിൽ നിന്നും നടവയൽ വഴി സുൽത്താൻ ബത്തേരി ക്ക് പോകുന്ന റോഡിലെ പാലമാണ് ഇത്. ഏറെ പഴക്കമുള്ള ഇടുങ്ങിയ പാലമായിരുന്നു നിലവിൽ ഉള്ളത്. ദൈനം ദിനം നിരവധി വാഹനങ്ങൾ കടന്നു പോകുന്ന ഈ പാലത്തിന്റെ ശോചനീയാവസ്ഥ മൂലം ഗതാഗത കുരുക്ക് നിത്യ സംഭവമായിരുന്നു.പൊതുമരാമത്ത് വകുപ്പ് മന്ത്രി മുഹമ്മദ് റിയാസ് ഈ പാലത്തിന്റെ ശോചനീയാവസ്ഥ നേരിൽ വന്ന് കണ്ട് ബോധ്യപ്പെട്ടിരുന്നു.കൂടാതെ മാനന്തവാടി എം എൽ എ ഒ.ആർ കേളുവിന്റെ നിരന്തര ഇടപെടലുകളാണ് പുതിയ പാലത്തിന് വഴി തെളിയിച്ചത്. നാട്ടുകാരുടെ ഏറെ നാളത്തെ ആവശ്യമാണ് ഇതോടെ പൂവണിയുന്നത്. നിലവിൽ ബീനാച്ചി മുതൽ പനമരം വരെ കിഫ്ബിയിൽ ഉൾപ്പെടുത്തി റോഡ് നവീകരണ പ്രവർത്തി നടന്നു വരികയാണ്. എന്നാൽ പ്രസ്തുത പ്രവർത്തിയിൽ ഈ പാലം ഉൾപ്പെട്ടിരുന്നില്ല. പാലം പണി പൂർത്തിയാവുന്നതോടെ മാനന്തവാടിയിൽ നിന്നും സുൽത്താൻ ബത്തേരിയിലേക്കുള്ള യാത്രാക്ലേശത്തിന് അറുതിവരും.

# വിദ്യാർത്ഥികൾക്ക് നേരെ ലൈംഗീകാതിക്രമം; യുവാവ് പുൽപ്പള്ളിയിൽ അറസ്റ്റിൽ

**പുൽപ്പള്ളി:** പുൽപ്പള്ളി പോലീസ് സ്റ്റേഷൻ പരിധിയിലെ 15 വയസുള്ള രണ്ട് വിദ്യാർത്ഥികൾക്ക് നേരെ ലൈംഗികാതിക്രമം നടത്തിയ യുവാവിനെ പോലീസ് അറസ്റ്റ് ചെയ്തു. പുൽപ്പള്ളി ആനപ്പാറ സ്വദേശി റിജോ എന്ന അഗസ്റ്റിൻ ജോസ് (31) നെയാണ് പുൽപ്പള്ളി പോലീസ് അറസ്റ്റ് ചെയ്തത് . ഇയാൾ മൂന്ന് തവണയോളം വിദ്യാർത്ഥികളെ ലൈംഗികാതിക്രമത്തിന് വിധേയമാക്കിയതായാണ് പരാതി. ഇതിനെ തുടർന്ന് ഇയാൾ ആത്മഹത്യാ ശ്രമം നടത്തുകയും സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. ഇന്ന് പ്രതിയെ ഡിസ്ചാർജ് ചെയ്ത ശേഷമാണ് പോലീസ് അറസ്റ്റ് ചെയ്തത്. എസ്.ഐ ജിതേഷ്, സീനിയർ സിവിൽ പോലീസ് ഓഫീസർ ദിലീപ്കുമാർ, സിപിഒ മാരായ ആഷ്റ്റിൻ, മുസ്തഫ എന്നിവരുടെ നേതൃത്വത്തിലാണ് അറസ്റ്റ് രേഖപ്പെടുത്തിയത്.



# ജോലി വാഗ്ദാനം ചെയ്ത് 12.50 ലക്ഷം രൂപ തട്ടി; പ്രതികളെ അറസ്റ്റ് ചെയ്തു

**കൽപ്പറ്റ :** ഓൺലൈൻ ഡാറ്റാ എൻട്രി ജോലി വാഗ്ദാനം ചെയ്ത് 12.50 ലക്ഷം രൂപ തട്ടിയെടുത്ത പ്രതികളെ മുംബൈയിൽ നിന്നും വയനാട് സൈബർ പോലീസ് അറസ്റ്റ് ചെയ്തു. വയനാട് ബത്തേരി സ്വദേശിയിൽ നിന്നും ഓൺലൈൻ ഡാറ്റാ എൻട്രി ജോലി വാഗ്ദാനം ചെയ്ത 12.5 ലക്ഷം രൂപ തട്ടിയെടുത്ത ആസാം സ്വദേശികളായ ഹബീബുൽ ഇസ്ലാം (25), ബഷ്റുൽ അസ്ലം (24) എന്നിവരെയാണ് വയനാട് സൈബർ ക്രൈം പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ ജിജീഷ് പികെ യുടെ നേതൃത്തിലുള്ള പോലീസ് സംഘം മുംബൈയിലെ ഓശിവരാ എന്ന സ്ഥലത്തു നിന്നും അറസ്റ്റ് ചെയ്തത്. 2021 ഡിസംബർ മാസം ബത്തേരി സ്വേദേശിനിക്ക് ഓൺലൈൻ വഴി ഡാറ്റാ എൻട്രി ജോലി നൽകി മാസം 35000 രൂപ ശമ്പളം നൽകാം എന്ന് വിശ്വസിപ്പിച്ചു ാമസലാൃ്യശു എന്ന വ്യാജ കമ്പനിയുടെ പേരിൽ ബന്ധപ്പെട്ട പ്രതികൾ ഉദ്ധോഗ്യാർത്ഥിനിയെ കൊണ്ട് ഡാറ്റാ എൻട്രി ജോലി ചെയ്യിപ്പിക്കുകയും തുടർന്ന് ശമ്പളം ലഭിക്കുന്നതിനായി രെജിസ്ട്രേഷൻ ചാർജ്, വിവിധ ടാക്സ് , പ്രോസസ്സിംഗ് ഫീ എന്നിവ അടക്കാൻ ആവശ്യപ്പെട്ട് തന്ത്ര പൂർവ്വം 12.50 ലക്ഷത്തോളം രൂപ വിവിധ ബാങ്ക് അക്കൗണ്ടുകളിക്ക് നിക്ഷേപിപ്പിച്ചു ചതിക്കുകകയാണ് ചെയ്തത്. തട്ടിപ്പ് ആണെന്ന് മനസിലായ പരാതിക്കാരി വയനാട് സൈബർ പോലീസിൽ പരാതി നൽകുകയും പോലീസ് കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം നടത്തിയതിൽ മുംബൈ യിൽ ഉള്ള ബാങ്ക് അക്കൗണ്ടുകളലേക്കാണ് പണം നിക്ഷേപിക്കപ്പെട്ടത് എന്നും പരാതിക്കാരിയെ ബന്ധപ്പെട്ട ഫോണുംകൾ മുംബൈയിലാണ് പ്രവൃത്തിക്കുന്നത് എന്നും മനസ്സിലാക്കി സൈബർ സ്റ്റേഷനിലെ ഇൻസ്പെകറും എസ്.സി.പി.ഒ. മാരായ സലാം കെ എ, പി.എ. ശുക്കൂർ , എം.എസ്.റിയാസ് , ജബലു റഹ്മാൻ, സി. വിനീഷ , എന്നിവരും മുംബയിലെത്തി നവി മുംബൈയിലെ ഗുൽഷൻ നഗർ എന്ന സ്ഥലത്തുള്ള ഗലിയിൽ നിന്നും ബാങ്ക് അക്കൗണ്ട് ഉടമകളായ രണ്ടു യുവാക്കളെ സഹസികമായി കസ്റ്റഡിയിലെടുത്തു ചോദ്യം ചെയ്തതിൽ തട്ടിപ്പിന്റെ സൂത്രധാരൻമാരെ കുറിച്ച് ചില സൂചനകൾ ലഭിക്കുകയും തുടർന്ന് മുംബൈയിലെ ഓശിവരാ എന്ന സ്ഥലത്തു രണ്ട് ദിവസം സൈബർ പോലീസ് തുടർച്ചയ്യായി നിരീക്ഷണം നടത്തിയത്തിൽ പ്രതികളുടെ ആഡംബര കാർ കണ്ടെത്തുകയും തുടർന്ന് വാഹനം തടഞ്ഞു നിർത്തി ആസാം സ്വേദേശികൾ ആയ രണ്ട് പ്രതികളെ അറസ്റ്റ് ചെയുകയും ചെയ്തു.പ്രതികളുടെ അടുക്കൽ നിന്നും തട്ടിപ്പിലൂടെ സമ്പാദിച്ച 5.35 ലക്ഷം രൂപയും കുറ്റ കൃത്യം ചെയ്യാനായി ഉപയോഗിച്ച 13 മൊബൈൽ ഫോൺ, നിരവധി വ്യാജ സിം കാർഡുകൾ, 3 ലാപ്ടോപ്പ്, നിരവധി ഡെബിറ്റ്, ക്രെഡിറ്റ് കാർഡ് ബാങ്ക് പാസ്സ് ബുക്ക്, ചെക്ക് ബുക്ക് എന്നിവയും കണ്ടെത്തി പിടിച്ചെടുത്തു.പ്രതികളുടെ ബി.എം.ഡബ്യു. കാർ പോലീസ് പിടിച്ചെടുത്തു കൽപ്പറ്റ സിജെഎം കോടതിയിൽ ഹാജരാക്കി.പ്രതികളുടെ മൊബൈൽ ഫോൺ പരിശോദിച്ചതിൽ നിന്നും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലെ വിവിധ ആളുകളെ സമാനമായ രീതിയിൽ ഇവർ വഞ്ചിച്ചതായി വ്യക്തമായിട്ടുണ്ട്. തട്ടിപ്പിലൂടെ ലഭിക്കുന്ന പണം വിദേശത്ത് പോയി ആഡംബര ജീവിതം നയിക്കാനാണ് ഉപയോഗിച്ചത്.


# കാർഷിക ഉത്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കണം

**കൽപ്പറ്റ:** കുരുമുളക്, ഏലം, റബ്ബർ, നാളികേരം, കാപ്പി, ഇഞ്ചി, തുടങ്ങിയ കാർഷിക ഉത്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുവാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അടിയന്തരമായി നടപടി സ്വീകരിക്കണമെന്ന് കേരള കോൺഗ്രസ് ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു. കർഷകരും ദുർബല വിഭാഗങ്ങളും ഗുരുതരമായ സാന്പത്തിക പ്രശ്നത്തിലാണെന്ന് സംസ്ഥാന ജനറൽ സെക്രട്ടറി കെ.എ. ആൻറണി പറഞ്ഞു.ജില്ലാതല അംഗത്വ വിതരണം കെ.വി. പൗലോസിന് നൽകി ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡൻറ് പി. അബ്ദുൾ സലാം അധ്യക്ഷത വഹിച്ചു. ജില്ലാ ജനറൽ സെക്രട്ടറി ജോസഫ് കളപ്പുര, അഡ്വ. ജോർജ് വാതുപറന്പിൽ, സി.എം. ബാബു, ടി.ജെ. ബാബുരാജ്, കെ.വി. പൗലോസ്, മാത്യു പുതുപറന്പിൽ, സജീവൻ, പി.ജെ. ജോർജ് മാപ്പനാത്ത്, നിതിൽ തട്ടാരി, പി.എം. റോയി തുടങ്ങിയവർ പ്രസംഗിച്ചു.

WAYANAD

KANNUR

## Adnbn¸v A-t]-£n-¡mw



കണ്ണൂർ ഗവ.എഞ്ചിനീയറിങ് കോളേജിലെ കണ്ടിന്യൂയിങ് എജുക്കേഷൻ സെന്ററിന് കീഴിൽ ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിങ് വിഭാഗം തുടങ്ങുന്ന സോളാർ ടെക്നീഷ്യൻ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. എസ് എസ് എൽ സി, ഐ ടി ഐ, വയർമാൻ, ഇലക്ട്രീഷ്യൻ, കെ ജി സി ഇ, ഡിപ്ലോമ, ഇലക്ട്രിക്കൽ കോൺട്രാക്ടേഴ്സ് യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. പത്ത് ദിവസത്തെ കോഴ്സിന് 4000 രൂപയാണ് ഫീസ്. അവധി ദിവസങ്ങളിലാണ് ക്ലാസ്. അപേക്ഷാ ഫോറം കോളേജിലെ കണ്ടിന്യൂയിങ് എജുക്കേഷൻ സെന്ററിൽ ലഭിക്കും. ജനുവരി 21ന് വൈകിട്ട് നാല് മണി വരെ അപേക്ഷ സ്വീകരിക്കും. ഫോൺ: 9446031710, 9446680061.

## ]-cn-io-e-\w

നാഷണൽ എംപ്ലോയ്മെന്റ് സർവീസിന്റെ ആഭിമുഖ്യത്തിൽ മട്ടന്നൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പരിധിയിലുള്ള പട്ടികവർഗ ഉദ്യോഗാർഥികൾക്കായി 75 ദിവസത്തെ മത്സരപരീക്ഷാ പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. താൽപര്യമുള്ള മട്ടന്നൂർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പരിധിയിലുള്ള ഉദ്യോഗാർഥികൾ ജനുവരി 22നകം എംപ്ലോയ്മെന്റ് രജിസ്ട്രേഷന്റെയും യോഗ്യത സർട്ടിഫിക്കറ്റിന്റെയും പകർപ്പുകൾ സഹിതം പേര്, വിലാസം, സമുദായം, യോഗ്യത, പ്രായം, പങ്കെടുക്കാൻ പോകുന്ന മത്സര പരീക്ഷയുടെ വിവരം, എംപ്ലായ്മെന്റ് രജിസ്ട്രേഷൻ നമ്പർ എന്നിവ ഉൾപ്പെടുന്ന അപേക്ഷ വെള്ളക്കടലാസിൽ തയ്യാറാക്കി മട്ടന്നൂർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ സമർപ്പിക്കണം. 40 പേർക്കു മാത്രമേ പ്രവേശനം ഉണ്ടാവൂ. പങ്കെടുക്കുന്ന ഉദ്യോഗാർഥികൾക്ക് ദിവസം 100 രൂപ നിരക്കിൽ സ്റ്റൈപ്പന്റ് ലഭിക്കും. ഫോൺ: 0490 2474700.

## Nn{XcN\ aÕcw

സംസ്ഥാന ശിശുക്ഷേമ സമിതിയുടെ ആഭിമുഖ്യത്തിൽ ജനുവരി 22ന് ജില്ലാതലത്തിൽ ദേശീയ ചിത്രരചന മത്സരം സംഘടിപ്പിക്കുന്നു. രാവിലെ 10 മുതൽ ഉച്ചക്ക് 12 മണി വരെ കണ്ണൂർ ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ നാല് വിഭാഗങ്ങളിലായാണ് മത്സരം. നോർമൽ വിഭാഗം-ഗ്രീൻ ഗ്രൂപ്പ് (അഞ്ച് മുതൽ ഒമ്പത് വയസ് വരെ), വൈറ്റ് ഗ്രൂപ്പ് (10 മുതൽ 16 വയസ് വരെ). ഭിന്നശേഷിക്കാരായ കുട്ടികൾ-യെല്ലോ ഗ്രൂപ്പ് (അഞ്ച് മുതൽ 10 വയസ്സ് വരെ), റെഡ് ഗ്രൂപ്പ് (11മുതൽ 18 വയസ് വരെ). ചിത്രരചനക്ക് ഓരോ വിഭാഗത്തിനും പ്രത്യേകം വിഷയങ്ങൾ നൽകും. ക്രയോൺ, വാട്ടർകളർ, പാസ്റ്റൽ എന്നിവ ഉപയോഗിക്കാം. ചിത്രങ്ങൾ 40 സെ.മീ : 50 സെ മീ വലിപ്പത്തിലുള്ളവ ആയിരിണം. ചിത്രരചനക്കുള്ള ഉപകരണങ്ങൾ മത്സരാർഥികൾ കൊണ്ടുവരണം. ഡ്രോയിംഗ് ഷീറ്റ് നൽകും. ജനനതീയതി തെളിയിക്കുന്ന രേഖകൾ, 40 ശതമാനത്തിൽ കുറയാത്ത ഭിന്നശേഷി സർട്ടിഫിക്കറ്റ് എന്നീ രേഖകൾ കൊണ്ടുവരണം. പങ്കെടുക്കുന്ന കുട്ടികൾ ജനുവരി 20നകം 9447853744, 9656061031 നമ്പറുകളിൽ രജിസ്റ്റർ ചെയ്യണം.

## kv--tIm-fÀ-jn-¸v

സംസ്ഥാനത്തിന് പുറത്തെ ദേശീയ പ്രാധാന്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലോ ഐ.ഐ.ടി, ഐ.ഐ.എം, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് തുടങ്ങിയ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലോ മെറിറ്റ്/ റിസർവേഷൻ പ്രകാരം പ്രവേശനം ലഭിച്ച് ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് പഠിക്കുന്ന സംസ്ഥാനത്തെ ഒ.ഇ.സി വിഭാഗം വിദ്യാർഥികൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് നൽകുന്ന ഒ.ഇ.സി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു. ൦൦൦.ലഴൃമിഥ്.സല്യമഹമ.ഴീ.ശി മുഖേന ഓൺലൈനായി അപേക്ഷിക്കാം. വിശദാംശങ്ങൾ അടങ്ങിയ വിജ്ഞാപനം ൦൦൦.യരററ.സല്യമഹമ.ഴീ.ശി ൽ ലഭ്യമാണ്. അവസാന തീയതി ഫെബ്രുവരി 20. കൂടുതൽ വിവരങ്ങൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ഓഫീസുകളിൽ ബന്ധപ്പെടണം. കൊല്ലം മേഖലാ ഓഫീസ്-0474 2914417, എറണാകുളം മേഖലാ ഓഫീസ്- 0484 2429130, കോഴിക്കോട് മേഖലാ ഓഫീസ്- 0495 2377786, പാലക്കാട് മേഖലാ ഓഫീസ്- 0491 2505663.




# ലോക്കോ പൈലറ്റുമാർക്ക് കോവിഡ്; ട്രെയിൻ ഓടിക്കാൻ ആളില്ലെന്ന് റെയിൽവേ

**കണ്ണൂർ:** എക്സ്പ്രസ് ട്രെയിനുകൾ രാത്രിയിൽ റദ്ദാക്കിയത് ലോക്കോ പൈലറ്റുമാർക്ക് കോവിഡ് ബാധിച്ചതു മൂലം. റെയിൽവെ അധികൃതരാണ് ഇക്കാര്യം അറിയിച്ചത്. പാലക്കാട് ഡിവിഷനിൽ നിന്ന് ശനിയാഴ്ചയും ഞായറാഴ്ചയുമായി സർവീസ് നടത്തേണ്ട എട്ട് ട്രെയിനുകളാണ് റദ്ദാക്കിയത്. നിലവിൽ 50 ലോക്കോ പൈലറ്റുമാരുടെ കുറവ് പാലക്കാട് ഡിവിഷനിൽ ഉണ്ട്. പാസഞ്ചർ ഓടിക്കേണ്ട 57 ലോക്കോ പൈലറ്റുമാരുടെയും മെയിൽ വണ്ടികൾ ഓടിക്കേണ്ട 11 പേരുടെയും ഒഴിവുകൾ ഇതുവരെ നികത്തിയിട്ടില്ല. ഇതിനൊപ്പമാണ് കോവിഡ് പ്രതിസന്ധി സൃഷ്ടിച്ചത്. എന്നാൽ ട്രെയിൻ റദ്ദ് ചെയ്ത വിവരമറിയാതെ റെയിൽവേ സ്റ്റേഷനുകളിൽ എത്തിയ യാത്രക്കാർ പെരുവഴിയിലാകുന്ന അവസ്ഥയുണ്ടായി. ട്രെയിൻ റദ്ദാക്കിയത് റെയിൽവേ അറിയിച്ചത് രാത്രിയോടെയാണ്. അതിനാൽ, സ്ഥിരം ട്രെയിൻ യാത്രക്കാരിൽ ഭൂരിഭാഗവും ഇതറിഞ്ഞില്ല. റെയിൽവേ സ്റ്റേഷനിലെത്തി ട്രെയിൻ ഇല്ലെന്ന് അറിഞ്ഞതോടെ പലരും ബസ് പിടിക്കാനുള്ള ഓട്ടത്തിലായി. പലരും സമയത്ത് എത്താൻ സാധിക്കാത്തതിനാൽ അവധിയും എടുക്കേണ്ടി വന്നു. പകരം, സംവിധാനമൊരുക്കാതെ പെട്ടെന്ന് ട്രെയിനുകൾ റദ്ദ് ചെയ്തതിൽ റെയിൽവേ സ്റ്റേഷനുകളിൽ യാത്രക്കാർ പ്രതിഷേധിക്കുകയും ചെയ്തിട്ടുണ്ട്. ഷൊർണൂർ-കണ്ണൂർ പാസഞ്ചർ (06023), കണ്ണൂർ-ഷൊർണൂർ പാസഞ്ചർ (06024), കണ്ണൂർ-മംഗളൂരു പാസഞ്ചർ (06477), മംഗളൂരു-കണ്ണൂർ പാസഞ്ച ർ(06478), കോഴിക്കോട്-കണ്ണൂർ പാസഞ്ചർ(06481), കണ്ണൂർ-ചെറുവത്തൂർ പാസഞ്ചർ (06469), ചെറുവത്തൂർ-മംഗളൂരു പാസഞ്ചർ (06491), മംഗളൂരു-കോഴിക്കോട് എക്സ്പ്രസ് (16610) എന്നീ ട്രെയിനുകളാണ് റദ്ദാക്കിയത്.

# സിൽവർ ലൈൻ: സാമൂഹിക ആഘാത പഠനത്തിന് തുടക്കം

**കണ്ണൂർ:** സിൽവർ ലൈൻ, സാമൂഹിക ആഘാത പഠനത്തിന് ഇന്ന് കണ്ണൂരിൽ തുടക്കം. ആദ്യഘട്ട പഠനം പദ്ധതി കടന്ന് പോകുന്ന 11 ജില്ലകളിലാണ്. ദിവസവും 5 മുതൽ 10 വരെ കുടുംബങ്ങളെ സർവേ സംഘം സമീപിക്കും. മറ്റു ജില്ലകളിലും നടപടികൾ അതിവേഗം പൂർത്തീകരിക്കാനാണ് സർക്കാർ നിർദേശം. മേയിൽ 11 ജില്ലകളിലെയും സാമൂഹികാഘാത പഠനം പൂർത്തിയാക്കി ഭൂമി ഏറ്റെടുക്കലിലേക്കു നീങ്ങാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.സർക്കാരിന്റെ എല്ലാ വൻകിട പദ്ധതികൾക്കും തടസ്സമാകുന്നത് ഭൂമി ഏറ്റെടുക്കുന്നതിലെ കാലതാമസമാണ്. എന്നാൽ, സിൽവർ ലൈൻ പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കൽ റെക്കോർഡ് വേഗത്തിൽ പൂർത്തിയാക്കാനാണ് സർക്കാർ തീരുമാനം. ഭൂമി നഷ്ടപ്പെടുമെന്ന ഭയം കാരണം ഇപ്പോൾ ഉയർന്നിട്ടുള്ള പ്രതിഷേധങ്ങൾ നഷ്ടപരിഹാരത്തുകയുടെ കാര്യത്തിൽ തീരുമാനമാകുന്നതോടെ അയയുമെന്നാണ് കണക്കുകൂട്ടൽ.

# വിമാനത്താവളത്തിൽ 24 പേർക്ക് കോവിഡ്; യുഎ.ഇ.യിലേക്ക് പോകുന്ന യത്രക്കാർക്കാണ് കോവിഡ് സ്ഥിരീകരിച്ചത്

**കണ്ണൂർ:** യുഎ.ഇ.യിലേക്ക് പോകുന്ന യത്രക്കാർക്ക് കണ്ണൂർ വിമാനത്താവളത്തിൽ നടത്തിയ പരിശോധനയിൽ 24 പേർക്ക് കോവിഡ് സ്ഥിരീകരിച്ചു. ഷാർജ, അബുദാബി എന്നിവിടങ്ങിലേക്ക് പോകാൻ എത്തിയവർക്കാണ് വെള്ളിയാഴ്ച പോസിറ്റീവ് ആയതിനെത്തുടർന്ന്യാത്രമുടങ്ങിയത്. യാത്രയ്ക്ക് തൊട്ടുമുമ്പായി നടത്തുന്ന റാപ്പിഡ് പരിശോധനയിൽ കോവിഡ് സ്ഥിരീകരിക്കുന്നവരുടെ എണ്ണം കൂടിവരുന്നുണ്ട്. പുറത്ത് നടത്തിയ പരിശോധനയിൽ നെഗറ്റീവ് ആയവർക്കും വിമാനത്താ വളത്തിൽ നടത്തുന്ന പരിശോ ധനയിൽ പോസിറ്റീവ് ആകുന്നു ണ്ടെന്ന് യാത്രക്കാർ പറഞ്ഞു. മൂന്ന് സർവീസ് ആണ് ഇന്നലെ കണ്ണൂർ യു.എ.ഇ.സെക്റൽ ഉണ്ടായിരുന്നത്.

# ടെൻഡർ നടപടിയിലേക്ക്; സ്ഥലമേറ്റെടുപ്പ് പൂർത്തിയായി

**കണ്ണൂർ :** കണ്ണൂരിന്റെ ഗതാഗതക്കുരുക്കഴിക്കാൻ മേലെചൊവ്വ അണ്ടർപാസ് ടെൻഡർ നടപടിയിലേക്ക് നീങ്ങുന്നു. സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തിയായതോടെയാണ് നിർമാണ നടപടികൾക്ക് വേഗം കൂടിയത്. ദേശീയ പാതയിലെയും കണ്ണൂർ നഗരത്തിലെയും കുരുക്ക് പരിഹരിക്കാനാണ് എൽഡിഎഫ് സർക്കാർ അണ്ടർപാസ് പ്രഖ്യാപിച്ചത്. കണ്ണൂർ -തലശേരി റൂട്ടിൽ മേലെ ചൊവ്വ ജങ്ഷനിൽ 310 മീറ്റർ നീളത്തിലും ഒമ്പതു മീറ്റർ വീതിയിലുമാണ് നിർമാണം. അണ്ടർ പാസിനുപുറത്ത് ഇരുവശത്തും അഞ്ചര മീറ്റർ വീതിയിൽ സർവീസ് റോഡും ഒന്നര മീറ്റർ വീതിയിൽ നടപ്പാതയുമുണ്ടാകും. 50 കെട്ടിടവും 52 സെന്റും ഏറ്റെടുത്തു52 സെന്റ് സ്ഥലവും 50 കെട്ടിടങ്ങളും ഏറ്റെടുത്തു. 15.30 കോടി രൂപയാണ് നഷ്ടപരിഹാരമായി നൽകിയത്. വാടകക്കാർക്ക് രണ്ടുലക്ഷം രൂപ പുനഃസ്ഥാപന അലവൻസും തൊഴിൽ നഷ്ടപ്പെടുന്നവർക്ക് ആറു മാസത്തേക്ക് 6000 രൂപ വീതം ഉപജീവന ബത്തയും നൽകിയിരുന്നു. അണ്ടർ പാസ് നിർമാണത്തിന് 16.39 കോടിയുടെ പ്രവൃത്തിക്കാണ് കിഫ്ബി അംഗീകാരം നൽകിയത്. എന്നാൽ പൊതുമരാമത്ത് ഷെഡ്യൂളിൽ വന്ന വർധന പ്രകാരം എസ്റ്റിമേറ്റ് 19.20 കോടിയായി ഉയർന്നു. ഇതിനുള്ള അംഗീകാരം അടുത്ത കിഫ്ബി യോഗത്തിൽ ലഭിക്കുമെന്നാണ് പ്രതീക്ഷ. അനുമതി ലഭ്യമായാൽ ഉടൻ തന്നെ ടെൻഡർ നടപടയിലേക്ക് കടക്കും.കണ്ണൂർ തെക്കിബസാർ ഫ്ളൈ ഓവറിനുള്ള സ്ഥലം ഏറ്റെടുക്കലും മൂന്നുമാസത്തിനുള്ളിൽ പൂർത്തിയാക്കും. 11 റോഡുകൾ വികസിപ്പിക്കുന്ന സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിയുടെയും സ്ഥലം ഏറ്റെടുക്കുന്ന പ്രവർത്തനവും പുരോഗമിക്കുകയാണ്. ആദ്യഘട്ടത്തിൽ ഏഴ് റോഡുകളുടെ ടെൻഡർ നടപടികൾ പൂർത്തീകരിക്കും. രൂക്ഷമായ ഗതാഗതക്കുരുക്ക് രാമചന്ദ്രൻ കടന്നപ്പള്ളി എംഎൽഎ ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് മന്ത്രി മുഹമ്മദ് റിയാസ് അവലോകനയോഗങ്ങൾ നടത്തിയാണ് പ്രവർത്തനം വേഗത്തിലാക്കിയത്.

# സുധാകരന്റെ പ്രകോപന പ്രസ്താവനകളിൽ വീഴില്ല: എം വി ജയരാജൻ

**കണ്ണൂർ :** കെപിസിസി പ്രസിഡന്റ് കെ സുധാകരന്റെ പ്രകോപനപരമായ പ്രസ്താവനകളിൽ വീഴുന്നവരല്ല സിപിഐ എം പ്രവർത്തകരെന്ന് ജില്ലാ സെക്രട്ടറി എം വി ജയരാജൻ. കാഞ്ഞിരക്കുരുവിൽനിന്ന് ഒരിക്കലും മധുരം പ്രതീക്ഷിക്കരുത്. അതുപോലെ സുധാകരനിൽനിന്ന് നന്മയും. നേതൃത്വം പിടിച്ചെടുക്കാൻ അണികളെ സജ്ജമാക്കാനാണ് സുധാകരൻ അക്രമം പ്രോത്സാഹിപ്പിക്കുന്നത്. എന്നാൽ, ഭൂരിഭാഗം കോൺഗ്രസ് അണികൾ അക്രമത്തിനൊപ്പം നിൽക്കില്ലെന്നും ജയരാജൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. വയൽക്കിളികളും വികസനത്തിനൊപ്പം കീഴാറ്റൂരിൽ ദേശീയപാതാ ബൈപാസിനെതിരെ സമരം നടത്തിയവർക്ക് വികസനവിരുദ്ധ നിലപാട് തെറ്റാണെന്ന് ബോധ്യമായതായി ജയരാജൻ പ്രതികരിച്ചു. ബിജെപിയും കെ സുധാകരനും തങ്ങളെ വഞ്ചിച്ചുവെന്ന് അവർ തുറന്നുപറഞ്ഞു. ദേശീയപാത അലൈൻമെന്റ് മാറ്റുമെന്ന് പറഞ്ഞ് ഡൽഹിയിൽ കൊണ്ടുപോയത് വെറുതെയാണെന്ന് അവർ തിരിച്ചറിഞ്ഞു. വഞ്ചിതരായവർ ഇപ്പോൾ സിപിഐ എമ്മിനൊപ്പമാണ്. ഇതിൽ 'വയൽക്കിളി'കളുടെ നേതാവായിരുന്ന സുരേഷ് കീഴാറ്റൂരുമുണ്ട്. ധീരജിന് ഉചിതമായ സ്മാരകംഇടുക്കി ഗവ. എൻജിനിയറിങ് കോളേജിൽ യൂത്ത് കോൺഗസുകാർ കൊലപ്പെടുത്തിയ രക്തസാക്ഷി ധീരജ് രാജേന്ദ്രൻ അന്ത്യവിശ്രമംകൊള്ളുന്ന സ്ഥലത്ത് ഉചിതമായ സ്മാരകം നിർമിക്കും. ഇതിനായി തളിപ്പറമ്പ് പട്ടപ്പാറയിൽ പാർടി വാങ്ങിയ എട്ട് സെന്റ് സ്ഥലത്ത് സ്മാരകവും പഠന ഗവേഷണ കേന്ദ്രവും സ്ഥാപിക്കുമെന്ന് ജയരാജൻ അറിയിച്ചു

# സുധാകരന്റെ ലക്ഷ്യം കോൺഗ്രസ് പിടിച്ചെടുക്കൽ

**കണ്ണൂർ :** എതിരാളികളെ അരിഞ്ഞുവീഴ്ത്തുന്ന രാഷ്ട്രീയശൈലിയിലൂടെ കെപസിസി പ്രസിഡന്റ് കെ സുധാകരൻ ലക്ഷ്യമിടുന്നത് കോൺഗ്രസ് നേതൃത്വം കൈപ്പിടിയിലാക്കൽ. 1991ൽ കണ്ണൂർ ഡിസിസി പ്രസിഡന്റാകാൻ നടത്തിയ അതേ ഗുണ്ടായിസവും ക്രിമിനലിസവുമാണ് ഇപ്പോൾ പയറ്റുന്നത്. ഇടുക്കിയിൽ ക്രിമിനൽസംഘത്തെയിറക്കി എൻജിനിയറിങ് കോളേജ് വിദ്യാർഥി ധീരജിനെ കൊലക്കത്തിക്കിരയാക്കിയതും കൊലയെ ന്യായീകരിക്കുന്നതും കൊലയാളികളെ പിന്തുണക്കുന്നതുമെല്ലാം സ്വന്തം പാർടിയിലെ എതിരാളികൾക്കുള്ള മുന്നറിയിപ്പാണ്. കോൺഗ്രസിൽ ചേർന്ന് ഏഴ് വർഷത്തിനകമാണ് സുധാകരൻ കണ്ണൂർ ഡിസിസി പിടിച്ചെടുത്തത്. ജില്ലയിലെ കോൺഗ്രസിന്റെ അമരക്കാരനായിരുന്ന എൻ രാമകൃഷ്ണനെയുൾപ്പെടെ മൂലയിലൊതുക്കി. സംഘടനാ കോൺഗ്രസിലും പിന്നീട്, ജനതാ പാർടിയിലും ജനത- ജിയിലും കമലം ജനതയിലുമായിരിക്കെയായിരുന്നു മുമ്പ് സുധാകരൻ. ജന്മനാടായ നടാൽ കേന്ദ്രീകരിച്ച് ക്രിമിനൽസംഘത്തെ പോറ്റിവളർത്തി. കെ പി നൂറുദ്ദീൻ, പി രാമകൃഷ്ണൻ ഉൾപ്പെടെയുള്ള നേതാക്കളെ ഓരോന്നായി മൂലയിലാക്കി. ഡിസിസി പ്രസിഡന്റായ ശേഷം പാർടിയിലെ എതിരാളികളായ നേതാക്കളെ ഭയപ്പെടുത്തിയും ഭീഷണിപ്പെടുത്തിയും നിർത്തി. മുൻ കെപിസിസി പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ കണ്ണൂർ ലോക്സഭാംഗമായിരിക്കെ, കണ്ണൂർ ഡിസിസി ഓഫീസ് പരിസരത്തു പോലും പോയിരുന്നില്ല. ശാരീരികാക്രമണം ഭയന്നാണിത്. തന്റെ തോൽവിക്കു പിന്നിലും സുധാകരനാണെന്ന് മുല്ലപ്പള്ളി ആരോപിച്ചിരുന്നു. കെപിസിസി പ്രസിഡന്റായശേഷവും തന്നോട് മിണ്ടിയില്ലെന്ന് പരസ്യമായി പ്രതികരിച്ചു. മുൻ കെപസിസി പ്രസിഡന്റ് വി എം സുധീരൻ പറഞ്ഞത്, സുധാകരനെ വിമർശിച്ചാൽ കെ എസ് ബ്രിഗേഡ് എന്ന പേരിലുള്ള അനുയായികൾ ഭീഷണിപ്പെടുത്തിയും അപമാനിച്ചും വായമൂടാൻ ശ്രമിക്കുമെന്നാണ്. തനിക്കുണ്ടായ അനുഭവമാണെന്നും സുധീരൻ പറഞ്ഞു. ഇതേ ഭയം രമേശ് ചെന്നിത്തല ഉൾപ്പെടെയുള്ള മറ്റ് നേതാക്കൾക്കുമുണ്ട്. ബിജെപയിൽനിന്ന് രണ്ടുതവണ ക്ഷണം ലഭിച്ചിട്ടുണ്ടെന്നും മനഃസാക്ഷിക്ക് ശരിയെന്ന് തോന്നിയാൽ പോകുമെന്നും പരസ്യമായി പ്രതികരിച്ചശേഷമാണ് കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ സുധാകരൻ സീറ്റ് സംഘടിപ്പിച്ചത്. കെപിസിസി പ്രസിഡന്റായതും ബിജെപിയിൽ പോകുമെന്ന ഭീഷണി മുഴക്കിയാണ്. സംഘടനാ തെരഞ്ഞെടുപ്പ് നടന്നാൽ എ, ഐ ഗ്രൂപ്പുകൾക്കു മുന്നിൽ നേതൃത്വം കൈയിൽനിന്ന് വഴുതിപ്പോകുമെന്ന് സുധകാരനറിയാം. ഇതു മറികടക്കാനാണ് കണ്ണൂരിൽ പയറ്റിയ ചോരക്കളി സംസ്ഥാന വ്യാപകമാക്കുന്നത്. സംസ്ഥാനവ്യാപകമാക്കുന്നത്.

# കഞ്ചാവു പൊതിയുമായി യുവാവ് അറസ്റ്റിൽ

**തളിപ്പറമ്പ് :** കാറിൽ കടത്തുകയായിരുന്ന മാരക ലഹരി മരുന്നായ എം.ഡി എം.എ.യും കഞ്ചാവുമായി യുവാവിനെ എക്സൈസ് സംഘം പിടികൂടി. കുറുമാത്തൂർചൊറുക്കളയിലെ വി.പി.ഷാഹിൻ നുസ്ഫറിനെ(26)യാണ് റേഞ്ച് എക്സൈസ് ഓഫീസിലെ പ്രിവന്റീവ് ഓഫീസർ കെ.പി.മധുസൂദനനും സംഘവും പിടികൂടിയത്. കുറുമാത്തൂർ ചൊറുക്കള എന്ന സ്ഥലത്ത് വെച്ച് വാഹന പരിശോധനക്കിടെയാണ് കെ.എൽ.07. എഎഫ്.1570 നമ്പർ മാരുതി സെൻ കാറിൽ വെച്ച് 20 ഗ്രാം കഞ്ചാവും, 350 മില്ലി ഗ്രാം എം.ഡി.എം.എ.യുമായി എക്സൈസ് സംഘത്തിന്റെ പിടിയിലായത്.റെയ്ഡിൽ ഗ്രേഡ് പ്രിവന്റീവ് ഓഫീസർമാരായ രാജേഷ്.കെ, മനോഹരൻ.പി.പി, സിവിൽ എക്സൈസ് ഓഫീസർമാരായ രജിരാഗ്.പി.പി, റെനിൽ കൃഷ്ണൻ.പി.പി, എക്സൈസ് ഡ്രൈവർ സി.വി.അനിൽ കുമാർ എന്നിവരും ഉണ്ടായിരുന്നു.

# ടാർ വീപ്പകൾ മോഷണം

**നീലേശ്വരം:** റോഡ് നിർമ്മാണത്തിനായി ഇറക്കി വെച്ച പത്ത് ബാരൽ ടാർ മോഷണം പോയതായി പരാതികിനാനൂർ-കരിന്തളം പഞ്ചായത്തിലെ നെല്ലിയടുക്കം-വാളൂർ റോഡ് നിർമ്മാണത്തിനായി ഇറക്കിയ 42 ബാരൽ ടാറിൽ നിന്നുമാണ് 10 ബാരൽ മോഷണം പോയത്. കരാറുകാരനായ നീലേശ്വരം തൈക്കടപ്പുറത്തെ പി.വി. സുകുമാരനാണ് റോഡ് നിർമ്മാണത്തിനായി ഏതാനും ദിവസങ്ങൾക്ക് മുമ്പ് കരിന്തളത്ത് ടാറും മറ്റ് റോഡ് നിർമ്മാണ സാമഗ്രികളും ഇറക്കിയിരുന്നത്.. റോഡ് നിർമ്മാണം ആരംഭിക്കുന്നതിന്റെ ഭാഗമായി ഇന്നലെ സുകുമാരൻ സ്ഥലത്തുചെന്ന് നോക്കിയപ്പോഴാണ് ഇറക്കി വെച്ച ടാറിൽ 10 ബാരൽ കാണാനില്ലെന്ന് മനസ്സിലായത്. മൂന്നാഴ്ച മുമ്പ് ഒരു മിനിലോറിയിൽ വന്ന ചിലർ ടാർ വീപ്പ കയറ്റിക്കൊണ്ടുപോകുന്നതായി സമീപത്തെ വീട്ടുകാർ പറഞ്ഞു. കരാറുകാരന്റെ ആൾക്കാരാണ് ടാർ കൊണ്ടുപോകുന്നതെന്നായിരുന്നു വീട്ടുകാർ കരുതിയത്. നീലേശ്വരം പോലീസിൽ പരാതി നൽകി.


# വീട്ടിൽ വൻ ലഹരിമരുന്ന് വേട്ട ; മൂന്നു പേർ പിടിയിൽ

**കാഞ്ഞങ്ങാട്:** ഉത്തര മലബാറിൽ വൻ ലഹരിമരുന്ന് വേട്ട ആറങ്ങാടിയിലെ വീട്ടിൽ റെയ്ഡ് 24 ഗ്രാം എം.ഡി.എം.എയുമായി മൂന്ന് പേർ പിടിയിൽ. ലഹരി മരുന്ന് വിതരണക്കാരനായവീട്ടുടമആറങ്ങാടി നീലാങ്കരയിലെ എൻ.എം.ഷാഫി (35), കൂട്ടാളികളായ ബല്ല മീനാപ്പീസ് സ്വദേശിഹാദിൽ മൻസിലിൽ സി.മുഹമ്മദ് ഹാദിൽ (26), കാഞ്ഞങ്ങാട് വടകര മുക്ക് അറഫാന ക്വാട്ടേർസിലെ കെ.ആഷിഖ് (28) എന്നിവരെയാണ് പോലീസ് പിടികൂടിയത്.പോലീസ് ഡിവിഷൻ കേന്ദ്രീകരിച്ച്ഇന്ന് പുലർച്ചെ നടത്തിയ റെയ്ഡിലാണ് മയക്കുമരുന്ന് മാഫിയ സംഘം പിടിയിലായത്.വീട് കേന്ദ്രീകരിച്ച് മാരക ലഹരിമരുന്നായ എം.ഡി.എം.എ. പാക്കറ്റുകളായിവില്പന നടത്തുന്നതിനിടെയാണ് കാഞ്ഞങ്ങാട് ഡിവൈ.എസ്.പി.ബാലകൃഷ്ണൻ, ബേക്കൽ ഡി വൈ എസ്.പി.സുനി കുമാർ എന്നിവരുടെ നേതൃത്വത്തിൽ ഹൊസ്ദുർഗ് പോലീസ് ഇൻസ്പെക്ടർ കെ.പി.ഷൈൻ എസ്.ഐ.മാരായ കെ.പി.സതീഷ്, ശ്രീജേഷ് കണ്ടോത്ത് എന്നിവരടങ്ങിയ പോലീസ് സംഘം പിടികൂടിയത്.ആറങ്ങാടിയിലെവീട്ടിൽ നിന്നും 24 ഗ്രാം എം.ഡി.എം.എയും പാക്ക് ചെയ്യാനുള്ള സാമഗ്രികളും രണ്ട് തൂക്കം മെഷീനുകളും, പാക്കറ്റുകളും 45,000 രൂപയും പോലീസ് പിടിച്ചെടുത്തു. ഗോവയിൽ നിന്നും ബാംഗ്ലൂരിൽ നിന്നുമാണ് ജില്ലയുടെ വിവിധ ഭാഗങ്ങളിലേക്ക് വിതരണത്തിനായി ലഹരിമരുന്ന് എത്തിച്ചിരുന്നത്. മയക്കുമരുന്ന് ശൃംഖലയിലെ പ്രധാന കണ്ണിയാണ് പിടിയിലായത്.ഇന്നലെ 16 കിലോ കഞ്ചാവുമായി മറ്റൊരു സംഘം കാസറഗോഡ് പോലീസിന്റെ പിടിയിലായിരുന്നു. അറസ്റ്റിലായ പ്രതികളെ ഇന്ന് കോടതിയിൽ ഹാജരാക്കും.

# ഏരുവേശി പ്ലാസ്റ്റിക് വിമുക്ത പഞ്ചായത്തായി പ്രഖ്യാപിച്ചു

**ചെമ്പേരി:** മദർ തെരേസ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ സജീവ് ജോസഫ് എംഎൽഎ ഏരുവേശി ഗ്രാമപഞ്ചായത്തിനെ പ്ലാസ്റ്റിക് വിമുക്ത പഞ്ചായത്തായി പ്രഖ്യാപിച്ചു. ശുചിത്വ പ്രതിജ്ഞ ചെല്ലിക്കൊടുത്ത എംഎൽഎ പഞ്ചായത്തിലെ ഹരിത കർമ സേനാംഗങ്ങളെ ആദരിച്ചു. പഞ്ചായത്ത് പ്രസിഡൻറ് ടെസി ഇമ്മാനുവൽ അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് പരിധിയിലെ കലാ-കായിക പ്രതിഭകളെ ആദരിക്കൽ ചെമ്പേരി ഫൊറോന വികാരി റവ. ഡോ. ജോർജ് കാഞ്ഞിരക്കാട്ട് നിർവഹിച്ചു. പഞ്ചായത്ത് വൈസ് പ്രസിഡൻറ് മധു തൊട്ടിയിൽ, സ്ഥിരം സമിതി അധ്യക്ഷരായ മോഹനൻ മൂത്തേടൻ, ഷൈല ജോയ്, മിനി ഷൈബി, ചെമ്പേരി വൈസ് മെൻ ക്ലബ് പ്രസിഡൻറ് ബെന്നി സെബാസ്റ്റ്യൻ, കെവിവിഇഎസ് ചെമ്പേരി, കുടിയാന്മല യൂണിറ്റ് പ്രസിഡൻറുമാരായ സാബു മണിമല, ന്യൂസ്റ്റാർ ബെന്നി, പഞ്ചായത്ത് മെന്പർമാരായ പൗളിൻ കാവനാടി, എം.ഡി. രാധാമണി, രാഷ്ട്രീയ കക്ഷി ഭാരവാഹികളായ ജോസ് പരത്തനാൽ, കെ.പി. ദിലീപ്, ഹെൽത്ത് ഇൻസ്പെക്ടർ രാജേഷ് എന്നിവർ പ്രസംഗിച്ചു.

## അറിയിപ്പ്




### അപേക്ഷിക്കാം

സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ അംഗങ്ങളായവരുടെ മക്കൾക്ക് 2021–22 വർഷത്തെ വിദ്യാഭ്യാസ ആനുകൂല്യത്തിന് അപേക്ഷിക്കാനുള്ള തീയതി 2022 ജനുവരി 31 വരെ നീട്ടി. ഫോൺ: 0497 2970272

### അദാലത്ത് സംഘടിപ്പിക്കും

ദേശീയ നിയമ സേവന അതോറിറ്റിയുടെ നിർദേശത്തിൽ ജില്ലാ നിയമ സേവന അതോറിറ്റി കാസറഗോഡ്, ഹോസ്ദുർഗ് എന്നീ കോടതി കേന്ദ്രങ്ങളിൽ മാർച്ച് 12 നാഷണൽ ലോക് അദാലത്ത് സംഘടിപ്പിക്കും. അദാലത്തിന്റെ ഭാഗമായിപ്രീടോക്കുകൾ നടത്തും. നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ട് സെക്ഷൻ 138 പ്രകാരമുള്ള കേസുകൾ, തൊഴിൽതർക്കങ്ങൾ, വൈദ്യുതി വെള്ളക്കരം സംബന്ധിച്ച പരാതികൾ, മെയ്ന്റനൻസ് കേസുകൾ, ഒത്തുതീർപ്പാക്കാവുന്ന ക്രിമിനൽ കേസുകൾ എന്നിവ സംബന്ധിച്ച പരാതികൾ അദാലത്തിൽ പരിഗണിക്കും. വിവിധ കോടതികളിൽ നിലനിൽക്കുന്ന ഒത്തുതീർപ്പാക്കാവുന്ന ക്രിമിനൽ കേസുകൾ, മോട്ടോർ വാഹന നഷ്ടപരിഹാര കേസുകൾ, ചെക്ക് കേസുകൾ,ബാങ്ക് വായ്പാ സംബന്ധമായ കേസുകൾ, ലേബർ കോടതിയിലെ കേസുകൾ, കുടുംബ കോടതിയിലുള്ള വിവാഹമോചന കേസുകൾ ഒഴികെയുള്ളവ, ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച കേസുകൾ, സർവീസ് സംബന്ധിച്ച കേസുകൾ, കേരള പകർച്ച വ്യാധി നിയന്ത്രണ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത കേസുകൾ, പെറ്റി കേസുകൾ, സിവിൽ കോടതികളിൽ നിലനിൽക്കുന്ന കേസുകൾ എന്നിവയും അദാലത്തിൽ പരിഗണിക്കും.വിവരങ്ങൾക്ക് താലൂക്ക് ലീഗൽ സർവീസസ് കമ്മിറ്റി, ഹോസ്ദുർഗുമായോ ജില്ലാനിയമസേവന അതോറിറ്റി, കാസർകോടുമായോ ബന്ധപ്പെടുക. ഫോൺ 7907971963, 04994 256189

### റോഡ് സുരക്ഷാ മാസാചരണം

ദേശീയ ഗതാഗത ആസൂത്രണ ഗവേഷണ കേന്ദ്രം (കെ.എസ്.സി.എസ്.ടി.ഇ.-നാറ്റ്പാക്) ജനുവരി 18 മുതൽ ഫെബ്രുവരി 17 വരെ റോഡ് സുരക്ഷാ മാസമായി ആചരിക്കും. റോഡ് സുരക്ഷാവബോധം സൃഷ്ടിക്കലാണ് ലക്ഷ്യം. ഇതിന്റെ ഭാഗമായി സ്കൂൾ/കോളേജ് വിദ്യാർത്ഥികൾ, പൊതുജനങ്ങൾക്കായി റോഡ് സുരക്ഷയെ ആസ്പദമാക്കി വിവിധ മത്സരങ്ങൾ സംഘടിപ്പിക്കും. പെയിന്റിംഗ്, കഥയെഴുത്ത്, കവിതയെഴുത്ത്, ഉപന്യാസ രചന, വെർച്വൽ ക്വിസ്, മുദ്രാവാക്യം സൃഷ്ടിക്കൽ എന്നിവയാണ് മത്സരങ്ങൾ. ഓൺലൈനിലൂടെയായിരിക്കും മത്സരങ്ങൾ. താൽപ്പര്യമുള്ളവർ ജനുവരി 13 മുതൽ ഗൂഗിൾ ഫോം പൂരിപ്പിച്ച് രജിസ്റ്റർ ചെയ്യണം. വെബ്സൈറ്റ് www.natpac.kerala.gov.in

### കരാർ ക്ഷണിച്ചു

കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ബ്രഡ് വിതരണം ചെയ്യാൻ താൽപര്യമുള്ളവരിൽ നിന്ന് ടെണ്ടർ ക്ഷണിച്ചു. ജനുവരി 29 വൈകീട്ട് നാല് മണി വരെ ദർഘാസ് ഫോറം വിതരണം ചെയ്യും. ജനുവരി 30ന് ഉച്ചയ്ക് 12 മണി വരെ ദർഘാസുകൾ സ്വീകരിക്കും. അന്നേ ദിവസം ഉച്ചയ്ക്ക് 2.30ന് ദർഘാസുകൾ തുറക്കും. 500 രൂപയ്ക്കൊപ്പം 18 ശതമാനം ജിഎസ്ടി കൂടി ഉൾപ്പെടുന്നതായിരിക്കും ദർഘാസ് ഫോറത്തിന്റെ വില. ഫോൺ - 04672217018.



# പ്ലാച്ചിക്കര ഡാമിലെ വെള്ളം പാഴാകുന്നു

**ഭീമനടി:** പ്ലാച്ചിക്കര വനത്തിനുള്ളിലെ സുഗന്ധവാഹിനിപ്പുഴക്ക് കുറുകെ പണിത ചെക്ക് ഡാമിന്റെ പലക ഉപയോഗശൂന്യമായതിനാൽ വെള്ളം തടഞ്ഞ് നിർത്താനാകാതെ പാഴാകുന്നു. വനത്തിലെ പക്ഷിമൃഗാദികൾക്കും സമീപത്തെ കർഷകർക്കും ഗുണപ്രദമാകുന്ന പദ്ധതി 1999 ലാണ് ആരംഭിച്ചത്. സമീപമുള്ള കൃഷിഭൂമിയിലെ കിണറുകളിൽ വെള്ളം ലഭ്യമായിരുന്നതും ഈ ചെക്ക്ഡാം ഉള്ളതുകൊണ്ടാണ്. വനം വകുപ്പാണ് ഈ ചെക്ക്ഡാം പണി കഴിപ്പിച്ചത്. എന്നാൽ ഇതിന്റെ അറ്റകുറ്റപ്പണികൾ കാലാകാലങ്ങളിൽ നടത്താൻ ഇവർക്കായില്ല. പലക മാത്രമല്ല ചെക്ക്ഡാമിനും കോൺക്രീറ്റ് ഇളകി നാശം വന്നു തുടങ്ങി. എല്ലാ വർഷവും പരിസരവാസികൾ ഡാമിന് പലകയിട്ട് മണ്ണ് നിറച്ച് വെള്ളം തടഞ്ഞു നിർത്തിയിരുന്നു. എന്നാൽ കലപ്പഴക്കത്താൽ പലക മുഴുവൻ ദ്രവിച്ച് നശിച്ചുപോയി. 2019 ൽ പ്ലാച്ചിക്കര വനസംരക്ഷണ സമിതിയുടെ പൊതുയോഗത്തിൽ ചെക്ക്ഡാമിന് പുതിയ പലക നൽകുമെന്ന് അന്നത്തെ ഡിഎഫ്ഒ അറിയിച്ചതാണ്.നശിച്ചുപോയ പലകകൾ മാറ്റി പുതിയവ ഇടാനുള്ള നടപടികൾ സ്വീകരിക്കുമെന്നും വനസംരക്ഷണസമിതിയുമായി ചേർന്ന് ആവശ്യമായ ഇടപെടലുകൾ നടത്തുമെന്നും കാഞ്ഞങ്ങാട് ആർഎഫ്ഒ അഷ്റഫ് പറഞ്ഞു.

## ബ്ലോക്ക് ക്ഷീര കർഷക സംഗമം ഉദ്ഘാടനം ചെയ്തു




**കാസർകോട്:** ക്ഷീരവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ അമ്പങ്ങാട് ക്ഷീര സഹകരണ സംഘത്തിന്റെ ആതിഥേയത്തിൽ കാഞ്ഞങ്ങാട് ബ്ലോക്ക് ക്ഷീര കർഷക സംഗമം 2021–22 സി എച്ച് കുഞ്ഞമ്പു എംഎൽഎ ചെയ്തു. കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് കെ മണികണ്ഠൻ അധ്യക്ഷനായിരുന്നു. അമ്പങ്ങാട് ക്ഷീര സംഘം പ്രസിഡണ്ട് കെ കുഞ്ഞിരാമൻ സ്വാഗതവും ക്ഷീര വികസന ഓഫീസർ വി മനോഹരൻ നന്ദിയും പറഞ്ഞു. ബ്ലോക്കിലെ മികച്ച ക്ഷീര കർഷകരെ എംഎൽഎ ആദരിച്ചു. ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി ജീജ സി കൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി. അമ്പങ്ങാട് ക്ഷീരസംഘത്തിലെ മികച്ച കർഷകരെ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് കെ മണികണ്ഠൻ, പള്ളിക്കര ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് എം കുമാരൻ ഉദുമ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് എം ലക്ഷ്മി എന്നിവർ ആദരിച്ചു . ആതിഥേയ ക്ഷീര സഹകരണ സംഘത്തിനുള്ള അവാർഡ് കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് കെ.വി. ശ്രീലത നൽകി.കാഞ്ഞങ്ങാട് ബ്ലോക്ക് വികസന കാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ എം അബ്ദുൾ റഹിമാൻ ബ്ലോക്ക് മെമ്പർ വി ഗീത പള്ളിക്കര ഗ്രാമപഞ്ചായത്ത് അംഗം ടി ശോഭന കാഞ്ഞങ്ങാട് ബിഡിഒ സന്ധ്യാദേവി, ഡിഎഫ്ഐ റെജിമ , പി.വി. ഷാജി, പി.എം ബാലൻ, കുതിരക്കോട് കൃഷ്ണൻ, വി വി ഗംഗാധരൻ, ക്ഷീര സംഘം പ്രസിഡണ്ടുമാരായ എം കുഞ്ഞമ്പാടി പി ഭാസ്കരൻ നായർ, ക്ഷീര സംഘം സെക്രട്ടറിമാരായ പി ആർ ബാലകൃഷ്ണൻ, ഗോപാല കൃഷ്ണൻ കരിച്ചേരി ലത എൻ എന്നിവർ സംസാരിച്ചു

## വെങ്ങാട്ട് മയിച്ച പാലത്തേര പാലം പണി അവസാനഘട്ടത്തിൽ



**ചെറുവത്തൂർ:** ചെറുവത്തൂർ പഞ്ചായത്തിലെ വെങ്ങാട്ട് മയിച്ച പാലത്തേര പാലം റോഡ് പാലം പണി അവസാനഘട്ടത്തിൽ. എം രാജഗോപാലൻ എംഎൽഎയുടെ ഇടപെടലിന്റെ ഭാഗമായി സർക്കാറിൽ നിന്നും പ്രത്യേക അനുമതി വാങ്ങി കാസർകോട് വികസന പാക്കേജിൽ ഉൾപെടുത്തിയാണ് പാലം നിർമിച്ചത്. ഏഴുകോടി രൂപയാണ് ഇതിനായി അനുവദിച്ചത്. പാലം പൂർത്തിയാകുന്നതോടെ പ്രദേശത്തുകാരുടെ ചിരകാലാഭിലാഷമാണ് പൂവണിയുന്നത്. വർഷങ്ങൾക്ക് മുമ്പ് ജില്ലാപഞ്ചായത്താണ് ഇവിടെ നടപ്പാലം നിർമിച്ചത്. പിന്നീട് പലതവണ തകർന്ന് ഉപയോഗശൂന്യമായി. പഞ്ചായത്ത്, നാട്ടുകാർ എന്നിവരുടെ നേതൃത്വത്തിൽ മരം, പലക എന്നിവ ഉപയോഗിച്ച് ഓരോ വർഷവും പാലം നിർമിച്ചാണ് താൽക്കാലികമായി ഉപയോഗിച്ചിരുന്നത്. കാസർകോട് വികസന പാക്കേജിൽ ഉൾപെടാത്ത പദ്ധതിയായതിനാൽ എംഎൽഎ മുഖ്യമന്ത്രിയെ നേരിട്ട് കണ്ട് ആവശ്യം അറിയിക്കുകയായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ പാലം നിർമിക്കാനുള്ള അനുമതി നൽകി. കാസർകോട് വികസന പാക്കേജിൽ ഉൾപെടുത്തുകയും ചെയ്തു. അപ്രോച്ച് റോഡിന്റെ പണി നടക്കുകയാണ്. ഇതും പൂർത്തിയായാൽ പാലം തുറന്നു കൊടുക്കും.




## കെയർ ദിനാചരണം :ജില്ലാതല പരിപാടി സംഘടിപ്പിച്ചു

**കാസർകോട്:** പാലിയേറ്റീവ് കെയർ ദിനാചരണത്തിന്റെ ഭാഗമായി ജില്ലയിലെ സ്തനാർബുദ രോഗികൾക്കുള്ള സ്നേഹ സമ്മാന വിതരണോദ്ഘാടനവും സ്നേഹ സമ്മാനം വഹിച്ച് കൊണ്ടുള്ള വാഹനത്തിന്റെ ഫ്ളാഗ് ഓഫും ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ബേബി ബാലകൃഷ്ണൻ നിർവ്വഹിച്ചു. ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ. മോഹനൻ ഇ അധ്യക്ഷത വഹിച്ചു.കാഞ്ഞങ്ങാട് നഗരസഭ അധ്യക്ഷ കെ.വി സുജാത മുഖ്യ പ്രഭാഷണം നടത്തി. കാഞ്ഞങ്ങാട് ഡിവൈ.എസ്.പി ഡോ. വി ബാലകൃഷ്ണൻ മുഖ്യാതിഥി ആയിരുന്നു.കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി ഡെപ്യൂട്ടി സൂപ്രണ്ട് ഡോ. ചന്ദ്ര മോഹനൻ ഇ. വി , ജില്ലാശുപത്രി ഓങ്കോളജിസ്റ്റ് ഡോ. രാജു മാത്യു സിറിയക്, ആർ. എം. ഒ. ഡോ. ശ്രീജിത് മോഹൻ , പാലിയേറ്റീവ് കെയർ മെഡിക്കൽ ഓഫീസർ ഡോ. സ്വാതി കെ. കുമാർ, പി. പി യൂണിറ്റ് പബ്ലിക് ഹെൽത്ത് നഴ്സ് ദാക്ഷായണി. എം, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ മുരളീധരൻ .പി, എൻ എച്ച് എം ജൂനിയർ കൺസൾട്ടന്റർ കമൽ കെ ജോസ് എന്നിവർ സംസാരിച്ചു.ജില്ലാ എജുക്കേഷൻ & മീഡിയ ഓഫീസർ അബ്ദുൾ ലത്തീഫ് മഠത്തിൽ സ്വാഗതവും പാലിയേറ്റീവ് കെയർ ജില്ലാ കോർഡിനേറ്റർ ഷിജി ശേഖർ പി. നന്ദിയും പറഞ്ഞു.പരിപാടിയുടെ ഭാഗമായി ജില്ലയിലെ

## പലിശയില്ലാത്ത കാർഷികവായ്പകൾ നൽകുന്നതിൽനിന്നും പിന്മാറുന്നു



**കാസർകോട്:** പലിശയില്ലാത്ത കാർഷിക വായ്പകൾ നൽകുന്നതിൽനിന്നും ജില്ലയിലെ പ്രാഥമിക സഹകരണസംഘങ്ങൾ പിന്മാറുന്നു. ഇത്തരം വായ്പകൾക്ക് സബ്സിഡി ഇനത്തിൽ സർക്കാരിൽനിന്നും ലഭിക്കാനുള്ള ഭീമമായ കുടിശിക സംഘങ്ങളെ കടക്കെണിയിലാക്കുന്ന സാഹചര്യത്തിലാണ് ജില്ലയിലെ പ്രാഥമിക സഹകരണസംഘം പ്രസിഡന്റുമാരുടെ യോഗത്തിൽ ഇതുസംബന്ധിച്ച തീരുമാനമുണ്ടായത്. ഏപ്രിൽ ഒന്നുമുതൽ എടുക്കുന്ന കാർഷിക വായ്പകൾ തിരിച്ചയ്ക്കുമ്പോൾ ഏഴു ശതമാനം പലിശ കൂടി ചേർത്ത് അടയ്ക്കേണ്ടിവരും. നബാർഡിൽനിന്നും സംസ്ഥാന സർക്കാരിൽനിന്നും സബ്സിഡി ലഭിക്കുന്ന മുറയ്ക്ക് അത് ബന്ധപ്പെട്ട കർഷകരുടെ ബാങ്ക് അക്കൗണ്ടിൽ എത്തിച്ചുനല്കുമെന്നാണ് സഹകരണസംഘങ്ങളുടെ വാഗ്ദാനം. സർക്കാരിൽനിന്നുള്ള പലിശ സബ്സിഡി ലഭിക്കാതെ പ്രാഥമിക സംഘങ്ങൾ വലിയ പ്രതിസന്ധിയിലായ സാഹചര്യത്തിലാണ് ഈ തീരുമാനമെടുക്കേണ്ടിവന്നതെന്ന് പ്രാഥമിക സഹകരണസംഘം പ്രസിഡൻറുമാരുടെ അസോസിയേഷന്റെ ജില്ലാ പ്രസിഡന്റ് സാബു ഏബ്രഹാം പറഞ്ഞു. കർഷകരിൽനിന്നും മുഴുവൻ പലിശയും ഈടാക്കാനും സർക്കാരിന്റെയും നബാർഡിന്റെയും സബ്സിഡി തുക ലഭിക്കുന്ന മുറയ്ക്കുമാത്രം അത് ബന്ധപ്പെട്ട കർഷകരുടെ അക്കൗണ്ടിൽ എത്തിച്ച് നൽകുന്നതിനുമുള്ള തീരുമാനം സംസ്ഥാനത്തെ ഒട്ടുമിക്ക ജില്ലകളിലും സഹകരണസംഘങ്ങൾ എടുത്തുകഴിഞ്ഞു. 2014 ൽ ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്താണ് പ്രാഥമിക സഹകരണസംഘങ്ങളിൽനിന്നും നൽകുന്ന കാർഷിക വായ്പകൾക്ക് നാലു ശതമാനം പലിശ സബ്സിഡി പ്രഖ്യാപിച്ചത്. ഇതിനായി ആ വർഷത്തെ ബജറ്റിൽ 50 കോടി രൂപ വകയിരുത്തുകയും ചെയ്തിരുന്നു. എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ സംസ്ഥാന സർക്കാർ പദ്ധതിക്കായി തുക വകയിരുത്താതിരുന്നതോടെയാണ് സഹകരണസംഘങ്ങൾക്ക് ഈയിനത്തിൽ കോടികൾ ബാധ്യതയായത്. കാർഷിക വായ്പകൾക്ക് കേന്ദ്ര സർക്കാർ ഏജൻസിയായ നബാർഡിന്റെ ഭാഗത്തുനിന്നുള്ള മൂന്നു ശതമാനം പലിശ സബ്സിഡി നേരത്തേ ലഭിക്കുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ വക നാല് ശതമാനം കൂടി ആയതോടെയാണ് ഫലത്തിൽ വായ്പകൾ പലിശരഹിതമായത്. നബാർഡിന്റെ സബ്സിഡി ഇപ്പോഴും മുടക്കമില്ലാതെ ലഭിക്കുന്നതിനാൽ അതെങ്കിലും കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിൽ എത്തുമെന്നാണ് പ്രതീക്ഷ. സംസ്ഥാന സർക്കാരിന്റെ സബ്സിഡി ഗ്യാസ് സബ്സിഡി പോലെ ഗ്യാസായിത്തീരാനാണ് എല്ലാ സാധ്യതയും. കാർഷിക വായ്പകൾക്ക് കിസാൻ ക്രെഡിറ്റ് കാർഡ് നിർബന്ധമാക്കിയതോടെതന്നെ സഹകരണസ്ഥാപനങ്ങളിൽനിന്നുള്ള കാർഷിക വായ്പകൾ പകുതികണ്ട് കുറഞ്ഞിട്ടുണ്ട്.

PRAVASI-WORLD





# ഇന്ത്യൻ അസോസിയേഷൻ ഓഫ് നോർത്ത് ടെക്സസ് ഭാരവാഹികൾ ചുമതലയേറ്റു

**ഡാലസ്:** ഇന്ത്യൻ അസോസിയേഷൻ ഓഫ് നോർത്ത് ടെക്സസ് 2022 വർഷത്തെ ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു .ജനുവരി 9ന് ഇർവിങ് എസ് എം യു ഓഡിറ്റോറിയത്തിൽ നടന്ന ഇൻസ്റ്റലേഷൻ സെറിമണിയിൽ ഡാളസ് കൗണ്ടി ജഡ്ജി ക്ലേജംഗിൻസ് ഭാരവാഹികൾക്ക് സത്യപ്രതിജ്ഞ വാചകം ചൊല്ലിക്കൊടുത്തു .പുതിയ ഭാരവാഹികളായി ഓർമിത്ത് ജുനേജ (പ്രസിഡൻറ്). ദിനേഷ് ഹൂഡ (പ്രസിഡന്റ് ഇലക്ട്) സുഷമ മൽഹോത്ര (വൈസ് പ്രസിഡണ്ട് )രാജീവ് കമ്മത്ത് (സെക്രട്ടറി) ജസ്റ്റിൻ വർഗീസ്( ജോ സെക്രട്ടറി) ചന്ദ്രിക ഷെട്ടിഗർ ( ട്രഷറർ) ജയേഷ് താക്കർ (ജോ ട്രഷറർ) എന്നിവരാണ് ചുമതലയേറ്റത് ബോർഡ് മെമ്പർമാരായി മഹേന്ദ്ര റാവു ഗണപുരം, ആർ ജെ വൈഭവ്, പത്മ മിശ്ര, നവാസ് ജാ , ഷ്റിയന്സ് ജയ്സൺ ,ദ്രുജൻ കൊങ്ക, സ്മരണിക ഔട്ട് എന്നിവരും ചുമതലയേറ്റു ,പുതിയ വർഷത്തെ ഭാരവാഹികളിൽ മലയാളി കമ്യൂണിറ്റിയെ പ്രതിനിധാനം ചെയ്തു ജസ്റ്റിൻ വർഗീസ് മതമാണുള്ളത് .1962 സ്ഥാപിതമായ സംഘടന നോർത്ത് ടെക്സസ് ഇന്ത്യൻ കമ്മ്യൂണിറ്റിയുടെ സാംസ്കാരികവും വിദ്യാഭ്യാസ പരവുമായ ആവശ്യങ്ങൾ വിശകലനം ചെയ്തു ആവശ്യമായ നിർദ്ദേശങ്ങളും സഹകരണവും നൽകുക എന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തിക്കുന്നത്. ഫെഡറേഷൻ ഓഫ് ഇന്ത്യൻ അസോസിയേഷന്റെ ഭാഗമായാണ് സംഘടന പ്രവർത്തിക്കുന്നത്




# ജനുവരി 15 മുതൽ അമേരിക്കയിൽ സൗജന്യമായി ഹോം കോവിഡ് ടെസ്റ്റ് കിറ്റുകൾ ലഭിക്കും

**വാഷിംഗ്ടൺ:** ജനുവരി 15 ശനിയാഴ്ച മുതൽ അമേരിക്കയിൽ സൗജന്യ ഹോം കോവിഡ് 19 ടെസ്റ്റ് കിറ്റുകൾ വിതരണം ആരംഭിക്കും. യുഎസിൽ കോവിഡ് ടെസ്റ്റുകൾ വർധിപ്പിക്കുക എന്ന ബൈഡൻ അഡ്മിനിസ്ട്രേഷന്റെ ഭാഗമായാണിത് നടപ്പാക്കുക.ഓൺലൈൻ വഴിയോ, സ്റ്റോറുകളിൽ നിന്നോ ഡോക്ടറുടെ കുറിപ്പ് ഇല്ലാതെ തന്നെ നേരിട്ട് വാങ്ങാവുന്നതാണ്. ടെസ്റ്റ് കിറ്റ് വാങ്ങുമ്പോൾ പണം നൽകുന്നുണ്ടെങ്കിൽ അതിന്റെ ബില്ല് സൂക്ഷിക്കേണ്ടതും, ഇൻഷ്വറൻസ് കമ്പനികൾ അത് പൂർണമായും തിരിച്ച് നൽകുന്നതുമാണ്.ഒരു വീട്ടിലെ ഒരാൾക്ക് ഒരു മാസത്തേക്ക് 8 ടെസ്റ്റ് കിറ്റുകൾ ലഭിക്കുമ്പോൾ നാലംഗ കുടുംബത്തിന് മാസം 32 കിറ്റുകൾ ലഭിക്കും. ഒരു കിറ്റിന്റെ വില 12 ഡോളറാണ്. ജനുവരി 15 മുതൽ വാങ്ങുന്നതിനു മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ.വ്യക്തികളുടെ ഇൻഷ്വറൻസ് കമ്പനികളുടെ നെറ്റ് വർക്കിലുള്ള ഫാർമസികളിൽ നിന്നോ സ്റ്റോറുകളിൽ നിന്നോ വാങ്ങാവുന്നതാണ്. covidtests.gov എന്ന വെബ്സൈറ്റിലൂടെ ഓർഡർ ചെയ്യാം. 12 ദിവസത്തിനുള്ളിൽ ടെസ്റ്റ് കിറ്റുകൾ വീട്ടിലെത്തും.മെഡികെയർ ഉള്ളവർക്ക് ഒരു മെഡിക്കൽ പ്രൊഫഷണൽ വഴി ലാബുകളിൽ കോവിഡ് 19 ടെസ്റ്റുകൾ സൗജന്യമായി ലഭിക്കും. ഓൺലൈനിലൂടെ ഓർഡർ ചെയ്യാൻ കഴിയാത്തവർക്ക് വൈറ്റ് ഹൗസ് ഒരു ഹോട്ട് ലൈൻ ആരംഭിക്കും. ഇതിന്റെ ലോഞ്ചിംഗ് തീയതി ഉടൻ പ്രഖ്യാപിക്കുമെന്നും വൈറ്റ് ഹൗസ് വൃത്തങ്ങൾ അറിയിച്ചു.

# ഡോ: ജെ അലക്സാണ്ടറുടെ വിയോഗത്തിൽ ഡബ്ല്യൂ എം. സി. ഗ്ലോബൽ എക്സിക്യൂട്ടീവ് കൌൺസിൽ അനുശോചിച്ചു



**ഡാളസ് :** മുൻ കർണാടക ക്യാബിനറ്റ് മന്ത്രിയും ചീഫ് സെക്രെട്ടറിയും ആയിരുന്ന ഡോക്ടർ ജെ. അലക്സാണ്ടറുടെ ആകസ്മിക വിയോഗത്തിൽ വേൾഡ് മലയാളി കൌൺസിൽ ഗ്ലോബൽ കമ്മിറ്റി ഇന്ന് കൂടിയ യോഗം അഗാധമായ അനുശോചനം രേഖപ്പെടുത്തി. ഡോക്ടർ വിജയലക്ഷ്മിയുടെ അധ്യക്ഷതയിൽ കൂടിയ അനുശോചന സമ്മേളനത്തിൽ വേൾഡ് മലയാളി കൗൺസിലിനു എപ്പോഴും പിന്തുണ നൽകിയിരുന്ന നേതാവായിരുന്നു ഡോക്ടർ ജെ. അലക്സാണ്ടർ എന്ന് യോഗം വിലയിരുത്തി. ഡോക്ടർ ജെ. അലക്സാണ്ടർ വര്ഷങ്ങളോളം ബാംഗ്ലൂർ വൈ. എം. സി. പ്രെസിഡന്റായിരുന്നു.ഗ്ലോബൽ ഇന്ത്യൻ (ഗോപിയോ) എന്ന സംഘടനയുടെ അഡ്വൈസറി ബോർഡ് മെമ്പറായിരുന്നു.സേവിയർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് എന്റർപ്രെനിയർഷിപ് ബാംഗ്ലൂരിന്റെ ഗോവെർണിങ് ബോർഡിൽ അംഗമായിരുന്നു. കൂടാതെ അതെ ഇൻസ്റ്റിട്യൂട്ടിന്റെ കൊച്ചി ബ്രാഞ്ചിന്റെ ചെയർമാൻ കൂടി ആയിരുന്നു ഡോക്ടർ ജെ. അലക്സാണ്ടർ ഐ. എ. എസ്.മലയാളി സമൂഹത്തിനു മാത്രമല്ല ഇന്ത്യൻ ഡയസ്പേറാക്കു തന്നെ തന്റെ വേർപാട് തീരാനഷ്ടമാണെന്ന് വിയലക്ഷ്മിയും ഗ്ലോബൽ പ്രസിഡന്റ് ശ്രീ ഗോപാല പിള്ളയും പ്രസ്താവിച്ചു. അമേരിക്കയിൽ വച്ച് 2016 ൽ ഫിലാഡൽഫിയ ഡബ്ല്യൂ. എം. സി. റീജിയണൽ കോൺഫെറെൻസിൽ വച്ച് പരിചയപ്പെടാൻ തനിക്ക് ഇടയായി എന്നും അന്ന് നല്ല ഒരു ഗാനം ആലാപിച്ചു സദസ്സിനെ ആനന്ദിപ്പിച്ചുവെന്നു ഗ്ലോബൽ വൈസ് പ്രസിഡന്റ് പി. സി. മാത്യു അനുസ്മരിച്ചു.ഗ്ലോബൽ വൈസ് പ്രസിഡന്റ് ജോൺ മത്തായി, ഗ്ലോബൽ ജനറൽ സെക്രട്ടറി, ജോസഫ് ഗ്രിഗറി, ട്രഷറർ തോമസ് അറമ്പൻകുടി, റോണാ തോമസ്, അമേരിക്ക റീജിയൻ ചെയർമാൻ ഫിലിപ്പ് തോമസ്, ചാക്കോ കോയിക്കലേത്, സുധിർ നമ്പ്യാർ, പിന്റോ കണ്ണമ്പള്ളി, എൽദോ പീറ്റർ, ജോൺസൻ തലച്ചെല്ലൂർ, സെസിൽ ചെറിയാൻ, ഫിലിപ്പ് മാരേട്ട്, ശാന്ത പിള്ളൈ, മാത്യൂസ് എബ്രഹാം, സന്തോഷ് പുനലൂർ, ഷാനു രാജൻ, ജോളി പടയാറ്റിൽ, ജോളി തടത്തിൽ, മുതലായവർ അനുശോചിച്ചു. മിഡ്ഡിൽ ഈസ്റ്റ് റീജിയൻ ചെയർമാൻ അബ്ദുൽ കലാം, പ്രസിഡന്റ് രാധാകൃഷ്ണൻ തിരുവത് മുതലായവരും റീജിയനു വേണ്ടി അനുശോചനം അറിയിച്ചു.




# ടെസ്റ്റ് ടീമിന്റെ ക്യാപ്റ്റൻ സ്ഥാനം രാജിവച്ച് വിരാട് കോലി

**ന്യൂഡൽഹി:** ഇന്ത്യൻ ടെസ്റ്റ് ടീമിന്റെ ക്യാപ്റ്റൻ സ്ഥാനമൊഴിയുന്നതായി പ്രഖ്യാപിച്ച് വിരാട് കോലി. ഇൻസ്റ്റഗ്രാമിൽ പങ്കുവച്ച കുറിപ്പിലാണ് കോലി സ്ഥാനമൊഴിയുന്നതായി അറിയിച്ചത്.2014-ൽ എം.എസ് ധോനിയിൽ നിന്ന് ടെസ്റ്റ് ടീം ക്യാപ്റ്റൻ സ്ഥാനം ഏറ്റെടുത്ത കോലി ഈ വർഷം വരെ 68 ടെസ്റ്റുകളിൽ ടീമിനെ നയിച്ചു. 40 എണ്ണത്തിൽ ടീം ജയിക്കുകയും ചെയ്തു. 58.82 ആണ് കോലിയുടെ ടെസ്റ്റിലെ വിജയശതമാനം.ഏഴു വർഷത്തെ കഠിനാധ്വാനവും സ്ഥിരോത്സാഹവുമാണ് ടീമിനെ ശരിയായ ദിശയിൽ കൊണ്ടുപോയത്. തികച്ചും സത്യസന്ധമായിട്ടാണ് ഞാൻ എന്റെ ജോലി ചെയ്തത്. ഒരു ഘട്ടത്തിൽ എല്ലാം അവസാനിപ്പിച്ചേ തീരൂ, ഇപ്പോൾ ഇന്ത്യയുടെ ടെസ്റ്റ് ക്യാപ്റ്റനെന്ന നിലയിൽ അതിനുള്ള സമയമെത്തിയിരിക്കുകയാണ്.' - കോലി കുറിച്ചു.എപ്പോഴും എല്ലാ കാര്യത്തിലും തന്റെ കഴിവിന്റെ 120 ശതമാനം നൽകമെന്ന് വിശ്വസിച്ചിരുന്നയാളാണ്. ഇത്രയും കാലം രാജ്യത്തെ നയിക്കാൻ എനിക്കു അവസരം നൽകിയതിനു ബിസിസിഐയോടു നന്ദി പറയുന്നു. ഒരു ഘട്ടത്തിലും തളരാതെ തനിക്കുണ്ടായിരുന്ന കാഴ്ചപ്പാടിനെ യാഥാർഥ്യമാക്കാൻ സഹായിച്ച എല്ലാ ടീമംഗങ്ങൾക്കും നന്ദി. ഇതോടൊപ്പം മുൻ പരിശീലകൻ രവി ശാസ്ത്രിക്കും മുൻ ക്യാപ്റ്റൻ എം.എസ് ധോനിക്കും കോലി തന്റെ കുറിപ്പിൽ നന്ദിയറിയിച്ചിട്ടുണ്ട്.

# കളിക്കാൻ താരങ്ങളില്ല എന്ന ആഴ്സണൽ വാദം അംഗീകരിച്ചു അധികൃതർ

പ്രീമിയർ ലീഗിൽ നാളെ നടക്കാൻ ഇരുന്ന ആഴ്സണൽ, ടോട്ടൻഹാം ഹോട്സ്പർ മത്സരം മാറ്റി വച്ചു. കോവിഡ് മൂലവും പരിക്ക് മൂലവും ആഫ്രിക്കൻ കപ്പ് മൂലവും തങ്ങൾക്ക് കളിക്കാൻ മതിയായ താരങ്ങൾ ഇല്ല എന്ന ആഴ്സണൽ വാദം പ്രീമിയർ ലീഗ് അധികൃതർ അംഗീകരിക്കുക ആയിരുന്നു.ഒരു ഗോൾ കീപ്പർ കൂടാതെ സീനിയർ ലെവലിൽ കളിച്ച 12 താരങ്ങൾ ഉണ്ടായാൽ മത്സരം നടക്കും എന്നത് ആണ് പ്രീമിയർ ലീഗ് നിയമം. നിലവിൽ ഒബമയാങ്, പാർട്ടി, പെപെ തുടങ്ങിയ താരങ്ങൾ ആഫ്രിക്കൻ കപ്പിനായി നൈജീരിയയിൽ ഉള്ള ആഴ്സണലിന് ഒഡഗാർഡ് അടക്കമുള്ളവരെ കോവിഡ് മൂലവും നഷ്ടമായി. ഇത് കൂടാതെ സ്മിത് റോ, സാക്ക, ടിയേർണി, സെഡറിക് തുടങ്ങിയ താരങ്ങൾ പരിക്കിന് പിടിയിൽ ആയതും അവർക്ക് വിനയായി. നാളെ ടോട്ടൻഹാം ഹോട്സ്പർ സ്റ്റേഡിയത്തിൽ ആയിരുന്നു നോർത്ത് ലണ്ടൻ ഡാർബി നടക്കേണ്ടി ഇരുന്നത്.



# ഡോൺ ബോസ്കോയ്ക്ക് വിജയ തുടക്കം

കേരള പ്രീമിയർ ലീഗിൽ ഡോൺ ബോസ്കോയ്ക്ക് വിജയ തുടക്കം. ഇന്ന് നടന്ന മത്സരത്തിൽ ഏക ഗോളിന് കോവളം എഫ് സിയെ ആണ് ഡോൺ ബോസ്കോ തോൽപ്പിച്ചത്.രണ്ടാം പകുതിയുടെ തുടക്കത്തിൽ ഒരു സെൽഫ് ഗോളിൽ നിന്നായിരുന്നു ഡോൺ ബോസ്കോ ലീഡ് കണ്ടെത്തിയത്.മനോജിന്റെ കാലിൽ തട്ടി ആയിരുന്നു സെൽഫ് ഗോളായത്. ഡോൺ ബോസ്കോ താരം വിക്ടർ ഫിലിപ്പ് മാൻ ഓഫ് ദി മാച്ച് ആയി. കോവളം എഫ് സിയുടെ രണ്ടാമത്തെ പരാജയമാണിത്.



# ഇന്ത്യ ഓപ്പൺ: ഫൈനലിൽ കടന്ന് ലക്ഷ്യ സെൻ

ഇന്ത്യ ഓപ്പൺ ഫൈനലിൽ പ്രവേശിച്ച് ഇന്ത്യയുടെ ലക്ഷ്യ സെൻ. ലോക റാങ്കിംഗിൽ 60ാം സ്ഥാനത്തുള്ള എൻജി സെ യോംഗിനെതിരെ മൂന്ന് ഗെയിം നീണ്ട പോരാട്ടത്തിലാണ് ലക്ഷ്യയുടെ വിജയം.ആദ്യ ഗെയിം പൊരുതി തോറ്റ ശേഷം ആണ് ലക്ഷ്യയുടെ തിരിച്ചുവരവ്.സ്കോർ: 19-21, 21-16, 21-12.ലോക ചാമ്ബ്യനായ ലോഹ് കീൻ യെവ് ആണ് ലക്ഷ്യയുടെ ഫൈനലിലെ എതിരാളി.

EDITORS CHOICE




# സ്പൈഡർമാന്റെ ഒറ്റപ്പേജിന് വില 24 കോടി

മുപ്പത് വർഷങ്ങൾക്ക് മുമ്പ് പ്രസിദ്ധീകരിച്ച സ്പൈഡർമാൻ കോമിക് പുസ്തകത്തിലെ ഒരു പേജ് വൻതുകയ്ക്ക് വിറ്റുപോയി. 1984-ൽ പുറത്തിറങ്ങിയ സ്പൈഡർമാൻ പുസ്തകത്തിലെ ഒരു പേജാണ് 3.36 മില്യൻ ഡോളറിന് (24 കോടി രൂപ) ഡോളറിന് ലേലത്തിൽ പോയത്. മാർവൽ കോമിക്സിന്റെ സീക്രട്ട് വാർഡ് നമ്പർ എട്ട് എന്ന പുസ്തകത്തിലെ 25-ാം പേജാണ് കോടികൾക്ക് വിൽപ്പനയായത്. ഹെറിറ്റേജ് ഓക്ഷൻസ് എന്ന സ്ഥാപനമാണ് ഇത് ഡാലസിൽ ലേലത്തിൽ വെച്ചത്. നാലു ദിവസത്തെ ലേലത്തിന്റെ ആദ്യ ദിവസം തന്നെ ഇത് വിറ്റുപോയി. എല്ലാ റെക്കോർഡുകളും തകർത്ത് പുതിയ വിൽപ്പന നടന്നതോടെ ഗാലറിയിലെ ആളുകൾ കൈയടിച്ചു. ആരാണ് ഇത് വാങ്ങിയത് എന്ന കാര്യമോ ആരാണ് വിറ്റതെന്ന കാര്യമോ ഇതുവരെ പുറത്തുവന്നിട്ടില്ല. മൈക്ക് സെക് വരച്ചതാണ് ഈ പേജിലെ ചിത്രങ്ങൾ. ഡാലസിലാണ് ഈ പേജ് ലേലത്തിൽ വെച്ചത്. പത്തുമിനിറ്റിനുള്ളിൽ ഇതിന്റെ വിൽപ്പന നടന്നതായി ബിബിസി റിപ്പോർട്ട് ചെയ്യുന്നു. കഴിഞ്ഞ വർഷം 1962-ലെ ഒരു സ്പൈഡർമാൻ കോമിക് പുസ്തകം 3.6 മില്യൻ ഡോളറിന് (26 കോടി രൂപ) വിറ്റുപോയിരുന്നു. ലോകത്തേറ്റവും വിലമതിക്കുന്ന കോമിക് പുസ്തകം എന്ന സ്ഥാനം അതുവരെ സൂപ്പർ മാൻ സീരീസിനായിരുന്നു. അതാണന്ന് സ്പൈഡർമാൻ ഭേദിച്ചത്. ഏറ്റവും വിലയുള്ള ഒറ്റ പേജ് കോമിക് എന്നതിനുള്ള റെക്കോർഡ് ഇതുവരെ എക്സ്മാൻ സീരീസിനായിരുന്നു. ഇൻക്രെഡിബിൾ ഹൽക്കിന്റെ 1974 ഇഷ്യൂവിൽ പ്രസിദ്ധീകരിച്ച, എക്സ്മാൻ കഥാപാത്രം വോൾവറൈനിന്റെ ആദ്യ വരവിന്റെ ചിത്രങ്ങൾ അടങ്ങുന്ന പേജിന് അന്ന് 657,250 ഡോളറാണ് വില ലഭിച്ചത്. മാർവൽ കോമിക്സിന്റെ മുൻ പ്രസിഡന്റും എഴുത്തുകാരനുമായ സ്റ്റാൻ ലീയുടെ സൃഷ്ടിയാണ് സ്പൈഡർമാൻ. 1962-ൽ മാർവൽ കോമിക് ബുക്കായ അമെയ്സിംഗ് ഫാന്റസി നമ്പർ 15-ലാണ് സ്പൈഡർമാൻ ആദ്യമായി പ്രത്യക്ഷപ്പെടുന്നത്. ലോകത്തെ ഏറ്റവും ആരാധകരുള്ള ഐതിഹാസിക കോമിക് സീരീസുകളായ ഇൻക്രെഡിബിൾ ഹൽക്, അയേൺ മാൻ, ഫന്റാസ്റ്റിക് ഫോർ എന്നിവയുടെ സ്രഷ്ടാവാണ് സ്റ്റാൻ ലീ. സാധാരണ മനുഷ്യരുടെ പ്രശ്നങ്ങൾ അനുഭവിക്കുന്ന സൂപ്പർ നായകൻമാരാണ് സ്റ്റാൻലിയുടെ പല കഥാപാത്രങ്ങളും. കാഴ്ചയില്ലാത്ത സൂപ്പർ നായകനായ ഡെയർഡെവിൾ, ആദ്യ ബ്ലാക്ക് മാർവൽ സൂപ്പർ ഹീറോയായ ബ്ലാക്ക് പാന്തർ എന്നിവ സ്റ്റാൻ ലീയുടെ സൃഷ്ടികളാണ്.ഈയടുത്തിറങ്ങിയ സ്പൈഡർമാൻ: നോ വേ ഹോം അടക്കം നിരവധി സിനിമകൾ സ്പൈഡർമാന്റെ ഐതിഹാസിക ജീവിതം പറയുന്നവയാണ്.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com